**പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലെ അഡീഷണൽ ഡയറക്ടർ (അക്കാദമിക് ) നടപടി ഉത്തരവ്**

**(സാന്നിധ്യം. സന്തോഷ് സി എ )**

വിഷയം:- പൊതുവിദ്യാഭ്യാസം - ശാസ്ത്രോൽസവം മാന്വൽ പരിഷ്കരണം 2025 സംബന്ധിച്ച്

പരാമർശം:-
1. സ.ഉ.(കൈ)നം.146/2025/GEDN. തീയതി: 23/08/2025.
2. സ.ഉ.(കൈ)നം.118/2024/GEDN. തീയതി: 20/09/2024.
3. സ.ഉ.(കൈ)നം.116/2024/GEDN. തീയതി: 19/09/2024.
4. ഈ കാര്യാലയത്തിലെ വൈ1/7858/2024 തീയതി:05/08/2025 നമ്പർ കത്ത്.
5. ഈ കാര്യാലയത്തിലെ 07/09/2023-ലെ വൈ1/1075868/2024 നമ്പർ കത്ത്.
6. ഈ കാര്യാലയത്തിലെ 12/09/2024-ലെ വൈ1/78/2024 നമ്പർ കത്ത്.

**ഉത്തരവ് നമ്പർ വൈ1/7858/2024/ഡി.ജി.ഇ തീയതി : 12-09-2025**

സംസ്ഥാന സ്കൂൾ ശാസ്ത്രോൽസവ മാന്വൽ പരിഷ്കരണം സംബന്ധിച്ച് പരാമർശം (4), (5), (6) പ്രകാരം ഈ കാര്യാലയത്തിൽ നിന്നും സർക്കാരിലേയ്ക്ക് പ്രൊപ്പോസലുകൾ സമർപ്പിച്ചിരുന്നു. പരാമർശം (1), (2), (3) എന്നിവ പ്രകാരം മാന്വൽ പരിഷ്കരിച്ച് ഉത്തരവായിരിക്കുന്നു. മേൽ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ പുതിയ മാന്വൽ ഈ കത്തിൽ ഉള്ളടക്കം ചെയ്യുന്നു. ആയത് പ്രകാരം ഈ വർഷം സ്കൂൾതലം മുതൽ ശാസ്ത്രോൽസവം സംഘടിപ്പിക്കുന്നതിന് നിർദ്ദേശം നൽകി ഉത്തരവാകുന്നു.

Signed by
Santhosh C A
Date: 12-09-2025 06:50:42
പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

സ്വീകർത്താവ് :

1) എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാരും.
2) എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
3) സി.ഇ.ഒ., കൈറ്റ്, തിരുവനന്തപുരം.

ഉള്ളടക്കം :ശാസ്ത്രോൽസവം മാന്വൽ 2025

കേരള സർക്കാർ
പൊതുവിദ്യാഭ്യാസ വകുപ്പ്



# കേരള സ്കൂൾ ശാസ്ത്രോത്സവം

## മാർഗരേഖ
## 2025

# ആമുഖം

വിദ്യാഭ്യാസമെന്നത് കേവലം അറിവുൽപാദന പ്രക്രിയ മാത്രമല്ല. കുട്ടികളിൽ അന്തർലീനമായിരിക്കുന്ന സർഗ്ഗവാസനകളുടെ പരിപോഷണത്തിലൂടെ മാത്രമേ വിദ്യാഭ്യാസമെന്ന മഹത്തായ ദൗത്യം പൂർത്തീകരിക്കപ്പെടുകയുള്ളൂ. നമ്മുടെ പൊതു വിദ്യാലയങ്ങൾ അടുത്ത കാലത്തായി നേടിയെടുത്തിട്ടുള്ള പുതിയ ഉണർവ്വിന്റെ പ്രധാന ഘടകങ്ങളിലൊന്ന്, പൊതുവിദ്യാഭ്യാസം കേവലം പാഠ്യപദ്ധതിയുടെ നാല് അതിരുകൾക്കുള്ളിൽ ഒതുങ്ങി നിൽക്കാതെ വിദ്യാർത്ഥികളുടെ വളർച്ചയിൽ അവരുടെ സിദ്ധികൾക്കും സാധനകൾക്കുമുള്ള പ്രാധാന്യം കൂടി അഭിസംബോധന ചെയ്യുന്നു എന്നുള്ളതാണ്. അറിവുല്പ്പാദകരോ വിവരസമ്പാദകരോ മാത്രമാകാതെ പാഠപുസ്തക പഠനത്തോടൊപ്പം നൈതിക ജീവിതത്തിന്റെ മാതൃകാ മാർഗ്ഗങ്ങളും ശാസ്ത്ര അവബോധവും പൊതുവിദ്യാലയങ്ങൾ വിദ്യാർത്ഥികൾക്ക് പ്രദാനം ചെയ്യുന്നു. സ്കൂൾ, ഉപജില്ല, ജില്ല, സംസ്ഥാനം എന്നിങ്ങനെ നാല് തലങ്ങളിലായി പത്ത് ലക്ഷത്തിലേറെ വിദ്യാർത്ഥികൾ മാറ്റുരയ്ക്കുന്ന ശാസ്ത്രോത്സവങ്ങൾ വിദ്യാഭ്യാസ കാലഘട്ടത്തിലെ ശ്രേഷ്ഠസ്മരണകളാണ്. വിജയങ്ങൾക്കും ഗ്രേഡുകൾക്കും സമ്മാനത്തുകകൾക്കും അപ്പുറം വിദ്യാർത്ഥികളുടെ പങ്കാളിത്തവും അതുവഴി ശാസ്ത്രാഭിരുചിയും, മനോഭാവവും, അന്വേഷണത്വരയുമുള്ള സമർത്ഥരായ വിദ്യാർത്ഥികളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കാനും ഈ മേള ലക്ഷ്യമിടുന്നു.

2009ലാണ് മത്സരയിനങ്ങളുടെ പട്ടികയും നടത്തിപ്പ് സംബന്ധിച്ച നിയമാവലികളും നിർദ്ദേശങ്ങളും ഉൾപ്പെടുത്തി മാന്വൽ ആധികാരികമായി പരിഷ്ക്കരിച്ചത്. 2019 ൽ പഴയ മാന്വലിനെ അടിസ്ഥാനപ്പെടുത്തി അതത് മേഖലകളിലെ വിദഗ്ദ്ധരുമായി കൂടിയാലോചിച്ചാണ് പുതിയ മാന്വൽ തയ്യാറാക്കിയിരുന്നു. നിലവിലെ മാന്വലിൽ കാലാനുസൃതമായ മാറ്റങ്ങൾ ഉൾപ്പെടുത്തിയാണ് പുതിയ മാന്വൽ തയ്യാറാക്കി യിരിക്കുന്നത്.

വിദ്യാർത്ഥികളിൽ അന്തർലീനമായ ശാസ്ത്ര കഴിവുകളെ സ്കൂൾ തലത്തിൽ തന്നെ കണ്ടെത്തി പ്രോത്സാഹിപ്പിച്ച് കേരളത്തിന് അഭിമാനമായി ലോകത്തിന് മുന്നിൽ ഭാരതത്തിന്റെ യശസ്സ് ഉയർത്തിപ്പിടിക്കുന്ന പ്രതിഭകളെ വാർത്തെടുക്കുക എന്നതാണ് ശാസ്ത്രോത്സവത്തിന്റെ ലക്ഷ്യം.

ശാസ്ത്ര അഭിരുചികൾക്ക് മുൻതൂക്കം നൽകി ബഹുജന പങ്കാളിത്തത്തോടെ സ്കൂൾ തലം മുതൽ സംസ്ഥാനതലം വരെയുള്ള ശാസ്ത്രോത്സവങ്ങൾ നടത്താനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ മാന്വലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പരിസ്ഥിതി സൗഹൃദപരമായ രീതിയിൽ മത്സരങ്ങൾ സംഘടിപ്പിക്കാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പ്രകൃതിയോട് ചേർന്നുള്ള ശാസ്ത്ര പ്രവർത്തനങ്ങൾക്ക് മാർഗ്ഗനിർദ്ദേശമാകും എന്ന കാര്യത്തിൽ സംശയമില്ല.

sd/-

പൊതുവിദ്യാഭ്യാസ ഡയറക്ടർ

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ് - സംസ്ഥാന സ്കൂൾ ശാസ്ത്രോത്സവ മാന്വൽ പരിഷ്കരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

**പൊതു വിദ്യാഭ്യാസ (എൻ) വകുപ്പ്**

G.O (MS) No. 143/2018/പൊ.വി.വ    തീയതി, തിരുവനന്തപുരം, 06/10/2018

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

പരാമർശം:- 1) 09/11/2009 ലെ G.O.(MS) No. 216/2009/G.Edn. നമ്പർ ഉത്തരവ്.

2) പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 27/01/2017,01/09/2018 എന്നീ തീയതികളിലെ Y1/50000/ 2017/ഡി.പി.ഐ നമ്പർ കത്തുകൾ.

**ഉത്തരവ്**

സംസ്ഥാന സ്കൂൾ ശാസ്ത്രോത്സവ മാന്വൽ പരിഷ്കരണം സംബന്ധിച്ച് പരാമർശം (2) പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ വിശദമായി പരിശോധിക്കുകയും അനുബന്ധമായി ചേർത്തിരിക്കുന്ന പ്രകാരം മാന്വൽ പരിഷ്കരിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**പി.എസ്. കൃഷ്ണകുമാർ**

അഡീഷണൽ സെക്രട്ടറി

പകർപ്പ്

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

എല്ലാ ഡി.ഡി.ഇ/ഡി.ഇ.ഒ/എ.ഇ.ഒ.മാർക്കും (ഡി.പി.ഐ.മുഖേന)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ് - സംസ്ഥാന സ്കൂൾ ശാസ്ത്രോത്സവ മാന്വലിൽ ഭേദഗതി വരുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

**പൊതു വിദ്യാഭ്യാസ (എൻ) വകുപ്പ്**

G.O (MS)No. 119/2019/പൊ.വി.വ തീയതി, തിരുവനന്തപുരം, 08/08/2019

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

പരാമർശം:- 1) 6.10.2018 ലെ G.O.(MS) No. 143/2018/G.Edn. നമ്പർ ഉത്തരവ്.

2) പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 25.5.2019, 13.6.2019 എന്നീ തീയതികളിലെ Y1/50000/ 2017/ഡി.പി.ഐ നമ്പർ കത്തുകൾ.

**ഉത്തരവ്**

സംസ്ഥാന സ്കൂൾ ശാസ്ത്രോത്സവ മാന്വൽ പരാമർശം (1) പ്രകാരം പരിഷ്കരിക്കുകയുണ്ടായി. ടി മാന്വലിൽ ഭേദഗതി വരുത്തണമെന്നാവശ്യപ്പെട്ട് കൊണ്ടും അംഗീകരിച്ച മാന്വലിൽ ആമുഖം ഉൾക്കൊള്ളിച്ചിട്ടില്ലാത്തതിനാൽ ആമുഖം ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ടും പരാമർശം (2) പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ അനുബന്ധമായി ചേർത്തിരിക്കുന്ന പ്രകാരം മാന്വലിൽ ഭേദഗതി വരുത്തി ഉത്തരവാകുന്നു.

പരാമർശപ്രകാരമുള്ള സർക്കാർ ഉത്തരവ് മേൽ ഭേദഗതികളോടെ നിലനിൽക്കുന്നതായിരിക്കും.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**പി.എസ്. കൃഷ്ണകുമാർ**

അഡീഷണൽ സെക്രട്ടറി

പകർപ്പ്

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

എല്ലാ ഡി.ഡി.ഇ/ഡി.ഇ.ഒ/എ.ഇ.ഒ.മാർക്കും (ഡി.ജി.ഇ. മുഖേന)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

"ഭരണഭാഷ - മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - സംസ്ഥാന സ്കൂൾ ശാസ്ത്രോത്സവ മാന്വൽ - ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ(എൻ) വകുപ്പ്**

സ.ഉ.(കൈ) നം.118/2024/GEDN തീയതി,തിരുവനന്തപുരം, 20-09-2024

---

പരാമർശം:-

1. സ.ഉ.(കൈ) നം.143/2018/പൊ.വി.വ തീയതി 06.10.2018
2. സ.ഉ.(കൈ) നം. 119/2019/പൊ.വി.വ തീയതി 08.08.2019
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 07.09.2023ലെY1/1075868/2024/DGE നമ്പർ കത്ത്
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 22.06.2024 ലെ WE3/1128176/2023/DGE നമ്പർ കത്ത്
5. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 12.09.2024-ലെ Y1/7858/2024/DGE നമ്പർ കത്ത്
6. സ.ഉ.(കൈ) നം. 116/2024/പൊ.വി.വ തീയതി 19.09.2024

**ഉത്തരവ്**

സംസ്ഥാന സ്കൂൾ ശാസ്ത്രോത്സവ മാന്വൽ പരിഷ്കരിക്കുന്നതിനായി പരാമർശം (3) പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ പരാമർശം (6) പ്രകാരം അംഗീകരിച്ച് ഉത്തരവായിരുന്നു. പ്രസ്തുത മാന്വലിൽ ചില ഭേദഗതികൾ വരുത്തണമെന്നും VHSE വിഭാഗം വിദ്യാർത്ഥികൾക്കായുള്ള സ്കിൽ ഫെസ്റ്റും പ്രവൃത്തി പരിചയ മേളയുമായി ബന്ധപ്പെട്ട ഭേദഗതികളും കൂട്ടിച്ചേർക്കണമെന്ന് പരാമർശം (4), (5) പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാന സ്കൂൾ ശാസ്ത്രോത്സവ മാന്വൽ, ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്ന പൊതുവിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച ഭേദഗതികളും, VHSE വിഭാഗം വിദ്യാർത്ഥികൾക്കായുള്ള സ്കിൽ ഫെസ്റ്റ് സംബന്ധിച്ച നിർദ്ദേശങ്ങളും , പ്രവൃത്തി പരിചയ മേളയുമായി ബന്ധപ്പെട്ട ഭേദഗതികളും ഉൾപ്പെടുത്തി പരിഷ്കരിച്ച് ഉത്തരവാകുന്നു.

3. മേൽ ഭേദഗതികളോടെ പരാമർശ പ്രകാരമുള്ള ഉത്തരവുകൾ നിലനിൽക്കുന്നതായിരിക്കും..

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജുകുമാർ ബി റ്റി
ജോയിന്റ് സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ , തിരുവനന്തപുരം
എല്ലാ ഡി.ഡി.ഇ/ ഡി.ഇ.ഓ/ എ.ഇ.ഓ മാർക്കും ( ഡി.ജി.ഇ മുഖേന)
കരുതൽ ഫയൽ/ കാര്യാലയ പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Prasad R
Date: 20-09-2024 18:06:05

പകർപ്പ്- ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പി.എസ്സിന്
പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എസ്സ്.

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - സംസ്ഥാന സ്കൂൾ ശാസ്ത്രോത്സവ മാന്വൽ - ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതു വിദ്യാഭ്യാസ (എൻ) വകുപ്പ്**

സ.ഉ.(കൈ) നം.146/2025/GEDN തീയതി,തിരുവനന്തപുരം, 23-08-2025

---

പരാമർശം:- 1. സ.ഉ. (കൈ) നം.116/2024/പൊവിവ തീയതി. 19.09.2024

2. സ.ഉ. (കൈ) നം.118/2024/പൊവിവ തീയതി. 20.09.2024

3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 05-08-2025 - ലെ വൈ 1/7858/2024/ഡി.ജി.ഇ നമ്പർ കത്ത്

**ഉത്തരവ്**

സംസ്ഥാന സ്കൂൾ ശാസ്ത്രോത്സവ മാന്വൽ പരാമർശം (1), (2) ഉത്തരവുകൾ പ്രകാരം പരിഷ്കരിക്കുകയുണ്ടായി. ശാസ്ത്രോത്സവ മാന്വൽ ക്രോഡീകരിക്കുന്നതിന്റെ ഭാഗമായി സംഘടിപ്പിച്ച ശിൽപശാലയിൽ നിലവിലുള്ള മാന്വൽ പ്രകാരം ചില മത്സരങ്ങൾ നടത്തുമ്പോൾ പ്രായോഗിക ബുദ്ധിമുട്ടുകൾ നേരിടുന്നതായി അഭിപ്രായമുണ്ടായതിനാൽ, നിലവിലെ മാന്വലിൽ ചില ഭേദഗതികളും കൂട്ടിച്ചേർക്കലുകളും വരുത്തണമെന്നാവശ്യപ്പെട്ടു കൊണ്ട് പൊതുവിദ്യാഭ്യാസ ഡയറക്ടർ പരാമർശം (3) പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.

2) സർക്കാർ പ്രസ്തുത ഭേദഗതികളും കൂട്ടിച്ചേർക്കലുകളും വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്ന പ്രകാരം സംസ്ഥാന സ്കൂൾ ശാസ്ത്രോത്സവ മാന്വൽ ഭേദഗതി വരുത്തി ഉത്തരവാകുന്നു.

3. പ്രസ്തുത ഭേദഗതികളോടെ പരാമർശ പ്രകാരമുള്ള സർക്കാർ ഉത്തരവുകൾ നിലനിൽക്കുന്നതായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജുകുമാർ ബി റ്റി
ജോയിന്റ് സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ഡി.ഡി.ഇ/ഡി.ഇ.ഒ/എ.ഇ.ഒ മാർക്കും (പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖേന )
കരുതൽ ഫയൽ / കാര്യാലയ പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Siju Vasudevan
Date: 23-08-2025 16:39:10





സെക്ഷൻ ഓഫീസർ

പകർപ്പ് :
ബഹു.പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ പി.എ യ്ക്ക്

# കേരള സ്കൂൾ ശാസ്ത്രോൽസവം

# മാന്വൽ

## ഉള്ളടക്കം


| | | | |
|---|---|---|---|
| | | | പേജ് |
| ആമുഖം | | | |
| അധ്യായം 1 | | | 1 |
| പൊതുനിർദ്ദേശങ്ങൾ | | | |
| അധ്യായം 2 | | | 8 |
| നടത്തിപ്പ് | | | |
| | സ്കൂൾതലം | 8 | |
| | ഉപജില്ലാതലം | 10 | |
| | റവന്യൂ ജില്ലാതലം | 13 | |
| | സംസ്ഥാനതലം | 16 | |
| അധ്യായം 3 | | | 19 |
| കമ്മിറ്റികൾ, ചുമതലകൾ | | | |
| | കോ-ഓർഡിനേഷൻ കമ്മിറ്റി | 19 | |
| | പ്രോഗ്രാം കമ്മിറ്റി | 19 | |
| | സ്വീകരണ കമ്മിറ്റി | 22 | |
| | പ്രദർശനം/സാസ്കാരിക കമ്മിറ്റി | 22 | |
| | ഭക്ഷണ കമ്മിറ്റി | 23 | |
| | പന്തൽ കമ്മിറ്റി & സ്റ്റേജ് കമ്മിറ്റി | 23 | |
| | ധനകാര്യ കമ്മിറ്റി | 24 | |
| | പ്രചരണ കമ്മിറ്റി | 25 | |
| | നിയമപാലന കമ്മിറ്റി | 25 | |
| | വെൽഫെയർ കമ്മിറ്റി | 25 | |
| | രജിസ്ട്രേഷൻ കമ്മിറ്റി | 26 | |
| | അക്കോമഡേഷൻ കമ്മിറ്റി | 26 | |
| | ട്രാൻസ്പോർട്ട് കമ്മിറ്റി | 27 | |
| | ട്രോഫി കമ്മിറ്റി | 27 | |

ലൈറ്റ്സ് & സൗണ്ട് കമ്മിറ്റി 28
സുവനീർ കമ്മിറ്റി 29
ഗ്രീൻ പ്രോട്ടോക്കോൾ കമ്മിറ്റി 29

**അധ്യായം 4** **30**
**അപ്പീൽ കമ്മിറ്റി**

**അധ്യായം 5** **33**
**ചാമ്പ്യൻഷിപ്പ്**
ചാമ്പ്യൻഷിപ്പ് കണക്കാക്കുന്ന വിധം 33

**അധ്യായം 6** **38**
**ശാസ്ത്രമേള**
മത്സര ഇനങ്ങൾ 38
കുറിപ്പ് 44
മൂല്യനിർണയോപാധികൾ 46
ടാലന്റ് സെർച്ച് എക്സാമിനേഷൻ 51
ശാസ്ത്ര ക്വിസ് മത്സരങ്ങൾ 53
സതേൺ ഇന്ത്യാ സയൻസ് ഫെയർ 55
നാഷണൽ സയൻസ് എക്സിബിഷൻ 55
സി.വി. രാമൻ ഉപന്യാസ മത്സരം 56
ഇൻവെസ്റ്റിഗേറ്ററി പ്രൊജക്റ്റ് മത്സരം 57
ശാസ്ത്രനാടകം 58
നാഷണൽ സയൻസ് സെമിനാർ 58
ശാസ്ത്ര മാഗസിൻ മത്സരം 58
ടീച്ചിംഗ് എയ്ഡ്/പ്രൊജക്റ്റ് മത്സരം 60
NCERT സയൻസ് സെമിനാർ 62
സ്കോറിംഗ് ഇൻഡിക്കേറ്റേഴ്സ് 64

**അധ്യായം 7** **67**
**ഗണിത ശാസ്ത്രമേള**
മത്സര ഇനങ്ങൾ 67

അദ്ധ്യാപകരുടെ ടീച്ചിംഗ് എയ്ഡ് മത്സരം 68
പൊതു നിബന്ധനകൾ 69
മത്സര ഇനങ്ങൾ – നിർദ്ദേശങ്ങൾ 70
മൂല്യനിർണ്ണയ സൂചകങ്ങൾ 74
ഗണിതശാസ്ത്ര ക്വിസ് മത്സരങ്ങൾ 77
മാഗസിൻ മത്സരം 79
ഭാസ്ക്കരാചാര്യ സെമിനാർ 81
ശ്രീനിവാസ രാമാനുജൻ പേപ്പർ പ്രസന്റേഷൻ മത്സരം 84
ടാലന്റ് സെർച്ച് എക്സാമിനേഷൻ 87

അധ്യായം 8 93
സാമൂഹ്യ ശാസ്ത്രമേള
മത്സര ഇനങ്ങൾ 93
മത്സര ഇനങ്ങളെ സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ 95
സാമൂഹ്യശാസ്ത്ര ടാലന്റ് സെർച്ച് മത്സരം 117
വാർത്താവായന മത്സരം 117
മൂല്യനിർണ്ണയ സൂചകങ്ങൾ 118

അധ്യായം 9 123
പ്രവൃത്തി പരിചയമേള
മത്സര ഇനങ്ങൾ 123
മൂല്യനിർണ്ണയ മാനദണ്ഡങ്ങൾ 127
പുതുക്കിയ സമയക്രമം 127
പ്രദർശന മത്സരം 128
തത്സമയ മത്സര ഇനങ്ങൾ – അനുബന്ധം 1
(LP & UP Level) 130
തത്സമയ മത്സര ഇനങ്ങൾ – അനുബന്ധം 2
(HS, HSS & VHSS Level) 132
തത്സമയ മത്സര നിർദ്ദേശങ്ങൾ – അനുബന്ധം 1 135
തത്സമയ മത്സര നിർദ്ദേശങ്ങൾ – അനുബന്ധം 2 145
ഉപജില്ലാ പ്രവൃത്തിപരിചയ കൗൺസിൽ 160
റവന്യൂ ജില്ലാ പ്രവൃത്തിപരിചയ കൗൺസിൽ 161

സംസ്ഥാന പ്രവൃത്തിപരിചയ കൗൺസിൽ 163

**അധ്യായം 10** **165**

**ഐ.ടി. മേള**

മത്സര ഇനങ്ങൾ 166

പൊതുനിർദ്ദേശങ്ങൾ 166

ഐ.സി.ടി. ടീച്ചിംഗ് എയ്ഡ് മത്സരം 177

**അനുബന്ധം I** **180**

എൻടി ഫോമുകളും മറ്റ് അനുബന്ധങ്ങളും

**അനുബന്ധം II** **212**

കേരള സ്കൂൾ സ്കിൽ ഫെസ്റ്റിവൽ മാന്വൽ

# അധ്യായം 1
# പൊതു നിർദ്ദേശങ്ങൾ

- പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽവരുന്ന സംസ്ഥാനത്തെ ഗവൺമെന്റ്/എയ്ഡഡ്/ അൺ എയ്ഡഡ് (അംഗീകൃതം) സ്കൂളുകളിലെ എൽ.പി, യു.പി, ഹൈസ്കൂൾ, ഹയർസെക്കണ്ടറി, വൊക്കേഷണൽ ഹയർസെക്കണ്ടറി ക്ലാസ്സുകളിലെ കുട്ടികളുടെ ശാസ്ത്ര, ഗണിതശാസ്ത്ര, സാമൂഹ്യശാസ്ത്ര, പ്രവൃത്തിപരിചയ, ഐ ടി മേള **കേരള സ്കൂൾ ശാസ്ത്രോത്സവം** എന്ന പേരിൽ അറിയപ്പെടുന്നതാണ്.
- നിലവിലുള്ള എല്ലാ ശാസ്ത്ര, ഗണിതശാസ്ത്ര, സാമൂഹ്യശാസ്ത്ര, പ്രവൃത്തിപരിചയ, ഐ ടി മേള മാനുവലുകളും ഭേദഗതികളും ഇതിനാൽ അസാധുവാകുന്നതാണ്.
- എല്ലാ വർഷവും പൊതുവിദ്യാഭ്യാസ വകുപ്പ് പ്രസിദ്ധീകരിക്കുന്ന വിദ്യാഭ്യാസ കലണ്ടർ പ്രകാരമോ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നിർദേശ പ്രകാരമോ ഉള്ള തീയതികളിൽ സ്കൂൾ തലം മുതൽ സംസ്ഥാന തലം വരെയുള്ള മത്സരങ്ങൾ നടത്തുന്നതാണ്.

**എ. ലക്ഷ്യങ്ങൾ**

- വിദ്യാർത്ഥികളിൽ വൈജ്ഞാനികവും ശാസ്ത്ര, ഗണിതശാസ്ത്ര, സാമൂഹ്യശാസ്ത്ര, പ്രവൃത്തിപരിചയ, ഐ ടി അഭിരുചിയും ഗവേഷണ താൽപ്പര്യവും, പഠനത്തിലൂടെ ആർജ്ജിച്ച അറിവുകളും താനുൾപ്പെടുന്ന സമൂഹത്തിന് ഉപയുക്തമാകും വിധം വളർത്തിയെടുക്കുക

- ശാസ്ത്ര–സാങ്കേതിക, ഗണിതശാസ്ത്ര, സാമൂഹ്യശാസ്ത്ര, പ്രവൃത്തിപരിചയ, ഐ ടി എന്നിവയിലൂടെ ആർജ്ജിച്ച പരിജ്ഞാനം നിത്യജീവിതത്തിൽ ഫലപ്രദമായി പ്രയോഗിക്കുന്നതിനുള്ള പരിശീലനം നൽകുക.
- മനുഷ്യനും അവന്റെ ചുറ്റുപാടുകളും തമ്മിലുള്ള ബന്ധം അറിയുകയും ഈ അറിവ് നേടാനുള്ള രീതിശാസ്ത്രത്തെ കുറിച്ച് മനസ്സിലാക്കുകയും ചെയ്യുക.
- വിജ്ഞാന സമ്പാദനത്തോടൊപ്പം അന്വേഷണത്വര, ഗവേഷണ ബുദ്ധി, എന്നിവ വളർത്തിയെടുക്കുക.
- കുട്ടികളുടെ നൈസർഗ്ഗികമായ കഴിവുകളെ കണ്ടെത്തി പരിപോഷിപ്പിക്കുക.
- മൺമറഞ്ഞതും നിലനിൽക്കുന്നതുമായ ചരിത്രാനുഭവങ്ങളുടെ പശ്ചാത്തലത്തിൽ ആനുകാലിക സംഭവങ്ങളെ അപഗ്രഥിച്ചറിയുകയും അവ ഭാവി തലമുറയ്ക്ക് ഉപയുക്തമായ രീതിയിൽ സംരക്ഷിക്കുകയും ചെയ്യുക.
- സ്വതന്ത്ര സോഫ്റ്റ് വെയറിന്റെ പ്രാധാന്യവും ഉപയോഗവും പരിചയപ്പെടുത്തുക.
- ഐ ടി മേഖലയിലെ നൂതന സാങ്കേതിക മേഖലകൾ പരിചയപ്പെടുന്നതിനും അവ ഉപയോഗപ്പെടുത്തുന്നതിനുമുള്ള അവസരങ്ങൾ ഒരുക്കുക, ഡിജിറ്റൽ മാധ്യമങ്ങൾ ഉപയോഗിച്ചുള്ള സർഗ്ഗാത്മക സൃഷ്ടികൾ നടത്തുക, കമ്പ്യൂട്ടർ ഭാഷ പരിശീലിക്കുക.
- ഭാവിയിൽ തനതായ ശാസ്ത്ര സാങ്കേതിക നേട്ടങ്ങൾ കൈവരിക്കുന്നതിനും, ഗണിതശാസ്ത്ര, സാമൂഹ്യശാസ്ത്ര, പ്രവൃത്തിപരിചയ, ഐ ടി മേഖലകളിൽ പ്രായോഗിക വൈദഗ്ധ്യം നേടുന്നതിനും കുട്ടികളെ പ്രാപ്തരാക്കുക.

## ബി. കാറ്റഗറികൾ

1. താഴെപ്പറയുന്ന നാലു വിഭാഗങ്ങളിലായിട്ടാണ് മത്സരം നടത്തുക

| | | |
|---|---|---|
| കാറ്റഗറി I | ക്ലാസ്സ് ഒന്ന് മുതൽ നാല് വരെ | ഉപജില്ലാതലം |
| കാറ്റഗറി II | ക്ലാസ്സ് അഞ്ച് മുതൽ ഏഴ് വരെ | |
| കാറ്റഗറി III | ക്ലാസ്സ് എട്ട് മുതൽ പത്ത് വരെ | |
| കാറ്റഗറി IV | ക്ലാസ്സ് പതിനൊന്ന് മുതൽ പന്ത്രണ്ട് വരെ | |

2. കാറ്റഗറി I, II എന്നിവയിലെ മത്സരങ്ങൾ ഉപജില്ലാതലത്തിലും കാറ്റഗറി III, IV എന്നിവ സംസ്ഥാനതലത്തിലും അവസാനിക്കുന്നതാണ്.

3. സ്കൂൾ തലത്തിൽ **എ ഗ്രേഡ്** നേടി **ഒന്നാം സ്ഥാനം** കരസ്ഥമാക്കുന്ന മത്സരാർത്ഥികൾക്ക് ഉപജില്ലാ മത്സരങ്ങളിൽ പങ്കെടുക്കാൻ അർഹതയുണ്ടായിരിക്കും.

4. III, IV കാറ്റഗറിയിലെ ഉപജില്ല, റവന്യുജില്ല തലങ്ങളിൽ **എ ഗ്രേഡ്** നേടി **ഒന്നും രണ്ടും സ്ഥാനങ്ങൾ** കരസ്ഥമാക്കുന്ന മത്സരാർത്ഥികൾക്ക് ഉപരിമത്സരങ്ങളിൽ പങ്കെടുക്കാൻ അർഹതയുണ്ടായിരിക്കുന്നതാണ്.

5. മത്സരത്തിൽ അറുപത് ശതമാനത്തിൽ താഴെ മാർക്ക് ലഭിക്കുന്ന ഇനങ്ങളെ ഗ്രേഡ് ചെയ്യുന്നതല്ല. അറുപത് ശതമാനമോ അതിലധികമോ മാർക്കുകിട്ടുന്ന ഇനങ്ങളെ മൂന്നു ഗ്രേഡുകളായി തിരിക്കുന്നതാണ്. ഗ്രേഡിംഗ് മാനദണ്ഡങ്ങളും ലഭിക്കുന്ന പോയിന്റുകളും ചുവടെ ചേർക്കുന്നു.

| മാർക്ക് ശതമാനം | ഗ്രേഡ് | ലഭിക്കുന്ന പോയിന്റ് |
|---|---|---|
| 80%മോ അതിലധികമോ | എ | 5 |
| 70% മുതൽ 79% വരെ | ബി | 3 |
| 60% മുതൽ 69% വരെ | സി | 1 |

6. ഗ്രേഡുകൾ നേടുന്ന മത്സരാർത്ഥികൾക്ക് സ്കൂൾതലം മുതൽ സർട്ടിഫിക്കറ്റുകൾ നൽകേണ്ടതാണ്.

7. കേരള സ്കൂൾ ശാസ്ത്രോത്സവം ഉൾപ്പെടെയുള്ള എല്ലാ മത്സരങ്ങളും (ക്ലബ്ബ്തല മത്സരങ്ങൾ) സബ്ജില്ലാ മുതൽ സംസ്ഥാനതലം വരെ ഓൺലൈൻ സംവിധാനത്തിലാണ് നടത്തേണ്ടത്. വളരെ സൂക്ഷ്മതയോടെ ആയിരിക്കണം കുട്ടികളുടെ ഓൺലൈൻ എൻട്രി ഹെഡ്മാസ്റ്റർ/ പ്രിൻസിപ്പാൾ ചെയ്യേണ്ടത്. നിർബന്ധമായും രജിസ്ട്രേഷൻ സമയത്ത് വിദ്യാർത്ഥികളുടെ ഫോട്ടോയും അപ്‌ലോഡ് ചെയ്യേണ്ടതാണ്. ഓൺലൈൻ എൻട്രികളുടെ പൂർണ്ണ ഉത്തരവാദിത്തം ഹെഡ്മാസ്റ്റർ/പ്രിൻസിപ്പാൾ എന്നിവരിൽ നിക്ഷിപ്തമായിരിക്കും.

8. ഒരു വിദ്യാർത്ഥിക്ക് ശാസ്ത്ര, ഗണിതശാസ്ത്ര, സാമൂഹ്യശാസ്ത്ര, പ്രവൃത്തിപരിചയ, ഐ ടി മേഖലകളിൽ ഏതെങ്കിലും ഒരു വിഭാഗത്തിൽ ഒരിനത്തിൽ മാത്രമേ പങ്കെടുക്കുവാൻ അനുവാദമുള്ളൂ. കൂടാതെ ഏതെങ്കിലും ഒരു മേഖലയിലെ ക്വിസ് മത്സരത്തിലും പങ്കെടുക്കാവുന്നതാണ്.

9. ഉപജില്ലാ തലം മുതൽ സംസ്ഥാന തലം വരെയുള്ള എല്ലാ ഇനം മത്സരങ്ങളുടെ വീഡിയോ റിക്കോർഡിംഗ് നിർബന്ധമായും ചെയ്യേണ്ടതാണ്. ഓൺ ദ സ്പോട്ട് മത്സരങ്ങൾക്ക് ഉൽപ്പന്നങ്ങൾ പൂർത്തിയാക്കുന്ന മുറയ്ക്ക് വീഡിയോ റിക്കോർഡ് ചെയ്യേണ്ടതാണ്. ഇതിന്റെ ചുമതല പ്രോഗ്രാം കമ്മിറ്റിയിൽ നിക്ഷിപ്തമാണ്.

10. സംസ്ഥാന മേളയിൽ പങ്കെടുക്കുന്ന മത്സരാർത്ഥികൾ അവരുടെ എക്സിബിറ്റിനെ കുറിച്ച് ഒരു ലഘു വിവരണം തയ്യാറാക്കി മത്സരസമയത്ത് നൽകേണ്ടതാണ്. വിവരണത്തോടൊപ്പം ഫോട്ടോകളും ഉൾപ്പെടുത്താവുന്നതാണ്. സുവനീർ കമ്മിറ്റി (ശാസ്ത്രോത്സവരേഖ) ഈ കുറിപ്പ് മത്സരാർത്ഥികളിൽ നിന്നും ശേഖരിക്കേണ്ടതാണ്.

11. കേരള സ്കൂൾ ശാസ്ത്രോത്സവത്തിൽ സ്കൂൾ, സബ് ജില്ല, റവന്യു ജില്ല, സംസ്ഥാന തലങ്ങളിൽ മത്സരങ്ങളിൽ പങ്കെടുക്കുന്ന മത്സരാർത്ഥികൾ അവരുടെ ഉൽപ്പന്നങ്ങളുടെ പ്രദർശനത്തിൽ കൂടി പങ്കെടുക്കേണ്ടതാണ്.

12. കേരള സ്കൂൾ ശാസ്ത്രോത്സവം പൂർണ്ണമായും ഹരിതപെരുമാറ്റ ചട്ടത്തിനു വിധേയമായിട്ടായിരിക്കണം നടത്തേണ്ടത്.

13. കേരള സ്കൂൾ ശാസ്ത്രോത്സവം നടത്തിപ്പുമായി ബന്ധപ്പെട്ട കൊടുക്കൽ വാങ്ങലുകൾ/കരാറുകൾ എന്നിവ ജനറൽ കൺവീനർ, സ്റ്റോർ പർച്ചേസ് നിയമങ്ങൾക്കും സർക്കാർ ഉത്തരവുകൾക്കും വിധേയമായി ചെയ്യേണ്ടതാണ്.

14. അപമര്യാദയായും അച്ചടക്കമില്ലാതെയും പ്രകോപനപരമായും പ്രവർത്തിച്ച് ശാസ്ത്രോത്സവം അലങ്കോലമാക്കാൻ ശ്രമിക്കുന്ന വിദ്യാർത്ഥികൾ, അധ്യാപകർ ഉൾപ്പെടെയുള്ളവർക്കെതിരെ അയോഗ്യത കൽപിക്കൽ അടക്കമുള്ള ഉചിതമായ ശിക്ഷാ നടപടി കൈക്കൊള്ളുന്നതാണ്. കൂടാതെ വകുപ്പ്തല നടപടിയും സ്വീകരിക്കുന്നതാണ്.



15. മേളയുടെ നടത്തിപ്പിന് പദ്ധതി വിഹിതം വഴി ലഭിച്ച തുകയുടെ വരവ്-ചെലവ് കണക്കുകൾ, മേള കഴിഞ്ഞ് ഒരു മാസത്തിനകം സംഘാടക സമിതിയിൽ അംഗീകരിച്ച് അതത് വിദ്യാഭ്യാസ ഓഫീസർമാർ ട്രഷറിയിൽ സമർപ്പിക്കേണ്ടതാണ്.

16. പൊതുവിദ്യാഭ്യാസ ഡയറക്ടർ നൽകുന്ന മേളകളുടെ സർട്ടിഫിക്കറ്റ് നഷ്ടപെടുകയോ തിരുത്തലുകളോ ഉണ്ടാകുന്ന പക്ഷം, പുതിയ സർട്ടിഫിക്കറ്റ് ലഭിക്കണമെങ്കിൽ ഹെഡ്മാസ്റ്റർ/ പ്രിൻസിപ്പാൾ 250 രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പേരിൽ എടുത്ത് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

**സി. മൂല്യനിർണ്ണയം – പൊതുനിർദ്ദേശങ്ങൾ**

1. മത്സരങ്ങൾ വിലയിരുത്തുന്നതിന് നിഷ്പക്ഷമതികളും പ്രഗത്ഭരും യോഗ്യരുമായ വ്യക്തികളെ വിധികർത്താക്കളായി നിയമിക്കണം. വിധികർത്താക്കളെ നിയമിക്കുമ്പോൾ അവരുടെ ബയോഡാറ്റയും ഡിക്ലറേഷനും അനുബന്ധത്തിൽ കൊടുത്തിരിക്കുന്നതുപോലെ എഴുതി വാങ്ങണം. വിധിനിർണ്ണയത്തിന് എല്ലാതലത്തിലും മൂന്നു പേർ നിർബന്ധമായും ഉണ്ടായിരിക്കണം.

2. രണ്ട് വർഷത്തിലധികം ഒരു വിധികർത്താവിന് ശാസ്ത്ര മേളയിലും അനുബന്ധ മത്സരങ്ങളിലും വിധികർത്താവായി നിയമിക്കാൻ പാടുള്ളതല്ല. സബ്ബ്ജില്ലാ തലത്തിൽ വിധികർത്താക്കളാകുന്നവർ അതേ റവന്യൂജില്ലയിലെ മേളയിൽ വിധികർത്താക്കളാകാൻ പാടില്ല. ജില്ലാതലത്തിൽ വിധികർത്താക്കളാകുന്നവർ അതേ വർഷം സംസ്ഥാനതല ശാസ്ത്രോത്സവത്തിലും അനുബന്ധ മത്സരങ്ങളിലും വിധികർത്താക്കളാകാൻ പാടില്ല. ഓരോ വർഷവും സംസ്ഥാനത്തിനകത്തുള്ള സർക്കാർ സ്ഥാപനങ്ങളിൽ നിന്നും സർക്കാർ അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും അതത് വിഷയങ്ങളിലെ പ്രാവീണ്യമുള്ള വ്യക്തികളിൽ നിന്നും ഉന്നത വിദ്യാഭ്യാസ മേഖലയിലെ വ്യക്തികളിൽ നിന്നും നാമനിർദ്ദേശം ക്ഷണിച്ചു വരുത്തി പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നേതൃത്വത്തിൽ സൂക്ഷ്മ പരിശോധന നടത്തിയാണ്

സംസ്ഥാന/ജില്ലാതല വിധികർത്താക്കളെ നിർണ്ണയിക്കേണ്ടത്. ഇതേ മാനദണ്ഡം മുൻനിർത്തി സബ്ബ്ജില്ലാതലത്തിൽ വിധികർത്താക്കളെ നിയമിക്കുന്ന ഉത്തരവാദിത്തം വിദ്യാഭ്യാസ ഉപഡയറക്ടർമാരിൽ ആയിരിക്കും.

### ഡി. സുരക്ഷിതത്വം – പൊതുനിർദ്ദേശങ്ങൾ

1 സ്കൂൾ തലം മുതൽ സംസ്ഥാനതലം വരെ നടത്തുന്ന ശാസ്ത്രോത്സവത്തിൽ കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പാക്കാൻ കഴിയുന്ന ഇനങ്ങൾ മാത്രമേ നടത്തുവാൻ പാടുള്ളു. എല്ലാ സുരക്ഷാക്രമീകരണങ്ങളും ഒരുക്കുന്നതിന് സംഘാടകർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

# അധ്യായം 2
# നടത്തിപ്പ്

കേരള സ്കൂൾ ശാസ്ത്രോത്സവത്തിന്റെ നടത്തിപ്പിന് ആവശ്യമായ നിർദേശങ്ങൾ പൊതു വിദ്യാഭ്യാസ ഡയറക്ടർ നൽകുന്നതാണ്.

## എ. സ്കൂൾതലം (LP/UP/HS/HSS&VHSS)

1. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പരിധിയിൽ വരുന്ന എല്ലാ അംഗീകൃത വിദ്യാലയങ്ങളിലെയും ഒന്ന് മുതൽ നാലു വരെയുള്ള കുട്ടികൾക്കും, അഞ്ച് മുതൽ ഏഴ് വരെയുള്ള കുട്ടികൾക്കും എട്ട് മുതൽ പത്ത് വരെയുള്ള കുട്ടികൾക്കും 11, 12 ക്ലാസ്സുകളിലെ കുട്ടികൾക്കും യഥാക്രമം LP/UP/ HS/HSS&VHSS വിഭാഗത്തിൽ സംഘടിപ്പിക്കുന്ന മേളകളിൽ പങ്കെടുക്കാം. ഓരോ സ്കൂളുകളിലെയും ശാസ്ത്ര, ഗണിതശാസ്ത്ര, സാമൂഹ്യശാസ്ത്ര പ്രവൃത്തിപരിചയ, ഐ ടി ക്ലബ്ബുകളുടെ ആഭിമുഖ്യത്തിലായിരിക്കണം സ്കൂൾതല മേളകൾ സംഘടിപ്പിക്കേണ്ടത്.
2. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നിബന്ധനകൾക്കും, നിർദ്ദേശങ്ങൾക്കും വിധേയമായി കാലാകാലങ്ങളിൽ നിർദ്ദേശിക്കപ്പെടുന്ന വിഷയത്തെ ആധാരമാക്കിയായിരിക്കും മേളകൾ നടത്തേണ്ടത്.
3. സ്കൂൾതല ശാസ്ത്രോത്സവം ഒരു ദിവസം കൊണ്ട് പൂർത്തിയാക്കേണ്ടതാണ്. സ്കൂളിലെ എല്ലാ വിദ്യാർത്ഥികൾക്കും കാറ്റഗറി അനുസരിച്ച് സ്കൂൾതല മത്സരത്തിൽ പങ്കെടുക്കാൻ അവസരം ഒരുക്കേണ്ടതാണ്. സ്കൂൾതല മേളയിൽ ഓരോ ഇനങ്ങളിലും **എ ഗ്രേഡോടെ ഒന്നാം സ്ഥാനം** കരസ്ഥമാക്കുന്ന അർഹരായ മത്സരാർത്ഥികളെയാണ് ഉപ ജില്ലാതല മത്സരത്തിൽ പങ്കെടുപ്പിക്കേണ്ടത്. ഏതെങ്കിലും ഇനത്തിൽ ഒന്നാം സ്ഥാനത്തേയ്ക്കോ രണ്ടാം സ്ഥാനത്തേയ്ക്കോ തുല്യ മാർക്കു

കൾ വരികയാണെങ്കിൽ ഉപരിതലത്തിലെ മത്സരത്തിൽ പങ്കെടുക്കേണ്ട കുട്ടിയെ തീരുമാനിക്കുന്നത് കുട്ടികൾക്ക് ലഭിച്ച ആകെ മാർക്കും മൂല്യ നിർണ്ണയം മാനദണ്ഡം (എ)–യ്ക്ക് ലഭിച്ച മാർക്കും കൂടി കൂട്ടിയ മാർക്ക് പരിഗണിക്കേണ്ടതാണ്.

4. മത്സരാർത്ഥികളെ ഉപ ജില്ലാ മത്സരങ്ങൾക്ക് അയയ്ക്കുമ്പോൾ മാന്വലിലെ നിബന്ധനകൾ പാലിക്കേണ്ടതാണ്. ഏതെങ്കിലും ഇനത്തിൽ 'എ' ഗ്രേഡോടുകൂടി ഒന്നാം സ്ഥാനത്ത് ആരും അർഹരായിട്ടില്ലെങ്കിൽ ആയിനത്തിൽ ആരെയും ഉപജില്ലാ മത്സരത്തിന് അയയ്ക്കേണ്ടതില്ല.
5. മത്സരത്തിൽ ഒരു കുട്ടി മാത്രമേ ഉള്ളൂവെങ്കിൽ കുട്ടിയുടെ പ്രകടനം വിലയിരുത്തി ഗ്രേഡിന് അർഹതയുണ്ടെങ്കിൽ മാത്രം ഉപജില്ലാതലത്തിൽ പങ്കെടുപ്പിക്കേണ്ടതാണ്.

## 6. സംഘാടനം

സ്കൂൾതല മേളയുടെ നടത്തിപ്പിന് താഴെ പറയുന്ന രീതിയിൽ സംഘാടക സമിതി രൂപീകരിക്കേണ്ടതാണ്.

| | | |
|---|---|---|
| ചെയർമാൻ | – | വാർഡ് മെമ്പർ |
| വൈസ് ചെയർമാൻ | – | പി.റ്റി.എ. പ്രസിഡന്റ് / എസ്. എം. സി ചെയർമാൻ |
| ജനറൽ കൺവീനർ | – | പ്രിൻസിപ്പാൾ/പ്രഥമ അധ്യാപകൻ |
| ജോയിന്റ് ജനറൽ കൺവീനർ | – | പ്രഥമ അധ്യാപകൻ/ സീനിയർ അസിസ്റ്റന്റ് |
| ജോയിന്റ് കൺവീനർ | – | ശാസ്ത്ര, ഗണിതശാസ്ത്ര, സാമൂഹ്യ ശാസ്ത്ര, പ്രവൃത്തിപരിചയ, ഐ ടി ക്ലബ്ബ് കോർഡിനേറ്റേഴ്സ് |

| | | |
|---|---|---|
| അംഗങ്ങൾ | – | എല്ലാ അധ്യാപകരും, പി. റ്റി. എ/ എസ്. എം. സി., മദർ പി.റ്റി.എ. കമ്മറ്റി അംഗങ്ങൾ, സ്കൂൾ ലീഡർ. |

മേളയുടെ സുഗമമായ നടത്തിപ്പിന് ആവശ്യമെങ്കിൽ വേണ്ട സബ് കമ്മിറ്റികൾ സംഘാടക സമിതിയിൽ നിന്ന് രൂപീകരിക്കാവുന്നതാണ്.

## ബി. ഉപജില്ലാതലം (LP/UP/HS/HSS&VHSS)

1. ഉപ ജില്ലാതല മത്സരം രണ്ടു ദിവസമായിരിക്കും.
2. ഉപജില്ലാ വിദ്യാഭ്യാസ ആഫീസറും, ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി ഉദ്യോഗസ്ഥരും (RDD/AD), ശാസ്ത്ര, ഗണിതശാസ്ത്ര, സാമൂഹ്യശാസ്ത്ര, പ്രവൃത്തിപരിചയ, ഐ. ടി., ക്ലബ്ബ് സെക്രട്ടറിമാരും ചേർന്ന് മേള നടത്തുന്നതിന് അനുയോജ്യമായ വിദ്യാലയം തെരെഞ്ഞെടുക്കേണ്ടതാണ്. ഉപജില്ലാ ശാസ്ത്ര, ഗണിതശാസ്ത്ര, സാമൂഹ്യശാസ്ത്ര, പ്രവൃത്തിപരിചയ ഐ.ടി. ക്ലബ്ബുകളുടെ ആഭിമുഖ്യത്തിലായിരിക്കും മേളകൾ സംഘടിപ്പിക്കുന്നത്.
3. LP/UP/HS/HSS&VHSS വിഭാഗങ്ങൾക്ക് പ്രത്യേകം മത്സരം സംഘടിപ്പിക്കേണ്ടതാണ്. HSS&VHSS വിഭാഗങ്ങളെ ഒറ്റ യൂണിറ്റായി കണ്ടാണ് മത്സരം നടത്തേണ്ടത്.
4. മത്സരത്തിൽ പങ്കെടുക്കുന്ന സ്കൂളുകൾ ഉപജില്ല ശാസ്ത്ര, ഗണിതശാസ്ത്ര, സാമൂഹ്യശാസ്ത്ര, പ്രവൃത്തിപരിചയ, ഐ.ടി. ക്ലബ്ബ് അസോസിയേഷൻ/ കൗൺസിലിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ളവരായിരിക്കണം.
5. മത്സരത്തിൽ പങ്കെടുക്കുന്നതിന് അതത് സ്കൂൾ പ്രഥമാധ്യാപകന്റെ സാക്ഷ്യപ്പെടുത്തിയ സ്കൂൾതല സർട്ടിഫിക്കേറ്റ് ഹാജരാക്കേണ്ടതാണ്.
6. വിജയികൾക്ക് സർട്ടിഫിക്കറ്റുകളും പ്രോത്സാഹന സമ്മാനങ്ങളും നൽകേണ്ടതാണ്.

## 7. സംഘാടക സമിതി

| | |
|---|---|
| രക്ഷാധികാരികൾ – | മേള നടക്കുന്ന ഉപജില്ലയുമായി ബന്ധപ്പെട്ട പ്രദേശത്തെ പ്രതിനിധീകരിക്കുന്ന എം. പി, എം.എൽ.എ, ജില്ലാ, ബ്ലോക്ക്, ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാരും കോർപ്പറേഷൻ മേയറും, മുൻസിപ്പൽ ചെയർമാനും വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാന്മാരും |
| ചെയർമാൻ – | മേയർ/മുൻസിപ്പൽ ചെയർമാൻ/ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് |
| വൈസ് ചെയർമാന്മാർ – | ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ്/മുനിസിപ്പൽ വൈസ് ചെയർമാൻ/കോർപ്പറേഷൻ ഡെപ്യൂട്ടി മേയർ, വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ പി.റ്റി.എ പ്രസിഡന്റ്, എസ്.എം.സി ചെയർമാൻ |
| ജനറൽ കൺവീനർ – | മേള നടത്തുന്ന സ്കൂളിലെ പ്രിൻസിപ്പാൾ/ പ്രഥമ അധ്യാപകൻ |
| ജോയിന്റ് ജനറൽ കൺവീനർ – | പ്രഥമ അധ്യാപകൻ |
| കൺവീനർമാർ – | ശാസ്ത്ര, ഗണിതശാസ്ത്ര, സാമൂഹ്യശാസ്ത്ര, പ്രവൃത്തിപരിചയ, ഐ.ടി. ക്ലബ്ബ് സെക്രട്ടറിമാർ |
| ട്രഷറർ – | ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ |
| അംഗങ്ങൾ – | സ്കൂൾ മാനേജർ പ്രതിനിധി –1, ഡയറ്റ് ഫാക്കൽറ്റി അംഗം, റീജിയണൽ ഫോർമാൻ, ഉപജില്ലയിലെ എല്ലാ പ്രിൻസിപ്പൾമാരും, പ്രഥമ അധ്യാപകരും മേള നടത്തുന്ന സ്കൂളിലെ എല്ലാ സ്റ്റാഫ് അംഗങ്ങളും, വാർഡ് മെമ്പർ, പി.റ്റി.എ, എസ്. എം. സി, പ്രതിനിധികൾ, ഉപജില്ലയിലെ കോർഡിനേറ്റർമാർ, അംഗീകൃത അധ്യാപക സംഘടനാ പ്രതിനിധികൾ (ഒന്ന് വീതം), സ്കൂൾ ചെയർമാനും ലീഡറും, |

ഉപ ജില്ലയിലെ ശാസ്ത്ര, ഗണിതശാസ്ത്ര, സാമൂഹ്യ ശാസ്ത്ര, പ്രവൃത്തിപരിചയ, ഐ.ടി. ക്ലബ്ബ് അസോസിയേഷൻ ചുമതലയുള്ള കൈറ്റ് മാസ്റ്റർ ട്രെയിനർ, നിർവാഹക സമിതിയംഗങ്ങൾ, വിവിധ സബ് കമ്മിറ്റി കൺവീനർമാർ

7. **ധനസമാഹരണം**

(a) പദ്ധതി ഫണ്ട്, സ്പെഷ്യൽ ഫീസ് ഫണ്ട്, പൊതുജനങ്ങളിൽ നിന്നുള്ള സംഭാവന, ശാസ്ത്ര, ഗണിതശാസ്ത്ര, സാമൂഹ്യശാസ്ത്ര, പ്രവൃത്തിപരിചയ, ഐ. ടി. ക്ലബ് ഫണ്ട്, പി.ടി.എ സംഭാവന തുടങ്ങിയവ യിലൂടെ ഉപ ജില്ലാ മേളയ്ക്കുള്ള ധനസമാഹരണം നടത്താവുന്നതാണ്.

b) കൂടാതെ രജിസ്ട്രേഷൻ ഫീസായി ഒരു കുട്ടിക്ക് 20 രൂപ ക്രമത്തിൽ (9, 10, 11, 12 ക്ലാസ്സുകളിലെ കുട്ടികളിൽ നിന്നും മാത്രം) സമാഹരിക്കാവുന്നതാ ണ്.

c) മേൽപ്പറഞ്ഞ പ്രകാരം സമാഹരിക്കുന്ന ഫണ്ട് സംഘാടക സമിതി അംഗീകരിച്ചിട്ടുള്ള ബഡ്ജറ്റിന് വിധേയമായി ചെലവഴിക്കേണ്ടതും മേളയുടെ കണക്കുകൾ മേള കഴിഞ്ഞ് ഒരു മാസത്തിനകം ബന്ധപ്പെട്ട സമിതിയിൽ അവതരിപ്പിച്ച് പാസ്സാക്കേണ്ടതുമാണ്.

d) ഉപജില്ലാ മത്സരങ്ങളിൽ പങ്കെടുക്കുന്ന ഓരോ വിദ്യാലയവും കുട്ടികളുടെ മേൽനോട്ടത്തിനായി ആവശ്യമായ അധ്യാപകരെ നിയോഗിക്കേണ്ടതാണ്. സംഘത്തിലെ പെൺകുട്ടികളുടെ മേൽനോട്ടത്തിന് ആവശ്യമായ അധ്യാപികമാരെ നിയോഗിക്കേണ്ടതാണ്. കുട്ടികളുടെ പൂർണ്ണ ഉത്തരവാദിത്വം അനുഗമിക്കുന്ന അധ്യാപകരുടെ ചുമതലയായിരിക്കും.

e) ഉപജില്ലാ മത്സരങ്ങൾ കഴിഞ്ഞാലുടൻ റവന്യൂ ജില്ലാമത്സരത്തിനു തെരഞ്ഞെടുക്കപ്പെട്ടവരുടെ ലിസ്റ്റ് ഓൺലൈനായി രജിസ്റ്റർ ചെയ്യേണ്ടതാണ്.

f) മത്സരങ്ങളുടെ സ്കോർ ഷീറ്റിൽ വെട്ടും തിരുത്തും ഒഴിവാക്കണം. തിരുത്തലുകൾ അനിവാര്യമായി വന്നാൽ മൂല്യനിർണ്ണയം ചെയ്ത ആൾതന്നെ തൽസ്ഥാനങ്ങളിൽ പൂർണമായും ഒപ്പിട്ടിരിക്കണം. വിധികർത്താവ് ഓരോ കുട്ടിയുടെയും മൂല്യനിർണയ രേഖ (അഭിപ്രായം സഹിതം) സ്കോർ ഷീറ്റിനോടൊപ്പം നൽകേണ്ടതാണ്. മത്സരങ്ങളുടെ മാർക്ക്ലിസ്റ്റുകളും ഫലം തയ്യാറാക്കിയ ടാബുലേഷൻ ഷീറ്റുകളും മുദ്രവച്ച് ഉപജില്ലാ വിദ്യാഭ്യാസ ആഫീസിൽ ഒരുവർഷക്കാലം സൂക്ഷിക്കേണ്ടതാണ്. അപ്പീൽ കമ്മിറ്റിയോ മേലധികാരികളോ ആവശ്യപ്പെടുന്ന പക്ഷം ഇവ ഹാജരാക്കേണ്ടതാണ്.

## സി. റവന്യൂ ജില്ലാതലം (HS, HSS/VHSS)

1. റവന്യൂ ജില്ലാതലമേളയുടെ നടത്തിപ്പിനാവശ്യമായ കമ്മിറ്റികൾ വിദ്യാഭ്യാസ ഉപഡയറക്ടർമാർ രൂപീകരിക്കേണ്ടതാണ്. റവന്യൂ ജില്ലാതല ശാസ്ത്രോത്സവം **രണ്ട് ദിവസമായിരിക്കും**.

2. **സംഘാടനം**

a) വിദ്യാഭ്യാസ ഉപഡയറക്ടറും, RDDയും, ADയും അതതു ക്ലബ്ബ് സെക്രട്ടറിമാരും കൈറ്റ് ജില്ലാ കോ–ഓർഡിനേറ്ററും കൂടി യോജിച്ച് അനുയോജ്യമായ വിദ്യാലയങ്ങൾ മേളക്കായി തിരഞ്ഞെടുക്കണം.

b) റവന്യൂ ജില്ലയിലെ എല്ലാ സബ് ജില്ലകളും ഈ മേളയിൽ പങ്കെടുക്കേണ്ടതാണ്.

c) റവന്യൂ ജില്ലാ ശാസ്ത്ര, ഗണിതശാസ്ത്ര, സാമൂഹ്യശാസ്ത്ര പ്രവൃത്തിപരിചയ, ഐ ടി ക്ലബ്ബ് അസോസിയേഷൻ/കൗൺസിലിന്റെ ആഭിമുഖ്യത്തിലായിരിക്കും മേള സംഘടിപ്പിക്കുന്നത്.

d) മത്സരത്തിൽ പങ്കെടുക്കുന്ന സബ്ജില്ലകൾ റവന്യൂ ജില്ലാ ശാസ്ത്ര, ഗണിതശാസ്ത്ര, സാമൂഹ്യശാസ്ത്ര പ്രവൃത്തിപരിചയ, ഐ ടി ക്ലബ്ബ് അസോസിയേഷനിൽ/കൗൺസിലിൽ അഫിലിയേറ്റ് ചെയ്തവ ആയിരിക്കണം.



e) HS, HSS/ VHSS വിഭാഗങ്ങളിൽ ഉപജില്ലാ മത്സരത്തിൽ എ ഗ്രേഡോടെ ഒന്നും രണ്ടും സ്ഥാനങ്ങൾ നേടിയവർ മാത്രമേ റവന്യൂ ജില്ലാതല മത്സരത്തിൽ പങ്കെടുക്കുവാൻ പാടുള്ളൂ. മത്സരത്തിൽ പങ്കെടുക്കുവാൻ

സ്കൂൾ പ്രഥമാധ്യാപകനിൽ നിന്നുള്ള തിരിച്ചറിയൽ സർട്ടിഫിക്കേറ്റ് (ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സാക്ഷ്യപ്പെടുത്തിയത്) ഹാജരാക്കേണ്ടതാണ്.

f) ഒരോ സ്കൂളിൽ നിന്നും എക്സ്കോർട്ടിംഗ് ടീച്ചർ ഉണ്ടായിരിക്കണം. മത്സരാർത്ഥികളിൽ പെൺകുട്ടികൾ ഉണ്ടെങ്കിൽ അധ്യാപികമാർ നിർബന്ധമായും എക്സ്കോർട്ടിംഗ് ടീച്ചറായി ഉണ്ടായിരിക്കേണ്ടതാണ്.

g) HS, HSS/VHSS എന്നീ രണ്ട് വിഭാഗങ്ങൾക്കും പ്രത്യേകം പ്രത്യേകമായി മൂല്യനിർണ്ണയം നടത്തേണ്ടതാണ്. മൂല്യനിർണ്ണയ രേഖകൾ ഒരുവർഷക്കാലം വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിൽ സൂക്ഷിക്കേണ്ടതാണ്.

h) വിജയികൾക്ക് സർട്ടിഫിക്കറ്റുകളും, പ്രോത്സാഹന സമ്മാനങ്ങളും നൽകേണ്ടതാണ്.

i) റവന്യൂ ജില്ലാ മേളയിൽ പങ്കെടുക്കുന്ന ഉപജില്ലാ ടീമിന്റെ മാനേജർ അതത് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും ഉപജില്ല സെക്രട്ടറിമാർ ജോയിന്റ് ടീം മാനേജർമാരും ആയിരിക്കും.

### 3. സംഘാടക സമിതി

| | | |
|---|---|---|
| രക്ഷാധികാരികൾ | – | ജില്ലയിലെ മന്ത്രിമാർ, MPമാർ, MLAമാർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്/മേയർ/ മുൻസിപ്പൽ ചെയർമാൻ/ ജില്ലാ കളക്ടർ, ജില്ലാ പോലീസ് മേധാവി |
| ചെയർമാൻ | – | സ്ഥലം എം എൽ എ |
| വൈസ് ചെയർമാൻമാർ | – | ജില്ലാ പഞ്ചായത്ത്/ കോർപറേഷൻ/ മുനിസിപ്പാലിറ്റി, വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാർ, വാർഡ് മെമ്പർ |
| ജനറൽ കൺവീനർ | – | വിദ്യാഭ്യാസ ഉപഡയറക്ടർ |
| ജോയിന്റ് ജനറൽ കൺവീനർമാർ | – | റീജണൽ ഡെപ്യൂട്ടി ഡയറക്ടർ, അസ്സിസ്റ്റന്റ് ഡയറക്ടർ (VHSE), ഡയറ്റ് പ്രിൻസിപ്പാൾ, മേള നടക്കുന്ന സ്കൂളിലെ |

| | | |
|---|---|---|
| | | പ്രിൻസിപ്പാൾ/പ്രഥമ അധ്യാപകൻ, അസോസിയേഷൻ ജില്ല സെക്രട്ടറിമാർ, പ്രവൃത്തിപരിചയ മേഖല ഫോർമാൻ, കൈറ്റ് ജില്ലാ കോ–ഓർഡിനേറ്റർ |
| ട്രഷറർ | – | മേള നടക്കുന്ന വിദ്യാഭ്യാസ ജില്ലയിലെ ജില്ലാ വിദ്യാഭ്യാസ ആഫീസർ |
| അംഗങ്ങൾ | – | സബ് കമ്മറ്റി ചെയർമാന്മാർ, കൺവീനർമാർ |
| | | അംഗീകൃത അധ്യാപക സംഘടനകളുടെ പ്രതിനിധികൾ (ഒന്നു വീതം) |
| | | ജില്ലാ വിദ്യാഭ്യാസ ആഫീസർമാർ, ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർ |
| | | മേള നടക്കുന്ന സ്കൂളിലെ പി.റ്റി.എ, മദർ പി.റ്റി.എ പ്രസിഡന്റുമാർ, എസ് എം സി ചെയർമാന്മാർ, പി.റ്റി.എ എക്സിക്യുട്ടീവ് അംഗങ്ങൾ, എല്ലാ സ്റ്റാഫ് അംഗങ്ങളും, സ്കൂൾ പാർലമെന്റ് ചെയർമാനും ലീഡറും |
| | | ജില്ലയിലെ ക്ലബ് അസോസിയേഷൻ നിർവ്വാഹക സമിതി അംഗങ്ങൾ |
| | | ജില്ലയിലെ പ്രഥമ അധ്യാപകർ, പ്രിൻസിപ്പൾമാർ |
| | | സ്കൂൾ മാനേജർ പ്രതിനിധി –1 |
| | | സബ് കമ്മിറ്റി കൺവീനർമാർ, ശാസ്ത്ര, ഗണിതശാസ്ത്ര, സാമൂഹ്യശാസ്ത്ര, പ്രവൃത്തി പരിചയ, ഐ.ടി. ക്ലബ്ബ് അസോസിയേഷൻ എക്സിക്യുട്ടീവ് അംഗങ്ങൾ, ചുമതലയുള്ള് കൈറ്റ് മാസ്റ്റർ ട്രെയിനർ മേള നടത്തുന്ന സ്കൂളിലെ Physical Education/NCC/SPC/ JRC/സ്കൗട്ട് & ഗൈഡ് പ്രതിനിധികൾ |

### ഡി. സംസ്ഥാനതലം

1. സംസ്ഥാനതല ശാസ്ത്രോത്സവം മൂന്ന് ദിവസമായിരിക്കും.

2. **സംഘാടനം**

a) പൊതു വിദ്യാഭ്യാസ വകുപ്പിന്റെയും, സംസ്ഥാന ശാസ്ത്ര, ഗണിതശാസ്ത്ര, സാമൂഹ്യശാസ്ത്ര, പ്രവൃത്തിപരിചയ, ഐ.ടി, അസോസിയേഷൻ/കൗൺസിലിന്റെ ആഭിമുഖ്യത്തിലാണ് മേള നടത്തേണ്ടത്.

b) മേള നടത്തുന്ന സ്ഥലം പൊതുവിദ്യാഭ്യാസ ഡയറക്ടർ തീരുമാനിക്കുന്നതാണ്.

c) സംസ്ഥാനത്തെ എല്ലാ റവന്യൂ ജില്ലകളും ഇതിൽ പങ്കെടുക്കേണ്ടതാണ്.

d) എല്ലാ ജില്ലാതല ശാസ്ത്ര, ഗണിതശാസ്ത്ര, സാമൂഹ്യശാസ്ത്ര, പ്രവൃത്തിപരിചയ, ഐ.ടി, ക്ലബ്ബുകളും സംസ്ഥാന ശാസ്ത്ര, ഗണിതശാസ്ത്ര, സാമൂഹ്യശാസ്ത്ര പ്രവൃത്തിപരിചയ, ഐ.ടി, ക്ലബ്ബ് അസോസിയേഷൻ/കൗൺസിലിൽ അഫിലിയേറ്റ് ചെയ്യേണ്ടതാണ്.

e) സ്കൂൾ പ്രഥമ അധ്യാപകനിൽ നിന്നുള്ള തിരിച്ചറിയൽ സർട്ടിഫിക്കറ്റ് (വിദ്യാഭ്യാസ ഉപഡയറക്ടർ സാക്ഷ്യപ്പെടുത്തിയത്) മത്സരാർത്ഥികൾ കൊണ്ട് വരേണ്ടതാണ്.

f) ഒരു റവന്യൂ ജില്ലക്ക് ടീം മാനേജരെ കൂടാതെ ഓരോ വിഭാഗത്തിലും എക്സ്കോർട്ടിംഗ് ടീച്ചർമാർ ഉണ്ടായിരിക്കണം. ജില്ലയിലെ അസോസിയേഷൻ സെക്രട്ടറിമാർ ജോയിന്റ് ടീം മാനേജർമാർ ആയിരിക്കും. പെൺകുട്ടികൾക്ക് അധ്യാപികമാർ എക്സ്കോർട്ടായി ഉണ്ടായിരിക്കണം.



g) ഓരോ ഇനത്തിലും ആദ്യത്തെ മൂന്ന് സ്ഥാനങ്ങൾക്ക് സർട്ടിഫിക്കറ്റും, ക്യാഷ് അവാർഡും സമ്മാനങ്ങളും നല്കുന്നതാണ്.

## 3. സംഘാടക സമിതി

മേളയുടെ സുഗമമായ നടത്തിപ്പിന് താഴെ പറയുന്ന രീതിയിലുള്ള സംഘാടക സമിതി രൂപീകരിക്കേണ്ടതാണ്.

| | | |
|---|---|---|
| മുഖ്യ രക്ഷാധികാരികൾ | – | ബഹു. കേരള ഗവർണ്ണർ<br>ബഹു. കേരള മുഖ്യമന്ത്രി<br>ബഹു. പ്രതിപക്ഷ നേതാവ്<br>ബഹു. കേരള വിദ്യാഭ്യാസ വകുപ്പ് മന്ത്രി<br>മേള നടക്കുന്ന ജില്ലയിൽ നിന്നുള്ള മന്ത്രിമാർ |
| രക്ഷാധികാരികൾ | – | മേള നടക്കുന്ന റവന്യു ജില്ലയിലെ എല്ലാ എം.പി.മാരും, എം.എൽ.എ മാരും മേയർ, മുനിസിപ്പൽ ചെയർമാൻ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, പൊതു വിദ്യാഭ്യാസ സെക്രട്ടറി, ജില്ലാകളക്ടർ, ജില്ലാ പോലീസ് മേധാവി |
| ചെയർമാൻ | – | മേള നടക്കുന്ന സ്ഥലത്തെ എം.എൽ എ |
| വൈസ് ചെയർമാൻ | – | മേള നടക്കുന്ന സ്ഥലത്തെ കോർപ്പറേഷൻ ഡെപ്യൂട്ടി മേയർ/മുൻസിപ്പൽ വൈസ് ചെയർമാൻ/ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്/ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്മാർ |
| ജനറൽ കോ–ഓർഡിനേറ്റർ | – | പൊതു വിദ്യാഭ്യാസ ഡയറക്ടർ |
| കോ –ഓർഡിനേറ്റർമാർ | – | ഹയർ സെക്കന്ററി വിഭാഗത്തിലെ ജോയിന്റ് ഡയറക്ടർ അക്കാദമിക്ക്, വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗത്തിലെ വിദ്യാഭ്യാസ ഉപഡയറക്ടർ കരിക്കുലം |
| ജോയിന്റ് ജനറൽ കോ–ഓർഡിനേറ്റർ | – | സമഗ്ര ശിക്ഷ ഡയറക്ടർ, KITE എക്സിക്യൂട്ടിവ് ഡയറക്ടർ |

ജനറൽ കൺവീനർ – പൊതു വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (അക്കാദമിക്)

ജോയിന്റ് ജനറൽ കൺവീനർമാർ – പൊതു വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ) ഹയർ സെക്കന്ററി ജോയിന്റ് ഡയറക്ടർ, ജോയിന്റ് ഡയറക്ടർ (അക്കാദമിക്ക്), വി.എച്ച്.എസ്.സി. ഡെപ്യൂട്ടി ഡയറക്ടർ, വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ക്യൂ ഐ പി ഡെപ്യൂട്ടി ഡയറക്ടർമാർ, പ്രവൃത്തി പരിചയം സ്പെഷ്യൽ ഓഫീസർമാർ.

കൺവീനർമാർ– മത്സരം നടക്കുന്ന ജില്ലയിലെ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, ഹയർ സെക്കണ്ടറി റീജണൽ ഡെപ്യൂട്ടി ഡയറക്ടർ, വി എച്ച് എസ് ഇ അസിസ്റ്റന്റ് ഡയറക്ടർ, ഡയറ്റ് പ്രിൻസിപ്പാൾ, ജില്ലാ പ്രോജക്ട് ഓഫീസർ (സമഗ്ര ശിക്ഷ), കൈറ്റ് ജില്ലാ കോ-ഓർഡിനേറ്റർ

ട്രഷറർ – പൊതു വിദ്യാഭ്യാസ ഡയറക്ടറാഫീസിലെ പബ്ലിക് റിലേഷൻസ് ഓഫീസർ.

അംഗങ്ങൾ – ജനപ്രതിനിധികൾ

മേള നടക്കുന്ന റവന്യു ജില്ലയിലെ എല്ലാ ജില്ലാ, ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ

എല്ലാ സബ് കമ്മിറ്റികളുടെയും ചെയർമാൻമാരും കൺവീനർമാരും

മേള നടക്കുന്ന വിദ്യാഭ്യാസ ജില്ലയിലെ എല്ലാ HS, HSS, VHSS പ്രഥമാധ്യാപകരും പ്രിൻസിപ്പൾമാരും മേള നടക്കുന്ന സ്കൂളിലെ പി.റ്റി.എ പ്രസിഡന്റ്, മദർ പി.റ്റി.എ പ്രസിഡന്റ്, എസ്.എം. സി ചെയർമാൻ, ജില്ലയിലെ ശാസ്ത്ര, ഗണിതശാസ്ത്ര, സാമൂഹ്യശാസ്ത്ര, പ്രവൃത്തി പരിചയ, ഐ ടി ക്ലബ്ബ് അസോസിയേഷൻ കൗൺസിൽ നിർവ്വാഹക സമിതി അംഗങ്ങൾ മേള നടക്കുന്ന സ്കൂളിലെ എല്ലാ സ്റ്റാഫ് അംഗങ്ങളും, പി.ടി.എ നിർവ്വഹകസമിതി, സ്കൂൾ പാർലമെന്റ് ഭാരവാഹികൾ അംഗീകൃത അദ്ധ്യാപക സംഘടന കളുടെ സംസ്ഥാനതല പ്രതിനിധികൾ (ഒന്ന് വീതം)

# അധ്യായം 3
# കമ്മിറ്റികൾ, ചുമതലകൾ

### എ. സംഘാടക സമിതി/കോ-ഓർഡിനേഷൻ കമ്മിറ്റി

- സംസ്ഥാന മേളയുടെ പൂർണ്ണ ഉത്തരവാദിത്വം വഹിക്കേണ്ടത് സംഘാടക സമിതിയാണ്. മേളയുടെ നടത്തിപ്പിനാവശ്യമായ ബഡ്ജറ്റ് തയ്യാറാക്കേണ്ടതും, വിവിധ സബ് കമ്മറ്റികൾക്ക് വേണ്ട തുക അനുവദിക്കേണ്ടതും, സംസ്ഥാന മേളയുടെ ഫിനാൻസ് കമ്മിറ്റി തയ്യാറാക്കുന്ന വരവു ചിലവുകൾ ചർച്ച ചെയ്ത് അംഗീകരിക്കേണ്ടതും, വിവിധ സബ് കമ്മിറ്റികളെ ഏകോപിപ്പിച്ച് പ്രവർത്തിപ്പിക്കേണ്ടതും ഈ സമിതിയാണ്. മേളയുടെ സുഗമമായ നടത്തിപ്പിന് താഴെ പറയുന്ന സബ് കമ്മറ്റികൾ രൂപികരിക്കേണ്ടതാണ്. സബ് കമ്മിറ്റികളുടെ ചെയർമാന്മാർ ജനപ്രതിനിധികളും, കൺവീനർമാർ അംഗീകൃത സംഘടനാ പ്രതിനിധികളുമായിരിക്കും.

### ബി. പ്രോഗ്രാം കമ്മിറ്റി

- മത്സരങ്ങൾ കുറ്റമറ്റ രീതിയിൽ നടത്തുക എന്ന ഉത്തരവാദിത്വമുള്ള ജോലിയാണ് പ്രോഗ്രാം കമ്മിറ്റിക്കുള്ളത്. മേള നടക്കുന്നതിനു മുൻപായി താഴെ പറയുന്ന കാര്യങ്ങൾ പ്രോഗ്രാം കമ്മിറ്റി തയ്യാറാക്കേണ്ടതാണ്.

1. താഴെ തലങ്ങളിൽ നിന്ന് ലഭിക്കുന്ന മത്സരാർത്ഥികളുടെ ലിസ്റ്റുകൾ ശരിയായി പരിശോധിച്ച് തെറ്റുകളോ കുറവുകളോ ഉണ്ടെങ്കിൽ അവ പരിഹരിച്ച് മത്സരിക്കുന്നവരുടെ അന്തിമ ലിസ്റ്റ് തയ്യാറാക്കുക.

2. ഓരോ ഇനത്തിലും മത്സരിക്കുന്നവരുടെ പട്ടിക (ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും വെവ്വേറെ) തയ്യാറാക്കുക.

3. ഓരോ മത്സരത്തിനും ആവശ്യമായ സ്കോർ ഷീറ്റ്, ടൈം ഷീറ്റ്, ടാബുലേഷൻ ഷീറ്റ്, സ്കോർ ബോർഡ്, മുതലായവ ക്രമീകരിക്കുക.

4. മത്സരങ്ങൾ നടത്തുന്നതിനുള്ള വിശദമായ കാര്യപരിപാടി.

5. മത്സരങ്ങളിൽ പങ്കെടുക്കുന്നവർക്ക് നൽകാനുള്ള കോഡ് നമ്പരുകൾ

6. മത്സരത്തിൽ പങ്കെടുക്കുന്നവർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്ന പത്രിക.

7. മത്സരങ്ങളുടെ സുഗമമായ നടത്തിപ്പിനാവശ്യമായ അധ്യാപകരെ നിയോഗിച്ച്, അവരുടെ ചുമതല നിശ്ചയിച്ചു നൽകുക. അവരുടെ പേരും വിവരങ്ങളും ഫോൺ നമ്പരും ജനറൽ കൺവീനർക്ക് നൽകുക.

- *പ്രോഗ്രാം കമ്മിറ്റിയുടെ മറ്റു പ്രധാന ചുമതലകൾ*

1. മത്സരിക്കുന്നവർക്ക് കോഡ് നമ്പറുകൾ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും നൽകും. പ്രോഗ്രാം കമ്മിറ്റി വിധികർത്താക്കൾക്ക് മത്സരങ്ങൾ വിലയിരുത്തുന്നതിന് ആവശ്യമായ സൗകര്യം ഏർപ്പെടുത്തുക. പൊതുവിദ്യാഭ്യാസ ഡയറക്ടർ തയ്യാറാക്കി നൽകുന്ന സർട്ടിഫിക്കറ്റുകൾ സമയബന്ധിതമായി പ്രിന്റെടുത്ത് ട്രോഫി കമ്മറ്റിക്ക് കൈമാറുക. ഗുണ നിലവാരമുള്ള പ്രിന്റർ ഉപയോഗിച്ച് സർട്ടിഫിക്കറ്റ് പ്രിന്റ് ചെയ്യുക.

.2. വിവിധ വേദികളിൽ അറിയിപ്പുകൾ നൽകുക.

3. ഓരോ മത്സരത്തിന്റെയും സമയം ആസൂത്രണം ചെയ്തതു പോലെ കൃത്യമായി പാലിക്കുക. മത്സരാർത്ഥികളെ യഥാസ്ഥലങ്ങളിൽ ഹാജരാക്കുന്നതിനുവേണ്ട ക്രമീകരണങ്ങൾ ചെയ്യുക.

4. മത്സരാർത്ഥികൾ കൃത്യസമയത്തു യഥാസ്ഥലത്ത് ഹാജരാകാത്ത പക്ഷം അവർക്ക് അയോഗ്യത കല്പിക്കുക.

5. വിധികർത്താക്കൾക്കുള്ള ഭക്ഷണവും കുടിവെള്ളവും തുടങ്ങിയ കാര്യങ്ങൾ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം നിർവ്വഹിക്കേണ്ടതാണ്.

6. വിധികർത്താക്കൾക്ക് സ്കോർ ഷീറ്റുകളും റിമാർക്ക് ഷീറ്റുകളും യഥാസമയം നൽകുക. അവരുടെ ബയോഡാറ്റ, സത്യവാങ്മൂലം എന്നിവ വാങ്ങി സൂക്ഷിക്കുക.

7. മൂല്യനിർണ്ണയോപാധികൾ സഹിതമുള്ള സ്കോർഷീറ്റിന് ജനറൽ കൺവീനറുടെ അംഗീകാരം വാങ്ങുക.

8. മത്സരം കഴിഞ്ഞാലുടൻ സ്കോർ ഷീറ്റ്, റിമാർക്സ് ഷീറ്റ്, ടാബുലേഷൻ ഷീറ്റ്, സ്റ്റേജ് മാനേജരുടെ റിപ്പോർട്ട് എന്നിവ ശേഖരിക്കുക.

9. റിസൾട്ട് തയ്യാറാക്കുന്നതിനും അപ്ലോഡ് ചെയ്യുന്നതിനുമുള്ള ക്രമീകരണങ്ങൾ ഒരുക്കുക.

10. ഓരോ മേളയും നടക്കുന്ന സ്ഥലത്ത് വൈ ഫൈ ഉൾപ്പടെയുള്ള ഇന്റർനെറ്റ് സംവിധാനങ്ങളും കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും സജ്ജീകരിക്കേണ്ടതാണ്. സർട്ടിഫിക്കേറ്റ് പ്രിന്റ് ചെയ്യുന്നതിനും റിസൾട്ട് അപ്ലോഡ് ചെയ്യുന്നതിനുമുള്ള സൗകര്യങ്ങൾ ക്രമീകരിക്കേണ്ടതാണ്.

11. സ്കോർ ബോർഡിൽ യഥാസമയം പോയിന്റുകൾ രേഖപ്പെടുത്തുക.

12. ട്രോഫി കമ്മിറ്റിക്കും പ്രചാരണ കമ്മിറ്റിക്കും ആവശ്യമായ മത്സരഫലങ്ങൾ നൽകുക.

13. ഓരോ മത്സരവും ആരംഭിക്കുന്നതിനുമുമ്പ് വേദികളുടെ ക്രമീകരണം, ഇലക്ട്രിക്കൽ സംവിധാനങ്ങൾ, ആവശ്യമായ മറ്റ് ഉപകരണങ്ങൾ, ഫർണിച്ചറുകൾ എന്നിവയുടെ കുറ്റമറ്റ സജ്ജീകരണം ഉറപ്പുവരുത്തുക.

14. ഉയർന്ന തലങ്ങളിലുള്ള മത്സരങ്ങൾക്കായി വിജയികളുടെ പട്ടിക (കൈറ്റുമായി ചേർന്ന്) തയ്യാറാക്കി ഉപരിതലങ്ങൾക്കു നൽകുക.

15. മത്സരയിനങ്ങളെ സംബന്ധിച്ച നിയമങ്ങളും നിബന്ധനകളും മത്സരം തുടങ്ങുന്നതിന് മുമ്പ് വേദിയിൽ പ്രഖ്യാപിക്കുക.

16. മത്സരത്തിൽ പങ്കെടുക്കുന്ന മത്സരാർത്ഥികൾക്ക് അവരുടെ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിന് വേണ്ടുന്ന ക്രമീകരണങ്ങൾ നടത്തേണ്ടതാണ്.

17. എല്ലാ ഇനം മത്സരങ്ങളുടെയും വീഡിയോ റിക്കോർഡിംഗ് ചെയ്യേണ്ടതും, അപ്പീൽ കമ്മിറ്റിയുടെ പരിശോധനയ്ക്ക് ഉതകുംവിധം സി ഡി തയ്യാറാക്കേണ്ടതുമാണ്. ഓൺ ദ സ്പോട്ട് മത്സരങ്ങൾക്ക് ഉൽപ്പന്നങ്ങൾ പൂർത്തിയാക്കുന്ന മുറയ്ക്ക് വീഡിയോ റിക്കോർഡിംഗ് ക്രമീകരിക്കേണ്ടതാണ്.

### സി. സ്വീകരണ കമ്മിറ്റി

- മേളയുടെ ഉദ്ഘാടനം, സമാപനം തുടങ്ങിയ പ്രധാന ചടങ്ങുകൾക്ക് ക്ഷണിക്കേണ്ട വ്യക്തികളുടെ ലിസ്റ്റ് തയ്യാറാക്കുക, അതിഥികളെ ക്ഷണിക്കുക, പ്രോട്ടോകോൾ ഓഫീസറുടെ അംഗീകാരത്തോടെ ക്ഷണക്കത്തുകൾ അച്ചടിച്ച് വിതരണം ചെയ്യുക, അതിഥികളെയും വിധികർത്താക്കളെയും വിവിധ ജില്ലകളിൽ നിന്നും വരുന്ന സംഘങ്ങളെയും വേണ്ട രീതിയിൽ സ്വീകരിക്കുക തുടങ്ങിയ പ്രവർത്തനങ്ങളാണ് സ്വീകരണകമ്മിറ്റി നിർവ്വഹിക്കേണ്ടത്.

### ഡി. പ്രദർശന കമ്മിറ്റി/സാംസ്കാരിക കമ്മിറ്റി

- പ്രദർശനമത്സരത്തിനുവേണ്ട എല്ലാ സൗകര്യങ്ങളും മൂല്യനിർണ്ണയ കമ്മിറ്റിയുമായി ആലോചിച്ച് മേള നടക്കുന്ന സ്കൂളിൽ ചെയ്തു കൊടുക്കണം. വിവിധ ജില്ലകളിൽ നിന്നും കൊണ്ടു വന്ന മത്സര/പ്രദർശന വസ്തുക്കളുടെ സുരക്ഷിതത്വവും അവ സ്റ്റാളുകളിൽ ക്രമീകരിക്കുന്നതിനുള്ള സൗകര്യവും ഉറപ്പാക്കേണ്ടതാണ്. ജഡ്ജിമാർക്ക് സ്റ്റാളുകളിൽ വച്ച് മൂല്യനിർണ്ണയം നടത്തുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തണം. പ്രദർശന സ്റ്റാളുകൾ സന്ദർശിക്കുവാനെത്തുന്ന വിദ്യാർത്ഥികൾ, പൊതുജനങ്ങൾ മുതലായവർക്ക് എല്ലാ സ്റ്റാളുകളിലും പോകുന്നതിന് സൗകര്യം ചെയ്തുകൊടുക്കണം. രജിസ്ട്രേഷൻ കമ്മിറ്റിയുമായി ആലോചിച്ച് ഓരോ ജില്ലയ്ക്കുമുള്ള കോഡ് നമ്പരുകളും സ്റ്റാൾ നമ്പറുകളും നൽകേണ്ടതാണ്. ഏതെങ്കിലും മത്സരാർത്ഥി പ്രദർശനത്തിൽ പങ്കെടുക്കാതെ പോകുകയാണെങ്കിൽ പ്രസ്തുത വിവരം രേഖാമൂലം പ്രോഗ്രാം കമ്മിറ്റിയെ അറിയിക്കേണ്ടതാണ്.
- ശാസ്ത്രോത്സവത്തിന്റെ മാറ്റ് കൂട്ടുന്നതിന് വേണ്ടി ഉചിതമായ സാംസ്കാരിക പരിപാടികൾ പ്രദർശനസമയത്തിന് ശേഷം സംഘടിപ്പിക്കേണ്ടതാണ്.

ഇതിനുള്ള എൻട്രികൾ സ്വീകരിക്കുന്നതും ക്രമീകരണങ്ങൾ നടത്തുന്നതും ഈ കമ്മിറ്റിയുടെ ചുമതലകളാണ്.

**ഇ. ഭക്ഷണ കമ്മിറ്റി**

- മത്സരങ്ങളിൽ പങ്കെടുക്കാനായി വരുന്ന വിദ്യാർത്ഥികൾ, അദ്ധ്യാപകർ, അതിഥികൾ, വിധികർത്താക്കൾ, ഒഫിഷ്യലുകൾ, സംഘാടകസമിതി അംഗങ്ങൾ, സന്നദ്ധ സേവകർ, മാധ്യമ പ്രതിനിധികൾ തുടങ്ങിയവർക്ക് ഭക്ഷണം നൽകുക എന്നതാണ് കമ്മിറ്റിയുടെ പ്രധാന ചുമതല. മൂല്യനിർണ്ണയ ദിവസം അതാത് സ്റ്റാളുകളിൽ ഭക്ഷണം നൽകേണ്ടതാണ്. തത്സമയ മത്സരാർത്ഥികൾക്ക് ആവശ്യമായ ഭക്ഷണപൊതികൾ മത്സരവേദിയിൽ നിർബന്ധമായും നൽകിയിരിക്കണം.

**എഫ്. പന്തൽ & സ്റ്റേജ് കമ്മിറ്റി**

- തത്സമയ മത്സരങ്ങൾക്കും പ്രദർശന സ്റ്റാളുകൾക്കും ആവശ്യമായ അളവിലും സൗകര്യത്തിലും പന്തൽ നിർമ്മിക്കുക. എല്ലാ ജില്ലകൾക്കും ഓരോ വിഭാഗത്തിനും പ്രത്യേകം പ്രത്യേകം സ്റ്റാളുകൾ തയ്യാറാക്കേണ്ടതാണ്. കൂടാതെ പ്രൈമറി, HS, HSS & VHSS തലങ്ങളിൽ വരുന്ന ടീച്ചിംഗ് എയ്ഡ്സ്, ടീച്ചർ പ്രോജക്ട് മത്സരങ്ങൾക്കും പ്രവൃത്തി പരിചയ തത്സമയ നിർമ്മാണ മത്സരങ്ങൾക്കും പ്രദർശനത്തിനും പ്രത്യേകം സ്റ്റാളുകൾ ഒരുക്കേണ്ടതാണ്. ഉദ്ഘാടന, സമാപന ചടങ്ങുകൾക്കും കലാപരിപാടികൾക്കും ആവശ്യമായ പന്തൽ നിർമ്മിക്കുക, പ്രദർശന നഗരിയിലും താമസസ്ഥലത്തും ആവശ്യമായ മൂത്രപ്പുരകൾ, ശുചിമുറികൾ തുടങ്ങിയവ നിർമ്മിക്കുക, പന്തലുകൾ അലങ്കരിക്കുക, ആവശ്യമായ ഫർണിച്ചർ നൽകുക, കവാടങ്ങളിൽ കമാനങ്ങൾ നിർമ്മിക്കുക തുടങ്ങിയവയാണ് പന്തൽ കമ്മിറ്റിയുടെ ചുമത ലകൾ.

1. വിവിധ കമ്മിറ്റികൾ, ജനറൽ കൺവീനർ എന്നിവരുമായി ആലോചിച്ച് ആവശ്യമായ സ്റ്റേജുകൾ, കർട്ടൻ എന്നിവ ക്രമീകരിക്കുക. പന്തലുകൾ നല്ല രീതിയിൽ നിർമ്മിക്കുകയും മോടിപിടിപ്പിക്കുകയും ചെയ്യുക.
2. വേണ്ടരീതിയിൽ ഇരിപ്പിടങ്ങൾ ക്രമീകരിക്കണം. മാധ്യമ പ്രവർത്ത കർക്കുള്ള ഇരിപ്പിടങ്ങളും സജ്ജീകരിച്ച് നൽകണം. പന്തലുകൾ ഇൻഷ്വർ

ചെയ്യുകയും അഗ്നിശമന സേനയുടെ സേവനം ഉറപ്പാക്കുകയും ചെയ്യുക. അഗ്നിശമന സേനയ്ക്ക് ആവശ്യമായ പന്തൽകെട്ടി നൽകേണ്ടതാണ്.

3. വേദികളുടെ ഉറപ്പിന് പൊതുമരാമത്തുവകുപ്പിൽ നിന്നും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് വാങ്ങേണ്ടതാണ്. മേള തുടങ്ങുന്നതിന് 2 ദിവസം മുമ്പ് വേദികളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട കൺവീനർ ജനറൽ കൺവീനറിന് സമർപ്പിക്കേണ്ടതാണ്.

4. പ്രധാനവേദികൾ, പ്രോഗ്രാം കമ്മിറ്റി റൂം, വിധികർത്താക്കളെ വിന്യസിപ്പിക്കുന്ന ആഫീസ്, മീഡിയാ സെന്റർ എന്നിവയുമായി ബന്ധിപ്പിച്ചുള്ള ടെലിഫോൺ സംവിധാനം ഏർപ്പെടുത്തുക.

6. ഐ ടി വിഭാഗത്തിനും റിസൾട്ട് ക്രമീകരണത്തിനും ആവശ്യമായ മുറികൾ സജ്ജീകരിക്കുക.

**ജി. ധനകാര്യ കമ്മിറ്റി**

1. വിവിധ കമ്മിറ്റികൾ സമർപ്പിക്കുന്ന ബഡ്ജറ്റ് വിശദമായി ചർച്ച ചെയ്ത് ഫിനാൻസ് കമ്മിറ്റിയുടെ ശുപാർശയോടെ സംഘാടക സമിതിയുടെ അംഗീകാരത്തിനായി സമർപ്പിക്കുക.

2. അപ്രതീക്ഷിത ചെലവുകൾക്ക് അടിയന്തരമായി അംഗീകാരം നൽകുക. (പിന്നീട് സംഘാടക സമിതിയുടെ അംഗീകാരം തേടണം.)

3. ശാസ്ത്രോത്സവം കഴിഞ്ഞാൽ വരവുചെലവു കണക്കുകൾ തയ്യാറാക്കി ഓഡിറ്റിനു സമർപ്പിക്കുന്നതിന് ജനറൽ കൺവീനറെ സഹായിക്കുക. വിവിധ സബ്കമ്മിറ്റികളുടെ കൺവീനർമാരും ട്രഷററും ധനകാര്യകമ്മിറ്റിയുടെ കൺവീനറും ചേർന്നു വേണം ഇതു ചെയ്യുവാൻ.

4. ഓഡിറ്റുചെയ്ത കണക്കുകൾ സംഘാടകസമിതിയിൽ സമർപ്പിച്ച് അംഗീകാരം നേടുക. മേള കഴിഞ്ഞ് ഒരു മാസത്തിനകം കണക്കുകൾ സംഘാടക സമിതിയിൽ സമർപ്പിച്ചിരിക്കണം. ജനറൽ കൺവീനറുടെയും ട്രഷററുടെയും ചുമതലയാണിത്.

5. സംഘാടക സമിതിയുടെ അംഗീകാരത്തിനു വിധേയമായി വിഭവങ്ങൾ സംഭാവനയായി സ്വീകരിക്കുന്നതിനു കമ്മിറ്റിക്ക് അധികാരം ഉണ്ടായിരിക്കും. ഇതിന് ഒരു പ്രത്യേക രജിസ്റ്റർ സൂക്ഷിക്കുകയും ജനറൽ കൺവീനർ അതു സാക്ഷ്യപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

6. മേളയുടെ കണക്കുകൾ ശാസ്ത്രോത്സവം കഴിഞ്ഞ് ഒരു മാസത്തിനകം ഓഡിറ്റ് ചെയ്ത് ജനറൽ കൺവീനർ സംഘാടക സമിതിയിൽ സമർപ്പിച്ച് അംഗീകാരം വാങ്ങുക.

7. ജനറൽ കോർഡിനേറ്ററുടെ ഓഫീസ്, ജനറൽ കൺവീനറുടെ ഓഫീസ്, അപ്പീൽ കമ്മിറ്റി നടത്താൻ ആവശ്യമായ മുറികൾ തുടങ്ങിയവ സജ്ജീകരിക്കുക.

**എച്ച്. പ്രചാരണ കമ്മിറ്റി**

- ശാസ്ത്രോത്സവം സംബന്ധിച്ച എല്ലാ കാര്യങ്ങൾക്കും പ്രചാരണം നൽകുകയാണ് ഈ കമ്മിറ്റിയുടെ ചുമതല. ദൃശ്യശ്രാവ്യ, പത്രമാധ്യമങ്ങൾ, ബാനറുകൾ, കമാനങ്ങൾ തുടങ്ങിയവ ഉപയോഗിച്ച് പ്രചരണം നടത്താവുന്നതാണ്. പ്രോഗ്രാം കമ്മിറ്റിയിൽ നിന്നും ലഭിക്കുന്ന മത്സരഫലങ്ങൾ യഥാസമയം വാർത്താമാധ്യമങ്ങൾക്ക് ലഭ്യമാക്കേണ്ട ചുമതലയും പ്രചാരണകമ്മിറ്റിക്കാണ്. ഇതിനായി ഒരു മുറി പ്രത്യേകമായി സജ്ജീകരിക്കേണ്ടതാണ്. *ഉദ്ഘാടനം, സമാപനം സമ്മേളനങ്ങൾ നടക്കുന്ന വേദിയിൽ ബാനറുകൾ സ്ഥാപിക്കുക*

**ഐ. നിയമപാലന കമ്മിറ്റി**

- ശാസ്ത്രോത്സവം നടക്കുന്ന സ്ഥലത്ത് അച്ചടക്കവും ചിട്ടയും ഉറപ്പുവരുത്തുകയാണ് ഈ കമ്മിറ്റിയുടെ പ്രധാന ചുമതല. പോലീസ് ഉദ്യോഗസ്ഥർ, എസ്.പി.സി. എൻ.സി.സി, സ്കൗട്ട്സ്, ഗൈഡ്സ്, മറ്റ് സന്നദ്ധസംഘടനകൾ, പൗരമുഖ്യർ എന്നിവരുടെ സേവനം തേടേണ്ടതാണ്. മേള അവസാനിക്കുന്നതുവരെ പോലീസിന്റെ സേവനം നിർബന്ധമായും ഉറപ്പുവരുത്തേണ്ടതാണ്.



**ജെ. വെൽഫെയർ കമ്മിറ്റി**

- ശാസ്ത്രോത്സവത്തിൽ പങ്കെടുന്നവരുടെയും, ഭാരവാഹികളുടെയും ക്ഷേമകാര്യവും ആരോഗ്യ പരിപാലനവും ആണ് ഈ കമ്മിറ്റിയുടെ പ്രധാന

ചുമതല. പൊതുജനാരോഗ്യ വകുപ്പുമായി ബന്ധപ്പെട്ട് ഏതു സമയവും വൈദ്യസഹായവും പ്രഥമശുശ്രൂഷയും ലഭ്യമാക്കണം. കുട്ടികൾ താമസിക്കുന്ന സ്ഥലത്തും, മത്സരം നടക്കുന്ന സ്ഥലത്തും, ഭക്ഷണശാലകളിലും, പരിസര പ്രദേശങ്ങളിലും ശുചീകരണത്തിന് വേണ്ട ഏർപ്പാടുകൾ തദ്ദേശ സ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട് ചെയ്യേണ്ടതാണ്. എല്ലായിടത്തും കുടിവെള്ളവും ജലലഭ്യതയും ഉറപ്പാക്കണം.

**കെ. രജിസ്ട്രേഷൻ കമ്മിറ്റി**

1. വിവിധ ജില്ലകളിൽ നിന്നും വരുന്ന സംഘങ്ങളെ രജിസ്റ്റർ ചെയ്യുക. രജിസ്ട്രേഷൻ കാർഡുകൾ വിതരണം ചെയ്യുക. അവരുടെ വിവരങ്ങൾ അക്കോമൊഡേഷൻ കമ്മിറ്റിക്ക് കൈമാറുക.
2. അതാത് സമയം ആവശ്യമായ ഭക്ഷണകൂപ്പണുകൾ വിവിധ കമ്മിറ്റികൾക്കും ടീം മാനേജർക്കും നൽകുക.
3. വിവിധ കമ്മറ്റികളിൽ പ്രവർത്തിക്കുന്നവർക്കുള്ള ബാഡ്ജുകൾ കമ്മിറ്റി കൺവീനർമാരുടെ നിർദ്ദേശപ്രകാരം തയ്യാറാക്കി നൽകേണ്ടതാണ്. വിധികർത്താക്കൾക്കും ചെയർമാൻ, കൺവീനർമാർക്കുമുള്ള ബാഡ്ജുകൾ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൻ നിന്നും തയ്യാറാക്കി നൽകും

**എൽ. അക്കോമൊഡേഷൻ കമ്മിറ്റി**

1. രജിസ്ട്രേഷൻ കമ്മിറ്റിയുമായി സഹകരിച്ചു പ്രവർത്തിക്കേണ്ട കമ്മിറ്റിയാണിത്. വിവിധ ജില്ലകളിൽനിന്നും എത്തി രജിസ്ട്രേഷൻ കഴിയുന്നവർക്ക് താമസസ്ഥലം നിശ്ചയിച്ചു നൽകുന്നത് ഈ കമ്മിറ്റിയുടെ ചുമതലയാണ്.
2. വെള്ളം, വെളിച്ചം, കുളിമുറി, ശുചിമുറി തുടങ്ങിയവ വിദ്യാർത്ഥികൾ താമസിക്കുന്ന സ്ഥലത്ത് ആവശ്യാനുസരണം ഏർപ്പെടുത്തണം. വെള്ളത്തിന്റെ സുഗമമായ ലഭ്യതയ്ക്കും കുടിവെള്ള വിതരണത്തിനും വൈദ്യുതി തടസ്സം കൂടാതെ ലഭിക്കുന്നതിനും പ്രത്യേക ക്രമീകരണങ്ങൾ ക്യാമ്പുകളിൽ ചെയ്യേണ്ടതാണ്.
3. സംസ്ഥാനതല മത്സരത്തിൽ വിധികർത്താക്കൾക്കും, ഓഫീഷ്യൽസിനും കമ്മിറ്റി കൺവീനർമാർക്കുമുള്ള താമസസൗകര്യം പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ പി.ആർ.ഒ.യിൽ നിക്ഷിപ്തമായിരിക്കും

.

**എം. ട്രാൻസ്പോർട്ട് കമ്മിറ്റി**

ശാസ്ത്രോത്സവത്തിൽ പങ്കെടുക്കുവാൻ എത്തുന്ന സംഘങ്ങൾക്കും അതിഥികൾക്കും ആവശ്യമായ വാഹനങ്ങൾ ഏർപ്പെടുത്തുക. റെയിൽവേ, സ്റ്റേറ്റ് ട്രാൻസ്പോർട്ട്, പൊതുസർവീസ് നടത്തുന്ന പ്രൈവറ്റ് ബസ്സുടമകൾ, സ്കൂൾ ബസ്സുകൾ തുടങ്ങിയവരെ സമീപിച്ച് മത്സരസ്ഥലത്തേക്കും അവിടെ നിന്നും തിരികെയും പ്രത്യേക സർവ്വീസുകൾ നടത്തിക്കുവാൻ ശ്രദ്ധിക്കുക. വിവിധ മത്സര വേദികൾ ബന്ധിപ്പിച്ചുള്ള വാഹന സൗകര്യവും ഏർപ്പെടുത്തണം.

**എൻ. ട്രോഫി കമ്മിറ്റി**

1. മുൻവർഷം വിതരണം ചെയ്ത ട്രോഫികൾ കാലേക്കൂട്ടി ശേഖരിക്കുക.
2. ട്രോഫികൾക്കു കേടുപാടുകൾ പറ്റിയിട്ടുണ്ടെങ്കിൽ അതു നന്നാക്കുകയും പോളീഷ് ചെയ്തു വൃത്തിയാക്കുകയും ചെയ്യുക.
3. പ്രോഗ്രാം കമ്മിറ്റി ഓരോ ദിവസവും നൽകുന്ന പട്ടിക അനുസരിച്ച് ട്രോഫികളും സർട്ടിഫിക്കറ്റുകളും തയ്യാറാക്കുക.
4. ട്രോഫികളും, പ്രോഗ്രാം കമ്മറ്റി നൽകുന്ന സർട്ടിഫിക്കറ്റുകളും അതത് ദിവസങ്ങളിൽ തന്നെ വിതരണം ചെയ്യുക. വിതരണം ചെയ്യാത്ത ട്രോഫികളും സർട്ടിഫിക്കറ്റുകളും എണ്ണി തിട്ടപ്പെടുത്തി ട്രോഫി രജിസ്റ്ററിൽ ഉൾപ്പെടുത്തി ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നൽകേണ്ടതാണ്.
5. ട്രോഫികൾ സ്വീകരിച്ചതിനു തെളിവായി ടീം മാനേജർ/എസ്കോർട്ടിംഗ് ടീച്ചറെ ക്കൊണ്ട് ട്രോഫി രജിസ്റ്ററിൽ ഒപ്പു വയ്പ്പിക്കുക.
6. മേളയുടെ സമാപന ചടങ്ങിൽ വച്ച് ഓവറോൾ ചാമ്പ്യൻഷിപ്പുകളും അവയുടെ സർട്ടിഫിക്കറ്റുകളും പ്രത്യേക സമ്മാനങ്ങളും വിതരണം ചെയ്യുക.
6. ട്രോഫി രജിസ്റ്റർ പൂർത്തിയാക്കി മത്സരങ്ങൾ കഴിഞ്ഞ ഉടൻതന്നെ ബന്ധപ്പെട്ട വിദ്യാഭ്യാസ ആഫീസറെ ഏൽപ്പിക്കുക. സംസ്ഥാനതലത്തിൽ രജിസ്റ്റർ പി.ആർ.ഒ യെ ഏൽപ്പിക്കുക.

7. എവർറോളിംഗ് ട്രോഫികളുടെ/ഷീൽഡുകളുടെ കാലാവധി പത്തു വർഷമായിരിക്കും. അതിനുശേഷം അവ നൽകിയവർ പുതിയവ നൽകുന്നില്ലെങ്കിൽ അവ പൊതുവിദ്യാഭ്യാസ ഡയറക്ടർ പിൻവലിക്കുന്നതാണ്.

### ഒ. ലൈറ്റ് & സൗണ്ട് കമ്മിറ്റി

1. പന്തൽ, വേദികൾ, താമസസ്ഥലങ്ങൾ, പാചകപ്പുര, ഇതിനോടനുബന്ധിച്ചുള്ള മറ്റു സ്ഥലങ്ങൾ, ഭക്ഷണപ്പുര, വിവിധ ഓഫീസുകൾ, മീഡിയാ സെന്ററുകൾ തുടങ്ങിയ എല്ലാ സ്ഥലങ്ങളിലും എല്ലാ സമയത്തും വെളിച്ചം ലഭിക്കാൻ വേണ്ട ക്രമീകരണങ്ങൾ ചെയ്യുക.
2. വേദികളിലും സ്റ്റാളുകളിലും ആവശ്യത്തിനു പ്ലഗ് പോയിന്റ്, പ്രകാശം, ആവശ്യത്തിനുള്ള ലീഡുകൾ, മൈക്ക് ഉൾപ്പെടെയുള്ള ക്രമീകരണങ്ങൾ എന്നിവ സജ്ജീകരിക്കുക. (പ്രദർശന സ്റ്റാളുകളിൽ ഓരോ മുറിയിലും കുറഞ്ഞത് 5 പവർ പ്ലഗ്ഗുകൾ സജ്ജമാക്കിയിരിക്കുക.)
3. ഫീഡ്ബാക്ക് സ്പീക്കറുകൾ സ്റ്റേജുകളിൽ സജ്ജീകരിക്കുക.
4. ജനറേറ്റർ സൗകര്യം ഉറപ്പാക്കുക.
5. ഭക്ഷണകമ്മിറ്റി, ട്രാൻസ്പോർട്ട് കമ്മിറ്റി, രജിസ്ട്രേഷൻ കമ്മിറ്റി, പബ്ലിസിറ്റി കമ്മിറ്റി എന്നിവർക്കു വേണ്ട മൈക്ക് സൗകര്യങ്ങൾ സജ്ജീകരിക്കുക.
6. യാതൊരാക്ഷേപത്തിനും ഇടവരാത്തവിധമുള്ള സൗണ്ട് സിസ്റ്റം ക്രമീകരിക്കുക.
7. KITE–ന്റെ നേതൃത്വത്തിൽ വീഡിയോ കവറേജ്, സി.സി.റ്റി.വി എന്നിവയ്ക്കാവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുക.
8. വിവിധ സ്റ്റാളുകൾ, പ്രവർത്തനശാലകൾ എന്നിവയ്ക്ക് ജനറൽ കൺവീനറുടെ നിർദ്ദേശപ്രകാരം സൗകര്യങ്ങൾ നൽകുക.
9. വൈദ്യുതി സുരക്ഷയുമായി ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകൾ, മത്സരങ്ങൾ തുടങ്ങുന്നതിന് 2 ദിവസം മുമ്പ് ബന്ധപ്പെട്ട കൺവീനർ, ജനറൽ കൺവീനർക്ക് നൽകേണ്ടതാണ്.
10. ശാസ്ത്രനാടകത്തിന് ലൈറ്റ് ആന്റ് സൗണ്ട് സിസ്റ്റം സാങ്കേതികമായി ഉയർന്ന നിലവാരമുള്ളതായിരിക്കണം.

### പി. സുവനീർ കമ്മിറ്റി

ശാസ്ത്രോത്സവുമായി ബന്ധപ്പെട്ട് ശാസ്ത്രോത്സവ രേഖ തയ്യാറാക്കി പ്രസിദ്ധീകരിക്കുക എന്നതാണ് ഈ കമ്മിറ്റിയുടെ പ്രധാന ചുമതല.

1. മേളയോടനുബന്ധിച്ചു പ്രസിദ്ധീകരിക്കുന്ന ശാസ്ത്രോത്സവ രേഖയ്ക്കാവശ്യമായ ലേഖനങ്ങൾ, ഫോട്ടോകൾ, പരസ്യങ്ങൾ തുടങ്ങിയവ സംഘാടക സമിതിയുടെ അനുമതിയോടെ ശേഖരിക്കുക.
2. മത്സരാർത്ഥികൾ അവരുടെ എക്സിബിറ്റിനെ കുറിച്ച് തയ്യാറാക്കി നൽകിയ ലഘുക്കുറിപ്പ്, ചിത്രങ്ങൾ എന്നിവ ഉൾപ്പെടുത്തി വേണം രേഖ തയ്യാറാക്കാൻ.
3. പരസ്യങ്ങൾ ജനറൽ കൺവീനറുടെ അംഗീകാരത്തോടുകൂടി മാത്രമേ ശേഖരിക്കാൻ പാടുള്ളൂ. താരിഫ് പ്രകാരം ലഭിക്കുന്ന തുക സ്വീകരിക്കുക. പ്രസിദ്ധീകരണത്തിന്റെ ചെലവുകൾ വഹിക്കുക.
4. വിവരങ്ങളും ചിത്രങ്ങളും അടങ്ങിയ ശാസ്ത്രോത്സവ രേഖ ശാസ്ത്രോത്സവം കഴിഞ്ഞ് ഒരു മാസത്തിനകം ജനറൽ കൺവീനറെ ഏൽപ്പിക്കേണ്ടതാണ്.
5. അതാത് ജില്ലകൾക്കാവശ്യമായ കോപ്പികൾ ജില്ലാ വിദ്യാഭ്യാസ ആഫീസുകളിലും ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി ഡയറക്ടറേറ്റുകളിലും എത്തിക്കുക.

### ക്യു. ഗ്രീൻ പ്രോട്ടോക്കോൾ കമ്മിറ്റി

ഈ കമ്മിറ്റിയുടെ ചെയർമാൻ, ശുചിത്വമിഷൻ ജില്ലാ കോ–ഓർഡിനേറ്റർ ആയിരിക്കും. വേദികളും പരിസരവും മാലിന്യമുക്തവും ഹരിതാഭവുമാക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുക. മത്സരാർത്ഥികൾക്കും കലാസ്വാദകർക്കും ഹരിതപെരുമാറ്റച്ചട്ടത്തെപ്പറ്റി അവബോധം നൽകി പരിസരങ്ങളെ മാലിന്യ മുക്തമാക്കുക, പ്ലാസ്റ്റിക്കിന്റെ പ്രയോഗം ഒഴിവാക്കാൻ വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക, പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക.

# അധ്യായം 4
# അപ്പീൽ കമ്മിറ്റി

1. ശാസ്ത്ര, ഗണിതശാസ്ത്ര, സാമൂഹ്യശാസ്ത്ര പ്രവൃത്തിപരിചയ, ഐ ടി മേളയിലെ ഫലപ്രഖ്യാപനങ്ങളുമായി ബന്ധപ്പെട്ട പരാതികളിൽ തീർപ്പുകൽപ്പിക്കുന്നതിന് എല്ലാ തലങ്ങളിലും അപ്പീൽ കമ്മിറ്റിക്ക് രൂപം നൽകേണ്ടതാണ്.
2. അപ്പീൽ കമ്മിറ്റികൾ ഇത് സംബന്ധമായി ഉണ്ടായിട്ടുള്ള ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ വിധിയുടെയും മാന്വലിൽ നിഷ്കർഷിക്കുന്ന നിയമാവലികളുടെയും അടിസ്ഥാനത്തിൽ അപ്പീലുകൾ പരിഗണിക്കേണ്ടതാണ്. അപ്പീൽ കമ്മിറ്റിയുടെ തീരുമാനം അന്തിമമായിരിക്കും.
3. ഫലപ്രഖ്യാപനം കഴിഞ്ഞ് **ഒരു മണിക്കൂറിനുള്ളിൽ** പരാതികൾ അപ്പീൽ കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ്. ഒരു മണിക്കൂറിന് ശേഷം സമർപ്പിക്കുന്ന അപ്പീലുകൾ ഒരു കാരണവശാലും സ്വീകരിക്കുന്നതല്ല.
4. അപ്പീൽ കമ്മിറ്റി പരാതികൾ വ്യക്തമായി പരിശോധിച്ച് തീർപ്പുകൽപ്പിക്കേണ്ടതും അപ്പീൽ തീരുമാനം സംബന്ധിച്ച നടപടി ഉത്തരവ് പുറപ്പെടുവിക്കേണ്ടതുമാണ്. (അനുബന്ധം നോക്കുക)



**എ. അപ്പീൽ ഫീസ്**

സ്കൂൾ തലത്തിൽ അപ്പീൽ ഫീസ് ഉണ്ടായിരിക്കുന്നതല്ല.

| | | |
|---|---|---|
| ഉപ ജില്ലാതലം | – | 1000 രൂപ |
| റവന്യൂ ജില്ലാതലം | – | 1500 രൂപ |
| സംസ്ഥാനതലം | – | 2000 രൂപ |
| ഹയർ അപ്പീൽ | – | 2500 രൂപ |

1. വിധി അനുകൂലമാണെങ്കിൽ അപ്പീൽ തുക തിരികെ നല്കുന്നതും, അല്ലാത്ത പക്ഷം പ്രസ്തുത തുക സംഘാടകസമിതി ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതുമാണ്.

ഉപജില്ല, റവന്യുജില്ല തലങ്ങളിൽ നിന്നും യോഗ്യതാടിസ്ഥാനത്തിൽ രണ്ട് മത്സരാർത്ഥികൾക്ക് മാത്രമേ ഉപരി മത്സരത്തിൽ പങ്കെടുക്കുവാൻ സാധിക്കുകയുള്ളൂ. ഏതെങ്കിലും മത്സരാർത്ഥി യുടെ അപേക്ഷയിന്മേൽ ഏതെങ്കിലും കോടതിയോ അപ്പീൽ അധികാരികളോ അപ്പീൽ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിപ്പി ക്കുന്നതിന് മുൻപ് രണ്ട് മത്സരാർത്ഥികൾ മാത്രമേ ഉപരി മത്സരത്തിന് പങ്കെടുക്കുവാൻ എത്തുന്നുള്ളൂ എന്നും മൂന്നാമത്തെ മത്സരാർത്ഥി എത്തുന്നില്ല എന്നും ഉറപ്പാക്കേണ്ടതാണ്. മൂന്നാമതൊരു മത്സരാർത്ഥിക്ക് കോടതിയോ അപ്പീൽ അധികാരികളോ അപ്പീൽ അനുവദിച്ച് നല്കുന്ന പക്ഷം, വ്യക്തമായ ഉത്തരവിലൂടെ ഇതിനോ ടകം യോഗ്യത നേടിയ മത്സരാർത്ഥികളുടെ പ്രകടനം കൂടി കൃത്യ മായി വിലയിരുത്തി ഒരാളെ ഒഴിവാക്കി ഒരു തലത്തിൽ നിന്നും ഒരിനത്തിൽ രണ്ടുപേർ മാത്രമേ ഉപരി മത്സരത്തിൽ പങ്കെടുക്കുന്നുള്ളൂവെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

(W.A. No. 1178/2017 dtd. 22.6.2017ലെ ബഹു. ഹൈക്കോടതി യുടെ വിധിന്യായം)

### ബി. സ്കൂൾതല അപ്പീൽ കമ്മിറ്റി

- പ്രിൻസിപ്പാൾ/പ്രഥമ അധ്യാപകൻ, സ്കൂൾ ശാസ്ത്ര, ഗണിതശാസ്ത്ര, സാമൂഹ്യശാസ്ത്ര, പ്രവൃത്തിപരിചയ, ഐ ടി ക്ലബ്ബ് കോർഡിനേറ്റർമാർ (ഓരോ പ്രതിനിധികൾ വീതം) എന്നിവരുൾപ്പെടുന്ന ഒരു അപ്പീൽ കമ്മിറ്റി രൂപീകരിക്കേണ്ടതാണ്.
- സ്കൂൾ തലത്തിൽ നിന്നും എ ഗ്രേഡോടെ ഒന്നാം സ്ഥാനം നേടുന്ന മത്സരാർത്ഥിക്ക് മാത്രമേ ഉപജില്ലാ തല മത്സരത്തിൽ പങ്കെടുക്കാൻ സാധി ക്കുകയുള്ളൂ. ഇക്കാര്യം അപ്പീൽ പരിശോധനാ വേളയിൽ ഉറപ്പുവരുത്തേ ണ്ടതാണ്.

### സി. ഉപ ജില്ലാതല അപ്പീൽ കമ്മിറ്റി

- ജില്ലാ വിദ്യാഭ്യാസ ആഫീസർ ചെയർമാനും ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ വൈസ് ചെയർമാനും, RDD, AD എന്നിവരുടെ ഓരോ പ്രതിനിധികൾ, ജനറൽ കൺവീനർ, അതാത് വിഷയം കൈകാര്യം ചെയ്യുന്ന ഒരു വിദഗ്ധൻ എന്നിവരുൾപ്പെടുന്ന ഒരു അപ്പീൽ കമ്മിറ്റി രൂപീകരിക്കേണ്ടതാണ്.
- ഫലപ്രഖ്യാപനം കഴിഞ്ഞ് ഒരു മണിക്കൂറിനുള്ളിൽ നിശ്ചിതഫീസ് 1,000/ – രൂപ സഹിതം നിർദ്ദിഷ്ട ഫാറത്തിൽ എക്സ്കോർട്ടിംഗ് ടീച്ചർ മുഖേന ആയിരിക്കണം പരാതികൾ അപ്പീൽ കമ്മിറ്റിക്ക് സമർപ്പിക്കേണ്ടത്. എക്സ്കോർട്ടിംഗ് ടീച്ചർ മുഖേന സമർപ്പിക്കുന്ന പരാതികൾ മാത്രമേ അപ്പീൽ കമ്മിറ്റി പരിഗണിക്കുകയുള്ളൂ.

### ഡി. റവന്യു ജില്ലാതല അപ്പീൽ കമ്മിറ്റി

- വിദ്യാഭ്യാസ ഉപഡയറക്ടർ ചെയർമാനും, RDD/AD വൈസ് ചെയർമാനും, ജില്ലാ വിദ്യാഭ്യാസ ആഫീസർ, കൈറ്റ് ജില്ലാ കോ–ഓർഡിനേറ്റർ അതത് വിഷയത്തിലെ പ്രഗത്ഭൻ/റീജിയണൽ ഫോർമാൻ എന്നീ അംഗങ്ങളും ഉൾപ്പെടുന്നതായിരിക്കും അപ്പീൽ കമ്മിറ്റി.
- നിശ്ചിത ഫീസായ 1500 രൂപ സഹിതം നിർദ്ദിഷ്ട ഫോറത്തിൽ ടീം മാനേജർ മുഖേന പരാതികൾ അപ്പീൽ കമ്മിറ്റിക്ക് സമർപ്പിക്കാവുന്നതാണ്. ടീം മാനേജർ മുഖേന സമർപ്പിക്കുന്ന പരാതികൾ മാത്രമേ അപ്പീൽ കമ്മിറ്റി പരിഗണിക്കുകയുള്ളൂ.

### ഇ. സംസ്ഥാനതല അപ്പീൽ കമ്മിറ്റി

- പൊതു വിദ്യാഭ്യാസ ഡയറക്ടർ ചെയർമാനും, പൊതു വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (അക്കാദമിക്) വൈസ് ചെയർമാനും, ഹയർ സെക്കണ്ടറി ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കണ്ടറി ഡയറക്ടർ, കൈറ്റ് വൈസ് ചെയർമാൻ &, എക്സിക്യൂട്ടീവ് ഡയറക്ടർ, അതത് വിഷയത്തിലെ പ്രഗത്ഭർ എന്നീ അംഗങ്ങളും ഉൾപ്പെടുന്നതായിരിക്കും സംസ്ഥാനതല അപ്പീൽ കമ്മിറ്റി.

- നിശ്ചിത ഫീസായ 2000 രൂപ സഹിതം നിർദ്ദിഷ്ട ഫോറത്തിൽ റവന്യു ജില്ലാ ടീം മാനേജർ/ജോയിന്റ് ടീം മാനേജർ മുഖേന പരാതികൾ അപ്പീൽ കമ്മിറ്റിക്ക് സമർപ്പിക്കാവുന്നതാണ്. ടീം മാനേജർ മുഖേന സമർപ്പിക്കുന്ന പരാതികൾ മാത്രമേ അപ്പീൽ കമ്മിറ്റി പരിഗണിക്കുകയുള്ളൂ.

# അധ്യായം 5
# ചാമ്പ്യൻഷിപ്പ്

എ. ഓവറോൾ ചാമ്പ്യൻഷിപ്പ് കണക്കാക്കുമ്പോൾ ഗ്രേഡ് പോയിന്റിന്റെയും പ്ലേസ് പോയിന്റിന്റെയും ആകെ തുക യാണ് പരിഗണിക്കേണ്ടത്. തുല്യത വന്നാൽ ഒന്നാംസ്ഥാന ങ്ങളുടെ എണ്ണം പരിഗണിക്കണം.

## ചാമ്പ്യൻഷിപ്പ് കണക്കാക്കുന്ന വിധം

**പ്ലേസ് പോയിന്റ്**

| | |
|---|---|
| ഒന്നാം സ്ഥാനം | 5 പോയിന്റ് |
| രണ്ടാം സ്ഥാനം | 3 പോയിന്റ് |
| മൂന്നാം സ്ഥാനം | 1 പോയിന്റ് |

## ബി. ഉപജില്ലാതലം

1. ഉപജില്ലാതലത്തിൽ എൽ.പി, യു.പി, എച്ച്.എസ്, എച്ച്.എസ്.എസ് /വി.എ ച്ച്.എസ്.എസ് വിഭാഗങ്ങളിൽ ഓരോന്നിലും മികച്ച വിദ്യാലയങ്ങൾ ക ണ്ടെത്തണം. എല്ലാ മേളകളുടെയും ആകെ പോയിന്റുകൾ പരിഗണിച്ചാണ് മികച്ച വിദ്യാലയം കണ്ടെത്തുന്നത്.



2. കൂടാതെ ഓരോ വിഭാഗം മേളകളിലും (ശാസ്ത്ര, ഗണിതശാസ്ത്ര, സാമൂഹ്യശാസ്ത്ര, പ്രവൃത്തിപരിചയ, ഐ.ടി.) മികച്ച പ്രകടനം കാഴ്ച വച്ച സ്കൂളുകളെയും കണ്ടെത്തണം.

3. നാല് വിഭാഗങ്ങളുടെയും (എൽ.പി, യു.പി, എച്ച്.എസ്, എച്ച്.എസ്.എസ്/ വി.എച്ച്.എസ്.എസ്) ആകെ പോയിന്റുകളും പ്ലേസ് പോയിന്റുകളും പരിഗണിച്ചാണ് ഓവറോൾ ചാമ്പ്യൻഷിപ്പ് നിർണ്ണയിക്കേണ്ടത്. തുല്യത വന്നാൽ ഒന്നാം സ്ഥാനങ്ങളുടെ എണ്ണം പരിഗണിക്കണം.

**സി. റവന്യുജില്ലാതലം**

1. റവന്യു ജില്ലാതലത്തിൽ മികച്ച ഉപ ജില്ലകളെയും മികച്ച വിദ്യാലയ ങ്ങളെയും കണ്ടെത്തണം.
2. എച്ച്.എസ്, എച്ച്.എസ്.എസ്/വി.എച്ച്.എസ്.എസ് വിഭാഗങ്ങളിൽ അഞ്ച് മേളകളുടെയും ആകെ പോയിന്റുകൾ പരിഗണിച്ചാണ് ഓവറോൾ ചാമ്പ്യൻഷിപ്പ് നിർണയിക്കേണ്ടത്.
3. കൂടാതെ ഓരോ വിഭാഗം മേളകളിലും (ശാസ്ത്ര, ഗണിതശാസ്ത്ര, സാമൂഹ്യശാസ്ത്ര, പ്രവൃത്തിപരിചയ, ഐ.ടി.) മികച്ച പ്രകടനം കാഴ്ച വെച്ച സ്കൂളുകളെയും ഉപ ജില്ലകളെയും കണ്ടെത്തണം.

**ഡി. സംസ്ഥാനതലം**

1. സംസ്ഥാന തലത്തിൽ മികച്ച ജില്ലകളെയും ഉപ ജില്ലകളെയും സ്കൂളുകളെയും കണ്ടെത്തേണ്ടതാണ്.
2. എച്ച്.എസ്, എച്ച്.എസ്.എസ്/ വി.എച്ച്.എസ്.എസ് വിഭാഗങ്ങളിൽ ഓരോന്നി ലേയും അഞ്ച് മേളകളുടെയും ആകെ പോയിന്റുകൾ പരിഗണിച്ചാണ് മികച്ച ജില്ലകളെയും വിദ്യാലയങ്ങളെയും കണ്ടെത്തേണ്ടത്.
3. കൂടാതെ ഓരോ വിഭാഗം മേളകളിലും (ശാസ്ത്ര, ഗണിതശാസ്ത്ര, സാമൂഹ്യശാസ്ത്ര, പ്രവൃത്തിപരിചയ, ഐ.ടി.) മികച്ച പ്രകടനം കാഴ്ച വെച്ച ജില്ലകളെയും സ്കൂളുകളെയും കണ്ടെത്തണം.



**കുറിപ്പ്:**

1. ശാസ്ത്രമേളയുടെ ഭാഗമായ മത്സര ഇനങ്ങളാണ് ശാസ്ത്രമേളയുടെ ചാമ്പ്യൻഷിപ്പിന് പരിഗണിക്കുന്നത്.

(a) സയൻസ് ലോവർ പ്രൈമറി വിഭാഗം – ശേഖരണം, ചാർട്ട്, ലഘു പരീക്ഷണം, പരിസര നിരീക്ഷണ അവതരണം, ശാസ്ത്ര ക്വിസ്.

(b) സയൻസ് അപ്പർ പ്രൈമറി വിഭാഗം – നിശ്ചല മാതൃക, പ്രവർത്തന മാതൃക, റിസർച്ച് ടൈപ്പ് പ്രോജക്ട്, ഇംപ്രൊവൈസ്ഡ് എക്സ്പിരിമെന്റ്സ്, പരിസര നിരീക്ഷണ അവതരണം, ശാസ്ത്ര ക്വിസ്.

(c) സയൻസ് ഹൈസ്കൂൾ വിഭാഗം – നിശ്ചല മാതൃക, പ്രവർത്തന മാതൃക, റിസർച്ച് ടൈപ്പ് പ്രോജക്ട്, ഇംപ്രൊവൈസ്ഡ് എക്സ്പിരിമെന്റ്സ്, ഇൻവെസ്റ്റിഗേറ്ററി പ്രോജക്ട്, വ്യക്തിഗത പ്രോജക്ട് (റോബോട്ടിക്സ്, ഇലക്ട്രോണിക്സ്, ഇന്റർനെറ്റ് ഓഫ് തിംഗ്സ്) , ശാസ്ത്ര ക്വിസ്.

(d)സയൻസ് ഹയർസെക്കന്ററി വിഭാഗം – നിശ്ചല മാതൃക, പ്രവർത്തന മാതൃക, റിസർച്ച് ടൈപ്പ് പ്രോജക്ട്, ഇംപ്രൊവൈസ്ഡ് എക്സ്പിരിമെന്റ്സ്, ഇൻവെസ്റ്റിഗേറ്ററി പ്രോജക്ട്, വ്യക്തിഗത പ്രോജക്ട് (റോബോട്ടിക്സ്, ഇലക്ട്രോണിക്സ്, ഇന്റർനെറ്റ് ഓഫ് തിംഗ്സ്) , ശാസ്ത്ര ക്വിസ്

2. ഒരു മേളയുടെയും ടീച്ചിംഗ് എയ്ഡ്/ടീച്ചർ പ്രോജക്ട്, ടാലന്റ് സെർച്ച് എക്സാമിനേഷൻ, മാഗസിൻ എന്നിവ ചാമ്പ്യൻഷിപ്പിന് പരിഗണിക്കുന്നതല്ല.

3. ശാസ്ത്രമേളയിൽ സെമിനാർ, സതേൺ ഇന്ത്യ സയൻസ് ഫെയർ, നാഷണൽ സയൻസ് എക്സിബിഷൻ, സി വി രാമൻ ഉപന്യാസ മത്സരം, ശാസ്ത്ര നാടകം, NCERT സയൻസ് സെമിനാർ എന്നിവ ചാമ്പ്യൻഷിപ്പിന് പരിഗണിക്കുന്നതല്ല.

4. ഗണിതശാസ്ത്രമേളയിൽ ഭാസ്കരാചാര്യ സെമിനാർ, ശ്രീനിവാസ രാമാനുജൻ പേപ്പർ പ്രസന്റേഷൻ മത്സരങ്ങളുടെ പോയിന്റുകൾ ചാമ്പ്യൻഷിപ്പിന് പരിഗണിക്കുന്നതല്ല.

5. സാമൂഹ്യശാസ്ത്രമേളയിൽ ടാലന്റ് സെർച്ച്, വാർത്തവായന മത്സരത്തിന്റെ പോയിന്റ് ചാമ്പ്യൻഷിപ്പിന് പരിഗണിക്കുന്നതല്ല.

6. പ്രവൃത്തിപരിചയ മത്സരങ്ങളുടെ ഓവറോൾ ചാമ്പ്യൻഷിപ്പ് കണക്കാക്കുമ്പോൾ പ്രദർശന മത്സരത്തിന്റെയും തത്സമയ നിർമ്മാണ മത്സരത്തിന്റെയും പോയിന്റുകളുടെ ആകെത്തുകയാണ് ചാമ്പ്യൻഷിപ്പിന് പരിഗണിക്കേണ്ടത്.

# അധ്യായം 6
# ശാസ്ത്രമേള

## A. മത്സരഇനങ്ങൾ

a) **ലോവർ പ്രൈമറി വിഭാഗം**

- ഒന്നു മുതൽ നാലു വരെ ക്ലാസ്സുകളിലെ കുട്ടികളാണ് ഈ വിഭാഗത്തിൽ ഉൾപ്പെടുന്നത്. അഞ്ച് ഇനങ്ങളിലായിട്ടാണ് മത്സരങ്ങൾ നടത്തേണ്ടത്. ഓരോ ഇനത്തിലും രണ്ട് കുട്ടികളാണ് പങ്കെടുക്കേണ്ടത്. ഈ വിഭാഗത്തിലെ എല്ലാ മത്സരങ്ങളും ഉപജില്ലാ തലത്തിൽ അവസാനിക്കും.

1. ശേഖരണം (കളക്ഷൻസ്) (രണ്ട് കുട്ടികൾ)
2. ചാർട്ടുകൾ – (പരമാവധി 3 ചാർട്ടുകൾ – തത്സമയ നിർമാണം 2 മണിക്കൂർ സമയം) (രണ്ട് കുട്ടികൾ)
3. ലഘു പരീക്ഷണങ്ങൾ (സിംപിൾ എക്സ്പിരിമെന്റ്സ്) – ഒരു ആശയം വ്യക്തമാക്കുവാൻ പരമാവധി 3 പരീക്ഷണങ്ങൾ, അവതരിപ്പിക്കുന്ന പരീക്ഷണത്തിന്റെ കുറിപ്പ് 3 കോപ്പി മൂല്യനിർണയ സമയത്ത് നൽകണം. (രണ്ട് കുട്ടികൾ)
4. പരിസരനിരീക്ഷണ അവതരണം. (രണ്ട് കുട്ടികൾ)
5. ശാസ്ത്ര ക്വിസ്. (രണ്ട് കുട്ടികൾ)

- മേൽപ്പറഞ്ഞ ഇനങ്ങളിൽ സ്കൂൾ തലത്തിൽ ഒന്നാം സ്ഥാനം നേടുന്ന ടീമിനെ ഉപജില്ലാ മത്സരത്തിന് പങ്കെടുപ്പിക്കേണ്ടതാണ്.

(5 x 2 = 10, ആകെ 10 കുട്ടികൾ)

b) **അപ്പർ പ്രൈമറി വിഭാഗം**

- അഞ്ച് മുതൽ ഏഴ് വരെ ക്ലാസ്സുകളിലെ കുട്ടികളാണ് ഈ വിഭാഗത്തിൽ ഉൾപ്പെടുന്നത്. ഓരോ ഇനത്തിലും രണ്ട് കുട്ടികളാണ് പങ്കെടുക്കേണ്ടത്.

- ആറ് ഇനങ്ങളിലാണ് ഈ വിഭാഗത്തിന് മത്സരങ്ങൾ നടത്തേണ്ടത്. ഈ വിഭാഗത്തിലെ എല്ലാ മത്സരങ്ങളും ഉപജില്ലാ തലത്തിൽ അവസാനിക്കും.

1. നിശ്ചല മാതൃക (സ്റ്റിൽ മോഡൽ)–പ്രദർശന വസ്തുവിന്റെ നിർമ്മാണ ഘട്ടങ്ങളിൽ കുട്ടികളുടെ പങ്കാളിത്തം വ്യക്തമാക്കുന്ന ചെറുവീഡിയോ 5 മിനിറ്റിൽ കവിയാത്തത് മൂല്യനിർണയ സമയത്ത് പ്രദർശിപ്പിക്കണം. (രണ്ട് കുട്ടി കൾ)

2. പ്രവർത്തന മാതൃക (വർക്കിംഗ് മോഡൽ) പ്രദർശന വസ്തുവിന്റെ നിർമ്മാണ ഘട്ടങ്ങളിൽ കുട്ടികളുടെ പങ്കാളിത്തം വ്യക്തമാക്കുന്ന ചെറുവീഡിയോ 5 മിനിറ്റിൽ കവിയാത്തത് മൂല്യനിർണയ സമയത്ത് പ്രദർശിപ്പിക്കണം. (രണ്ട് കുട്ടികൾ)

3. ഗവേഷണാത്മക പ്രൊജക്ട് (റിസർച്ച് ടൈപ്പ് പ്രൊജക്ട്) –പഠനത്തിന്റെ വിവിധ ഘട്ടങ്ങളിൽകുട്ടികളുടെ പങ്കാളിത്തം വ്യക്തമാക്കുന്ന ചെറു വീഡിയോ 5 മിനിറ്റിൽ കവിയാത്തത്, ഫോട്ടോ എന്നിവ മൂല്യനിർണയ സമയത്ത് പ്രദർശിപ്പിക്കണം. അവതരണ മാതൃകയിൽ നടത്തണം. അവതരണത്തിന് 6 മിനിട്ടും Interaction-ന് 4 മിനിട്ടും

എടുക്കാവുന്നതാണ്. പ്രൊജക്ട് റിപ്പോർട്ട് പ്രത്യേകമായി മൂല്യനിർണയം നടത്തേണ്ടതാണ്. (രണ്ട് കുട്ടികൾ)

4. ഇംപ്രൊവൈസ്ഡ് എക്സ്പിരിമെന്റ്സ്

ഒരു തത്വത്തെ അടിസ്ഥാനമാക്കി പരമാവധി 3 പരീക്ഷണം വരെയാകാം. അവതരിപ്പിക്കുന്ന പരീക്ഷണത്തിന്റെ കുറിപ്പ് 3 കോപ്പി മൂല്യനിർണയ സമയത്ത് നൽകണം. (രണ്ട് കുട്ടികൾ)

5. പരിസര നിരീക്ഷണ അവതരണം. (രണ്ട് കുട്ടികൾ)

6. സയൻസ് ക്വിസ് (രണ്ട് കുട്ടികൾ)

- മേൽപ്പറഞ്ഞ ഇനങ്ങളിൽ സ്കൂൾ തലത്തിൽ ഒന്നാം സ്ഥാനം നേടുന്ന ടീമിനെ ആണ് ഉപജില്ലാ മത്സരത്തിന് പങ്കെടുപ്പിക്കേണ്ടതാണ്.

(6 x 2 = 12, ആകെ 12 കുട്ടികൾ)

**c) ഹൈസ്കൂൾ വിഭാഗം**

- എട്ട് മുതൽ പത്ത് വരെ ക്ലാസ്സുകളിലെ കുട്ടികളാണ് ഈ വിഭാഗത്തിൽ പങ്കെടുക്കേണ്ടത്. THS, IHRD വിദ്യാലയങ്ങൾക്ക് ടെക്നിക്കൽ വിഭാഗം പ്രത്യേകം മേള നടത്തുന്നതിനാൽ ഈ വിഭാഗത്തിൽ മത്സരിക്കാൻ അനുവാദമില്ല.
  - ഏഴ് മത്സര ഇനങ്ങളാണ് ഈ വിഭാഗത്തിന് ഉള്ളത്.

1. നിശ്ചല മാതൃക (സ്റ്റിൽ മോഡൽ) – പ്രദർശന വസ്തുവിന്റെ നിർമ്മാണ ഘട്ടങ്ങളിൽ കുട്ടികളുടെ പങ്കാളിത്തം വ്യക്തമാക്കുന്ന ചെറു വീഡിയോ 5 മിനിറ്റിൽ കവിയാത്തത് മൂല്യനിർണയ സമയത്ത് പ്രദർശിപ്പിക്കണം (രണ്ടു കുട്ടികൾ വീതം).

2. പ്രവർത്തന മാതൃക (വർക്കിംഗ് മോഡൽ) – പ്രദർശന വസ്തുവിന്റെ നിർമ്മാണ ഘട്ടങ്ങളിൽ കുട്ടികളുടെ പങ്കാളിത്തം വ്യക്തമാക്കുന്ന ചെറു വീഡിയോ 5 മിനിറ്റിൽ

കവിയാത്തത് മൂല്യനിർണയ സമയത്ത് പ്രദർശിപ്പിക്കണം (രണ്ടു കുട്ടികൾ വീതം).

3. ഗവേഷണാത്മക പ്രൊജക്ട് (റിസർച്ച് ടൈപ്പ് പ്രൊജക്ട്) അവതരണ മാതൃകയിൽ നടത്തണം. അവതരണത്തിന് 6 മിനിട്ടും Interaction-ന് 4 മിനിട്ടും എടുക്കാവുന്നതാണ്. പ്രൊജക്ട് റിപ്പോർട്ട് പ്രത്യേകമായി മൂല്യനിർണ്ണയം നടത്തേണ്ടതാണ്. പഠനത്തിന്റെ വിവിധ ഘട്ടങ്ങളിൽ കുട്ടികളുടെ പങ്കാളിത്തം വ്യക്തമാക്കുന്ന ചെറുവീഡിയോ 5 മിനിറ്റിൽ കവിയാത്തത്, ഫോട്ടോ എന്നിവ മൂല്യനിർണയ സമയത്ത് പ്രദർശിപ്പിക്കണം (രണ്ടു കുട്ടികൾ വീതം).

4. ഇംപ്രൊവൈസ്ഡ് എക്സ്പിരിമെന്റ്സ്

ഒരു തത്വത്തെ അടിസ്ഥാനമാക്കി പരമാവധി 3 പരീക്ഷണം വരെയാകാം. അവതരിപ്പിക്കുന്ന പരീക്ഷണത്തിന്റെ കുറിപ്പ് 3 കോപ്പി മൂല്യനിർണയ സമയത്ത് നൽകണം (രണ്ടു കുട്ടികൾ വീതം).

5. ഇൻവെസ്റ്റിഗേറ്ററി പ്രൊജക്ട് മത്സരം (വ്യക്തിഗതം)

6. സയൻസ് ക്വിസ് (രണ്ടു കുട്ടികൾ വീതം).

7. വ്യക്തിഗത പ്രൊജക്ട് – തൽസമയ മത്സരം – 3 മണിക്കൂർ. മൂന്ന് വിഭാഗങ്ങളിൽ പ്രത്യേകം മത്സരം സംഘടിപ്പിക്കണം (ഒരു കുട്ടി വീതം).

   a. റോബോട്ടിക്സ്

   b. ഇലക്ട്രോണിക്സ്

   c. ഇന്റർനെറ്റ് ഓഫ് തിങ്സ്

അതതു വർഷം NCERT നൽകുന്ന RSBVP നിർദ്ദേശിക്കുന്ന തീമുമായി ബന്ധപ്പെട്ട് 3 മണിക്കൂർ സമയം കൊണ്ട് ഡിസൈൻ തയ്യാറാക്കി ഉൽപ്പന്നമാക്കി പ്രദർശിപ്പിക്കണം.

(5x 2 = 10, 4x 1 = 4 ആകെ 14 കുട്ടികൾ)

### d) ഹയർ സെക്കണ്ടറി/വൊക്കേഷണൽ ഹയർസെക്കണ്ടറി വിഭാഗം

- ഹയർ സെക്കണ്ടറി/വൊക്കേഷണൽ ഹയർസെക്കണ്ടറി വിഭാഗങ്ങളിലെ പതിനൊന്ന്, പന്ത്രണ്ട് ക്ലാസ്സുകളിലെ കുട്ടികൾ ആണ് ഈ വിഭാഗത്തിൽ ഉൾപ്പെടുന്നത്. ഏഴ് ഇനങ്ങളിലായിട്ടാണ് ഈ വിഭാഗത്തിൽ മത്സരങ്ങൾ ഉള്ളത്.

1. നിശ്ചല മാതൃക (സ്റ്റിൽ മോഡൽ) – പ്രദർശന വസ്തുവിന്റെ നിർമ്മാണ ഘട്ടങ്ങളിൽ കുട്ടികളുടെ പങ്കാളിത്തം വ്യക്തമാക്കുന്ന ചെറുവീഡിയോ 5 മിനിറ്റിൽ കവിയാത്തത് മൂല്യനിർണയ സമയത്ത് പ്രദർശിപ്പിക്കണം. (രണ്ടു കുട്ടികൾ വീതം)

2. പ്രവർത്തന മാതൃക (വർക്കിംഗ് മോഡൽ) – പ്രദർശന വസ്തുവിന്റെ നിർമ്മാണ ഘട്ടങ്ങളിൽ കുട്ടികളുടെ പങ്കാളിത്തം വ്യക്തമാക്കുന്ന ചെറു വീഡിയോ 5 മിനിറ്റിൽ കവിയാത്തത് മൂല്യനിർണയ സമയത്ത് പ്രദർശിപ്പിക്കണം. (രണ്ടു കുട്ടികൾ വീതം)

3. ഗവേഷണാത്മക പ്രൊജക്ട് (റിസർച്ച് ടൈപ്പ് പ്രൊജക്ട്)

അവതരണ മാതൃകയിൽ നടത്തണം. അവതരണത്തിന് 6 മിനിട്ടും Interaction ന് 4 മിനിട്ടും എടുക്കാവുന്നതാണ്. പ്രൊജക്ട് റിപ്പോർട്ട് പ്രത്യേകമായി മൂല്യനിർണ്ണയം നടത്തേണ്ടതാണ്. പഠനത്തിന്റെ വിവിധ ഘട്ടങ്ങളിൽ കുട്ടികളുടെ പങ്കാളിത്തം വ്യക്തമാക്കുന്ന ചെറു വീഡിയോ 5 മിനിറ്റിൽ കവിയാത്തത് , ഫോട്ടോ എന്നിവ മൂല്യനിർണയ സമയത്ത് പ്രദർശിപ്പിക്കണം. (രണ്ടു കുട്ടികൾ വീതം)

4. ഇംപ്രൊവൈസ്ഡ് എക്സ്പിരിമെന്റ്സ്

ഒരു തത്വത്തെ അടിസ്ഥാനമാക്കി പരമാവധി 3 പരീക്ഷണം വരെയാകാം. അവതരിപ്പിക്കുന്ന പരീക്ഷണത്തിന്റെ കുറിപ്പ് 3 കോപ്പി മൂല്യനിർണയ സമയത്ത് നൽകണം. (രണ്ടു കുട്ടികൾ വീതം)

5. സയൻസ് ക്വിസ് (രണ്ടു കുട്ടികൾ വീതം)

6. ഇൻവെസ്റ്റിഗേറ്ററി പ്രൊജക്ട് മത്സരം (വ്യക്തിഗതം)

7. വ്യക്തിഗത പ്രൊജക്ട് – തൽസമയ മത്സരം – 3 മണിക്കൂർ. മൂന്ന് വിഭാഗങ്ങളിൽ പ്രത്യേകം മത്സരം സംഘടിപ്പിക്കണം (ഒരു കുട്ടി വീതം).

   a. റോബോട്ടിക്സ്
   b. ഇലക്ട്രോണിക്സ്
   c. ഇന്റർനെറ്റ് ഓഫ് തിങ്സ്

അതതു വർഷം NCERT നൽകുന്ന RSBVP നിർദ്ദേശിക്കുന്ന തീമുമായി ബന്ധപ്പെട്ട് 3 മണിക്കൂർ സമയം

കൊണ്ട് ഡിസൈൻ തയ്യാറാക്കി ഉൽപ്പന്നമാക്കി പ്രദർശിപ്പിക്കണം.

(5x 2 = 10, 4x 1 = 4 ആകെ 14 കുട്ടികൾ)

മേൽപ്പറഞ്ഞ ഇനങ്ങളിൽ സ്കൂൾ തലത്തിൽ ഒന്നാം സ്ഥാനം നേടുന്ന ടീമിനെ ഉപജില്ലാ മത്സരത്തിന് പങ്കെടുപ്പിക്കേണ്ടതാണ്.

## B. കുറിപ്പ്

1 ഓരോ വർഷവും എൻ.സി.ഇ.ആർ.ടി നൽകുന്ന വിഷയങ്ങൾക്കും നിർദ്ദേശങ്ങൾക്കും അനുസരിച്ചായിരിക്കണം ശാസ്ത്രമേളയിലെ ഇനങ്ങൾ തയ്യാറാക്കേണ്ടതും മത്സരങ്ങൾ സംഘടിപ്പിക്കേണ്ടതും.

2. പ്രദർശന വസ്തുക്കളുടെ പരമാവധി വലിപ്പം 122cm x 122cm x100 cm ആയിരിക്കും.

3. ഗ്രൂപ്പിനങ്ങളിൽ അതത് വിഭാഗങ്ങളിൽ പങ്കെടുക്കേണ്ട എണ്ണം വിദ്യാർത്ഥികൾ നിർബന്ധമായും പങ്കെടുക്കണം.

4. മത്സരാർത്ഥികളോടൊപ്പം എസ്കോർട്ടിംഗ് ടീച്ചർ ഉണ്ടായിരിക്കണം. പെൺകുട്ടികൾ മത്സരാർത്ഥികളായി ഉണ്ടെങ്കിൽ ഒരു അധ്യാപിക നിർബന്ധമായും എസ്കോർട്ട് ചെയ്യേണ്ടതാണ്.



5. ഈ നിബന്ധനകൾ എൽ.പി, യു.പി, എച്ച്.എസ്, എച്ച്.എസ്.എസ്/ വി.എച്ച്.എസ്.എസ് വിഭാഗക്കാർക്ക് ബാധകമാണ്.

6. LP, UP, HS, HSS/VHSS എന്നിവയിൽ ഓരോ ഇനങ്ങൾക്കും പരമാവധി 5 ചാർട്ട് വീതം പ്രദർശിപ്പിക്കാവുന്നതാണ്. LP വിഭാഗം

ചാർട്ട് നിർമ്മാണ മത്സരത്തിന് 2 മണിക്കൂർ സമയം കൊണ്ട് പരമാവധി 3 ചാർട്ടുകൾ മാത്രമേ നിർമ്മിക്കേണ്ടതുള്ളൂ.

7. ജില്ലാ, സംസ്ഥാന മത്സരങ്ങളിലെ മത്സരാർത്ഥികൾ (അധ്യാപക മത്സരാർത്ഥികൾ ഉൾപ്പെടെ ) അവരുടെ പ്രദർശന വസ്തുവിനെ സംബന്ധിച്ച ഫോട്ടോ അടക്കമുള്ള ലഘു വിവരണം രജിസ്ട്രേഷൻ സമയത്ത് നൽകേണ്ടതാണ് .

## C. ഉപജില്ലാതലം

വിദ്യാലയത്തിൽ നിന്നും ഓരോ ഇനത്തിലും ഒന്നാം സ്ഥാനം കരസ്ഥമാക്കുന്ന മത്സരാർത്ഥി/ടീം ആണ് ഉപജില്ലാതലത്തിൽ പങ്കെടുക്കേണ്ടത്. പ്രദർശനം നിർബന്ധമായും ഉണ്ടായിരിക്കണം. അർഹരായ മത്സരാർത്ഥികൾക്ക് സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്.

## D. റവന്യൂ ജില്ലാതലം

ഉപജില്ലയിൽ ഓരോ ഇനത്തിലും ഒന്നും രണ്ടും സ്ഥാനങ്ങൾ കരസ്ഥമാക്കുന്ന എച്ച്.എസ്,എച്ച്.എസ്.എസ്/വി.എച്ച്.എസ്.എസ് വിഭാഗത്തിലെ മത്സരാർത്ഥി/ടീം ആണ് റവന്യുജില്ലാ മത്സരത്തിൽ പങ്കെടുക്കേണ്ടത്. ശാസ്ത്ര നാടക മത്സരത്തിന് സബ് ജില്ലാതല മത്സരത്തിൽ എ ഗ്രേഡോടെ ഒന്നാംസ്ഥാനം ലഭിച്ചവർക്ക് മാത്രമേ പങ്കെടുക്കാൻ അനുവാദമുള്ളൂ. മത്സര വസ്തുക്കളുടെ പ്രദർശനം നിർബന്ധമായും ഉണ്ടായിരിക്കണം. അർഹരായ മത്സരാർത്ഥികൾക്ക് സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്.

## E. സംസ്ഥാനതലം

റവന്യൂജില്ലാതല മത്സരത്തിൽ ഓരോ ഇനത്തിലും ഒന്നും രണ്ടും സ്ഥാനങ്ങൾ കരസ്ഥമാക്കുന്ന എച്ച്.എസ്, എച്ച്.എസ്.എസ്./വി.എച്ച്.എസ്.എസ്. വിഭാഗങ്ങളിലെ മത്സരാർത്ഥി/ടീം ആണ് സംസ്ഥാനതല മത്സത്തിൽ പങ്കെടുക്കേണ്ടത്. ശാസ്ത്ര നാടക മത്സരത്തിന് ജില്ലാതല മത്സരത്തിൽ എ ഗ്രേഡോടെ ഒന്നാംസ്ഥാനം ലഭിച്ച ഒരു ടീമിന്

മാത്രമേ പങ്കെടുക്കാൻ അനുവാദമുള്ളൂ. മത്സര ഇനങ്ങളുടെ പ്രദർശനം നിർബന്ധമായും ഉണ്ടായിരിക്കണം. സംസ്ഥാനതല മത്സരത്തിൽ പങ്കെടുക്കുന്നവർക്ക് ഗ്രേഡോടുകൂടിയ പാർട്ടിസിപ്പന്റ് സർട്ടിഫിക്കറ്റ് നൽകുന്നതാണ്. ഒന്നും രണ്ടും മൂന്നും സ്ഥാനം ലഭിച്ചവർക്ക് മെറിറ്റ് സർട്ടിഫിക്കറ്റും ക്യാഷ് അവാർഡും നൽകുന്നതാണ്.

## F. മൂല്യനിർണയോപാധികൾ

**എൽ.പി – ശേഖരണം**

- ശേഖരണവുമായി ബന്ധപ്പെട്ട വിഷയം ജില്ലാതലത്തിൽ തീരുമാനിച്ച് വിദ്യാലയങ്ങൾക്ക് നേരത്തെ തന്നെ അറിയിപ്പ് നൽകണം.
- ശേഖരണത്തിനായി തെരഞ്ഞെടുക്കുന്ന വിഷയം ക്ലാസ്സ് റും പ്രവർത്തനങ്ങളുമായി ബന്ധമുള്ളതാകണം.
- ശേഖരിച്ച വസ്തുക്കളുടെ എണ്ണത്തിനേക്കാൾ വസ്തുവിന്റെ പ്രാധാന്യം, സാമൂഹ്യ പ്രസക്തി, ശേഖരിച്ച രീതി, അറിവ് എന്നിവയ്ക്ക് പ്രാധാന്യം നൽകണം.
- വിദ്യാർത്ഥികൾ ശേഖരണത്തിനായുള്ള വസ്തുക്കൾ ശേഖരിക്കുന്നതിന്റെ തെളിവായി ഫോട്ടോ, വീഡിയോ (പരമാവധി 5 മിനിറ്റ്) എന്നിവ പ്രദർശിപ്പിക്കണം.

**മൂല്യനിർണയ സൂചകങ്ങൾ**



1. അന്തർഭവിച്ചിരിക്കുന്ന ശാസ്ത്ര തത്വങ്ങളും ശേഖരിച്ച മാർഗ്ഗവും (Scientific principles and outsource)

2. പ്രദർശന വസ്തുക്കളുടെ ക്രമീകരണവും നാമകരണവും (Display or arrangements and labelling)

3. വിശദീകരണം (Explanation by the participant)

4. പങ്കാളിത്തം. (Participation of students)- ശേഖരണ പ്രവർത്തനങ്ങളിൽ കുട്ടികളുടെ പങ്കാളിത്തം എത്രത്തോളമുണ്ട് .

**എൽ.പി – പരീക്ഷണം**

- ഒരു ആശയം വ്യക്തമാക്കുന്ന പരമാവധി 3 പരീക്ഷണങ്ങൾ വരെയാകാം.
- അവതരിപ്പിക്കുന്ന പരീക്ഷണത്തിന്റെ കുറിപ്പ് 3 കോപ്പി മൂല്യനിർണയ സമയത്ത് നൽകണം .
- LP വിഭാഗത്തിലെ പാഠാശയങ്ങളാണ് പരീക്ഷണത്തിന് തെരഞ്ഞെടുക്കേണ്ടത്

**മൂല്യനിർണയ സൂചകങ്ങൾ**

1. ശാസ്ത്രീയ സമീപനം/ശാസ്ത്ര തത്വങ്ങൾ. (Scientific Approach/Principle)
2. ഉപകരണങ്ങളുടെ സംവിധാനം (Setting of apparatus)
3. പരീക്ഷണത്തിന്റെ വിജയം (Success of the experiment)
4. വിശദീകരണം (Explanation)



**എൽ.പി – ചാർട്ട്**

- ചാർട്ടുമായി ബന്ധപ്പെട്ട വിഷയം ജില്ലാതലത്തിൽ തീരുമാനിച്ച് വിദ്യാലയങ്ങൾക്ക് നേരത്തെ തന്നെ അറിയിപ്പ് നൽകണം.

- മത്സരാർത്ഥികൾ മത്സര ദിവസം 2 മണിക്കൂർ സമയം എടുത്ത് പരമാവധി 3 ചാർട്ട് തയ്യാറാക്കണം.
- ചാർട്ടിൽ എഴുതുകയോ വരയ്ക്കുകയോ ചെയ്യാം.
- തയ്യാറാക്കുന്നതിനുള്ള ചാർട്ട് സബ് ജില്ലാ തലത്തിൽ നൽകണം.
- മത്സരാർത്ഥികൾ എഴുതുന്നതിനും വരയ്ക്കുന്നതിനും നിറം കൊടുക്കുന്നതിനുമുള്ള സാധനങ്ങൾ കൊണ്ടുവരണം.
- ചാർട്ടിൽ ഒന്നും ഒട്ടിക്കാൻ പാടില്ല.

**മൂല്യനിർണയ സൂചകങ്ങൾ**

1. ശാസ്ത്രീയ സമീപനം/ശാസ്ത്ര തത്വങ്ങൾ. (Scientific Approach/Principle)
2. നവീനത (Novelty)
3. വിശദീകരണം (Explanation)
4. വൃത്തിയും ആകർഷണീയതയും (Neatness and Attractiveness)

**LP/UP പരിസര നിരീക്ഷണ അവതരണം**

- സ്ലൈഡുകൾ ഉപയോഗിച്ചോ ചാർട്ട് ഉപയോഗിച്ചോ വാചികമായോ, നിരീക്ഷണത്തിന്റെ വിവിധ ഘട്ടങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കിയ വീഡിയോ പ്രദർശിപ്പിച്ചോ നടത്താം.
- അവതരണത്തിന് പരമാവധി 6 മിനിറ്റും അഭിമുഖത്തിന് 4 മിനിറ്റും.
- നിരീക്ഷണക്കുറിപ്പ്/ഡയറി പ്രത്യേകമായി മൂല്യനിർണയം നടത്തണം. നിരീക്ഷണക്കുറിപ്പ് / ഡയറിക്ക് പുറംചട്ട ഉൾപ്പെടെ

പരമാവധി 20 പേജുകൾ മതി. ഡയറിയിൽ ഫോട്ടോ / ഡയഗ്രം/ ചിത്രം/ചിത്രീകരണങ്ങൾ ഉൾപ്പെടുത്താവുന്നതാണ്.

**മൂല്യനിർണയ സൂചകങ്ങൾ**

1. ശാസ്ത്രീയ സമീപനം/ശാസ്ത്ര തത്വങ്ങൾ. (Scientific Approach/Principle)
2. സ്വപ്രയത്നം (Initiative of the student)
3. അവതരണവും വിശദീകരണവും (Presentation and Interaction)
4. അഭിമുഖം (Perosnal Interview) നിരീക്ഷണത്തെക്കുറിച്ച്/ ആശയത്തെക്കുറിച്ചുള്ള വ്യക്തത
5. നിരീക്ഷണക്കുറിപ്പ്/ഡയറി (Observation report / diary)

**മൂല്യനിർണയോപാധികൾ** ***- UP, HS, HSS/VHSS***

a) *നിശ്ചല മാതൃക (സ്റ്റിൽ മോഡൽ)*

b) *പ്രവർത്തന മാതൃക (വർക്കിംഗ് മോഡൽ)*

c) *ഇംപ്രൊവൈസ്ഡ് എക്സ്പിരിമെന്റ്സ്*

മുകളിൽ പറഞ്ഞിരിക്കുന്ന മൂന്ന് ഇനങ്ങളിലേയും മൂല്യനിർണയോപാധികൾ താഴെ കൊടുത്തിരിക്കുന്നവയാണ്.

1. *ക്രിയാത്മകത* ***(Creativity)***

ആശയം നൂതനവും സമൂഹത്തിന് ഉപകാരപ്രദവും

2. *നൂതനവും മൗലികതയും* ***(Innovative and Originality)***

*പ്രദർശനവസ്തുവിന് പുതുമയുണ്ടോ? ആസൂത്രണത്തിലും നിർമ്മാണത്തിലും ഒറിജിനാലിറ്റിയുണ്ടോ?*

3. **ശാസ്ത്രീയ സമീപനം (Scientific Thought/Principle)**

ആശയം ശാസ്ത്രീയമാണോ? എങ്കിൽ എന്തെല്ലാം ശാസ്ത്ര തത്വങ്ങൾ അന്തർഭവിച്ചിരിക്കുന്നു? അവതരണം ശാസ്ത്രീയമാണോ? കാര്യകാരണ ബന്ധമുണ്ടോ?

4. **സാങ്കേതിക ജ്ഞാനവും നിർമ്മാണ പാടവും (Technical Skill and Workmanship)**

പ്രദർശന വസ്തു/വസ്തുക്കൾ നിർമ്മിക്കുന്നതിലും കൈകാര്യം ചെയ്യുന്നതിലും മത്സരാർത്ഥികൾക്കുള്ള സാമർത്ഥ്യവും കഴിവും പ്രകടമാക്കുന്നുണ്ടോ?

5. **പ്രയോജനം (Utility)**

പ്രദർശന വസ്തു/വസ്തുക്കൾ സമൂഹത്തിന് എത്രത്തോളം ഉപകാരപ്രദവും പ്രയോജനപ്രദവുമാണ്.

6. **ഈടുറ്റതും ചെലവ് കുറഞ്ഞതും (Durability and Economic Low Cost)**

വസ്തു ഈടുറ്റതും ചെലവു കുറഞ്ഞതുമാണോ?

7. **വിശദീകരണം/അഭിമുഖം (Personal Interview/Presentation)**

വിദ്യാർത്ഥികൾക്ക് കാര്യങ്ങൾ വിശദീകരിക്കാനുള്ള കഴിവുണ്ടോ?

**ഡി) റിസർച്ച് ടൈപ്പ് പ്രോജക്ട് (ഗവേഷണാത്മക പ്രോജക്ട്)/ Investigatory Project**

ശാസ്ത്രമേളയുടെ രജിസ്ട്രേഷൻ ദിവസം തന്നെ **Project Report** ഏൽപ്പിക്കേണ്ടതാണ്. മൂല്യനിർണയോപാധികൾ ചുവടെ നൽകുന്നു.



1. ശാസ്ത്രീയ സമീപനം, ശാസ്ത്ര തത്വങ്ങളും മറ്റും (Scientific approach, Concept)
2. നൂതനമായ ആശയം (Innovative Idea)

3. സ്വപ്രയത്നം (Initiative of the student)
4. പ്രയോജനം (Utility)
5. അവതരണവും വിശദീകരണവും (Presentation and Interaction)
6. പ്രൊജക്ട് റിപ്പോർട്ട് (Project Report)

പ്രൊജക്ട് റിപ്പോർട്ടിന് മാർക്ക് നൽകുമ്പോൾ താഴെ പറയുന്ന ഘടകങ്ങൾ സ്വീകരിക്കണം.

(എ) ഭാഷ.

(ബി) വസ്തുതകളുടെ ക്രമീകരണം.

(സി) വിദ്യാഭ്യാസപരമായ മൂല്യം.

## G.ടാലന്റ് സെർച്ച് എക്സാമിനേഷൻ(HS, HSS/VHSS തലം)

- ഈ മത്സരം സ്കൂൾ തലത്തിലും സബ്ജില്ലാതലത്തിലും റവന്യൂജില്ലാ തലത്തിലും സംസ്ഥാന തലത്തിലും നടത്തേണ്ടതാണ്.
- സ്കൂൾ തലത്തിൽ ഒന്നാം സ്ഥാനം ലഭിച്ച ഒരു മത്സരാർത്ഥിക്ക് സബ്ജില്ലാതല മത്സരത്തിൽ പങ്കെടുക്കാം.
- സ്കൂൾതല മത്സരം ഹെഡ്മാസ്റ്റർ/പ്രിൻസിപ്പാൾ നടത്തേണ്ടതാണ്
- സബ് ജില്ലാതല മത്സരത്തിൽ ഒന്നും രണ്ടും സ്ഥാനം നേടുന്നവർക്ക് റവന്യുജില്ലാതല മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്.
- റവന്യു ജില്ലയിൽ ഒന്നും രണ്ടും സ്ഥാനം ലഭിക്കുന്ന മത്സരാർത്ഥികൾക്ക് സംസ്ഥാനതല മത്സരത്തിൽ പങ്കെടുക്കാം.
- സ്കൂൾതലം, സബ് ജില്ലാതലം, റവന്യൂ ജില്ലാതലം, സംസ്ഥാന തലം എന്നിവയിൽ ശാസ്ത്ര വിഷയ ബന്ധിതമായ 60 Multiple Choice ചോദ്യങ്ങൾ ഉൾപ്പെടുത്തിയ പരീക്ഷ നടത്തണം. സമയം ഒരു മണിക്കൂർ

റവന്യൂ ജില്ലാതലം മുതൽ പരീക്ഷ നടത്തിപ്പിനാവശ്യമായ ചോദ്യപേപ്പർ സംസ്ഥാനതലത്തിൽ നിന്ന് ലഭ്യമാക്കണം.

സബ് ജില്ലാതല, റവന്യൂ ജില്ലാതല, സംസ്ഥാനതല ടാലന്റ് സെർച്ച് എക്സാമിനേഷന് യോഗ്യത നേടിയ വിദ്യാർത്ഥികൾ അതത് തലങ്ങളിൽ ശാസ്ത്ര സംബന്ധിയായ പേപ്പർ പ്രസന്റേഷൻ നടത്തേണ്ടതാണ്.

ഓരോ തലത്തിലും പേപ്പർ പ്രസന്റേഷൻ നടത്തുന്നതിന് വേണ്ടി അതത് വർഷം ശാസ്ത്ര കൗൺസിൽ വിഷയങ്ങൾ നൽകുന്നതാണ്.

മത്സരാർത്ഥി അതത് തലങ്ങളിൽ നൽകിയ മൂന്ന് വിഷയങ്ങളിൽ നിന്നും തെരഞ്ഞെടുത്ത ഒരു വിഷയവുമായി ബന്ധപ്പെട്ട് പേപ്പർ തയ്യാറാക്കുകയും അവതരിപ്പിക്കുകയും വേണം.

അവതരിപ്പിക്കുന്ന പേപ്പറിന്റെ മൂന്ന് കോപ്പി അവതരണ സമയത്ത് കൈമാറണം. അവതരണത്തിന് 6 മിനിട്ടും അതിനുശേഷം 2 മിനിട്ട് അഭിമുഖവും ഉണ്ടായിരിക്കും.

❖ അവതരണത്തിന് 5 ചാർട്ട്/സ്ലൈഡ്/ രണ്ടുംകൂടി 5എണ്ണം ഉപയോഗിക്കാം.

❖ 3D Models/Videos/അനിമേഷൻസ് എന്നിവ ഉപയോഗിക്കരുത്.



❖ Slide-ൽ അനിമേഷൻസ് പാടില്ല.

❖ ചാർട്ടിൽ എഴുതുകയോ വരയ്ക്കുകയോ ആവാം.

❖ മത്സരം ഒരു ദിവസം കൊണ്ട് പൂർത്തിയാക്കണം.

സംസ്ഥാനതല മത്സരത്തിന് വിവിധ ഘട്ടങ്ങൾ ഉണ്ടായിരിക്കും, ആയത് ചുവടെ ചേർക്കുന്നു.

1. Multiple Choice പരീക്ഷ (1 മണിക്കൂർ, 60 Multiple Choice ചോദ്യങ്ങൾ)
2. പരീക്ഷയ്ക്ക് ശേഷം ശാസ്ത്ര സംബന്ധിയായ ഒരു വിഷയത്തിന്റെ ക്ലാസ്
3. ക്ലാസ്സിൽ പരാമർശിച്ച വിഷയത്തെ സംബന്ധിച്ച് മത്സ രാർത്ഥി തയ്യാറാക്കുന്ന കുറിപ്പ്
4. Paper presentation and viva.

ഈ നാല് ഘട്ടങ്ങളിലും മത്സരാർത്ഥികൾക്ക് ലഭിക്കുന്ന സ്കോറിന്റെ അടിസ്ഥാനത്തിൽ വിജയികളെ തീരുമാനിക്കും.

### H. ശാസ്ത്ര ക്വിസ് മത്സരങ്ങൾ

ശാസ്ത്ര പ്രതിഭകളെ കണ്ടെത്തുന്നതിനുള്ള ഫലപ്രദമായ ഒരു ഉപാധിയാണ് ശാസ്ത്ര ക്വിസ് മത്സരങ്ങൾ. സമകാലിക ശാസ്ത്ര മുന്നേറ്റങ്ങളെ അടിസ്ഥാനപ്പെടുത്തിയാകണം ചോദ്യങ്ങൾ. ആധു നിക സാങ്കേതികവിദ്യാ സഹായങ്ങൾ പ്രയോജനപ്പെടുത്തി വിവിധ റൗണ്ടുകളായി ദൃശ്യ,ശ്രാവ്യ ശകലങ്ങൾ അടിസ്ഥാനമാക്കി വേണം ചോദ്യാവതരണം. ശാസ്ത്ര മുന്നേറ്റത്തെക്കുറിച്ച് പങ്കെടുക്കുന്ന കുട്ടി കൾക്ക് ധാരണ പകരുന്ന വിദ്യാഭ്യാസ പരിപാടിയായി ക്വിസ് മത്സരം മാറണം.

- റവന്യൂ ജില്ലാതലം മുതൽ പരീക്ഷ നടത്തിപ്പിനാവശ്യമായ ചോദ്യ പേപ്പർ സംസ്ഥാനതലത്തിൽ നിന്ന് ലഭ്യമാക്കണം.



**ക്വിസ് മത്സരങ്ങൾ താഴെ പറയുന്ന രീതിയിൽ നടത്തേണ്ടതാണ്.**

### a) സ്കൂൾതലം (LP, UP, HS, HSS/VHSS)

- സ്കൂൾ തലത്തിലുള്ള ശാസ്ത്ര ക്വിസ് മത്സരങ്ങൾ നടത്തുന്നതി നുള്ള ഉത്തരവാദിത്തം പ്രിൻസിപ്പാൾ/ഹെഡ്മാസ്റ്ററുടെ നേതൃ ത്വത്തിൽ ശാസ്ത്ര ക്ലബ്ബ് കോ-ഓർഡിനേറ്ററിൽ നിക്ഷിപ്തമാണ്.

ഹെഡ്മാസ്റ്ററും കോ–ഓർഡിനേറ്ററും ആലോചിച്ച് ക്വിസ് മത്സരം നടത്തുന്നതിനുള്ള തീയതി നിശ്ചയിക്കേണ്ടതാണ്. അർഹരായ വർക്ക് സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്. ഓരോ വിഭാഗത്തിനും ഒന്നാം സ്ഥാനത്തിന് അർഹരാകുന്ന ടീമിനെ ഉപജില്ലാതല ക്വിസ് മത്സരത്തിൽ പങ്കെടുപ്പിക്കേണ്ടതാണ്. ഉപജില്ലാതല മത്സരത്തിൽ പങ്കെടുക്കുമ്പോൾ ഹെഡ്മാസ്റ്ററിൽ നിന്നും വാങ്ങിയ സാക്ഷ്യ പത്രം ഹാജരാക്കേണ്ടതാണ്.

### b) ഉപജില്ലാതലം (LP, UP, HS, HSS/VHSS)

- ഉപജില്ലാ വിദ്യാഭ്യസ ഓഫീസറുടെ നേതൃത്വത്തിൽ ഉപജി ല്ലാതല ശാസ്ത്ര ക്വിസ് മത്സരം നടത്തേണ്ടതാണ്. എൽ.പി., യു.പി, മത്സരങ്ങൽ ഉപജില്ലാതലത്തിൽ അവസാനിക്കും. ഹൈസ്കൂൾ, ഹയർസെക്കണ്ടറി/വി.എച്ച്.എസ്.എസ്. വിഭാഗങ്ങളിൽ നിന്നും ഒന്നും രണ്ടും സ്ഥാനങ്ങൾ ലഭിക്കുന്ന ടീമിനെ റവന്യു ജില്ലാതല ക്വിസ് മത്സരത്തിൽ പങ്കെടുപ്പിക്കണം.അർഹരായവർക്ക് സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്. ജില്ലാതല മത്സരത്തിൽ പങ്കെടുക്കുമ്പോൾ എ. ഇ.ഒ.–യിൽ നിന്നും വാങ്ങിയ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

### c) റവന്യു ജില്ലാതലം (HS, HSS/VHSS)

- HS, HSS/VHSS വിഭാഗങ്ങളിൽ സബ്ജില്ലാതല മത്സരത്തിൽ നിന്നും ഒന്നും രണ്ടും സ്ഥാനം ലഭിച്ച ടീമുകൾക്ക് റവന്യു ജില്ലാതല മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്. വിദ്യാഭ്യാസ ഉപഡയറക്ടറുടെ നേതൃത്വത്തിൽ ആണ് റവന്യൂജില്ലാതല മത്സരം നടത്തേണ്ടത്. ഹൈസ്കൂൾ, ഹയർസെക്കണ്ടറി/വി.എച്ച്.എസ്.എസ്. വിഭാഗങ്ങളിൽ നിന്നും ഒന്നും രണ്ടും സ്ഥാനങ്ങൾ ലഭിക്കുന്ന ടീമിനെ സംസ്ഥാന തല ക്വിസ് മത്സരത്തിൽ പങ്കെടുപ്പിക്കണം. അർഹരായവർക്ക് സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്. സംസ്ഥാനതല മത്സരത്തിൽ പങ്കെ

ടുക്കുമ്പോൾ ഡി.ഡി.ഇ.–യിൽ നിന്നും വാങ്ങിയ സാക്ഷ്യപത്രം ഹാജ രാക്കേണ്ടതാണ്.

d) സംസ്ഥാനതലം (HS & HSS/VHSS)

- റവന്യു ജില്ലാതല ശാസ്ത്രക്വിസ് മത്സരത്തിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ ലഭിച്ച ടീമുകൾക്ക് സംസ്ഥാനതല ക്വിസ് മത്സരത്തിൽ പങ്കെടുക്കാൻ അർഹതയുണ്ട്. സംസ്ഥാനതല മത്സരത്തിൽ പങ്കെടുക്കുന്നവർക്ക് ലഭിച്ച ഗ്രേഡോടു കൂടിയ സർട്ടിഫിക്കറ്റ് നൽകു ന്നതാണ്. സംസ്ഥാന തലത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ ലഭി ക്കുന്നവർക്ക് മെറിറ്റ് സർട്ടിഫിക്കറ്റും ക്യാഷ് അവാർഡും നൽകുന്നതാണ്.

## I. സതേൺ ഇന്ത്യാ സയൻസ് ഫെയർ

ബാംഗ്ലൂരിലെ വിശ്വേശ്വരയ്യാ ഇൻഡസ്ട്രിയൽ & ടെക്നോളജി മ്യൂസിയത്തിന്റെയും (VITM) ദക്ഷിണേന്ത്യൻ സംസ്ഥാന വിദ്യാഭ്യാസ വകുപ്പുകളുടെയും സംയുക്താഭിമുഖ്യത്തിൽ നടന്നു വരുന്ന സതേൺ ഇന്ത്യ സയൻസ് മേളയിൽ പങ്കെടുക്കുന്നതിന് സംസ്ഥാന ശാസ്ത്രമേളയിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന മത്സരാർത്ഥികൾക്ക് അർഹതയുണ്ടായിരിക്കും. മത്സരത്തിലേ ക്കുള്ള സെലക്ഷൻ ഓരോ വർഷവും VITM നൽകുന്ന മാർഗ നിർദ്ദേശങ്ങൾക്കനുസരിച്ച് DGE യുടെ നേതൃത്വത്തിൽ സംസ്ഥാന ശാസ്ത്രമേള യിലെ മത്സരാർത്ഥികളിൽ നിന്നും തീരുമാനിക്കുന്നതാണ് .

## J. നാഷണൽ സയൻസ് എക്സിബിഷൻ

സംസ്ഥാന ശാസ്ത്രമേളയിലെ വിജയികളായ കുട്ടികൾക്ക് എൻ.സി.ഇ.ആർ.ടി മാർഗരേഖകൾക്ക് വിധേയമായി Rashtriya Bal Vaigyanik Pradarshani (RBVP)യിൽ പങ്കെടുക്കാവുന്നതാണ്. (ജവഹർലാൽ നെഹ്റു നാഷണൽ സയൻസ് എക്സിബിഷൻ – പഴയനാമം).



അതതു വർഷം NCERT നൽകുന്ന മാർഗനിർദ്ദേശങ്ങൾ ക്കനുസരിച്ച് DGEയുടെ നേതൃത്വത്തിൽ സംസ്ഥാന ശാസ്ത്രമേളയിലെ മത്സരാർത്ഥികളിൽ നിന്നും നാഷണൽ സയൻസ്

എക്സിബിഷനിൽ പങ്കെടുക്കേണ്ട മത്സരാർത്ഥികളെ തെരെഞ്ഞെടുത്ത് അറിയിക്കേണ്ടതാണ് .

### K. സി.വി.രാമൻ ഉപന്യാസ മത്സരം ( HS, HSS/VHSSവിഭാഗം)

- HS, HSS/VHSS വിഭാഗം വിദ്യാർത്ഥികൾക്കായി നടത്തുന്ന ഈ മത്സരം സ്കൂൾതലത്തിലും സബ്ജില്ലാതലത്തിലും റവന്യു ജില്ലാ തലത്തിലും സംസ്ഥാനതലത്തിലും നടത്തുന്നതാണ്. സ്കൂൾതലം, സബ്ജില്ലാതലം, റവന്യൂജില്ലാതലം മത്സരത്തിനുള്ള വിഷയം അതതു വർഷം സംസ്ഥാന തലത്തിൽ തീരുമാനിക്കുന്നതാണ്. സ്കൂൾതലത്തിൽ നൽകിയ മൂന്നു വിഷയങ്ങളിൽ നിന്ന് മത്സര സമയത്ത് നറുക്കിട്ട് ഒരു വിഷയം തെരഞ്ഞെടുക്കണം. ഉപജില്ലാ, ജില്ലാ സംസ്ഥാനതലങ്ങളിൽ വിഷയം മത്സരസമയത്ത് മാത്രേമേ നൽകുകയുള്ളു. ഉപന്യാസ മത്സരത്തിനുള്ള സമയം ഒരു മണിക്കൂർ ആയിരിക്കും. സ്കൂൾ തലത്തിൽ എ ഗ്രേഡോടെ ഒന്നാം സ്ഥാനം ലഭിച്ച വിദ്യാർത്ഥിക്ക് സബ്ജില്ലാതല മത്സരത്തിൽ പങ്കെടുക്കാം. തുടർന്ന് ഉപജില്ലാതല മത്സരം, റവന്യു ജില്ലാതല മത്സരം എന്നിവ നടത്തേണ്ടതാണ്. സ്കൂൾതലം ഒഴികെയുള്ള തലങ്ങളിൽ നിന്നും എ ഗ്രേഡോടെ ഒന്നും രണ്ടും സ്ഥാനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് അടുത്ത തല മത്സരത്തിൽ പങ്കെടുക്കാം. മത്സരദിവസം 9.30ന് മത്സരാർത്ഥികൾ മത്സരവേദിയിൽ രജിസ്ട്രേഷൻ പൂർത്തിയാക്കണം. ഉപജില്ലാതലം മുതൽ രണ്ടു ദിവസത്തെ ശിൽപ്പശാലയായാണ് മത്സരം സംഘടിപ്പിക്കേണ്ടത്. മത്സരത്തിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് ശാസ്ത്രത്തിന്റെ രീതിയെക്കുറിച്ച് (Method of Science) ആഴത്തിലുള്ള അറിവ് ലഭിക്കുന്നതരത്തിലും ശാസ്ത്രത്തിലെ നൂതന പ്രവണതകളെക്കുറിച്ച് ധാരണ ലഭിക്കുന്ന തരത്തിലുമാണ് ശിൽപ്പശാല സംഘടിപ്പിക്കേണ്ടത്.

ശാസ്ത്രലേഖന രചനയുടെ രീതിശാസ്ത്രവും സങ്കേതങ്ങളും പരിചയപ്പെടുത്തുന്ന ക്ലാസ്/സെമിനാർ ആണ് ആദ്യ സെഷനിൽ നടക്കേണ്ടത്. അതിനുശേഷം മത്സരാർത്ഥികൾക്ക് റഫറൻസ് നടത്തി ലേഖനം/ഉപന്യാസം തയ്യാറാക്കാൻ അവസരം നൽകണം. രണ്ടാം ദിവസം വിലയിരുത്തിയ ലേഖനത്തെ അടിസ്ഥാനമാക്കി കുട്ടികളുമായി അഭിമുഖം നടത്തണം. ഉപജില്ലാതലം മുതൽ മത്സരത്തിനുള്ള വിഷയം മത്സരസമയത്ത് മാത്രമേ നൽകുകയുള്ളു. നൽകിയ

വിഷയവുമായി ബന്ധപ്പെട്ട് മത്സരാർത്ഥികൾക്ക് വിവരശേഖരണം നടത്താൻ രണ്ടു മണിക്കൂർ സമയം അനുവദിക്കണം. വിവരശേഖരണത്തിനായി ഇന്റർനെറ്റ് സൗകര്യം പ്രയോജനപ്പെടുത്താം. രണ്ടു മണിക്കൂർ റഫറൻസിനുശേഷം ഒരു മണിക്കൂർ സമയം കൊണ്ട് ഉപന്യാസം എഴുതേണ്ടതാണ്.

തയ്യാറാക്കിയ ഉപന്യാസം മൂല്യനിർണയം നടത്തി രണ്ടാം ദിനം മത്സരാർത്ഥികളുമായി അഭിമുഖം നടത്തണം. ഉപന്യാസം, അഭിമുഖം എന്നിവയിൽ ലഭിച്ച മാർക്ക് പരിഗണിച്ചാണ് മത്സരഫലം പ്രഖ്യാപിക്കേണ്ടത്.

## L. ഇൻവെസ്റ്റിഗേറ്ററി പ്രൊജക്ട് മത്സരം ( HS, HSS/VHSS വിഭാഗം) (വ്യക്തിഗതം)

- ഈ മത്സരം സ്കൂൾ തലത്തിലും സബ്ജില്ലാതലത്തിലും റവന്യൂ ജില്ലാതലത്തിലും സംസ്ഥാന തലത്തിലും നടത്തേണ്ടതാണ്.
- സ്കൂൾ തലത്തിൽ ഒന്നാം സ്ഥാനം ലഭിച്ച ഒരു പ്രൊജക്ട് സബ്ജില്ലാതല മത്സരത്തിലും, സബ്ജില്ലാതലത്തിൽ ഒന്നും രണ്ടും സ്ഥാനം ലഭിച്ച പ്രൊജക്ട് റവന്യൂ ജില്ലാതല മത്സരത്തിലും, റവന്യൂ ജില്ലയിൽ ഒന്നും രണ്ടും സ്ഥാനം ലഭിച്ച പ്രൊജക്ടുകൾ സംസ്ഥാനതല മത്സരത്തിലും പങ്കെടുക്കാം.
- അവതരണ മാതൃകയിൽ നടത്തണം. അവതരണത്തിന് 6 മിനിട്ടും Interaction ന് 4 മിനിട്ടും എടുക്കാവുന്നതാണ്.
- പ്രൊജക്ട് റിപ്പോർട്ട് പ്രത്യേകമായി മൂല്യനിർണയം നടത്തേണ്ടതാണ്.

പഠനത്തിന്റെ വിവിധ ഘട്ടങ്ങളിൽ കുട്ടികളുടെ പങ്കാളിത്തം വ്യക്തമാക്കുന്ന ചെറു വീഡിയോ 5 മിനിറ്റിൽ കവിയാത്തത് , ഫോട്ടോ എന്നിവ മൂല്യനിർണയ സമയത്ത് പ്രദർശിപ്പിക്കണം.

**M. ശാസ്ത്രനാടകം (എച്ച്.എസ്. വിഭാഗത്തിന് മാത്രം)**

- അതത് വർഷം ബാംഗ്ലൂരിലെ വി.ഐ.റ്റി.എം. നൽകുന്ന നിർദ്ദേശാനുസരണവും മാർഗരേഖ പ്രകാരവുമാണ് ഹൈസ്കൂൾ വിഭാഗത്തിനായി ശാസ്ത്ര നാടക മത്സരം നടത്തേണ്ടത്. ഒരു സ്കൂളിൽ നിന്നും ഒരു നാടകം മാത്രമേ ഉപജില്ലാതലത്തിൽ പങ്കെടുക്കാവൂ. ഉപജില്ലാതലത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കുന്ന നാടകം റവന്യൂ ജില്ലാതലത്തിലും, റവന്യൂ ജില്ലാതലത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കുന്ന നാടകം സംസ്ഥാന തലത്തിലും പങ്കെടുക്കേണ്ടതാണ്. നാടകത്തിന്റെ വിലയിരുത്തലിന് രണ്ട് ശാസ്ത്ര അധ്യാപകരും ഒരു നാടക പ്രവർത്തകനെയും ഉൾപ്പെടുത്തണം.

**N. നാഷണൽ സയൻസ് സെമിനാർ (എച്ച്.എസ്. വിഭാഗത്തിന് മാത്രം)**

- ബാംഗ്ലൂരിലെ വിശ്വേശ്വരയ്യാ ടെക്നോളജിക്കൽ മ്യൂസിയത്തിന്റെ നിർദ്ദേശങ്ങൾക്കനുസരിച്ച് നടത്തുന്ന ഈ മത്സരം ഹൈസ്കൂൾ വിദ്യാർത്ഥികൾക്കുള്ളതാണ്. വിദ്യാലയത്തിൽ വിജയിക്കുന്ന ഒന്നാം സ്ഥാനക്കാർ സബ്ജില്ലാ തലത്തിലും സബ്ജില്ലയിലെ ഒന്നും രണ്ടും സ്ഥാനക്കാർ റവന്യു ജില്ലാ മത്സരത്തിലും പങ്കെടുക്കേണ്ടതാണ്. റവന്യു ജില്ലാതലത്തിൽ ഒന്നും രണ്ടും സ്ഥാനം നേടിയവർക്ക് സംസ്ഥാനതല മത്സരത്തിൽ പങ്കെടുക്കാം. സംസ്ഥാനതലത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനം നേടുന്ന വർക്ക് സർട്ടിഫിക്കറ്റും ക്യാഷ് അവാർഡും നൽകുന്നതാണ്



**O. ശാസ്ത്ര മാഗസിൻ മത്സരം ( HS, HSS/VHSE വിഭാഗം)**

- ഹൈസ്കൂൾ, ഹയർസെക്കണ്ടറി/വി.എച്ച്.എസ്.ഇ. വിഭാഗങ്ങളിൽ നിന്നും 5 വിദ്യർത്ഥികൾ അടങ്ങിയ മാഗസിൻ സമിതി അംഗങ്ങളാണ് ഉപജില്ലാതല മത്സരത്തിന് പങ്കെടുക്കേണ്ടത്.

• ഉപജില്ലാതല മത്സരത്തിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ ലഭിക്കുന്ന മാഗസിൻ സമിതി അംഗങ്ങളാണ് റവന്യൂ ജില്ലാതലത്തിലും റവന്യൂ ജില്ലാതലത്തിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ ലഭിക്കുന്ന മാഗസിൻ സമിതി അംഗങ്ങളാണ് സംസ്ഥാന തലത്തിലും പങ്കെടുക്കേണ്ടത് .

• മേളയുടെ ചാമ്പ്യൻഷിപ്പ് കണക്കാക്കുന്നതിന് മാഗസിൻ മത്സരഫലം പരിഗണിക്കുന്നതല്ല.

- ഉപജില്ലാ തലം മുതൽ രണ്ടു ദിവസത്തെ ശിൽപശാലയാക്കി സംഘടിപ്പിക്കേണ്ടതാണ്.
- മത്സരത്തിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് ശാസ്ത്രത്തിന്റെ രീതിയെക്കുറിച്ച് ( Method of Science ) ആഴത്തിലുള്ള അറിവ് ലഭിക്കുന്ന തരത്തിലും ശാസ്ത്രത്തിലെ നൂതന പ്രവണതകളെക്കുറിച്ച് ധാരണ ലഭിക്കുന്ന തരത്തിലും ശിൽപശാല സംഘടിപ്പിക്കേണ്ടതാണ്.
- ശാസ്ത്രലേഖന രചനയുടെ രീതിശാസ്ത്രവും സങ്കേതങ്ങളും പരിചയപ്പെടുത്തുന്ന ക്ലാസ്/സെമിനാർ ആണ് ആദ്യ സെഷനൽ അവതരിപ്പിക്കേണ്ടത്. അതിന് ശേഷം റഫറൻസ് നടത്തി ലേഖനം/ഉപന്യാസം തയ്യാറാക്കാൻ അവസരം നൽകണം.
- രണ്ടാം ദിവസം , തയ്യാറാക്കിയ മാഗസിനെ അടിസ്ഥാനമാക്കി കുട്ടികളുമായി അഭിമുഖം നടത്തണം.
- മാഗസിൻ കൈയെഴുത്തിൽ ആയിരിക്കണം തയ്യാറാക്കേണ്ടത്.
- പുറം ചട്ട ഉണ്ടായിരിക്കണം.
- ബൈന്റ് ചെയ്യണം. സ്പൈറൽ ബൈന്റ് പാടില്ല.

- മാഗസിന് ഒരു പേര് ഉണ്ടായിരിക്കണം. മാഗസിനിൽ സ്കൂളിന്റെ പേരോ സബ്/വിദ്യാഭ്യാസ/റവന്യൂജില്ലയുടെ പേരോ ഒരിടത്തും പാടില്ല.
- എ 4 പേപ്പറിന്റെ ഒരു വശത്ത് മാത്രമേ എഴുതാവൂ.
- പുറം ചട്ട ഉൾപ്പടെ 30 പേജുകൾ മാത്രമേ പാടുള്ളൂ.

മത്സരത്തിന് ശേഷം മാഗസിൻ തിരികെ നൽകുന്നതാണ്.

## P. അധ്യാപകർക്കുള്ള ടീച്ചിംഗ്/ലേണിംഗ് എയ്ഡ് /ടീച്ചർ പ്രോജക്ട് മത്സരം

ഈ മത്സരങ്ങളിൽ ഒരു അധ്യാപകന് ഏതെങ്കിലും ഒരിനത്തിൽ മാത്രമേ പങ്കെടുക്കാൻ അവസരം ഉള്ളൂ. എൽ.പി, യു.പി, എച്ച്.എസ്, എച്ച്.എസ്.എസ്/വി.എച്ച്.എസ്.എസ് വിഭാഗം അധ്യാപകർക്ക് ഈ മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്. സബ്ബ് ജില്ലാതല മത്സരത്തിൽ ഒന്നും രണ്ടും സ്ഥാനം നേടിയവർക്ക് റവന്യൂജില്ലാതല മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്. റവന്യൂജില്ലാതല മത്സരത്തിൽ ഒന്നും രണ്ടും സ്ഥാനം ലഭിക്കുന്നവർക്ക് സംസ്ഥാനതല മത്സരത്തിൽ പങ്കെടുക്കാം. സംസ്ഥാനതലത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനം ലഭിക്കുന്നവർക്ക് സർട്ടിഫിക്കറ്റും ക്യാഷ് അവാർഡും നൽകുന്നതാണ്.

### ടീച്ചിംഗ്/ലേണിംഗ് എയ്ഡ് മത്സര നിർദ്ദേശം

- അധ്യാപകർക്കുള്ള ടീച്ചിംഗ്/ലേണിംഗ് എയ്ഡ് മത്സരം പ്രൈമറി, എച്ച്.എസ്, എച്ച്.എസ്.എസ്/വി.എച്ച്.എസ്.ഇ. എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളിലായി നടത്തുന്നതാണ്. സ്കൂൾ, ഉപജില്ല, റവന്യുജില്ല, സംസ്ഥാനം എന്നീ നാല് തലങ്ങളിലായിട്ടാണ് ഈ മത്സരം നടത്തുന്നത്.
- ശാസ്ത്ര വിഷയം കൈകാര്യം ചെയ്യുന്ന അധ്യാപകർക്ക് മാത്രമേ ഈ ഇനത്തിൽ പങ്കെടുക്കുവാൻ കഴിയൂ. ടീച്ചിംഗ്/ലേണിംഗ് എയ്ഡ് മത്സരത്തിൽ അതത് വിഭാഗങ്ങളിലെ പാഠപുസ്തകത്തിലെ ഏതെങ്കിലും ഒരു

ആശയത്തെ അടിസ്ഥാനമാക്കി പരമാവധി 3 എയ്ഡുകൾ പ്രദർശിപ്പിക്കാവുന്നതാണ്. പാഠഭാഗം വിനിമയത്തിന് സഹായകവും ക്ലാസ്മുറിയിൽ ഫലപ്രഥമായി ഉപയോഗിക്കുവാൻ കഴിയുന്നവയുമായിരിക്കണം ടീച്ചിംഗ്/ലേണിംഗ് എയ്ഡുകൾ. എല്ലാ കുട്ടികൾക്കും ശാസ്ത്ര ആശയം വ്യക്തമായി മനസ്സിലാക്കാനും ശാസ്ത്രപഠനത്തിൽ താൽപര്യം ജനിപ്പിക്കാനും ഉതകുന്നതായിരിക്കണം ടീച്ചിംഗ്/ലേണിംഗ് എയ്ഡുകൾ. ടീച്ചിംഗ്/ലേണിംഗ് എയ്ഡുകൾ ക്ലാസ്സ്മുറിയിൽ ഉപയോഗിക്കുന്നതിന്റെ തെളിവുകൾ, കുട്ടികൾക്ക് ലഭിച്ച് ഗുണം വ്യക്തമാക്കുന്ന പഠനം നടത്തിയതിന്റെ തെളവുകൾ, എയ്ഡിന്റെ നിർമ്മാണം, പ്രവർത്തണം, വിശദീകരണം എന്നിവ സംബന്ധിച്ച കുറിപ്പ് എന്നിവ രജിസ്ട്രേഷൻ സമയത്ത് സമർപ്പിക്കണം.

- സബ്ജില്ലാതല മത്സരത്തിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ നേടിയവർക്ക് റവന്യൂജില്ലാതല മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്. റവന്യൂജില്ലാതല മത്സരത്തിൽ ഒന്നും രണ്ടും സ്ഥാനം ലഭിക്കുന്നവർക്ക് സംസ്ഥാനതല മത്സരത്തിൽ പങ്കെടുക്കാം. സംസ്ഥാനതലത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ ലഭിക്കുന്നവർക്ക് സർട്ടിഫിക്കറ്റും ക്യാഷ് അവാർഡും നൽകുന്നതാണ്. നിർബന്ധമായും പ്രദർശനം നടത്തണം.

## ടീച്ചർ പ്രൊജക്ട് മത്സര നിർദ്ദേശം

അധ്യാപകർക്കുള്ള ടീച്ചർ പ്രൊജക്ട് മത്സരം പ്രൈമറി, എച്ച്.എസ്, എച്ച്.എസ്.എസ്/വി.എച്ച്.എസ്.എസ് എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളിലായി നടത്തു ന്നതാണ്. സ്കൂൾ, ഉപജില്ല, റവന്യൂജില്ല, സംസ്ഥാനം എന്നീ നാല് തലങ്ങളിലായിട്ടാണ് ഈ മത്സരം നടത്തുന്നത്.

ശാസ്ത്ര പ്രചാരകർ എന്ന നിലയിൽ അന്ധവിശ്വാസങ്ങൾ അനാവരണം ചെയ്യുന്നതിനും ശാസ്ത്രാശയങ്ങൾ സമൂഹത്തിൽ വ്യാപിപ്പിക്കുന്നതിനും നടത്തിയ പ്രവർത്തനങ്ങൾ അവതരിപ്പിക്കാൻ

അധ്യാപകർക്ക് അവസരം നൽകുകയും മികച്ച പ്രവർത്തനങ്ങൾക്ക് അംഗീകാരം നൽകുകയുമാണ് ഇതിന്റെ ലക്ഷ്യം. സമൂഹത്തെ ബോധവൽക്കരിക്കാനും ശാസ്ത്രാഭിമുഖ്യം ഉള്ളവരാക്കി മാറ്റാനും വേണ്ടി ടീച്ചർ നടത്തിയ ഇടപെടലുകളുടെ റിപ്പോർട്ട്, ഫോട്ടോ, വീഡിയോ എന്നിവ മൂല്യനിർണയത്തിനായി സമർപ്പിക്കണം.

ടീച്ചേഴ്സ് പ്രൊജക്ട് – അവതരണ മാതൃകയിൽ നടത്തണം. അവതരണത്തിന് 6 മിനിട്ടും interaction-ന് 6 മിനിട്ടും ആയിരിക്കും. റിപ്പോർട്ട് പ്രത്യേകമായി മൂല്യനിർണയം നടത്തണം. നിർബന്ധമായും പ്രദർശനം നടത്തണം.

- സബ്ജില്ലാതല മത്സരത്തിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ നേടിയവർക്ക് റവന്യുജില്ലാതല മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്. റവന്യുജില്ലാതല മത്സരത്തിൽ ഒന്നും രണ്ടും സ്ഥാനം ലഭിക്കുന്നവർക്ക് സംസ്ഥാനതല മത്സരത്തിൽ പങ്കെടുക്കാം. സംസ്ഥാനതലത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ ലഭിക്കുന്നവർക്ക് സർട്ടിഫിക്കറ്റും ക്യാഷ് അവാർഡും നൽകുന്നതാണ്.

## Q. NCERT സയൻസ് സെമിനാർ

സബ് ജില്ല, ജില്ല, സംസ്ഥാന ശാസ്ത്രോൽസവത്തിന്റെ ആദ്യദിനം ശാസ്ത്ര പ്രചാരണത്തിന്റെ ഭാഗമായി സംഘടിപ്പിക്കുന്ന എക്സിബിഷൻ മത്സരമാണ് സയൻസ് സെമിനാർ. ഓപ്പൺ ഓഡിറ്റോറിയത്തിൽ പരമാവധി ആളുകളുടെ പങ്കാളിത്തത്തോടെയാണ് ഇത് നടത്തേണ്ടതാണ്. ഇത് സംസ്ഥാനതല മത്സരത്തോടെ അവസാനിക്കും. ഓരോ വർഷവും NCERT പുറത്തിറക്കുന്ന RSBVP മാർഗ്ഗനിർദ്ദേശങ്ങൾക്കും വിഷയത്തിനും അനുസരിച്ചാണ് സ്കൂൾതലം മുതൽ സെമിനാർ സംഘടിപ്പിക്കേണ്ടത്.



മത്സരാർത്ഥി അതത് വർഷം **NCERT** നൽകുന്ന RSBVP മാർഗ്ഗനിർദ്ദേശങ്ങൾക്കും വിഷയത്തിനും അനുസരിച്ച് പേപ്പർ തയ്യാറാക്കുകയും അവതരിപ്പിക്കുകയും വേണം. അവതരിപ്പിക്കുന്ന പേപ്പറിന്റെ മൂന്ന് കോപ്പി

അവതരണ സമയത്ത് കൈമാറണം. അവതരണത്തിന് 6 മിനിട്ടും അതിനു ശേഷം 2 മിനിട്ട് അഭിമുഖവും ഉണ്ടായിരിക്കും. അവതരണത്തിന് 5 ചാർട്ട്/ സ്ലൈഡ്/ രണ്ടുംകൂടി 5 എണ്ണം ഉപയോഗിക്കാം. 3 D Models/Videos/ അനിമേഷൻസ് എന്നിവ ഉപയോഗിക്കരുത്. Slide-ൽ അനിമേഷൻസ് പാടില്ല. ചാർട്ടിൽ എഴുതുകയോ വരയ്ക്കുകയോ ആവാം.

**സ്കോർ നൽകൽ സൂചകങ്ങൾ**

### Collections (LP)

| Scientific Principles and sources (50) | Display or arrangement and labeling (30) | Explanation (20) | Total (100) |
|---|---|---|---|
| | | | |

### Chart (LP)

| Scientific Content (25) | Arrangement (25) | Neatness & Attractiveness (25) | Explanation (20) | Total (100) |
|---|---|---|---|---|
| | | | | |

### Simple Experiment (LP)

| Scientific Content (25) | Setting of the Apparatus (25) | Success of the Experiment (25) | Explanation (20) | Total (100) |
|---|---|---|---|---|
| | | | | |

### LP, UP പരിസര നിരീക്ഷണ അവതരണം

| Scientific Approach/Principle (30) | Initiative of the Student (20) | Observation report/Diary (30) | Presentation (10) | Interview (10) | Total (100) |
|---|---|---|---|---|---|
| | | | | | |

### UP/HS/HSS/VHSS

| Item | Scoring Indicators and Score | | | | | | | |
|---|---|---|---|---|---|---|---|---|
| Working Model<br>Still Model<br>Improvised Experiments<br>Robotics<br>Electronics<br>IOT | Creativity (20) | Innovations & Originality (15) | Scientific thought/Principle (15) | Technical skill/Craftsmanship (15) | Utility (15) | Durability/Economic Low Cost (10) | Presentation (10) | Total (100) |
| | | | | | | | | |

**UP/HS/HSS/VHSS**

| Item | Scoring Indicators and Score | | | | | | |
|---|---|---|---|---|---|---|---|
| | Scientific Concept (25) | Innovative Idea (15) | Initiative of the student (10) | Utility for the Society (10) | Presentation and Interaction (20) | Project Report (20) | Total (100) |
| Research Project<br>Investigatory Project | | | | | | | |

**Science Drama – HS only**

| Scientific Content (30) | Presentation (50) | Effectiveness (20) | Total (100) |
|---|---|---|---|
| | | | |

**Science Seminar – HS only**

| Scientific Content (40) | Novelty in use of visuals (15) | Fluency in speech (25) | Viva (10) | Aptitude Test (10) | Total (100) |
|---|---|---|---|---|---|
| | | | | | |

**CV Raman Essay Competition – HS/HSS/VHSS**

| Scientific Content (50) | Arrangement of data (10) | Language and style (20) | Layout Introduction, Subtitle, Reference, etc. (10) | Interaction (10) | Total (100) |
|---|---|---|---|---|---|
| | | | | | |

**Magazine - HS/HSS/VHSS**

| Item | Scoring Indicators and Score | | | | |
|---|---|---|---|---|---|
| Scientific Content (40) | Educational value (20) | Novelty (15) | Layout (15) | Interaction (10) | Total (100) |
| | | | | | |

# അധ്യായം 7
# ഗണിതശാസ്ത്രമേള

## A. മത്സരഇനങ്ങൾ

### a) ലോവർ പ്രൈമറി വിഭാഗം

1. നമ്പർ ചാർട്ട്
2. ജ്യോമെട്രിക്കൽ ചാർട്ട്
3. സ്റ്റിൽ മോഡൽ
4. പസിൽ
5. മാഗസിൻ (വിദ്യാർത്ഥികൾ പങ്കെടുക്കേണ്ടതില്ല)
6. ക്വിസ്

### b) അപ്പർ പ്രൈമറി വിഭാഗം

1. നമ്പർ ചാർട്ട്
2. ജ്യോമെട്രിക്കൽ ചാർട്ട്
3. സ്റ്റിൽ മോഡൽ
4. പസിൽ
5. ഗെയിം
6. മാഗസിൻ (വിദ്യാർത്ഥികൾ പങ്കെടുക്കേണ്ടതില്ല)
7. ക്വിസ്

### c) HS, HSS/VHSS വിഭാഗം

1. നമ്പർ ചാർട്ട്

2. ജ്യോമെട്രിക്കൽ ചാർട്ട്
3. അദർ ചാർട്ട്
4. സ്റ്റിൽ മോഡൽ
5. വർക്കിംഗ് മോഡൽ
6. പ്യൂവർ കൺസ്ട്രക്ഷൻ
7. ജിയോജിബ്ര സോഫ്റ്റ് വെയർ ഉപയോഗിച്ചുള്ള നിർമ്മിതി
8. പസിൽ
9. ഗെയിം
10. സിംഗിൾ പ്രോജക്ട്
11. ഗ്രൂപ്പ് പ്രോജക്ട് (2 കുട്ടികൾ)
12. മാഗസിൻ (വിദ്യാർത്ഥികൾ പങ്കെടുക്കേണ്ടതില്ല)
13. ക്വിസ്

## B. അധ്യാപകരുടെ ടീച്ചിംഗ് എയ്ഡ് മത്സരം

- അധ്യാപകർക്കുള്ള ടീച്ചിംഗ് എയ്ഡ് മത്സരം പ്രൈമറി, എച്ച്.എസ്, എച്ച്.എസ്.എസ്/വി.എച്ച്.എസ്.എസ് എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളിലായി നടത്തുന്നതാണ്. സ്കൂൾ, ഉപജില്ല, റവന്യൂജില്ല, സംസ്ഥാനം എന്നീ നാല് തലങ്ങളിലായിട്ടാണ് ഈ മത്സരം നടത്തുന്നത്. ഗണിതശാസ്ത്ര വിഷയം കൈകാര്യം ചെയ്യുന്ന അധ്യാപകർ മാത്രമേ ഈ ഇനത്തിൽ പങ്കെടുക്കുവാൻ പാടുള്ളൂ. പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ആശയങ്ങളെ ചാർട്ടുകൾ, മോഡലുകൾ തുടങ്ങിയ സങ്കേതങ്ങളുപയോഗിച്ച് അവതരിപ്പിക്കുകയാണ് വേണ്ടത്.

- ഉപ ജില്ലാതല മത്സരത്തിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ നേടിയവർക്ക് റവന്യൂ ജില്ലാതല മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്. റവന്യൂ ജില്ലാതല മത്സരത്തിൽ ഒന്നും രണ്ടും സ്ഥാനം ലഭിക്കുന്നവർക്ക് സംസ്ഥാനതല മത്സരത്തിൽ പങ്കെടുക്കാം. സംസ്ഥാന തലത്തിൽ ഒന്നും രണ്ടും മൂന്നും

സ്ഥാനങ്ങൾ ലഭിക്കുന്നവർക്ക് സർട്ടിഫിക്കറ്റും ക്യാഷ് അവാർഡും നൽകുന്നതാണ്.

## C. പൊതു നിബന്ധനകൾ

1. ഗണിത ശാസ്മേളകളിൽ കുട്ടികളുടെ യഥാർത്ഥ കഴിവുകൾ കണ്ടെത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി തത്സമയ നിർമ്മാണ മത്സരങ്ങൾ നടത്തേണ്ടതാണ്. ഗ്രൂപ്പ് പ്രോജക്ട്, സിംഗിൾ പ്രോജക്ട്, മാഗസിൻ ഇവ തത്സമയ നിർമ്മാണ മത്സരമല്ല.
2. തത്സമയ നിർമ്മാണത്തിന് ഓരോ ഇനത്തിനും 3 **മണിക്കൂർ** ആണ്.
3. പുറമേ നിന്നും തയ്യാറാക്കി കൊണ്ടുവരുന്ന യാതൊരു വസ്തുക്കളും തത്സമയ നിർമ്മാണ മത്സരത്തിനായി ഉപയോഗിക്കാൻ പാടില്ല. (കാൽക്കുലേറ്റർ, ഡിജിറ്റൽ ഡയറി, പി.സി., ഫോട്ടോകൾ, മൊബൈൽ ഫോൺ, കുറിപ്പുകൾ, വെട്ടിയെടുത്തതോ അടയാളപ്പെടുത്തിയതോ ആയ വസ്തുക്കൾ മുതലായവ മത്സര ഹാളിൽ കൊണ്ടുവരാൻ പാടില്ല.
4. ഒരു വിദ്യാർത്ഥി ഏതെങ്കിലും ഒരിനത്തിൽ മാത്രമെ പങ്കെടുക്കാൻ പാടുള്ളൂ.
5. പങ്കെടുക്കുന്ന എല്ലാവരും മത്സരത്തിനാവസ്യമായ മുഴുവൻ സാമഗ്രികളും കൊണ്ടുവരേണ്ടതാണ്.
6. നിർമാണത്തിനുപയോഗിക്കുന്ന കടലാസുകൾ, ചാർട്ടുകൾ, കാർഡ് ബോർഡുകൾ, മരത്തടികൾ മുതലായവ മത്സരത്തിന് ഉപയോഗിക്കാവുന്ന പാകത്തിൽ വെട്ടിയെടുത്ത് കൊണ്ടുവരാൻ പാടില്ല.
7. മാഗസിനുകൾ സ്കൂളടിസ്ഥാനത്തിലുള്ള മത്സരമായതിനാൽ വിദ്യാർത്ഥികൾ പങ്കെടുക്കേണ്ടതില്ല. രജിസ്രേഷൻ സമയത്ത് തന്നെ കമ്മിറ്റിയെ ഏല്പിക്കേണ്ടതാണ്.
8. മത്സരത്തിൽ അവതരിപ്പിക്കുന്ന ആശയത്തെ കുറിച്ച് ഒരു വിവരണ കുറിപ്പ് (Write up) ഇൻവിജിലേറ്ററെ ഏല്പിക്കേണ്ടതാണ്. (പരമാവധി 3 പേജ്)
9. ഒരു കുട്ടിക്ക് അവതരണത്തിന് 5 മുതൽ 8 മിനിറ്റ് വരെ സമയം നല്കാവു

ന്നതാണ്.

10. എല്ലാ തലങ്ങളിലും എക്സിബിഷൻ സംഘടിപ്പിക്കേണ്ടതാണ്.

11. ശാസ്ത്രോത്സവത്തിൽ പങ്കെടുക്കുന്ന കുട്ടികൾ പ്രകൃതിയ്ക്ക് അനുയോജ്യമായ (Eco friendly)പദാർത്ഥങ്ങളാണ് നിർമ്മാണത്തിന് ഉപയോഗിക്കേണ്ടത്. തെർമോക്കോൾ, P-C ഷീറ്റ് എന്നിവ പൂർണമായും ഒഴിവാക്കേണ്ടതാണ്.

## D. മത്സര ഇനങ്ങൾ – നിർദേശങ്ങൾ

**ചാർട്ട് വിഭാഗം**

അതാത് തലത്തിലെ പാഠ്യപദ്ധതിയുമായി ബന്ധപ്പെട്ട ആശയത്തെ ഉൾക്കൊള്ളിച്ച് ചാർട്ട് തയ്യാറാക്കാം. ഒരു ചാർട്ടിലെ ആശയങ്ങൾ പൂർണ്ണമായില്ലെങ്കിൽ രണ്ടാമതൊരു ചാർട്ടും അതിലും പൂർണ്ണമായില്ലെങ്കിൽ മൂന്നാമതൊരു ചാർട്ടും കൂടി ഉപയോഗിക്കാം. ഇത്തരത്തിൽ ഒരേ ആശയത്തെ ഉൾക്കൊള്ളിച്ച് ഒരു പുറം മാത്രം എഴുതിയ പരമാവധി മൂന്ന് ചാർട്ട് വരെ തയ്യാറാക്കാവുന്നതാണ്. ഓരോ ചാർട്ടും 72 സെ.മീ. x 56 സെ.മീ. വലിപ്പത്തിലായിരിക്കണം. ഒന്നിൽ കൂടുതൽ ചാർട്ടുകൾ ചേർത്ത് ഒട്ടിച്ച് ഉപയോഗിക്കുവാൻ പാടില്ല. ഓരോ ചാർട്ടിലും അനുയോജ്യമായ വലുപ്പത്തിലും ഭംഗിയിലും വിവരങ്ങൾ എഴുതുകയും വരയ്ക്കുകയുമാണ് ചെയ്യേണ്ടത്.

**1. നമ്പർ ചാർട്ട്**

സംഖ്യാപാറ്റേണുകൾ, സംഖ്യാശ്രേണികൾ, വിവിധതരം ന്യൂമറലുകൾ, സംഖ്യകളുടെ പ്രത്യേകതകൾ മുതലായവ വ്യക്തമാക്കുന്ന ചാർട്ട്.

**2. ജ്യോമട്രിക്കൽ ചാർട്ട്**



വിവിധ ജ്യാമിതീയ രൂപങ്ങളെ കോർത്തിണക്കി ജ്യാമിതിയുടെ സൗന്ദര്യം വെളിവാക്കുന്ന ചാർട്ടുകളാണ് ഈ വിഭാഗത്തിൽ പെടുന്നത്. ജ്യോമട്രിക് പാറ്റേണുകൾ, ലീനിയേഷൻ ടെസ്സലേഷൻ, സ്പൈറലിംഗ് മുതലായ സങ്കേതങ്ങൾ ഉപയോഗിച്ച് ഇവ തയ്യാറാക്കാവുന്നതാണ്. ചാർട്ടിന്റെ ഫലപ്രദമായ ഉപയോഗത്തിനും ഭംഗിയ്ക്കും പരിഗണന നല്കണം. അനുയോജ്യമായ രീതിയിൽ

ചായം തേച്ച് മോടി പിടിപ്പിക്കാവുന്നതാണ്.

3. **അദർ ചാർട്ട്**

നമ്പർ ചാർട്ടിലോ, ജ്യോമട്രിക്കൽ ചാർട്ടിലോ കൃത്യമായി ഉൾപ്പെടുത്തുവാൻ കഴിയാത്തവയാണ് അദർ ചാർട്ടുകൾ എന്ന വിഭാഗത്തിൽ പെടുന്നത്. ഗണിതശാസ്ത്ര ചരിത്രം, ഏതെങ്കിലും ഗണിതശാസ്ത്ര ആശയം, ഗണിതശാസ്ത്രജ്ഞരുടെ ചരിത്രവും സംഭാവനകളും, ഗ്രാഫുകൾ, ഗണിതശാസ്ത്ര സംബന്ധിയായ രചനകൾ തുടങ്ങിയവ ഇതിൽ ഉൾപ്പെടുത്താവുന്നതാണ്. ഒരു ചരിത്രാന്വേഷണം എന്നതിലുപരിയായി ഗണിത ആശയങ്ങൾക്ക് മുൻതൂക്കം നല്കുന്ന തരത്തിലുള്ള വിവരങ്ങളാണ് ഇതിൽ ഉൾപ്പെടുത്തേണ്ടത്. ഗണിതശാസ്ത്രജ്ഞരുടെ ചിത്രം ഉൾപ്പെടുത്തേണ്ടതില്ല.

## മോഡൽ വിഭാഗം

4. **സ്റ്റിൽ മോഡൽ**

ഏതെങ്കിലും ഒരു ഗണിതശാസ്ത്ര ആശയത്തെ മുൻനിറുത്തി വിവിധ ജ്യാമിതീയ രൂപങ്ങൾ ഉപയോഗിച്ചുള്ള ഒരു ത്രിമാന മാതൃക നിർമ്മിച്ച് മോഡൽ പരമാവധി 2 ച. മീ. സ്ഥലത്ത് ഒതുങ്ങുന്നതാവണം. പ്രകൃതിയ്ക്ക് അനുയോജ്യമായ (eco friendly) പദാർത്ഥങ്ങളാണ് നിർമാണത്തിന് ഉപയോഗിക്കേണ്ടതാണ്.

5. **വർക്കിംഗ് മോഡൽ**

ഗണിതശാസ്ത്ര ആശയങ്ങൾ പ്രവർത്തനത്തിലൂടെ അവതരിപ്പിക്കുവാനോ, വിശദീകരിക്കുവാനോ തെളിയിക്കുവാനോ സാധിക്കുന്ന തരത്തിലുള്ള ഒരു മാതൃക ഈ ഇനത്തിൽ നിർമ്മിക്കാം. മോഡൽ പരമാവധി 2 ച.മീ. സ്ഥലത്ത് ഒതുങ്ങുന്നതാവണം. ഗ്രീൻ പ്രോട്ടോകോൾ കർശനമായി പാലിക്കേണ്ടതാണ്. പ്രകൃതിയ്ക്ക് അനുയോജ്യമായ പദാർത്ഥങ്ങൾ ഉപയോഗിക്കേണ്ടതാണ്.

6. **പ്യൂവർ കൺസ്ട്രക്ഷൻ**

റൂളർ (അങ്കനം ചെയ്യാത്ത സ്കെയിൽ), കോമ്പസ് എന്നിവ മാത്രം

ഉപയോഗിച്ചുള്ള നിർമ്മിതി. നിർമ്മാണ പ്രക്രിയയിൽ നിർമിതിയുടെ അടിസ്ഥാനഘടകങ്ങളായ സൂക്ഷ്മത, കൃത്യത ഇവയ്ക്ക് പരിഗണന നൽകണം. ചാർട്ടിന്റെ വലിപ്പത്തിലായിരിക്കണം നിർമ്മിതികൾ. പെൻസിൽ ഉപയോഗിച്ചാണ് വരയ്ക്കേണ്ടത്. നിറം നല്കാൻ പാടില്ല. 3 ചാർട്ടുകൾ വരെ ഉപയോഗിക്കാവുന്നതാണ്.

## 7. Construction Using Geogebra Software (ജിയോജിബ്ര സോഫ്റ്റ് വെയർ ഉപയോഗിച്ചുള്ള നിർമ്മിതി)

ഗണിത ശാസ്ത്ര പഠനത്തിന് സഹായകരമായ ഒരു സോഫ്റ്റ് വെയർ ആണ് ജിയോജിബ്ര. ജ്യാമിതിയിലെ മൂർത്തവും അമൂർത്തവുമായ ആശയങ്ങളെ മനോഹരവും ചലനാത്മകവുമായി ദൃശ്യവത്ക്കരിക്കാൻ ജിയോജിബ്ര ക്ലാസ്സ് മുറികളിൽ ഫലപ്രദമായി ഉപയോഗിച്ചുവരുന്നു.

### നിർദ്ദേശങ്ങൾ

1. ഈ മത്സരം തത്സമയമായാണ് നടത്തുന്നത്.
2. മത്സരത്തിന്റെ ഭാഗമായി $1^{1}/_{2}$ മണിക്കൂർ സമയംകൊണ്ട് ജിയോജിബ്ര സോഫ്റ്റ് വെയർ ഉപയോഗിച്ച് ഒരു അപ്ലറ്റ് മത്സരാർത്ഥി തയ്യാറാക്കണം. ഇത് നിശ്ചിത സയമത്തിനുള്ളിൽ സേവ് ചെയ്യണം. ലാപ്ടോപ്പുകൾ സംഘാടകർ നൽകണം.
3. ലാപ്ടോപ്പുകളുടെ ലഭ്യതയനുസരിച്ച് മത്സരാർത്ഥികളെ ബാച്ചുകളായി തിരിച്ച് മത്സരം നടത്താം. ഒന്നിൽ കൂടുതൽ ബാച്ച് വേണ്ടിവരുന്ന അവസരത്തിൽ ആദ്യ ബാച്ചിലെ മത്സരാർത്ഥികൾ സേവ് ചെയ്ത അപ്ലറ്റുകൾ ഒരു പെൻഡ്രൈവിലേയ്ക്ക്

മാറ്റി ജഡ്ജസിനു നൽകിയിരിക്കുന്ന ലാപ്ടോപ്പിലേയ്ക്ക് മത്സരാർത്ഥിയുടെ കോഡ് നമ്പർ ഫയൽനാമമായി നൽകി സേവ് ചെയ്യണം

4. എല്ലാ മത്സരാർത്ഥികളുടെയും ഫയലുകൾ സേവ് ചെയ്ത് കഴിഞ്ഞാൽ കോഡ് നമ്പർ അനുസരിച്ച് അവതരണം ആരംഭിക്കണം.

5. അവതരണ സമയം പരമാവധി 5 മിനിറ്റ് ആയിരിക്കും

6. അവതരണത്തിന് പ്രോജക്ടർ, സ്ക്രീൻ എന്നിവ ഉപയോഗിക്കാവുന്നതാണ്.

7. അവതരണത്തിന്റെ വീഡിയോ ചിത്രീകരിച്ച് ആവശ്യമെങ്കിൽ അത് ജഡ്ജസിന് മൂല്യനിർണയത്തിനായി പ്രയോജനപ്പെടുത്താം.

### പ്രോജക്ട് വിഭാഗം

ഗവേഷണാത്മകമായ പഠനമാണ് പ്രോജക്ട്. പ്രോജക്ട് റിപ്പോർട്ട് അനിവാര്യമാണ്. പരമാവധി 50 പേജ്. അതുപ്രകാരം പ്രോജക്ട് തയ്യാറാക്കി അവതരിപ്പിക്കേണ്ടതാണ്.

### 8. സിംഗിൾ പ്രോജക്ട്

വിഷയം ഗണിതശാസ്ത്രപരമായിരിക്കണം. സാമൂഹ്യ വിഷയങ്ങളിൽ സ്റ്റാറ്റിസ്റ്റിക്സ് ഉപയോഗിച്ച് നടത്തുന്ന പഠനം ഗണിത പ്രോജക്ട് അല്ല. പ്രോജക്ട് റിപ്പോർട്ട് കൈയെഴുത്ത് പ്രതിയായിരിക്കണം. റിപ്പോർട്ട് എ 4 പേപ്പറിൽ ഒരു പുറം മാത്രം എഴുതി ബൈൻഡ് ചെയ്യണം. കവറിന് പുറത്തും ഒന്നാം പേജിലും വിഷയം എഴുതുക. പേജ് 2–ൽ സംഗ്രഹം അവസാനം റഫറൻസും കാണിക്കണം. പ്രോജക്ട് അവതരിപ്പിക്കണം. അവതരണത്തിന് പരമാവധി 10 മിനിറ്റ്. അവതരണത്തെ സഹായിക്കാൻ 5 ചാർട്ട് /മോഡൽ/ സ്ലൈഡ് മാത്രം ഉപയോഗിക്കാം. പ്രോജക്ട് റിപ്പോർട്ടിന്റെ 3 ഫോട്ടോസ്റ്റാറ്റ് കോപ്പി നല്കേണ്ടതാണ്. (ബൈൻഡ് ചെയ്യണമെന്നില്ല). ICT സങ്കേ

തങ്ങളും ഉപയോഗിക്കാവുന്നതാണ്.

### 9. ഗ്രൂപ്പ് പ്രോജക്ട്

സിംഗിൾ പ്രോജക്ടിന്റെ എല്ലാ നിയമാവലികളും ഇതിനും ബാധകമാണ്. ഈ ഇനത്തിൽ 2 പേർ പങ്കെടുക്കണം. ഓരോരുത്തരുടെയും പങ്കാളിത്തം വ്യക്തമായിരിക്കണം.

### 10. ഗെയിം

രണ്ടോ അതിലധികമോ പേർക്ക് ഒരേ സമയം കളിക്കാനാവുന്നതും ഗണിതശാസ്ത്ര മൂല്യങ്ങൾ ഉൾകൊള്ളുന്നതുമായിരിക്കണം. കളിക്കളവും കരുക്കളും അനിവാര്യമാണ്. കളിക്ക് ഒരു നിയമം ഉണ്ടായിരിക്കണം. കളിയുടെ അവസാനം ഫലത്തെ സംബന്ധിച്ച് തീരുമാനമുണ്ടാക്കണം. ഈ ഇനത്തിൽ ഒരു ഗെയിം മാത്രമെ അവതരിപ്പിക്കാൻ പാടുള്ളു.

### 11. പസിൽ

കൗതുകമുണർത്തുന്നതും ഗണിതശാസ്ത്രാശയങ്ങൾ ഉൾപ്പെട്ടിട്ടുള്ളതുമായ ചോദ്യങ്ങൾ ഈ ഇനത്തിൽപെടും. ഒരെണ്ണം മാത്രമെ അവതരിപ്പിക്കാൻ പാടുള്ളൂ

## E. മൂല്യനിർണ്ണയ സൂചകങ്ങൾ

### 1. Number Chart

1. Knowledge of content & Mathematical value - 30%
2. Relationship with curriculum - 20%
3. Mode of presentation & write up - 25%
4. Beauty and perfection - 15%
5. Exhibition - 10%



.

**2. Geometrical Chart**

1. Knowledge of content & Mathematical value - 30%
2. Relationship with curriculum - 20%
3. Mode of presentation & write up - 25%
4. Beauty and perfection - 15%
5. Exhibition - 10%

**3. Other Chart**

1. Knowledge of content & Mathematical value - 30%
2. Relationship with curriculum - 20%
3. Mode of presentation & write up - 25%
4. Beauty and perfection - 15%
5. Exhibition - 10%

**4. Still Model**

1. Knowledge of content & Mathematical value - 30%
2. Relationship with curriculum - 20%
3. Mode of presentation & write up - 25%
4. Utility and craftsmanship - 15%
5. Exhibition - 10%

**5. Working Model**

1. Knowledge of content & Mathematical value - 30%
2. Relationship with curriculum - 20%
3. Mode of presentation & write up - 25%
4. Utility and craftsmanship - 15%
5. Exhibition - 10%

**6. Pure Construction**

1. Knowledge of content & Mathematical value - 30%
2. Relationship with curriculum - 20%
3. Mode of presentation & write up - 25%
4. Accuracy, preciseness & beauty - 15%
5. Exhibition - 10%

## 7. Construction Using Geogebra Software

1. പാഠപുസ്തകത്തിലെ ആശയങ്ങൾ, ആശയങ്ങളുടെ വളർച്ച, തുടർച്ച (20%)
2. ആകർഷീയത, ചലനാത്മകത, കോമ്പോസിഷൻ (20%)
3. സാങ്കേതിക മികവ്, ടൂളുകളുടെ ഫലപ്രദമായ ഉപയോഗം (40%)
4. അവതരണത്തിലെ മികവ്, ആശയവിനിമയ ശേഷി (20%)

**8. Game**

1. Knowledge of content & Mathematical value - 30%
2. Relationship with curriculum - 20%
3. Mode of presentation & write up - 25%
4. Enjoyment value and creativity of the game - 15%
5. Exhibition - 10%

**9. Puzzle**

1. Knowledge of content & Mathematical value - 30%
2. Relationship with curriculum - 20%
3. Mode of presentation & write up - 25%
4. Logical thinking and reasoning - 15%
5. Exhibition - 10%

**10. Single Project**

1. Knowledge of content & Mathematical value - 30%

2. Relationship with curriculum - 20%

3. Mode of presentation - 25%

4. Project report and supporting materials - 15%

5. Exhibition - 10%

**11. Group Project**

1. Knowledge of content & Mathematical value - 30%
2. Relationship with curriculum - 20%
3. Mode of presentation - 25%
4. Project report and supporting materials - 15%
5. Exhibition - 10%

**12. Teaching Aid**

1. Knowledge of content & Mathematical value - 30%
2. Relationship with curriculum - 20%
3. Mode of presentation & write up - 25%
4. Utility and classroom impact - 15%
5. Exhibition - 10%

**13. Magazine**

Mathematical value - 40%

Variety - 30%

Layout - 20%

Accuracy & beauty - 10%

## F. ഗണിതശാസ്ത്ര ക്വിസ് മത്സരങ്ങൾ



- ഗണിതശാസ്ത്ര പ്രതിഭകളെ കണ്ടെത്തുന്നതിനുള്ള ഫലപ്രദമായ ഒരു ഉപാധിയാണ് ഗണിതശാസ്ത്ര ക്വിസ് മത്സരങ്ങൾ. ക്വിസ് മത്സരത്തിൽ ഒന്നാം സ്ഥാനം ലഭിച്ച പോയിന്റ് അടിസ്ഥാനപ്പെടുത്തി ഗ്രേഡ് നിർണയിക്കേണ്ടതാണ്.

- ക്വിസ്സ് മത്സരങ്ങൾ താഴെ പറയുന്ന തലങ്ങളിലും വിഭാഗങ്ങളിലും നടത്തേണ്ടതാണ്.

1. **സ്കൂൾതലം**

- സ്കൂൾ തലത്തിൽ (LP, UP, HS, HSS/VHSS) വിഭാഗങ്ങൾക്ക് ഗണിതശാസ്ത്ര ക്വിസ്സ് മത്സരങ്ങൾ നടത്തുന്നതിനുള്ള ഉത്തരവാദിത്വം ഹെഡ്മാസ്റ്ററുടെ/ പ്രിൻസിപ്പാളിന്റെ നേതത്വത്തിൽ ഗണിതശാസ്ത്ര ക്ലബ്ബ് കോഓർഡിനേറ്ററിൽ നിക്ഷിപ്തമായിരിക്കും. ക്വിസ് മത്സരങ്ങളിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ ലഭിക്കുന്നവർക്ക് സർട്ടിഫിക്കറ്റുകളും പ്രോത്സാഹന സമ്മാനങ്ങളും നല്കേണ്ടതാണ്. ഓരോ വിഭാഗത്തിലും ഒന്നാം സ്ഥാനത്തിന് അർഹരാകുന്ന കുട്ടികളെ ഉപ ജില്ലാ ക്വിസ് മത്സരത്തിൽ പങ്കെടുക്കേണ്ടതാണ്. ഉപജില്ലാതല മത്സരങ്ങളിൽ പങ്കെടുക്കുന്നവർക്ക് ഹെഡ്മാസ്റ്ററുടെ/ പ്രിൻസിപ്പാളിന്റെ സാക്ഷ്യപത്രം ഹാജരാക്കണം.

2. **ഉപ ജില്ലാതലം**

- ഉപ ജില്ലാതല LP, UP, HS, HSS/VHSS ക്വിസ് മത്സരങ്ങൾ നടത്തുന്ന തീയതികളും വേദികളും ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ തീരുമാനിക്കേണ്ടതാണ്. ഓരോ വിഭാഗത്തിലും ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ ലഭിക്കുന്നവർക്ക് സർട്ടിഫിക്കറ്റുകളും പ്രോത്സാഹന സമ്മാനങ്ങളും നല്കേണ്ടതാണ്. ഓരോ വിഭാഗത്തിലും ഒന്നും രണ്ടും സ്ഥാനത്തിന് അർഹരാകുന്ന കുട്ടികളെ റവന്യു ജില്ലാതല ക്വിസ്സ് മത്സരത്തിൽ പങ്കെടുപ്പിക്കേണ്ടതാണ്.

3. **റവന്യു ജില്ലാതലം**

- വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ ആഭിമുഖ്യത്തിലാണ് റവന്യു ജില്ലാതല ഗണിതശാസ്ത്ര ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കേണ്ടത്. HS, HSS/VHSS വിഭാഗത്തിനാണ് ഈ മത്സരം. ഉപ ജില്ലാതല മത്സരത്തിൽ ഒന്നും രണ്ടും സ്ഥാനം ലഭിച്ചവർ റവന്യു ജില്ലാതല ക്വിസ് മത്സരത്തിൽ പങ്കെടുക്കേണ്ടതാണ്. ഓരോ വിഭാഗത്തിലും ഒന്നും രണ്ടും സ്ഥാനം ലഭിക്കുന്നവർക്ക് സർട്ടിഫിക്കറ്റുകളും പ്രോത്സാഹന സമ്മാനങ്ങളും നല്കേണ്ടതാണ്.

**4. സംസ്ഥാന തലം HS, HSS/VHSS**

- റവന്യു ജില്ലാതല ഗണിതശാസ്ത്ര ക്വിസ് മത്സരത്തിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ ലഭിച്ചവർക്ക് മാത്രമേ സംസ്ഥാനതല ക്വിസ് മത്സരത്തിൽ പങ്കെടുക്കാൻ അർഹതയുള്ളൂ. സംസ്ഥാനതല മത്സരത്തിൽ പങ്കെടുക്കുന്നവർക്ക് ഗ്രേഡോടു കൂടിയ പാർട്ടിസിപ്പെന്റ് സർട്ടിഫിക്കറ്റുകളും നല്കുന്നതാണ്. സംസ്ഥാന തലത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ ലഭിക്കുന്നവർക്ക് സർട്ടിഫിക്കറ്റും ക്യാഷ് അവാർഡുകളും നൽകുന്നതാണ്.

## G. മാഗസിൻ മത്സരം

- മാഗസിൻ മത്സരം LP വിഭാഗം ഉപ ജില്ലാതലം വരെയും ഡജ വിഭാഗം റവന്യു ജില്ലാതലം വരെയും HS, HSS/VHSS വിഭാഗങ്ങൾക്ക് സംസ്ഥാനതലം വരെയും ഗണിതശാസ്ത്രമേളയോടനുബന്ധിച്ച് നടത്തേണ്ടതാണ്. മേളയുടെ ചാമ്പ്യൻഷിപ്പ് കണക്കാക്കുന്നതിന് മാഗസിൻ മത്സരഫലം **പരിഗണിക്കുന്നതല്ല.** മത്സരത്തിനായുള്ള മാഗസിൻ ഗണിതശാസ്ത്രക്ലബ് അംഗങ്ങൾ തയ്യാറാക്കേണ്ടതാണ്. മാഗസിന്റെ ഉള്ളടക്കത്തിൽ ഗണിതകഥകൾ, ഗണിതകവിതകൾ, ഗണിതഗാനം, ഗണിതകൗതുകം, പസ്സിൽസ്, ഗെയിംസ്, സംഖ്യാ പാറ്റേണുകൾ, ജ്യോമട്രിക്കൽ പാറ്റേണുകൾ, കുസൃതി കണക്കുകൾ, ഗണിതചിത്രങ്ങൽ, ഗണിതകാർട്ടൂൺ, ഗണിതചരിത്രം, ശാസ്ത്രജ്ഞൻമാർ, സംഭാവനകൾ, ഗണിതശാസ്ത്ര കടങ്കഥകൾ, പഴഞ്ചൊല്ലുകൾ, ഗണിതവും പ്രകൃതിയുമായുള്ള ബന്ധം, ഗണിതശാസ്ത്ര സംബന്ധമായ കാര്യങ്ങൾ ഇവ ഉൾപ്പെടുത്താം. ചിത്രങ്ങളോ കുറിപ്പുകളോ മാഗസിനിൽ വെട്ടി ഒട്ടിക്കാൻ പാടില്ല. മാഗസിൻ കയ്യെഴുത്ത് പ്രതി ആയിരിക്കണം. പുറംചട്ട ഉണ്ടായിരിക്കണം. ബൈൻഡ് ചെയ്യണം. സ്പൈറൽ ബൈൻഡിംങ് പാടില്ല. മാഗസിന് ഒരു പേര് ഉണ്ടായിരിക്കണം. മാഗസിനിൽ സ്കൂളിന്റെ പേരോ ഉപ ജില്ല/വിദ്യാഭ്യാസ ജില്ല/ റവന്യു ജില്ല എന്നിവയുടെ പേരോ മറ്റ് തിരിച്ചറിയൽ അടയാളങ്ങളോ പാടില്ല. മാഗസിനുകൾ തിരിച്ചറിയുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ പാടില്ല. മാഗസിനുകൾ തിരിച്ചറിയുന്ന രീതിയിലുള്ള രേഖപ്പെടുത്തലുകൾ കണ്ടെത്തിയാൽ അവ മൂല്യനിർണയത്തിന് പരിഗണിക്കുന്നതല്ല. എ4

പേപ്പറിന്റെ ഒരു വശം മാത്രമേ എഴുതുവാൻ പാടുള്ളൂ. പുറം ചട്ട ഉൾപ്പെടെ 50 പേജ്. മത്സരത്തിന്റെ മൂല്യനിർണയത്തിന് ശേഷം സമ്മാനാർഹമായ മാഗസിൻ ഒഴികെ ബാക്കി പഞ്ച് ചെയ്ത് മേള നടക്കുന്ന സ്ഥലത്തു വച്ച് തന്നെ തിരിച്ച് നല്കേണ്ടതാണ്. ഗണിതശാസ്ത്രമേളയുടെ രജിസ്ട്രേഷൻ ദിവസം തന്നെ മാഗസിൻ മത്സരത്തിനായി ഏല്പിക്കേണ്ടതാണ്.

**മൂല്യനിർണയ മാനദണ്ഡങ്ങൾ**

| | |
|---|---|
| (a) ഗണിതമൂല്യം | – 40% |
| (b) വൈവിധ്യത | – 30% |
| (c) ഉള്ളടക്കത്തിന്റെ ക്രമീകരണം | – 20% |
| (d) മാഗസിന്റെ കെട്ടും മട്ടും ഭംഗിയും | – 10% |

ചിത്രങ്ങളോ കുറിപ്പുകളോ മാഗസിനിൽ വെട്ടി ഒട്ടിക്കാൻ പാടില്ല

**യു.പി. വിഭാഗത്തിന് മാത്രമായ പുതിയ മത്സര ഇനം**

**മാധവ പേപ്പർ പ്രസന്റേഷൻ**

**യു.പി. വിഭാഗം – ഉപജില്ലാതലം വരെ**

പേപ്പർ പ്രസന്റേഷനുള്ള വിഷയം ഓരോ വർഷവും സംസ്ഥാന തലത്തിൽ തീരുമാനിക്കേണ്ടതാണ്. സ്കൂൾതല മത്സരങ്ങളിൽ ഒന്നാം സ്ഥാനം ലഭിക്കുന്ന മത്സരാർത്ഥിക്ക് ഉപജില്ലാ മത്സരത്തിൽ പങ്കെടുക്കാം. ഈ വിഭാഗത്തിൽ 1, 2, 3 ഉം സ്ഥാനം ലഭിക്കുന്നവർക്ക് സർട്ടിഫിക്കറ്റുകളും പ്രോത്സാഹന സമ്മാനങ്ങളും നൽകേണ്ടതാണ്.



- ഉപജില്ലയിൽ മുൻകൂട്ടി നൽകിയ മൂന്ന് വിഷയങ്ങളിൽ ഒരെണ്ണം വിധികർത്താക്കൾ നറുക്കിട്ട് എടുത്തു നൽകുന്ന

താണ്. അവതരണത്തിനുള്ള പേപ്പർ തയ്യാറാക്കാൻ 2 മണി ക്കൂർ സമയം അനുവദിക്കും.

- പേപ്പർ തയ്യാറാക്കാൻ മുദ്ര പതിപ്പിച്ച എ4 പേപ്പർ നൽകുന്ന താണ്.
- അവതരണത്തിനുള്ള പേപ്പർ കയ്യെഴുത്ത്പ്രതിയായിരി ക്കണം. പരമാവധി 5 പേജ്.
- മത്സരത്തിന് ആവശ്യമെങ്കിൽ പേപ്പർ നോക്കി അവതരിപ്പി ക്കാവുന്നതാണ്.
- അവതരണത്തിനുള്ള സമയം എല്ലാ തലങ്ങളിലും 5 മിനിട്ടും അഭിമുഖത്തിനുള്ള സമയം 3 മിനിട്ടും ആയിരി ക്കും.
- മൊബൈൽഫോൺ യാതൊരു കാരണവശാലും അനുവദ നീയമല്ല.

മൂല്യനിർണ്ണയ മാനദണ്ഡങ്ങൾ

| | | | |
|---|---|---|---|
| 1. | Presentation | - | 30% |
| 2. | Content & Mathematical value | - | 30% |
| 3. | Interview | - | 20% |
| 4. | Paper & Supporting Materials | - | 20% |



## H ഭാസ്ക്കരാചാര്യ സെമിനാർ

എച്ച്.എസ്. വിഭാഗത്തിനു മാത്രമായി

- HSവിഭാഗത്തിൽ നടത്തുന്ന ഈ മത്സരം സ്കൂൾ തലത്തിലും, ഉപ ജില്ലാതലത്തിലും, റവന്യു ജില്ലാതലത്തിലും സംസ്ഥാനതല

ത്തിലും നടത്തുന്നതാണ്. മത്സരത്തിനു വിഷയം സംസ്ഥാനതല ത്തിൽ ഓരോ വർഷവും തീരുമാനിക്കുന്നതാണ്. സ്കൂൾതല മത്സരത്തിൽ ഒന്നാം സ്ഥാനം ലഭിച്ച ഒരു വിദ്യാർത്ഥിക്ക് ഉപ ജില്ലാ തലത്തിൽ പങ്കെടുക്കാം. സ്കൂൾതല മത്സരത്തിന്റെ ഉത്ത രവാദിത്വം ഹെഡ്മാസ്റ്ററുടെ നേതൃത്വത്തിൽ ഗണിതശാസ്ത്ര ക്ലബ്ബ് കോ–ഓർഡിനേറ്ററിൽ നിക്ഷിപ്തമായിരിക്കും. ഉപ ജില്ല വിദ്യാ ഭ്യാസ ഓഫീസറുടെ നേതൃത്വത്തിൽ ഉപജില്ലാതല മത്സരം നട ¯ ₩ w. D] ₽ nÃ Ь nÂ H¶ pw രണ്ടും സ്ഥാനം ലഭിച്ചവർക്ക് റവന്യു ജില്ലാതല മത്സരത്തിൽ പങ്കെടുക്കാം. വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയ റക്ടറുടെ ആഭിമുഖ്യത്തിൽ റവന്യു ജില്ലാതല മത്സരം നടത്ത ണം. റവന്യു ജില്ലയിൽ ഒന്നും രണ്ടും സ്ഥാനം ലഭിച്ച കുട്ടി കൾക്ക് സംസ്ഥാനതല മത്സരത്തിൽ പങ്കെടുക്കാം. ഓരോ വിഭാ ഗത്തിലും ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ ലഭിക്കുന്നവർക്ക് സർട്ടിഫിക്കറ്റുകളും പ്രോത്സാഹന സമ്മാനങ്ങളും ക്യാഷ് അവാർഡും നല്കേണ്ടതാണ്. സംസ്ഥാനതല മത്സരത്തിൽ പങ്കെ ടുക്കുന്നവർക്ക് ഗ്രേഡോടു കൂടിയ പാർട്ടിസിപ്പെന്റ് സർട്ടിഫിക്ക റ്റുകളും നല്കേണ്ടതാണ്.

## പൊതുനിർദ്ദേശങ്ങൾ

- പേപ്പർ പ്രസന്റേഷനുള്ള വിഷയം ഓരോ വർഷവും സംസ്ഥാനതലത്തിൽ തീരുമാനിക്കേണ്ടതാണ്.

- സ്കൂൾ തല മത്സരങ്ങളിൽ ഒന്നാം സ്ഥാനം ലഭിക്കുന്ന മത്സരാർത്ഥിക്ക് ഉപജില്ലാ മത്സരത്തിൽ പങ്കെടുക്കാം. ഉപജില്ലയിൽ ഒന്നും, രണ്ടും സ്ഥാനം ലഭിച്ചവർക്ക് റവന്യൂ ജില്ലാതലത്തിലും റവന്യൂ ജില്ലയിൽ ഒന്നും രണ്ടും സ്ഥാനം ലഭിച്ചവർക്ക് സംസ്ഥാനതലത്തിലും പങ്കെടുക്കാവുന്നതാണ്. മത്സരത്തിൽ പങ്കെടുക്കുന്നവർക്ക് ഗ്രേഡോടുകൂടിയ

പാർട്ടിസിപ്പേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതാണ്. സംസ്ഥാനതലത്തിലെ ആദ്യ മൂന്നു സ്ഥാനങ്ങൾക്ക് ക്യാഷ് അവാർഡും പ്രോൽസാഹന സമ്മാനവും നൽകുന്നതാണ്.

❖ ഉപജില്ലാ, റവന്യൂജില്ലാ തലങ്ങളിൽ മുൻകൂട്ടി നൽകിയ മൂന്നു വിഷയങ്ങളിൽ ഒരെണ്ണം വിധികർത്താക്കൾ നറുക്കിട്ട് എടുത്ത് നൽകുന്നതാണ്. അവതരണത്തിനുള്ള പേപ്പർ തയ്യാറാക്കാൻ 2 മണിക്കൂർ സമയം അനുവദിക്കും.

❖ സംസ്ഥാനതലത്തിൽ വിഷയം മുൻകൂട്ടി നൽകുന്നതല്ല. മത്സര ദിവസം രാവിലെ വിഷയം നൽകുകയും തുടർന്ന് പേപ്പർ, ചാർട്ട്, മൾട്ടിമീഡിയ പ്രസന്റേഷൻ എന്നിവ തയ്യാറാക്കുന്നതിന് 3 മണിക്കൂർ സമയം അനുവദിക്കുന്നതാണ്.

❖ മത്സരാർത്ഥികൾ ലാപ്ടോപ്പ്/ചാർട്ട് എന്നിവ കൊണ്ടുവരേണ്ടതാണ്.

❖ ഇന്റർനെറ്റ് സൗകര്യം ഏർപ്പെടുത്തുന്നതാണ്.

❖ പേപ്പർ തയ്യാറാക്കാൻ മുദ്രപതിപ്പിച്ച A4 പേപ്പർ നൽകുന്നതാണ്.

❖ അവതരണത്തിനുള്ള പേപ്പർ കൈയെഴുത്ത് പ്രതി ആയിരിക്കണം. പരമാവധി 5 പേജ്.

❖ മത്സരത്തിന് ആവശ്യമെങ്കിൽ പേപ്പർ നോക്കി അവതരിപ്പിക്കാവുന്നതാണ്.

❖ അവതരണത്തിനുള്ള സമയം എല്ലാ തലങ്ങളിലും 5 മിനിട്ടും, അഭിമുഖത്തിനുള്ള സമയം 3 മിനിട്ടും ആയിരിക്കും.

❖ മൊബൈൽ ഫോൺ, Chat GPT, Artificial Inteligence എന്നിവയുടെ സഹായത്തോടുകൂടി പ്രവർത്തിക്കുന്ന വെബ്സൈറ്റുകൾ യാതൊരു കാരണവശാലും അനുവദനീയമല്ല.

മൂല്യനിർണ്ണയ മാനദണ്ഡങ്ങൾ

| | | | |
|---|---|---|---|
| 1. | Presentation | - | 30% |
| 2. | Content & Mathematical value | - | 30% |
| 3. | Interview | - | 20% |
| 4. | Paper & Supporting Materials | - | 20% |

## I. ശ്രീനിവാസ രാമനാനുജൻ പേപ്പർ പ്രസന്റേഷൻ മത്സരം എച്ച്.എസ്.എസ്./വി.എച്ച്.എസ്.എസ് വിഭാഗത്തിനു മാത്രമായി

HSS/VHSS വിഭാഗത്തിൽ നടത്തുന്ന ഈ മത്സരം സ്കൂൾ തലത്തിലും, ഉപ ജില്ലാതലത്തിലും, റവന്യു ജില്ലാതലത്തിലും സംസ്ഥാന തലത്തിലും നടത്തുന്നതാണ്. മത്സരത്തിനുള്ള വിഷയം സംസ്ഥാനതലത്തിൽ ഓരോ വർഷവും തീരുമാനിക്കുന്നതാണ്. സ്കൂൾതല മത്സരത്തിൽ ഒന്നാം സ്ഥാനം ലഭിച്ച ഒരു വിദ്യാർത്ഥിക്ക് ഉപ ജില്ലാതല മത്സരത്തിൽ പങ്കെടുക്കാം. സ്കൂൾതല മത്സരത്തിന്റെ ഉത്തരവാദിത്വം ഹെഡ്മാസ്റ്ററുടെ/ പ്രിൻസിപ്പാളിന്റെ നേതൃത്വത്തിൽ നിക്ഷിപ്തമായിരിക്കും. ഉപ ജില്ല വിദ്യാഭ്യാസ ഓഫീസറുടെ നേതൃത്വത്തിൽ ഉപ ജില്ലാതല മത്സരം നടത്തണം. ഉപ ജില്ലയിൽ ഒന്നും രണ്ടും സ്ഥാനം ലഭിച്ചവർക്ക് റവന്യു ജില്ലാതല മത്സരത്തിൽ പങ്കെടുക്കാം. വിദ്യാഭ്യാസ ഡപ്യൂട്ടി ഡയറക്ടറുടെ ആഭിമുഖ്യത്തിൽ റവന്യു ജില്ലാതല മത്സരം നടത്തണം. റവന്യു ജില്ലയിൽ ഒന്നും രണ്ടും സ്ഥാനം ലഭിച്ചവർക്ക് സംസ്ഥാനതല മത്സരത്തിൽ പങ്കെടുക്കാം. ഓരോ

വിഭാഗത്തിലും ഒന്നും രണ്ടും സ്ഥാനങ്ങൾ ലഭിക്കുന്നവർക്ക് സർട്ടിഫിക്കറ്റുകളും പ്രോത്സാഹന സമ്മാനങ്ങളും ക്യാഷ് അവാർഡും നല്കേണ്ടതാണ്. സംസ്ഥാനതല മത്സരത്തിൽ പങ്കെടുക്കുന്നവർക്ക് ഗ്രേഡോടു കൂടിയ പാർട്ടിസിപ്പെന്റ് സർട്ടിഫിക്കറ്റുകളും നല്കേണ്ടതാണ്.

**<u>പൊതുനിർദ്ദേശങ്ങൾ</u>**

- ❖ പേപ്പർ പ്രസന്റേഷനുള്ള വിഷയം ഓരോ വർഷവും സംസ്ഥാനതലത്തിൽ തീരുമാനിക്കേണ്ടതാണ്.
- ❖ സ്കൂൾ തല മത്സരങ്ങളിൽ ഒന്നാം സ്ഥാനം ലഭിക്കുന്ന മത്സരാർത്ഥിക്ക് ഉപജില്ലാ മത്സരത്തിൽ പങ്കെടുക്കാം. ഉപജില്ലയിൽ ഒന്നും, രണ്ടും സ്ഥാനം ലഭിച്ചവർക്ക് റവന്യൂ ജില്ലാതലത്തിലും റവന്യൂ ജില്ലയിൽ ഒന്നും രണ്ടും സ്ഥാനം ലഭിച്ചവർക്ക് സംസ്ഥാനതലത്തിലും പങ്കെടുക്കാവുന്നതാണ്. മത്സരത്തിൽ പങ്കെടുക്കുന്നവർക്ക് ഗ്രേഡോടുകൂടിയ പാർട്ടിസിപ്പേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതാണ്. സംസ്ഥാനതലത്തിലെ ആദ്യ മൂന്നു സ്ഥാനങ്ങൾക്ക് ക്യാഷ് അവാർഡും പ്രോൽസാഹന സമ്മാനവും നൽകുന്നതാണ്.
- ❖ ഉപജില്ലാ, റവന്യൂജില്ലാ തലങ്ങളിൽ മുൻകൂട്ടി നൽകിയ മൂന്നു വിഷയങ്ങളിൽ ഒരെണ്ണം വിധികർത്താക്കൾ നറുക്കിട്ട് എടുത്ത് നൽകുന്നതാണ്. അവതരണത്തിനുള്ള പേപ്പർ തയ്യാറാക്കാൻ 2 മണിക്കൂർ സമയം അനുവദിക്കും.
- ❖ സംസ്ഥാനതലത്തിൽ വിഷയം മുൻകൂട്ടി നൽകുന്നതല്ല. മത്സര ദിവസം രാവിലെ വിഷയം നൽകുകയും തുടർന്ന് പേപ്പർ, ചാർട്ട്, മൾട്ടിമീഡിയ പ്രസന്റേഷൻ എന്നിവ തയ്യാറാക്കുന്നതിന് 3 മണിക്കൂർ സമയം അനുവദിക്കുന്നതാണ്

- ❖ മത്സരാർത്ഥികൾ ലാപ്ടോപ്പ്/ചാർട്ട് എന്നിവ കൊണ്ടുവരേണ്ടതാണ്.
- ❖ ഇന്റർനെറ്റ് സൗകര്യം ഏർപ്പെടുത്തുന്നതാണ്.
- ❖ പേപ്പർ തയ്യാറാക്കാൻ മുദ്രപതിപ്പിച്ച A4 പേപ്പർ നൽകുന്നതാണ്.
- ❖ അവതരണത്തിനുള്ള പേപ്പർ കൈയെഴുത്ത് പ്രതി ആയിരിക്കണം. പരമാവധി 5 പേജ്.
- ❖ മത്സരത്തിന് ആവശ്യമെങ്കിൽ പേപ്പർ നോക്കി അവതരിപ്പിക്കാവുന്നതാണ്.
- ❖ അവതരണത്തിനുള്ള സമയം എല്ലാ തലങ്ങളിലും 5 മിനിട്ടും, അഭിമുഖത്തിനുള്ള സമയം 3 മിനിട്ടും ആയിരിക്കും.
- ❖ മൊബൈൽ ഫോൺ, Chat GPT, Artificial Inteligence എന്നിവയുടെ സഹായത്തോടുകൂടി പ്രവർത്തിക്കുന്ന വെബ്സൈറ്റുകൾ യാതൊരു കാരണവശാലും അനുവദനീയമല്ല.

<u>മൂല്യനിർണ്ണയ മാനദണ്ഡങ്ങൾ</u>

| | | | |
|---|---|---|---|
| 1. | Presentation | - | 30% |
| 2. | Content & Mathematical value | - | 30% |
| 3. | Interview | - | 20% |
| 4. | Paper & Supporting Materials | - | 20% |

## J. ടാലന്റ് സെർച്ച് എക്സാമിനേഷൻ

- UP, HS, HSS/VHSS വിഭാഗത്തിൽ നടത്തുന്ന ഈ മത്സരം സ്കൂൾതലത്തിലും, ഉപ ജില്ലാതലത്തിലും. റവന്യു ജില്ലാതലത്തിലും സംസ്ഥാനതലത്തിലും നടത്തേണ്ടതാണ്. സ്കൂൾതല മത്സരത്തിൽ ഒന്നാം സ്ഥാനം ലഭിച്ച ഒരു വിദ്യാർത്ഥിക്ക് ഉപജില്ലാ തല മത്സരത്തിൽ പങ്കെടുക്കാം. സ്കൂൾതല മത്സരത്തിന്റെ ഉത്തരവാദിത്വം ഹെഡ്മാസ്റ്ററുടെ/പ്രിൻസിപ്പാളിന്റെ നേതൃത്വത്തിൽ ഗണിതശാസ്ത്ര ക്ലബ്ബ് കോ–ഓർഡിനേറ്ററിൽ നിക്ഷിപ്തമായിരിക്കും. ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ നേതൃത്വത്തിൽ ഉപ ജില്ലാതല മത്സരം നടത്തണം. ഉപ ജില്ലയിൽ ഒന്നും രണ്ടും സ്ഥാനം ലഭിച്ചവർക്ക് റവന്യു ജില്ലാതല മത്സരത്തിൽ പങ്കെടുക്കാം. വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ ആഭിമുഖ്യത്തിൽ റവന്യു ജില്ലാതല മത്സരം നടത്തണം. റവന്യു ജില്ലയിൽ ഒന്നും രണ്ടും സ്ഥാനം ലഭിച്ച HS,HSS/VHSS വിഭാഗം കുട്ടികൾക്ക് സംസ്ഥാനതല മത്സരത്തിൽ പങ്കെടുക്കാം.

- ❖ മത്സരം സ്കൂൾതലത്തിലും, സബ്ജില്ലാതലത്തിലും റവന്യൂ ജില്ലാ തലത്തിലും, സംസ്ഥാനതലത്തിലും നടത്തേണ്ടതാണ്.
- ❖ സ്കൂൾതലത്തിൽ ഒന്നാംസ്ഥാനം നേടുന്ന കുട്ടിയ്ക്ക് സബ്ജില്ലാതല മത്സരത്തിൽ പങ്കെടുക്കാം.
- ❖ സ്കൂൾതലം പ്രിൻസിപ്പാൾ/ ഹെഡ്മാസ്റ്ററുടെ നേതൃത്വത്തിൽ നടത്തേണ്ടതാണ്.
- ❖ സബ്ജില്ലയിൽ നിന്നും ഒന്ന് രണ്ട് സ്ഥാനം ലഭിച്ചവർക്ക് റവന്യൂജില്ലാ മത്സരത്തിന് പങ്കെടുക്കാം.
- ❖ സബ് ജില്ലാതല മത്സരത്തിനാവശ്യമായ ചോദ്യപേപ്പർ വിദ്യാഭ്യാസ ഉപഡയറക്ടറുടെ നേതൃത്വത്തിൽ തയ്യാറാക്കി ലഭ്യമാക്കണം.
- ❖ റവന്യൂ ജില്ലാമത്സരത്തിന് ആവശ്യമായ ചോദ്യങ്ങൾ സംസ്ഥാന തലത്തിൽ നിന്നും ലഭ്യമാക്കും.

❖ സ്കൂൾതല പരീക്ഷയിൽ 1 മാർക്കിന്റെ 6 ചോദ്യങ്ങളും, 2 മാർക്കിന്റെ 5 ചോദ്യങ്ങളും, 3 മാർക്കിന്റെ 3 ചോദ്യങ്ങളും ഉൾപ്പെടുത്തണം. മൊത്തം 14 ചോദ്യങ്ങൾ. ആകെ 25 മാർക്ക്. സമയം 1 മണിക്കൂർ. സ്കൂൾതല പരീക്ഷകൾ പ്രിൻസിപ്പിൾ/ ഹെഡ്മാസ്റ്റർ സ്കൂൾ ഗണിത ശാസ്ത്ര ക്ലബ്ബിന്റെ സഹായ ത്തോടെ മാർഗ്ഗരേഖയ്ക്ക് അനുസൃതമായി ചോദ്യപേപ്പർ തയ്യാ റാക്കി നടത്തേണ്ടതും, മൂല്യനിർണയം നടത്തി ഫലം പ്രഖ്യാ പിക്കേണ്ടതുമാണ്.

❖ **സബ്ജില്ലാതലം**

അപ്പർ പ്രൈമറി ഹൈസ്ക്കൂൾ വിഭാഗങ്ങൾക്ക് പരീക്ഷ യിൽ 1 മാർക്കിന്റെ 5 ചോദ്യവും, 2 മാർക്കിന്റെ 9 ചോദ്യാവും, 3 മാർക്കിന്റെ 9 ചോദ്യങ്ങളും ഉൾപ്പെടുത്തണം. മൊത്തം 23 ചോദ്യങ്ങൾ. ആകെ 50 മാർക്ക്. സമയം 2 മണിക്കൂർ. സബ്ജി ല്ലയിൽ ഹയർസെക്കന്ററി/വൊക്കേഷണൽ ഹയർസെക്കന്ററി വിഭാഗത്തിന് പരീക്ഷയ്ക്ക് 2 മാർക്കിന്റെ 10 ചോദ്യവും 3 മാർക്കിന്റെ 10 ചോദ്യവും, ആകെ 20 ചോദ്യങ്ങളും. മൊത്തം മാർക്ക് 50. സമയം 2 മണിക്കൂർ. അസോസിയോഷന്റെ സഹാ യത്തോടെ ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ ചോദ്യങ്ങൾ തയ്യാ റാക്കേണ്ടതും ജില്ലയിലെ എല്ലാ സബ്ജില്ലകളിലും ഒരേ ദിവസം പരീ നടത്തേണ്ടതുമാണ്. പരീക്ഷകൾ വിദ്യാഭ്യാസ ഉപഡയ റക്ടർ നിർദ്ദേശിക്കുന്ന ദിവസം സബ്ജില്ലാ ഗണിതശാസ്ത്ര

ക്ലബ്ബ് അസോസിയേഷന്റെ സഹായത്തോടെ ഉപജില്ലാ വിദ്യാ ആഫീസർ നടത്തേണ്ടതും മൂല്യനിർണയം നടത്തി ഫലം പ്രഖ്യാപിക്കേണ്ടതുമാണ്.

## റവന്യൂ ജില്ലതലം

### ഹൈസ്ക്കൂൾ വിഭാഗം

റവന്യൂജില്ലാതല പരീക്ഷയ്ക്ക് 1 മാർക്കിന്റെ 5 ചോദ്യവും, 2 മാർക്കിന്റെ 10 ചോദ്യവും 5 മാർക്കിന്റെ 5 ചോദ്യവും ഉൾപ്പെടുത്തണം. ആകെ മാർക്ക് 50, സമയം 2 മണിക്കൂർ.

### ഹയർസെക്കന്ററി വിഭാഗം

റവന്യൂജില്ലാതല പരീക്ഷയ്ക്ക് 5 മാർക്കിന്റെ 6 ചോദ്യവും 10 മാർക്കിന്റെ 2 ചോദ്യവും ഉൾപ്പെടുത്തണം. ആകെ 8 ചോദ്യം, ആകെ മാർക്ക് 50, സമയം 2 മണിക്കൂർ. 5 മാർക്കിന്റെ 8 ചോദ്യങ്ങളിൽ നിന്ന് 6 എണ്ണവും, 10 മാർക്കിന്റെ 3 ചോദ്യങ്ങളിൽ നിന്നും 2 എണ്ണവും എഴുതുന്ന രീതിയിൽ ചോദ്യപേപ്പർ തയ്യാറാക്കണം. ഹയർസെക്കന്ററി ക്ലാസ്സുകളിലെ സിലബസ്സിനെ അടിസ്ഥാനമാക്കി ആയിരിക്കണം ചോദ്യങ്ങൾ തയ്യാറാക്കേണ്ടത്.



ഉച്ചയ്ക്കുശേഷം 2 വിഭാഗം വിദ്യാർത്ഥികൾക്കും ഗണിതാഭിരുചി വളർത്തുന്നതിന് ഗണിതത്തിന്റെ വിവിധ മേഖലകളും

തുടർ പഠന സാദ്ധ്യതകളും പരിചയപ്പെടുത്താനുകതകുന്ന തരത്തിലുളള ക്ലാസ്സുകൾ നൽകേണ്ടതാണ്.

ജില്ലാതല പരീക്ഷയ്ക്കുളള ചോദ്യപേപ്പർ സംസ്ഥാന തലത്തിൽ തയ്യാറാക്കി നൽകുന്നതാണ്. പരീക്ഷകൾ അതത് ജില്ലകളിലെ വിദ്യാഭ്യാസ ഉപഡയറക്ടർമാർ പൊതുവിദ്യാഭ്യാസ ഡയറക്ടർ നിർദ്ദേശിക്കുന്ന ദിവസം റവന്യൂ ജില്ല ഗണിതശാസ്ത്ര ക്ലബ്ബ് അസോസിയേഷന്റെ സഹായത്തോടെ നടത്തേണ്ടതും മൂല്യനിർണ്ണയം നടത്തി ഫലം പ്രഖ്യാപിക്കേണ്ടതുമാണ്.

## സംസ്ഥാന തലം (1 ദിവസം)

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നേതൃത്വത്തിൽ സംസ്ഥാനതല മത്സരം സഘടിപ്പിക്കുന്നതാണ് സംസ്ഥാനതല പരീക്ഷ രണ്ടു ഭാഗങ്ങളായാണ് സംഘടിപ്പിക്കുന്നത്.

## ഹൈസ്ക്കൂൾ വിഭാഗം

### ഭാഗം – 1

സംസ്ഥാന തല പരിക്ഷയ്ക്ക് 1 മാർക്കിന്റെ 5 ചോദ്യവും, 2 മാർക്കിന്റെ 10 ചോദ്യവും, 5 മാർക്കിന്റെ 5 ചോദ്യവും ഉൾപ്പെടുത്തണം. ആകെ 20 ചോദ്യം, ആകെ മാർക്ക് 50, സമയം 2 മണിക്കൂർ.

ഭാഗം – 2

ഗണിതാഭിരുചി വളർത്താനുതകുന്ന തരത്തിൽ ഏകദേശം ഒരു മണിക്കൂർ ദൈർഘ്യമുള്ള ഒരു ക്ലാസ്സ് റിസ്സോഴ്സ് പേഴ്സൻ നൽകുന്നു. തുടർന്ന് റിസോഴ്സ് പേഴ്സൺ അവതരിപ്പിച്ച വിഷയത്തെ അടിസ്ഥാനമാക്കി കുട്ടികൾ വ്യക്തികഗതമായി ഒരു കുറിപ്പ് ചയ്യാറാക്കുന്നു. പരമാവധി 2 പേജ്. ഇതിനായി 45 മിനിറ്റ് സമയം അനുവദിക്കുന്നതാണ്. തുടർന്ന് വിദ്യാർത്ഥി കൾ തയ്യായറാക്കിയ കുറിപ്പ് അടിസ്ഥാനമാക്കി അഭിമുഖം. അഭിമുഖത്തിന് ഒരു കുട്ടിക്ക് 3 മിനിറ്റ് മുതൽ 5 മിനിറ്റ് വരെ സമയം അനുവദിക്കുന്നതാണ്.

**ഹയർസെക്കന്ററി വിഭാഗം**

ഭാഗം – 1

സംസ്ഥാനതല പരീക്ഷയ്ക്ക് 10 മാർക്കിന്റെ 8 ചോദ്യങ്ങളിൽ നിന്ന് 5 എണ്ണം എഴുതണം. ആകെ 8 ചോദ്യം, ആകെ മാർക്ക് 50, സമയം 2 മണിക്കൂർ.

ഭാഗം – 2



ഗണിതാഭിരുചി വളർത്താനുതകുന്ന തരത്തിൽ ഏകദേശം ഒരു മണിക്കൂർ ദൈർഘ്യമുള്ള ഒരു ക്ലാസ്സ് റിസോഴ്സ്

പേഴ്സൺ നൽകുന്നു. തുടർന്ന് റിസോഴ്സ് പേഴ്സൺ അവതരിപ്പിച്ച വിഷയത്തെ അടിസ്ഥാനമാക്കി കുട്ടികൾ വ്യക്തിഗതമായി ഒരു കുറിപ്പ് തയ്യാറാക്കുന്നു. പരമാവധി 2 പേജ് ഇതിനായി 45 മിനിറ്റ് സമയം അനുവദിക്കുന്നതാണ്. തുടർന്ന് വിദ്യാർത്ഥികൾ തയ്യാറാക്കിയ കുറിപ്പ് അടിസ്ഥാനമാക്കി അഭിമുഖം. അഭിമുഖത്തിന് ഒരു കുട്ടിക്ക് 3 മിനിറ്റ് മുതൽ 5 മിനിറ്റ് വരെ സമയം അനുവദിക്കുന്നതാണ്.

ഭാഗം – 2 ന് 10 മാർക്ക്

# അധ്യായം 8
# സാമൂഹ്യശാസ്ത്രമേള

## എ. മത്സരഇനങ്ങൾ

1. **ലോവർ പ്രൈമറി വിഭാഗം**

*1.* *ശേഖരണം (കളക്ഷൻ)/ ചാർട്ടുകൾ* (തത്സമയം)

(ഇതിലേതെങ്കിലും ഒരിനം ഒരു സ്കൂളിൽ നിന്നും തിരഞ്ഞെടുക്കാവുന്നതാണ്. രണ്ട് കുട്ടികൾ ചേർന്ന് ടീം ആയിട്ടാണ് ഈ മത്സരത്തിൽ പങ്കെടുക്കേണ്ടത്.) *പത്രമാസിക കട്ടിംഗുകൾ ചാർട്ടിൽ ഒഴിവാക്കുക*

*2.* *ആൽബം നിർമ്മാണം* (തത്സമയം) രണ്ട് കുട്ടികൾ ചേർന്ന് ടീം ആയിട്ടാണ് മത്സരത്തിൽ പങ്കെടുക്കേണ്ടത്.

*3.* *ക്വിസ് മത്സരം*

ക്വിസ് മത്സരത്തിൽ സ്കൂൾതലത്തിൽ നിന്ന് 1 കുട്ടിയാണ് മത്സരിക്കേണ്ടത്.

2. **അപ്പർ പ്രൈമറി വിഭാഗം**

നാല് ഇനങ്ങളിലാണ് മത്സരം നടത്തേണ്ടത്.

1. *വർക്കിംഗ് മോഡൽ* (2 കുട്ടികൾ) (തത്സമയം)
2. *സ്റ്റിൽ മോഡൽ* (2 കുട്ടികൾ) (തത്സമയം)
3. *പ്രസംഗം* (1 കുട്ടി)
4. *ക്വിസ്* (1 കുട്ടി)

3. **ഹൈസ്ക്കൂൾ വിഭാഗം**

ഏഴ് ഇനങ്ങളിലാണ് മത്സരം നടത്തേണ്ടത്.

1. *അറ്റ്ലസ് നിർമ്മാണം* (1 കുട്ടി) (തത്സമയം)
2. *വർക്കിംഗ് മോഡൽ* (2 കുട്ടികൾ) (തത്സമയം)
3. *സ്റ്റിൽ മോഡൽ* (2 കുട്ടികൾ) (തത്സമയം)
4. *പ്രാദേശിക ചരിത്രരചന* (1 കുട്ടി) (തത്സമയം)
5. *പ്രസംഗം* (1 കുട്ടി) (തത്സമയം)
6. *ചരിത്ര സെമിനാർ* (1 കുട്ടി) (തത്സമയം)
7. *ക്വിസ്* (1 കുട്ടി)

4. **ഹയർസെക്കന്ററി/വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗം**

ഏഴ് ഇനങ്ങളിലാണ് മത്സരം നടത്തേണ്ടത്.

1. *അറ്റ്ലസ് നിർമ്മാണം* (1 കുട്ടി) (തത്സമയം)
2. *വർക്കിംഗ് മോഡൽ* (2 കുട്ടികൾ) (തത്സമയം)
3. *സ്റ്റിൽ മോഡൽ* (2 കുട്ടികൾ) (തത്സമയം)
4. *പ്രാദേശിക ചരിത്രരചന* (1 കുട്ടി) (തത്സമയം)
5. *പ്രസംഗം* (1 കുട്ടി) (തത്സമയം)
6. *ചരിത്ര സെമിനാർ* (1 കുട്ടി) (തത്സമയം)
7. *ക്വിസ്* (1 കുട്ടി)

## ബി. മത്സരഇനങ്ങളെ സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ

1. **ലോവർ പ്രൈമറി വിഭാഗം** *1.*

**മത്സര ഇനങ്ങൾ**

1. ശേഖരണം/ചാർട്ടുകൾ
2. ആൽബം നിർമ്മാണം
3. ക്വിസ്

**ശേഖരണം/ചാർട്ട് നിർമ്മാണം.**

❖ പുരാവസ്തുക്കൾ, സ്റ്റാമ്പ്, ശിലകൾ, മണ്ണിനങ്ങൾ, ഫോസിലുകൾ, നാണയങ്ങളും കറൻസികളും തുടങ്ങി സാമൂഹ്യശാസ്ത്ര പഠനവുമായി ബന്ധമുള്ള ശേഖരണങ്ങളിൽ ഏതെങ്കിലും ഒരിനത്തിലാണ് ഒരു വിദ്യാലയത്തിൽ നിന്നും കുട്ടികൾ പങ്കെടുക്കേണ്ടത്.

❖ 2 കുട്ടികൾ ചേർന്ന ടീമായിട്ടാണ് മത്സരത്തിൽ പങ്കെടുക്കേണ്ടത്.

❖ ശേഖരണങ്ങൾ പ്രദർശിപ്പിക്കുമ്പോൾ അവയെക്കുറിച്ച് ധാരണ ലഭിക്കുന്നതിന് സഹായകമായ അടിക്കുറിപ്പുകൾ ഓരോ ശേഖരണത്തോടൊപ്പവും എഴുതി പ്രദർശിപ്പിക്കേണ്ടതാണ്.

**ചാർട്ട് നിർമ്മാണം**



തൽസമയ നിർമ്മാണ മത്സരമാണിത്.

❖ പരമാവധി നിർമ്മാണ സമയം 3 മണിക്കൂറാണ്.

- ❖ വിഷയാടിസ്ഥാനത്തിലാണ് ചാർട്ടുകൾ തയ്യാറാക്കേണ്ടത്.
- ❖ ഓരോ വർഷവും ചാർട്ട് നിർമ്മാണ വിഷയം സംസ്ഥാന സാമൂഹ്യശാസ്ത്ര ക്ലബ്ബ് അസോസിയേഷൻ നിശ്ചയിച്ച് നേരത്തേതന്നെ വിദ്യാലയങ്ങളെ അറിയിക്കുന്നതാണ്.
- ❖ 2 കുട്ടികൾ ചേർന്ന ടീമായിട്ടാണ് മത്സരത്തിൽ പങ്കെടുക്കേണ്ടത്.
- ❖ ഒരു ടീം പരമാവധി 6 ചാർട്ടുകളാണ് തയ്യാറാക്കേണ്ടത്.
- ❖ ചാർട്ട് നിർമ്മാണത്തിനാവശ്യമായ ചാർട്ട് പേപ്പറുകളും മറ്റ് സാമഗ്രികളും മത്സരാർത്ഥികൾ കൊണ്ടുവരേണ്ടതാണ്.
- ❖ തന്നിരിക്കുന്ന വിഷയം സംബന്ധിച്ച ആശയങ്ങൾ ചാർട്ടുകളിൽ ക്രമമായി തയ്യാറാക്കേണ്ടതാണ്.
- ❖ വ്യക്തമായ ആശയ ധാരണ ലഭിക്കുംവിധം വേണം ചാർട്ടുകൾ എഴുതി തയ്യാറാക്കാൻ.
- ❖ ക്ലാസ് റൂം പഠനസഹായിയായി ഉപയോഗിക്കാനാവും വിധമാണ് ചാർട്ടുകൾ തയ്യാറാക്കേണ്ടത്.

## 2 ആൽബം നിർമ്മാണം

- ❖ തൽസമയ നിർമ്മാണ മത്സരമാണിത്.
- ❖ രണ്ട് കുട്ടികൾ അടങ്ങുന്ന ടീമായാണ് പങ്കെടുക്കുന്നത്.
- ❖ 3 മണിക്കൂറാണ് പരമാവധി നിർമ്മാണസമയം.
- ❖ സാമൂഹ്യശാസ്ത്ര ക്ലബ്ബ് അസോസിയേഷൻ സംസ്ഥാനതലത്തിൽ നിശ്ചയിച്ചു നൽകുന്ന മൂന്ന് വിഷയങ്ങളിൽ ഏതെങ്കിലും ഒന്ന് തിരഞ്ഞെടുത്ത് ആൽബം നിർമ്മിക്കാവുന്നതാണ്.
- ❖ പത്രമാസികകളിൽ നിന്നുമുള്ള ചിത്രങ്ങൾ ശേഖരിച്ച് അവ വെട്ടിയെടുത്ത് സംഘാടകർ നൽകുന്ന A4/ചാർട്ട് പേപ്പറിൽ ഒട്ടിച്ച് വേണം ആൽബം നിർമ്മിക്കേണ്ടത്.

❖ പേപ്പറിൽ ഒട്ടിക്കുന്ന ചിത്രങ്ങൾക്ക് താഴെ ആവശ്യമായ വിശദീകരണകുറിപ്പുകൾ എഴുതേണ്ടതുണ്ട്.

❖ ആൽബത്തിന് ആകർഷകമായ ഒരു കവർപേജ് ഉണ്ടായിരിക്കണം.

❖ കവർ ഉൾപ്പെടെ പരമാവധി 10 ഷീറ്റ് ആൽബ നിർമ്മാണത്തിന് ഉപയോഗിക്കാം. പേപ്പർ ഷീറ്റിന്റെ രണ്ടുപുറവും പ്രയോജനപ്പെടുത്താവുന്നതാണ്.

3. **ക്വിസ്:**

❖ ചരിത്രം, പരിസരപഠനം, പൊതുവിജ്ഞാന മേഖലകളിൽ നിന്നുള്ള ചോദ്യങ്ങളാണ് എൽ.പി വിഭാഗം ക്വിസ് മത്സരത്തിനുണ്ടാവുക.

❖ സ്കൂൾ തല ക്വിസ് മത്സരത്തിനുള്ള ചോദ്യങ്ങൾ വിദ്യാലയത്തിലെ സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ നേതൃത്വത്തിൽ അദ്ധ്യാപകർ തയ്യാറാക്കേണ്ടതാണ്.

❖ നൂതന സങ്കേതങ്ങൾ പ്രയോജനപ്പെടുത്തേണ്ടതാണ്.

❖ ക്വിസ് മത്സരത്തിൽ സ്കൂൾ തലത്തിൽ നിന്നും സബ്ജില്ലാ തലത്തിലേയ്ക്ക് ഒരു കുട്ടിയാണ് മത്സരിക്കേണ്ടത്.

ഉപജില്ലാ മത്സരത്തിനുള്ള ചോദ്യങ്ങൾ ജില്ലാ സാമൂഹ്യശാസ്ത്ര ക്ലബ് അസോസിയേഷൻ തയ്യാറാക്കി നൽകേണ്ടതാണ്.



2. **അപ്പർ പ്രൈമറി വിഭാഗം**

**മത്സര ഇനങ്ങൾ**

1. വർക്കിംഗ് മോഡൽ – 2 കുട്ടികൾ (തത്സമയം)

2. സ്റ്റിൽ മോഡൽ – 2 കുട്ടികൾ (തത്സമയം)

3. പ്രസംഗം – 1 കുട്ടി

4. ക്വിസ് – 1 കുട്ടി

**1. വർക്കിംഗ് മോഡൽ (തൽസമയ മത്സരം)**

❖ യു.പി വിഭാഗം മുതൽ ഹയർസെക്കണ്ടറി വിഭാഗം വരെ ഈ ഇനത്തിൽ പങ്കെടുക്കുന്ന ടീമുകൾ പരമാവധി 2 x 2 മീറ്റർ തറ വിസ്തൃതിയിൽ ഒതുങ്ങുന്ന മോഡലുകളായിരിക്കണം നിർമ്മിക്കേണ്ടത്.

❖ മൂന്ന് മണിക്കൂറാണ് അനുവദനീയമായ പരമാവധി സമയം.

❖ പാഠഭാഗത്തിലെ ഉള്ളടക്കാശയങ്ങളുമായി ബന്ധപ്പെട്ട മോഡലുകളാണ് തയ്യാറാക്കേണ്ടത്.

❖ മോഡലുകളുമായി ബന്ധപ്പെട്ട് പരമാവധി 5 ചാർട്ടുകൾ അവതരിപ്പിക്കാവുന്നതാണ്.

❖ ഗവേഷണാത്മക സാധ്യതകൾ പ്രയോജനപ്പെടുത്തി വേണം മോഡലുകളുടെ നിർമ്മാണവും അവതരണവും.

**2. സ്റ്റിൽ മോഡൽ (തൽസമയ മത്സരം)**

❖ യു.പി.വിഭാഗം മുതൽ ഹയർസെക്കണ്ടറി വിഭാഗം വരെ ഈ ഇനത്തിൽ പങ്കെടുക്കുന്ന ടീമുകൾ പരമാവധി 2 x 2 മീറ്റർ തറ വിസ്തൃതിയിൽ ഒതുങ്ങുന്ന മോഡലുകളാണ് നിർമ്മിക്കേണ്ടത്.

❖ മൂന്ന് മണിക്കൂറാണ് അനുവദനീയമായ പരമാവധി സമയം.

❖ പാഠഭാഗങ്ങളിലെ ഉള്ളടക്കാശയങ്ങളുമായി ബന്ധപ്പെട്ട മോഡലുകളാണ് തയ്യാറാക്കേണ്ടത്.

❖ മോഡലുകളുമായി ബന്ധപ്പെട്ട് പരമാവധി 5 ചാർട്ടുകൾ അവതരിപ്പിക്കാവുന്നതാണ്.

❖ ഗവേഷണാത്മക സാധ്യതകൾ പ്രയോജനപ്പെടുത്തി വേണം മോഡലുകളുടെ നിർമ്മാണവും അവതരണവും.

3. പ്രസംഗം

❖ മലയാളത്തിലായിരിക്കണം പ്രസംഗിക്കേണ്ടത്.

❖ സമയം 5 മിനിറ്റ്.

❖ മത്സരത്തിന് 5 മിനിട്ട് മുമ്പ് മത്സരാർത്ഥികൾക്കുള്ള വിഷയം വിധികർത്താക്കൾ നിശ്ചയിച്ചുനൽകുന്നതാണ്.

4. ക്വിസ് മത്സരം

❖ ക്വിസ് മത്സരം മലയാളത്തിലും തർജ്ജമ ഇംഗ്ലീഷിലുമായി നടത്തേണ്ടതാണ്.

❖ 20 ചോദ്യങ്ങൾ ഉണ്ടായിരിക്കും.

❖ സ്കൂൾതല ക്വിസിനുള്ള ചോദ്യങ്ങൾ അതാത് സ്കൂളുകളുടെ ഉത്തരവാദിത്വത്തിൽ തയ്യാറാക്കി നടത്തേണ്ടതാണ്.

❖ യു.പി.വിഭാഗം – ചരിത്രം – 6, ഭൂമിശാസ്ത്രം – 6, പൊതുവിജ്ഞാനം – 8

❖ ഉപ ജില്ലാതലത്തിൽ ചോദ്യങ്ങൾ ജില്ലാ സാമൂഹ്യ ശാസ്ത്ര ക്ലബ് അസോസിയേഷൻ വിദ്യാഭ്യാസ ഉപഡയറക്ടറുടെ അനുവാദത്തോടെ തയ്യാറാക്കി നൽകേണ്ടതാണ്.



3. ഹൈസ്ക്കൂൾ വിഭാഗം

**മത്സര ഇനങ്ങൾ**

1. അറ്റ്ലസ് നിർമ്മാണം (ഒരു കുട്ടി)
2. വർക്കിംഗ് മോഡൽ (2 കുട്ടികൾ ചേർന്ന ടീം)

3. സ്റ്റിൽ മോഡൽ (2 കുട്ടികൾ ചേർന്ന ടീം)
4. പ്രാദേശിക ചരിത്രരചന (ഒരു കുട്ടി)
5. പ്രസംഗം (ഒരു കുട്ടി)
6. ചരിത്ര സെമിനാർ (ഒരു കുട്ടി)
7. ക്വിസ് (ഒരു കുട്ടി)

1. **അറ്റ്ലസ് നിർമ്മാണം**

❖ ഇത് തത്സമയ മത്സരമാണ്.

❖ പരമാവധി സമയം 3 മണിക്കൂർ.

❖ വ്യക്തിഗത മത്സരമാണിത്.

❖ഇന്ത്യയുടെ A4 സൈസിലുള്ള രൂപരേഖയും (ഔട്ട്ലൈൻ മാപ്പും) ട്രേസിങ്ങ് പേപ്പറും സംഘാടകർ മത്സരാർത്ഥികൾക്ക് നൽകുന്നു. സംഘാടകർ നൽകുന്ന ട്രേസിങ്ങ് പേപ്പർ ഉപയോഗിച്ച് ആവശ്യമായത്ര ഭൂപടങ്ങൾ മത്സരാർത്ഥിക്ക് വരച്ചെടുക്കാവുന്നതാണ്.

❖ മത്സരാർത്ഥികൾ വരച്ച രൂപരേഖയിലാണ് സ്ഥാന നിർണയം നടത്തേണ്ടത്.

❖വാട്ടർകളർ (ജലച്ചായം), കളർപെൻസിലുകൾ, ക്രയോൺസ് എന്നിവ അടയാളപ്പെടുത്തലിന് ഉപയോഗിക്കാവുന്നതാണ്.



❖ അതിരുകൾ, പ്രദേശങ്ങളുടെ പേരുകൾ എന്നിവ രേഖപ്പെടുത്താൻ ഇങ്ക്പെൻ, ബാൾപോയിന്റ് പെൻ, ജെൽപെൻ, മൈക്രോടിപ്പ് പെൻ എന്നിവ ഉപയോഗിക്കാവുന്നതാണ്.

❖ വിധികർത്താക്കൾ 10 വിഷയങ്ങൾ നൽകുന്നതാണ്. ഇവയിൽ നിന്നും 7 ഭൂപടങ്ങളാണ് മത്സരാർത്ഥി വരയ്ക്കേണ്ടത്.

❖ 7 ഭൂപടങ്ങളിൽ 2 എണ്ണം എല്ലാ കുട്ടികളും നിർബന്ധമായി വരയ്ക്കേണ്ടതാണ്.

❖ നിർബന്ധമായി വരയ്ക്കേണ്ട ഭൂപടങ്ങൾ

1. ഇന്ത്യയുടെ രാഷ്ട്രീയ ഭൂപടം

(ഇന്ത്യയിലെ സംസ്ഥാനങ്ങൾ, കേന്ദ്രഭരണ പ്രദേശങ്ങൾ, അവയുടെ തലസ്ഥാനങ്ങൾ എന്നിവ രാഷ്ട്രീയ ഭൂപടത്തിൽ അടയാളപ്പെടുത്തണം)

2.ഇന്ത്യയുടെ ഭൗതിക ഭൂപടം. (ഇന്ത്യയിലെ ഭൂപ്രകൃതി വിഭാഗങ്ങൾ അടയാളപ്പെടുത്തണം)

❖ അറ്റ്ലസിന് ആകർഷകമായ ഒരു കവർ വരയ്ക്കണം.

❖ കവർ പേജിന് ശേഷം ഉള്ളടക്കം രേഖപ്പെടുത്തിയ പേജ് ഉണ്ടായിരിക്കണം.

❖ ഗ്രിഡ്, ഉചിതമായ നിറങ്ങൾ, ചിഹ്നങ്ങൾ, ദിക്കുകൾ, സ്കെയിൽ, സൂചകങ്ങൾ, കൃത്യമായ അടയാളപ്പെടുത്തലുകൾ എന്നിവ ഭൂപടങ്ങളിൽ ഉണ്ടായിരിക്കണം.

❖ മത്സരാർത്ഥികൾ വരച്ച ഭൂപടങ്ങൾ കൃത്യമായി തുന്നിച്ചേർക്കേണ്ടതാണ്.



❖ ഭൂപട സ്ഥാന നിർണയത്തിന് നൽകുന്ന 10 ചോദ്യങ്ങളിൽ ആപ്ലിക്കേഷൻ രീതിയിലുള്ള ചോദ്യങ്ങളുമുണ്ടാകും.

❖ സംഘാടകർ നൽകിയ ഇന്ത്യയുടെ രൂപരേഖയും ട്രേസിങ്ങ് പേപ്പറും മത്സരശേഷം ഇൻവിജിലേറ്റർ വശം തിരികെ

നൽകിയശേഷം മാത്രമേ മത്സരാർത്ഥികൾ ഹാൾവിട്ട് പുറത്തുപോകാൻ പാടുള്ളൂ.

❖ സംഘാടകർ നൽകുന്ന സീൽചെയ്ത പേപ്പറുകളിൽ മാത്രമാണ് അറ്റ്ലസ് നിർമ്മാണത്തിന്റെ ഭാഗമായ ഭൂപടങ്ങൾ വരയ്ക്കേണ്ടത്. പുറമെ നിന്ന് യാതൊരു പേപ്പറുകളും മത്സരാർത്ഥികൾ കൊണ്ടുവരരുത്.

## 2. വർക്കിംഗ് മോഡൽ

❖ തത്സമയ മത്സരമാണിത്.

❖ പരമാവധി നിർമ്മാണ സമയം 3 മണിക്കൂറാണ്.

❖ 2 പേർ ചേർന്ന ടീമുകളായിട്ടാണ് മത്സരത്തിൽ പങ്കെടുക്കേണ്ടത്.

❖ 2 മീറ്റർ X 2 മീറ്റർ തറ വിസ്തൃതിയിൽ അധികരിക്കാത്ത വർക്കിംഗ് മോഡലുകളാണ് തയ്യാറാക്കേണ്ടത്.

❖ പാഠപുസ്തകത്തിലെ ഉള്ളടക്കാശയങ്ങളുമായി ബന്ധമുള്ള മോഡലുകളാണ് തയ്യാറാക്കേണ്ടത്.

❖ ഗവേഷണാത്മക സാധ്യതകൾ പ്രയോജനപ്പെടുത്തി വേണം വർക്കിംഗ് മോഡലുകളുടെ നിർമ്മാണവും അവതരണവും

❖ മോഡലുകളുമായി ബന്ധപ്പെട്ട് പരമാവധി 5 ചാർട്ടുകൾ തയ്യാറാക്കി അവതരിപ്പിക്കാവുന്നതാണ്.

❖ഹരിത പെരുമാറ്റച്ചട്ടത്തിനനുസരിച്ചുള്ള മെറ്റീരിയലുകളാണ് നിർമ്മാണത്തിന് ഉപയോഗിക്കേണ്ടത്.

3. <u>സ്റ്റിൽ മോഡൽ</u>

- ❖ തത്സമയ മത്സരമാണിത്
- ❖ പരമാവധി നിർമ്മാണ സമയം 3 മണിക്കൂർ
- ❖ 2 പേർ ചേർന്ന ടീമുകളായിട്ടാണ് മത്സരത്തിൽ പങ്കെടുക്കേണ്ടത്.
- ❖ 2 മീറ്റർ X 2 മീറ്റർ തറ വിസ്തൃതിയിൽ അധികരിക്കാത്ത മോഡലുകളാണ് നിർമ്മിക്കേണ്ടത്.
- ❖ പാഠപുസ്തകത്തിലെ ഉള്ളടക്കാശയങ്ങളുമായി ബന്ധമുള്ള മോഡലുകളാണ് തയ്യാറാക്കേണ്ടത്.
- ❖ ഗവേഷണാത്മകസാധ്യതകൾ പ്രയോജനപ്പെടുത്തി വേണം മോഡലുകളുടെ നിർമ്മാണവും അവതരണവും.
- ❖ മോഡലുകളുമായി ബന്ധപ്പെട്ട് പരമാവധി 5 ചാർട്ടുകൾ തയ്യാറാക്കി അവതരിപ്പിക്കാവുന്നതാണ്.
- ❖ ഹരിത പെരുമാറ്റച്ചട്ടത്തിനനുസരിച്ചുള്ള മെറ്റീരിയലുകളാണ് നിർമ്മാണത്തിന് ഉപയോഗിക്കേണ്ടത്.

4. <u>പ്രാദേശിക ചരിത്രരചന</u>



- ❖ തത്സമയ മത്സരമാണിത്.
- ❖ പരമാവധി സമയം 3 മണിക്കൂർ.

❖ മലയാള ഭാഷയിലാണ് പ്രാദേശിക ചരിത്രരചന തയ്യാറാക്കേണ്ടത്.

❖ കേരള സംസ്ഥാനത്തിൽ ഉൾപ്പെടുന്ന പ്രദേശങ്ങളുടെ പ്രാദേശിക ചരിത്രമാണ് കുട്ടി തയ്യാറാക്കേണ്ടത്.

❖ സംസ്ഥാന സാമൂഹ്യശാസ്ത്ര ക്ലബ്സ് അസോസിയേഷൻ ഓരോ വർഷവും നിശ്ചയിച്ചുനൽകുന്ന വിഷയങ്ങൾ അടിസ്ഥാനമാക്കിയായിരിക്കണം പ്രാദേശിക ചരിത്ര രചന നടത്തേണ്ടത്.

❖ ഇതൊരു സൂക്ഷ്മ ചരിത്രരചനാ രീതിയായതു കൊണ്ട് തന്നിരിക്കുന്ന വിഷയവുമായി ബന്ധപ്പെട്ട വിശദവിവരങ്ങൾ പരമാവധിസ്രോതസ്സുകളിൽ നിന്നും അന്വേഷിച്ചറിഞ്ഞ് കൃത്യതയോടെ അവതരിപ്പിക്കണം. പ്രാദേശിക ചരിത്ര രചന തയ്യാറാക്കുമ്പോൾ താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ കൂടി ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

• സ്ഥലനാമചരിത്രം (തിരഞ്ഞെടുത്ത പ്രദേശത്തിന്റേത്)

• ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ

• ജനങ്ങളും ജീവിതവും

• വികസന ചരിത്രം (നിർദ്ദേശിക്കപ്പെട്ട വിഷയവുമായി ബന്ധപ്പെട്ട കണ്ടെത്തലുകൾ വിശദമായി അവതരിപ്പിക്കണം)

• ചാലക ശക്തികൾ (മാറ്റങ്ങൾക്കിടയാക്കിയ വ്യക്തികൾ, പ്രസ്ഥാനങ്ങൾ, സംഘടനകൾ, ചുമതലകൾ മുതലായവ)

• പരദേശ ബന്ധം (പ്രദേശത്തിന് അന്യനാടുകളും വിദൂര പ്രദേശങ്ങളുമായുള്ള ബന്ധം)

• ചരിത്രശേഷിപ്പുകൾ (തന്നിരിക്കുന്ന വിഷയവുമായി ബന്ധപ്പെട്ടത്)

• സംഭാവനകൾ (ആധുനിക സമൂഹത്തിന് ഈ വിഷയവുമായി ബന്ധപ്പെട്ട് സംഭാവനകൾ നൽകിയ വ്യക്തികൾ, പ്രസ്ഥാനങ്ങൾ, സംഘടനകൾ എന്നിവയുടെ പ്രവർത്തനങ്ങൾ)

• മത്സരാർത്ഥികൾ മത്സര സമയത്ത് യാതൊരുവിധ കുറിപ്പുകളും ഫോട്ടോകളും കൊണ്ടുവരേണ്ടതില്ല. സംഘാടകർ നൽകുന്ന സീൽവെച്ച പേപ്പറുകളിലാണ് രചന നടത്തേണ്ടത്.

പ്രാദേശിക ചരിത്രരചന ഇന്റർവ്യൂവിന് ഓരോ മത്സരാർത്ഥിക്കും 5 മിനിട്ട് സമയമാണ് അനുവദിക്കുക. വളരെ പ്രസക്തമായ ഡോക്യുമെന്റുകൾ പ്രസ്തുതവേളയിൽ വിധികർത്താക്കൾക്ക് മുന്നിൽ അവതരിപ്പിക്കാവുന്നതാണ്. ഇന്റർവ്യൂസമയത്ത് ഡിജിറ്റൽ അവതരണം നടത്തേണ്ടതില്ല.

❖ എച്ച്.എസ്. വിദ്യാർത്ഥികൾക്കുള്ള മത്സരം സ്കൂൾ തലത്തിലും സബ്ജില്ലാ തലത്തിലും റവന്യൂ ജില്ലാതലത്തിലും സംസ്ഥാന തലത്തിലും നടത്തുന്നതാണ്.

❖ സ്കൂൾ തലം, സബ് ജില്ലാതലം, റവന്യൂ ജില്ലാതല സംസ്ഥാനതല മത്സരത്തിനുള്ള വിഷയങ്ങൾ സംസ്ഥാന സാമൂഹ്യ, ശാസ്ത്ര ക്ലബ്ബ് അസോസിയേഷൻ നിശ്ചയിച്ചു നൽകുന്നതാണ്.



❖ ഓരോ തലത്തിലും നൽകുന്ന 4 വിഷയങ്ങളിൽ നിന്നും മത്സര സമയത്ത് നറുക്കിട്ട് ഒരു വിഷയം തെരഞ്ഞെടുക്കാം.

- ❖ 3 മണിക്കൂറാണ് രചനാ സമയം.
- ❖ പ്രാദേശിക ചരിത്ര രചന മലയാളത്തിലാണ് തയ്യാറാക്കേണ്ടത്.
- ❖ പ്രാദേശിക ചരിത്ര രചന ഇന്റർവ്യൂവിന് 5 മിനിറ്റ് സമയം അനുവദിക്കും.
- ❖ സ്കൂൾ തലത്തിൽ നിന്നും ഒന്നാം സ്ഥാനവും എ ഗ്രേഡും കരസ്ഥമാക്കുന്ന കുട്ടിയ്ക്ക് സബ്ജില്ലാതല മത്സരത്തിൽ പങ്കെടുക്കാം.
- ❖ സബ് ജില്ല, ജില്ലാതല മത്സരങ്ങളിൽ എ ഗ്രേഡോടെ ഒന്നും രണ്ടും സ്ഥാനങ്ങൾ നേടുന്നവർക്ക് ഉയർന്നതല മത്സരങ്ങളിൽ പങ്കെടുക്കാം.
- ❖ സംസ്ഥാന തല മത്സരത്തിനുള്ള വിഷയം മത്സര സമയത്ത് മാത്രമേ നൽകുകയുള്ളൂ.
- ❖ മത്സരാർത്ഥികൾ പ്രാദേശിക ചരിത്ര രചനയുമായി ബന്ധപ്പെട്ട മാന്വലിലെ നിബന്ധനകൾ പാലിക്കേണ്ടതാണ്.

5. പ്രസംഗം

- ❖ പ്രസംഗം മലയാളത്തിലായിരിക്കണം
- ❖ സമയം 5 മിനിറ്റ്
- ❖ വിധികർത്താക്കൾ നിശ്ചയിച്ച് നൽകുന്ന വിഷയം മത്സരത്തിന് 5 മിനിട്ട് മുമ്പ് മത്സരാർത്ഥിക്ക് നൽകുന്നതാണ്.

## 6. ചരിത്ര സെമിനാർ

സംസ്ഥാന സാമൂഹ്യശാസ്ത്ര ക്ലബ്ബ്സ് അസോസിയേഷൻ നിശ്ചയിച്ചു നൽകുന്ന സെമിനാർ പ്രബന്ധ വിഷയങ്ങൾ വിദ്യാലയങ്ങളെ അറിയിക്കുന്നു. പ്രബന്ധ രചനാമത്സര ദിവസം ഈ വിഷയങ്ങളിൽ നിന്നും നറുക്കിട്ടെടുക്കുന്ന ഒരു വിഷയത്തിൽ കുട്ടികൾ സെമിനാർ പ്രബന്ധരചന നടത്തുന്നു.

ഗവേഷണാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടേണ്ട പ്രബന്ധമായതു കൊണ്ട് മുൻകൂട്ടി അറിയിച്ച വിഷയങ്ങളിൽ നറുക്കെടുത്ത് ഓരോ കുട്ടിക്കും കിട്ടിയ വിഷയങ്ങളിൽ പ്രബന്ധം തയ്യാറാക്കുന്നതിന് കുട്ടികൾക്ക് റഫറൻസ് മെറ്റീരിയറുകൾ ഹാളിൽ കൊണ്ടുവരാവുന്നതാണ്. പ്രസ്തുത റഫറൻസുകൾ പ്രബന്ധ രചനയ്ക്ക് മുമ്പ് ഇൻവിജിലേറ്റർ പരിശോധിക്കുന്നതാണ്. മൂന്ന് മണിക്കൂർ കൊണ്ട് പ്രബന്ധ രചന പൂർത്തീകരിക്കണം.

റഫറൻസിന് 1 മണിക്കൂർ.

പ്രബന്ധ രചനയ്ക്ക് 2 മണിക്കൂർ സമയം

അവതരണത്തിന് 5 മിനിറ്റും.

അവതരണത്തെ തുടർന്ന് വിധികർത്താക്കൾ വൈവ നടത്തുന്നതാണ്

ചർച്ചകൾക്ക് 5 മിനിറ്റ് സമയം അനുവദിക്കുന്നതാണ്.

ഒന്നാം ദിവസം പ്രബന്ധ രചനയും, രണ്ടാം ദിവസം പ്രബന്ധാവതരണവും നടത്തണം.



കുട്ടികൾ തയ്യാറാക്കിയ സെമിനാർ പ്രബന്ധത്തിന്റെ മൂല്യനിർണയം നടത്തിയശേഷം പ്രബന്ധാവതരണത്തിന് തയ്യാറെടുക്കുന്നതിന് പ്രബന്ധാവതരണ ദിവസം അരമണിക്കൂർ സമയം പ്രബന്ധം കുട്ടികൾക്ക് കൈമാറുന്നു. പിന്നീട് എല്ലാ പ്രബന്ധങ്ങളും തിരികെ വാങ്ങിക്കുന്നു. അവതരണത്തിന് 5 മിനിറ്റ്

മുമ്പ് പ്രബന്ധം കുട്ടികൾക്ക് കൈമാറുന്നു. അവതരണശേഷം പ്രബന്ധം തിരികെ നൽകണം.

സംസ്ഥാനതലത്തിൽ 2 ദിവസമാണ് സെമിനാർ മത്സരം സംഘടിപ്പിക്കുന്നത്. സ്കൂൾ തലത്തിൽ നിന്നും ഒരു കുട്ടിയെ ഉയർന്ന തലത്തിലെ മത്സരത്തിലേക്ക് തെരഞ്ഞെടുക്കുന്നു. സബ് ജില്ലാ, ജില്ലാതലത്തിൽ നിന്നും ഒന്നും രണ്ടും സ്ഥാനം കിട്ടിയ കുട്ടികളെയാണ് ഉയർന്നതല മത്സരത്തിലേക്ക് തെരഞ്ഞെടുക്കേണ്ടത്.

**7. ക്വിസ്**

- ക്വിസ് മത്സരം മലയാളത്തിലും തർജ്ജിമ ഇംഗ്ലീഷിലും നടത്തേണ്ടതാണ്.
- 20 ചോദ്യങ്ങൾ ഉണ്ടായിരിക്കും.
- എച്ച്.എസ്. വിഭാഗം – ചരിത്രം – 6, ഭൂമിശാസ്ത്രം – 6, പൊതു വിജ്ഞാനം – 4, സാമ്പത്തികശാസ്ത്രം – 2, രാഷ്ട്രതന്ത്രം –2
- സ്കൂൾ തല ക്വിസ് മത്സരത്തിനുള്ള ചോദ്യങ്ങൾ അതാത് സ്കൂളുകളുടെ ഉത്തരവാദിത്വത്തിൽ തയ്യാറാക്കി നടത്തേണ്ടതാണ്. ഉപ ജില്ലാതലത്തിൽ ചോദ്യങ്ങൾ ജില്ലാ സാമൂഹ്യ ശാസ്ത്ര ക്ലബ് അസോസിയേഷൻ വിദ്യാഭ്യാസ ഉപഡയറക്ടറുടെ അനുവാദത്തോടെ തയ്യാറാക്കി വിദ്യാലയങ്ങൾക്ക് നൽകേണ്ടതാണ്.

റവന്യു ജില്ലാതല, സംസ്ഥാനതല മത്സരങ്ങൾക്കാവശ്യമായ ചോദ്യങ്ങൾ പൊതുവിദ്യാഭ്യാസ വകുപ്പ് തയ്യാറാക്കി നൽകുന്നതാണ്.



**<u>ടീച്ചിംഗ് എയിഡ് നിർമ്മാണ മത്സരം</u>**

- ❖ തത്സമയ മത്സരമാണിത്.
- ❖ 2 മീറ്റർ **X** 2 മീറ്റർ തറ വിസ്തൃതിയിൽ അധികരിക്കാത്തത് ആയിരിക്കണം ടീച്ചിംഗ് എയ്ഡ്.

- ❖ പരമാവധി നിർമ്മാണ സമയം 3 മണിക്കൂറാണ്.
- ❖ പ്രൈമറി, എച്ച്.എസ്, എച്ച്.എസ്.എസ്/വി.എച്ച്.എസ്.എസ് എന്നീ മൂന്ന് വിഭാഗങ്ങളായാണ് അദ്ധ്യാപകർക്ക് മത്സരം നടത്തുന്നത്.
- ❖ പാഠഭാഗങ്ങളുടെ ക്ലാസ്റൂം വിനിമയത്തിന് സാധ്യതയുള്ള ടീച്ചിങ്ങ് എയിഡാണ് അദ്ധ്യാപകർ തയ്യാറാക്കേണ്ടത്.
- ❖ നൂതനവും ഗവേഷണാത്മകവുമായ ടീച്ചിംഗ് എയിഡുകൾ നിർമ്മിക്കുന്നതിന് അദ്ധ്യാപകർ ശ്രദ്ധിക്കേണ്ടതാണ്.
- ❖ ഈ ടീച്ചിങ്ങ് എയിഡ് വഴി കുട്ടികളിൽ ഉണ്ടാകാൻ സാധ്യതയുള്ള മാറ്റങ്ങൾ അവതരിപ്പിക്കാനും അദ്ധ്യാപകർക്ക് സാധിക്കേണ്ടതുണ്ട്.
- ❖ സാമൂഹ്യശാസ്ത്രവിഷയം പഠിപ്പിക്കുന്ന അദ്ധ്യാപകർ മാത്രമാണ് സാമൂഹ്യശാസ്ത്രം ടീച്ചിങ്ങ് എയ്ഡ് നിർമ്മാണ മത്സരത്തിൽ പങ്കെടുക്കേണ്ടത്.

ടീച്ചിങ്ങ് എയ്ഡ് മത്സരം മേളയുടെ ചാമ്പ്യൻഷിപ്പിന് പരിഗണിക്കുന്നതല്ല

## ഹയർ സെക്കന്ററി /വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗം

**മത്സര ഇനങ്ങൾ**

1. അറ്റ്ലസ് നിർമ്മാണം (ഒരു കുട്ടി)
2. വർക്കിംഗ് മോഡൽ (2 കുട്ടികൾ ചേർന്ന ടീം)
3. സ്റ്റിൽ മോഡൽ (2 കുട്ടികൾ ചേർന്ന ടീം)
4. പ്രാദേശിക ചരിത്രരചന (ഒരു കുട്ടി)
5. പ്രസംഗം (ഒരു കുട്ടി)

6. ചരിത്ര സെമിനാർ (ഒരു കുട്ടി)

7. ക്വിസ് (ഒരു കുട്ടി)

1. <u>അറ്റ്ലസ് നിർമ്മാണം</u> :

- ഇത് തത്സമയ മത്സരമാണ്.
- പരാമാവധി സമയം 3 മണിക്കൂർ
- ഇന്ത്യയുടെ A4 സൈസ് രൂപരേഖയും (ഔട്ട്ലൈൻ മാപ്പ്) ട്രേസിങ് പേപ്പറും സംഘാടകർ മത്സരാർത്ഥികൾക്ക് നൽകുന്നു.
- സംഘാടകർ നൽകുന്ന ട്രേസിങ്ങ് പേപ്പർ ഉപയോഗിച്ച് ആവശ്യമായത്ര ഭൂപടങ്ങൾ വരച്ചെടുക്കാവുന്നതാണ്.
- മത്സരാർത്ഥികൾ വരച്ച രൂപരേഖയിലാണ് സ്ഥാനനിർണയം നടത്തേണ്ടത്.
- വാട്ടർ കളർ (ജലച്ചായം), കളർ പെൻസിലുകൾ, ക്രയോൺസ് എന്നിവ അടയാളപ്പെടുത്തലിന് ഉപയോഗിക്കാവുന്നതാണ്.
- അതിരുകൾ, പ്രദേശങ്ങളുടെ പേരുകൾ എന്നിവ രേഖപ്പെടുത്താൻ ഇങ്ക്പെൻ, ബാൾപോയിന്റ് പെൻ, ജെൽപെൻ, മൈക്രോടിപ് പെൻ എന്നിവ ഉപയോഗിക്കാവുന്നതാണ്.
- വിധികർത്താക്കൾ നൽകുന്ന 10 വിഷയങ്ങളിൽ നിന്നും 7 ഭൂപടങ്ങളാണ് മത്സരാർത്ഥി വരയ്ക്കേണ്ടത്.
- 7 എണ്ണത്തിൽ 2 എണ്ണം എല്ലാ മത്സരാർത്ഥികളും നിർബന്ധമായും വരയ്ക്കേണ്ടവയാണ്.



1. ഇന്ത്യയുടെ രാഷ്ട്രീയ ഭൂപടം. (ഇന്ത്യയിലെ സംസ്ഥാനങ്ങൾ, കേന്ദ്രഭരണ പ്രദേശങ്ങൾ, അവയുടെ തലസ്ഥാനങ്ങൾ എന്നിവ രാഷ്ട്രീയ ഭൂപടത്തിൽ ഉൾപ്പെടുത്തണം.

2. ഇന്ത്യയുടെ ഭൗതിക ഭൂപടം (ഇന്ത്യയിലെ ഭൂപ്രകൃതി വിഭാഗങ്ങൾ അടയാളപ്പെടുത്തണം)

- ❖ അറ്റ്ലസിന് ആകർഷകമായ ഒരു കവർ വരയ്ക്കണം
- ❖ കവർ പേജിന് ശേഷം ഉള്ളടക്കം രേഖപ്പെടുത്തിയ പേജ് ഉണ്ടായിരിക്കണം.
- ❖ ഗ്രിഡ്, ഉചിതമായ നിറങ്ങൾ, ചിഹ്നങ്ങൾ, ദിക്കുകൾ, സ്കെയിൽ, സൂചകങ്ങൾ, കൃത്യമായ അടയാള പ്പെടുത്തലുകൾ എന്നിവ ഭൂപടങ്ങളിൽ ഉണ്ടായിരിക്കണം.
- ❖ മത്സരാർത്ഥികൾ വരച്ച ഭൂപടങ്ങൾ ക്രമമായി തുന്നിച്ചേർക്കേണ്ടതാണ്.
- ❖ ഭൂപട സ്ഥാന നിർണയത്തിന് നൽകുന്ന 10 ചോദ്യങ്ങളിൽ ആപ്ലിക്കേഷൻ രീതിയിലുള്ള ചോദ്യങ്ങളുമുണ്ടാകും.
- ❖ സംഘാടകർ നൽകിയ ഇന്ത്യയുടെ രൂപരേഖയും ട്രേസിങ്ങ് പേപ്പറും മത്സരശേഷം ഇൻവിജിലേറ്റർ വശം തിരികെ നൽകിയശേഷം മാത്രമേ മത്സരാർത്ഥികൾ ഹാൾ വിട്ട് പുറത്ത്പോകാൻ പാടുള്ളൂ.
- ❖ സംഘാടകർ നൽകുന്ന സീൽ ചെയ്ത പേപ്പറുകളിൽ മാത്രമാണ് അറ്റ്ലസ് നിർമ്മാണത്തിന്റെ ഭാഗമായ ഭൂപടങ്ങൾ വരയ്ക്കേണ്ടത്. പുറമേനിന്ന് യാതൊരു പേപ്പറുകളും മത്സരാർത്ഥി കൊണ്ടുവരരുത്.



2. <u>വർക്കിംഗ് മോഡൽ</u> :

- ❖ തത്സമയ മത്സരമാണിത്.
- ❖ പരമാവധി നിർമ്മാണ സമയം 3 മണിക്കൂറാണ്.

- ❖ 2 പേർ ചേർന്ന ടീമുകളായിട്ടാണ് മത്സരത്തിൽ പങ്കെടുക്കേണ്ടത്.
- ❖ 2 മീറ്റർ X 2 മീറ്റർ തറ വിസ്തൃതിയിൽ അധികരിക്കാത്ത വർക്കിംഗ് മോഡലുകളാണ് നിർമ്മിക്കേണ്ടത്.
- ❖ പാഠപുസ്തകത്തിലെ ഉള്ളടക്കാശയങ്ങളുമായി ബന്ധമുള്ള മോഡലുകളാണ് തയ്യാറാക്കേണ്ടത്.
- ❖ ഗവേഷണാത്മക സാധ്യതകൾ പ്രയോജനപ്പെടുത്തിവേണം മോഡലുകളുടെ നിർമ്മാണവും അവതരണവും.
- ❖ മോഡലുകളുമായി ബന്ധപ്പെട്ട് പരമാവധി 5 ചാർട്ടുകൾ തയ്യാറാക്കി അവതരിപ്പിക്കാവുന്നതാണ്.
- ❖ ഹരിതപെരുമാറ്റച്ചട്ടത്തിനനുസരിച്ചുള്ള മെറ്റീരിയലുകളാണ് നിർമ്മാണത്തിന് ഉപയോഗിക്കേണ്ടത്.

3. **<u>സ്റ്റിൽ മോഡൽ</u>** :

- ❖ തത്സമയ മത്സരമാണിത്.
- ❖ പരമാവധി നിർമ്മാണ സമയം 3 മണിക്കൂറാണ്.
- ❖ 2 പേർ ചേർന്ന ടീമുകളായിട്ടാണ് മത്സരത്തിൽ പങ്കെടുക്കേണ്ടത്.
- ❖ 2 മീറ്റർ X 2 മീറ്റർ തറ വിസ്തൃതിയിൽ അധികരിക്കാത്ത വർക്കിംഗ് മോഡലുകളാണ് നിർമ്മിക്കേണ്ടത്.
- ❖ പാഠപുസ്തകത്തിലെ ഉള്ളടക്കാശയങ്ങളുമായി ബന്ധമുള്ള മോഡലുകളാണ് തയ്യാറാക്കേണ്ടത്.

- ❖ ഗവേഷണാത്മക സാധ്യതകൾ പ്രയോജനപ്പെടുത്തിവേണം മോഡലുകളുടെ നിർമ്മാണവും അവതരണവും.
- ❖ മോഡലുകളുമായി ബന്ധപ്പെട്ട് പരമാവധി 5 ചാർട്ടുകൾ തയ്യാറാക്കി അവതരിപ്പിക്കാവുന്നതാണ്.
- ❖ ഹരിതപെരുമാറ്റച്ചട്ടത്തിനനുസരിച്ചുള്ള മെറ്റീരിയലുകളാണ് നിർമ്മാണത്തിന് ഉപയോഗിക്കേണ്ടത്.

4. <u>പ്രാദേശിക ചരിത്രരചന</u> :

- ❖ തത്സമയ മത്സരമാണിത്.
- ❖ പരമാവധി സമയം 3 മണിക്കൂറാണ്.
- ❖ മലയാള ഭാഷയിലാണ് പ്രാദേശിക ചരിത്ര രചന തയ്യാറാക്കേണ്ടത്.
- ❖ കേരള സംസ്ഥാനത്തിൽ ഉൾപ്പെടുന്ന പ്രദേശങ്ങളുടെ പ്രാദേശിക ചരിത്രമാണ് കുട്ടി തയ്യാറാക്കേണ്ടത്.
- ❖ സംസ്ഥാന സാമൂഹ്യശാസ്ത്ര ക്ലബ്ബ്സ് അസോസിയേഷൻ ഓരോ വർഷവും നിശ്ചയിച്ച് നൽകുന്ന വിഷയങ്ങൾ അടിസ്ഥാനമാക്കിയായിരിക്കണം പ്രാദേശിക ചരിത്ര രചന നടത്തേണ്ടത്.
- ❖ ഇതൊരു സൂക്ഷ്മ ചരിത്ര രചന രീതിയായതുകൊണ്ട് തന്നിരിക്കുന്ന വിഷയവുമായി ബന്ധപ്പെട്ട വിശദവിവരങ്ങൾ പരമാവധി സ്രോതസ്സുകളിൽ നിന്നും അന്വേഷിച്ചറിഞ്ഞ് കൃത്യതയോടെ അവതരിപ്പിക്കണം.
- ❖ പ്രാദേശിക ചരിത്ര രചന തയ്യാറാക്കുമ്പോൾ താഴെ ചേർക്കുന്ന വിവരങ്ങൾ കൂടി ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

- ❖ സ്ഥലനാമ ചരിത്രം (തിരഞ്ഞെടുത്ത പ്രദേശത്തിന്റേത്)
- ❖ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ
- ❖ ജനങ്ങളും ജീവിതവും
- ❖ വികസന ചരിത്രം (നിർദ്ദേശിക്കപ്പെട്ട വിഷയവുമായി ബന്ധപ്പെട്ട കണ്ടെത്തലുകൾ വിശദമായി അവതരിപ്പിക്കണം)
- ❖ ചാലക ശക്തികൾ (മാറ്റങ്ങൾക്കിടയാക്കിയ വ്യക്തികൾ, പ്രസ്ഥാനങ്ങൾ, സംഘടനകൾ, ചുമതലകൾ മുതലായവ)
- ❖ പരദേശ ബന്ധം (പ്രദേശത്തിന് അന്യനാടുകളും, വിദൂര പ്രദേശങ്ങളുമായുള്ള ബന്ധം)
- ❖ ചരിത്രശേഷിപ്പുകൾ (തന്നിരിക്കുന്ന വിഷയവുമായി ബന്ധപ്പെട്ടത്)
- ❖ സംഭാവനകൾ (ആധുനിക സമൂഹത്തിന് ഈ വിഷയവുമായി ബന്ധപ്പെട്ട് സംഭാവനകൾ നൽകിയ വ്യക്തികൾ, പ്രസ്ഥാനങ്ങൾ, സംഘടനകൾ എന്നിവയുടെ പ്രവർത്തനങ്ങൾ)
- ❖ മത്സരാർത്ഥികൾ മത്സര സമയത്ത് യാതൊരുവിധ കുറിപ്പുകളും ഫോട്ടോകളും കൊണ്ടുവരേണ്ടതില്ല. സംഘാടകർ നൽകുന്ന സീൽവെച്ച പേപ്പറുകളിലാണ് രചന നടത്തേണ്ടത്.
- ❖ പ്രാദേശിക ചരിത്ര രചന ഇന്റർവ്യൂവിന് ഓരോ മത്സരാർത്ഥിക്കും 5 മിനിറ്റ് സമയമാണ് അനുവദിക്കുക. വളരെ പ്രസക്തമായ ഡോക്യൂമെന്റുകൾ പ്രസ്തുത വേളയിൽ വിധികർത്താക്കൾക്ക് മുന്നിൽ അവതരിപ്പിക്കാവുന്നതാണ്.

- ❖ ഇന്റർവ്യൂ സമയത്ത് ഡിജിറ്റൽ അവതരണം നടത്തേണ്ടതില്ല.

## 5. പ്രസംഗം

- ❖ പ്രസംഗം മലയാളത്തിലായിരിക്കണം.
- ❖ സമയം 5 മിനിറ്റ്
- ❖ വിധികർത്താക്കൾ നിശ്ചയിച്ചു നൽകുന്ന വിഷയം മത്സരത്തിന് 5 മിനിറ്റ് മുമ്പ് മത്സരാർത്ഥിക്ക് നൽകുന്നതാണ്.

## 6. ചരിത്ര സെമിനാർ

സംസ്ഥാന സാമൂഹ്യശാസ്ത്ര ക്ലബ്ബ്സ് അസോസിയേഷൻ നിശ്ചയിച്ചു നൽകുന്ന സെമിനാർ പ്രബന്ധവിഷയങ്ങൾ വിദ്യാലയങ്ങളെ അറിയിക്കുന്നു. പ്രബന്ധ രചനാ മത്സരദിവസം ഈ വിഷയങ്ങളിൽ നിന്നും നറുക്കിട്ടെടുക്കുന്ന ഒരു വിഷയത്തിൽ കുട്ടികൾ സെമിനാർ പ്രബന്ധ രചന നടത്തുന്നു. പ്രസ്തുത സെമിനാർ പ്രബന്ധം അടിസ്ഥാനമാക്കി സെമിനാർ മത്സരവും സംഘടിപ്പിക്കുന്നു. സെമിനാർ പ്രബന്ധം മൂല്യനിർണയം ചെയ്ത് അതിന്റെ സ്കോറും, അവതരണത്തിലെ സ്കോറും പരിഗണിച്ചാണ് സെമിനാർ മത്സര വിജയികളെ കണ്ടെത്തുന്നത്.

റഫറൻസ് 1 മണിക്കൂർ. സെമിനാർ പ്രബന്ധരചന 2 മണിക്കൂർ . അവതരണത്തെ തുടർന്ന് വിധികർത്താക്കളുടെ വൈവ ഉണ്ടായി രിക്കുന്നതാണ്. ചർച്ചകൾക്ക് 5 മിനിറ്റ് സമയം അനുവദിക്കുന്നതാണ്.



മത്സരം 2 ദിവസംകൊണ്ട് പൂർത്തിയാക്കണം. ഒന്നാം ദിവസം പ്രബന്ധ രചനയും, രണ്ടാം ദിവസം പ്രബന്ധാവതരണവുമായി പരിപാടി സംഘടിപ്പിക്കണം.

കുട്ടികൾ തയ്യാറാക്കിയ സെമിനാർ പ്രബന്ധത്തിന്റെ മൂല്യനിർണയം നടത്തിയ ശേഷം പ്രബന്ധാവതരണത്തിന് തയ്യാറെടുക്കുന്നതിന് പ്രബന്ധാവതരണ ദിവസം അരമണിക്കൂർ സമയം പ്രബന്ധം കുട്ടികൾക്ക് കൈമാറുന്നു. പിന്നീട് എല്ലാ പ്രബന്ധവും തിരികെ വാങ്ങിക്കുന്നു. അവതരണത്തിന് 5 മിനിറ്റ് മുമ്പ് പ്രബന്ധം കുട്ടിയ്ക്ക് നൽകുകയും പിന്നീട് തിരിച്ചു വാങ്ങുകയും ചെയ്യുന്നു.

സംസ്ഥാനതലത്തിൽ 2 ദിവസമായാണ് സെമിനാർ മത്സരം സംഘടിപ്പിക്കുന്നത്.

ഗവേഷണാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടേണ്ട പ്രബന്ധമായതുകൊണ്ട് മുൻകൂട്ടി അറിയിച്ച വിഷയങ്ങളിൽ നിന്നും നറുക്കിട്ടെടുത്ത് ഓരോ കുട്ടിക്കും കിട്ടിയ വിഷയങ്ങളിൽ പ്രബന്ധം തയ്യാറാക്കുന്നതിന് കുട്ടികൾക്ക് റഫറൻസ് മെറ്റീരിയലുകൾ ഹാളിൽ കൊണ്ടുവരാവുന്നതാണ്. പ്രസ്തുത റഫറൻസുകൾ പ്രബന്ധരചനയ്ക്ക് മുമ്പ് ഇൻവിജിലേറ്റർ പരിശോധിക്കുന്നതാണ്. 3 മണിക്കൂർ കൊണ്ട് പ്രബന്ധരചന പൂർത്തീകരിക്കണം.

### 7. ക്വിസ് മത്സരം

- ക്വിസ് മത്സരം മലയാളത്തിലും തർജ്ജിമ ഇംഗ്ലീഷിലും നടത്തേണ്ടതാണ്.
- 20 ചോദ്യങ്ങൾ ഉണ്ടായിരിക്കും.
- എച്ച്.എസ്.എസ്. വിഭാഗം – ചരിത്രം – 6, ഭൂമിശാസ്ത്രം – 6, പൊതുവിജ്ഞാനം – 4, സാമ്പത്തികശാസ്ത്രം – 2, രാഷ്ട്രതന്ത്രം –2



- സ്കൂൾ തല ക്വിസ് മത്സരത്തിനുള്ള ചോദ്യങ്ങൾ അതാത് സ്കൂളുകളുടെ ഉത്തരവാദിത്വത്തിൽ തയ്യാറാക്കി നടത്തേണ്ടതാണ്. ഉപ ജില്ലാതലത്തിൽ ചോദ്യങ്ങൾ ജില്ലാ സാമൂഹ്യ ശാസ്ത്ര ക്ലബ് അസോസിയേഷൻ വിദ്യാഭ്യാസ ഉപഡയറക്ടറുടെ അനുവാദത്തോടെ തയ്യാറാക്കി വിദ്യാലയങ്ങൾക്ക് നൽകേണ്ടതാണ്.

റവന്യൂ ജില്ലാതല, സംസ്ഥാനതല മത്സരങ്ങൾക്കാവശ്യമായ ചോദ്യങ്ങൾ പൊതുവിദ്യാഭ്യാസ വകുപ്പ് തയ്യാറാക്കി നൽകുന്നതാണ്.

## സാമൂഹ്യശാസ്ത്ര ടാലന്റ് സെർച്ച് മത്സരം (HS,HSS/VHSS വിഭാഗങ്ങൾക്ക്)

- ഹൈസ്ക്കൂൾ, ഹയർസെക്കന്ററി/വൊക്കേഷണൽ ഹയർസെക്കന്ററി തലത്തിലുള്ള കുട്ടികളാണ് ഈ മത്സരത്തിൽ പങ്കെടുക്കേണ്ടത്. കുട്ടികളുടെ വിവിധങ്ങളായ ശേഷികളും നൈപുണികളും വിലയിരുത്തുവാൻ സാധിക്കും വിധമുള്ള ഇനമാണ് സാമൂഹ്യശാസ്ത്ര ടാലന്റ് സെർച്ച് മത്സരം.
- 10 ചോദ്യങ്ങളും അവയുടെ ഉപചോദ്യങ്ങളും ഉൾപ്പെടുന്നതായിരിക്കും ചോദ്യ മാതൃക. അറിവു നിർമ്മാണം, നിർമ്മാണ പ്രവർത്തനങ്ങൾ, ചർച്ചകൾ, സംവാദങ്ങൾ, ലഘു ദൃശ്യാവിഷ്ക്കാരങ്ങൾ, സ്ക്രിപ്റ്റ് റൈറ്റിംഗ്, ലഘു പ്രസംഗങ്ങൾ, മുദ്രാവാക്യ രചന, പോസ്റ്റർ ഡിസൈനിംഗ് തുടങ്ങിയ വിവിധ സങ്കേതങ്ങൾ ഉപയോഗിച്ചുള്ള മത്സരമാണ് സാമൂഹ്യശാസ്ത്ര ടാലന്റ് സെർച്ച് മത്സരം. സംസ്ഥാനതലത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ ലഭിക്കുന്നവർക്ക് സർട്ടിഫിക്കറ്റും ക്യാഷ് അവാർഡും ലഭിക്കുന്നതാണ്.

## വാർത്താവായന മത്സരം (HS,HSS/VHSS വിഭാഗങ്ങൾക്ക്)

- HS, HSS/VHSS വിദ്യാർത്ഥികൾക്കായുള്ള ഈ മത്സരം സ്കൂൾ തലത്തിലും, ഉപജില്ലാ, റവന്യൂ ജില്ലാതലത്തിലും സംസ്ഥാന തലത്തിലും നടത്തേണ്ടതാണ്. സ്കൂൾ തല മത്സരങ്ങൾ പ്രഥമ അദ്ധ്യാപകരുടെ നിയന്ത്രണത്തിൽ സ്കൂൾ സാമൂഹ്യശാസ്ത്ര ക്ലബുകളും, ഉപ ജില്ലാതല മത്സരങ്ങൾ ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ നിയന്ത്രണത്തിൽ ഉപ ജില്ലാ സാമൂഹ്യശാസ്ത്ര ക്ലബ്ബുകളും, റവന്യു ജില്ലാതല മത്സരങ്ങൾ വിദ്യാഭ്യാസ ഉപഡയറക്ടർമാരുടെ നിയന്ത്രണത്തിൽ റവന്യു ജില്ലാ സാമൂഹ്യശാസ്ത്ര ക്ലബ്ബും നടത്തുന്നു. സംസ്ഥാനതല മത്സരം പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ നിയന്ത്രണത്തിൽ സംസ്ഥാന സാമൂഹ്യശാസ്ത്ര ക്ലബ്ബ് അസോസിയേഷനാണ് നടത്തുന്നത്.

**വാർത്തകൾ തയ്യാറാക്കൽ**

- ഒരേ ദിവസത്തിലുള്ള, സംസ്ഥാനത്ത് ഏറ്റവും പ്രചാരമുള്ള മൂന്ന് പ്രമുഖ മലയാള ദിനപത്രങ്ങൾ മത്സരാർത്ഥിയ്ക്ക് വാർത്തകൾ തയ്യാറാക്കുവാനായി നൽകും. പ്രസ്തുത പത്രങ്ങളിൽ നിന്നും വേദിയിൽ 5 മിനിട്ട് സമയം അവതരിപ്പിക്കുവാനുള്ള വാർത്തകൾ 30 മിനിട്ട് സമയത്തിൽ എഡിറ്റ് ചെയ്ത് എഴുതി തയ്യാറാക്കണം. ഇതോടൊപ്പം പ്രസ്തുത മൂന്ന് ദിനപത്രങ്ങളിലും ഉൾപ്പെട്ടിട്ടുള്ള ഒരു വാർത്ത മൂന്ന് വിധികർത്താക്കളും ചേർന്ന് തെരഞ്ഞെടുത്ത് മത്സരാർത്ഥികൾക്ക് നൽകുകയും ആ വാർത്തയുടെ ഒരു അവലോകനം മത്സരാർത്ഥിയുടേതായ കാഴ്ചപ്പാടിൽ എഴുതി തയ്യാറാക്കി അവതരിപ്പിക്കുകയും വേണം. എഡിറ്റിംഗ് സമയം പൂർത്തിയാകുന്നതോടെ കുട്ടികൾ തയ്യാറാക്കിയ സ്ക്രിപ്റ്റുകൾ അവരുടെ കോഡ് നമ്പർ രേഖപ്പെടുത്തി ഒഫീഷ്യലുകളെ ഏല്പ്പിക്കേണ്ടതാണ്.

**അവതരണം**

- ഓരോ മത്സരാർത്ഥിയുടേയും അവതരണത്തിന് 5 മിനിട്ട് മുമ്പ് അവർ തയ്യാറാക്കിയ സ്ക്രിപ്റ്റുകൾ വായിച്ച് വ്യക്തത വരുത്തുന്നതിനായി അതാത് മത്സരാർത്ഥികൾക്ക് ഒഫീഷ്യലുകൾ നൽകുകയും അത് കഴിഞ്ഞ് വേദിയിൽ 5 മിനിട്ട് സമയം കൊണ്ട് അവതരിപ്പിക്കുകയും ചെയ്യണം.

## സാമൂഹ്യശാസ്ത്ര മേള മൂല്യനിർണ്ണയ സൂചകങ്ങൾ

1. **ശേഖരണം**

    വൈവിദ്ധ്യം – 30

    ശേഖരണ രീതി– കുട്ടികളുടെ പങ്കാളിത്തം – 20

    പാഠഭാഗവുമായുള്ള ബന്ധം – 20

    ക്രമീകരണം – 20

    വിശദീകരണം/ഇന്റർവ്യൂ – 10

2. **വർക്കിംഗ് മോഡൽ**

    പാഠഭാഗ ബന്ധം/ ആശയം – 20

    നിർമ്മാണ വസ്തുക്കൾ (high cost, low cost, zero cost) – 20

സാങ്കേതികജ്ഞാനം, നിർമ്മാണ പാടവം, പ്രവർത്തനക്ഷമത – 30

നവീനത, മൗലികത, ആകർഷണീയത – 20

വിശദീകരണം/ഇന്റർവ്യൂ – 10

3. **സ്റ്റിൽ മോഡൽ**

പാഠഭാഗവുമായുള്ള ബന്ധം/ ആശയം – 20

നിർമ്മാണ വസ്തുക്കൾ (high cost, low cost, zero cost) – 20

സാങ്കേതികജ്ഞാനം, നിർമ്മാണ പാടവം – 30

നവീനത, മൗലികത, ആകർഷണീയത – 20

വിശദീകരണം/ഇന്റർവ്യൂ – 10

4. **ചാർട്ടുകൾ**

വിഷയബന്ധം, ആശയങ്ങൾ – 30

വൈവിദ്ധ്യം – 20

ക്രിയേറ്റിവിറ്റി, ക്രമീകരണം – 20

ആകർഷണീയത – 20

വിശദീകരണം/ഇന്റർവ്യൂ – 10

5. **പ്രസംഗം**

ആശയം – 30

ഭാഷാശുദ്ധി – 20

അക്ഷരസ്ഫുടത – 20

ധാരാവാഹിത്വം – 20

ശബ്ദക്രമീകരണം – 10

6. **പ്രാദേശിക ചരിത്രരചന**

രചനാ പാടവം, ആശയ ക്രമീകരണം – 30

ഭാഷാ ശൈലി – 20

വിവരശേഖരണ രീതി, കുട്ടിയുടെ പങ്കാളിത്തം – 10

സൂക്ഷ്മാംശങ്ങൾ കണ്ടെത്തൽ, അവതരണം – 20

ഉള്ളടക്ക വൈവിദ്ധ്യം – 10

ഇന്റർവ്യൂ – 10

**7. അറ്റ്ലസ് നിർമ്മാണം**

ആശയബന്ധം, സൂക്ഷ്മത, കൃത്യത – 40

ഔട്ട്ലൈൻ, കൃത്യത, ഭംഗി – 20

സൂചകങ്ങൾ, കളർ, ഗ്രിഡ്, ചിഹ്നങ്ങൾ etc. – 20

കവർ പേജ് – 10

ആകർഷണീയത – 10

**8. വാർത്താവായന മത്സരം**

എഡിറ്റിംഗ് – 40

ആശയവ്യക്തത, ധാരാവാഹിത്തം – 20

അവതരണം – മൗലീകത – 20

മുഖഭാവം – 10

വാർത്താവലോകനം – 10.

**9. ആൽബം നിർമ്മാണം.**

ചിത്രങ്ങൾക്കു വിഷയവുമായുള്ള ബന്ധവും ആശയങ്ങളും–40

അടിക്കുറിപ്പുകളും ആശയക്രമീകരണവും – 20.

ക്രിയേറ്റിവിറ്റി, നൂതനത്വം – 20.

ചിത്രങ്ങളുടെ വൈവിധ്യം, ലേ ഔട്ട്, ആകർഷണീയത, പരിപൂർണ്ണത – 20.



**10. ചരിത്ര സെമിനാർ**

**സെമിനാർ പ്രബന്ധം**

എ) വിവരശേഖരണം, നിരീക്ഷണം, ഗവേഷണം, അപഗ്രഥനം, നിഗമനം.

ബി) ആശയങ്ങൾ

സി) ഉള്ളടക്ക ക്രമീകരണം

ഡി) ഭാഷാ ശൈലിയും, വിനിമയക്ഷമതയും

ഇ) ആധികാരികതയും സർഗ്ഗാത്മകതയും

മാർക്ക് - 40

## അവതരണം

എ) ഭാഷാശുദ്ധിയും ആശയ വ്യക്തതയും

ബി) അവതരണ രീതി, നൂതനത്വം

സി) സഭാകമ്പമില്ലാതെ അവതരിപ്പിക്കാനുള്ള കഴിവ്

ഡി) വിഷയ ധാരണ

ഇ) സദസ്സുമായുള്ള സംവേദന

മാർക്ക് - 40

## ചർച്ച

എ) ചർച്ചയിലെ പങ്കാളിത്തം

ബി) മറുപടി പറയുന്നതിനുള്ള കഴിവ്

സി) യുക്തിപൂർവ്വം സമർത്ഥിക്കുന്നതിനുള്ള കഴിവ്

ഡി) വിഷയ ധാരണ

മാർക്ക് - 10

## സെമിനാർ അവതരണ സഹായികൾ

എ) ദൃശ്യ ശ്രാവ്യ വിനിമയോപാധികളുടെ വൈവിധ്യം

ബി) ആകർഷകത്വവും ഗുണനിലവാരവും

സി) നവീനത

ഡി) കൃത്യതയുള്ള ഉപയോഗപ്പെടുത്തൽ

മാർക്ക് – 10

# അധ്യായം 9

# പ്രവൃത്തിപരിചയമേള

## എ. മത്സര ഇനങ്ങൾ

**1. സ്കൂൾ തലം**

### a) ലോവർ പ്രൈമറി വിഭാഗം (LP), അപ്പർ പ്രൈമറി വിഭാഗം (UP)

- അനുബന്ധം 1 അനുസരിച്ചുള്ള ഇനങ്ങളിൽ നിർമ്മാണ മത്സരവും പ്രദർശന മത്സരവും നടത്തേണ്ടതാണ്. അനുബന്ധത്തിൽ ചേർത്തിട്ടില്ലാത്ത ഒരിനവും മത്സരത്തിൽ ഉൾപ്പെടുത്തുവാൻ പാടില്ല. നിർമ്മാണ മത്സര സമയം 3 മണിക്കൂർ മാത്രമായിരിക്കും. നിർമ്മാണ മത്സരത്തിൽ ഒരു മത്സരാർത്ഥിക്ക് ഒരിനത്തിൽ മാത്രമേ പങ്കെടുക്കുവാൻ അർഹതയുള്ളു.

### b) ഹൈസ്ക്കൂൾ വിഭാഗം (HS), ഹയർസെക്കന്ററി വിഭാഗം (HSS & VHSS)

- അനുബന്ധം 2 പ്രകാരമുള്ള ഇനങ്ങളിൽ നിർമ്മാണ മത്സരവും പ്രദർശന മത്സരവും നടത്തേണ്ടതാണ്. നിർമ്മാണ മത്സര സമയം 3 മണിക്കൂർ മാത്രമായിരിക്കും. നിർമ്മാണ മത്സരത്തിൽ ഒരു മത്സരാർത്ഥിക്ക് ഒരിനത്തിൽ മാത്രമേ പങ്കെടുക്കുവാൻ അർഹതയുള്ളു. അനുബന്ധത്തിൽ ചേർത്തിട്ടില്ലാത്ത ഒരിനവും മത്സരത്തിൽ ഉൾപ്പെടുത്തുവാൻ പാടുള്ളതല്ല.

- പ്രദർശന മത്സരം ക്ലാസുകൾ തമ്മിലും, നിർമ്മാണ മത്സരം വിദ്യാർത്ഥികൾ തമ്മിലും (Individual) ആയിരിക്കും. പ്രദർശന മത്സരത്തിൽ ഒന്നും, രണ്ടും മൂന്നും സ്ഥാനം ലഭിക്കുന്ന ക്ലാസ്സുകൾക്കും, നിർമ്മാണ മത്സരത്തിൽ ഒന്നും, രണ്ടും മൂന്നും സ്ഥാനം ലഭിക്കുന്ന വിദ്യാർത്ഥികൾക്കും സർട്ടിഫിക്കറ്റുകൾ നൽകേണ്ടതാണ്. ഓരോ ഇനത്തിലും പ്രത്യേകം സർട്ടിഫിക്കറ്റുകൾ നൽകേണ്ടതുണ്ട്. പ്രദർശന മത്സരങ്ങളിൽ (എല്ലാ ഇനങ്ങളിലും കൂടി) കൂടുതൽ പോയിന്റുകൾ നേടുന്ന ക്ലാസിന് പ്രദർശന മത്സരങ്ങളുടെ ഒന്നാം സ്ഥാന സർട്ടിഫിക്കറ്റും, നിർമ്മാണ മത്സരങ്ങളിൽ ഏറ്റവും കൂടുതൽ പോയിന്റുകൾ നേടുന്ന ക്ലാസിന് നിർമ്മാണ മത്സരങ്ങളുടെ ഒന്നാം സ്ഥാനവും കൊടുക്കേണ്ടതുണ്ട്. ഇതിനുപുറമേ പ്രദർശന മത്സരങ്ങളിലും നിർമ്മാണ മത്സരങ്ങളിലും കൂടി ഏറ്റവും കൂടുതൽ പോയിന്റുകൾ നേടുന്ന ക്ലാസിന് സംയുക്ത പ്രദർശന – നിർമ്മാണ മത്സരങ്ങളുടെ ഒന്നാം സ്ഥാന സർട്ടിഫിക്കറ്റും കൊടുക്കേണ്ടതാണ്.

2. **ഉപജില്ലാതലം**

- LP, UP, HS, HSS & VHSS വിഭാഗത്തിൽ സ്കൂൾ തലത്തിൽ ഒന്നാം സ്ഥാനം നേടിയ മത്സരാർത്ഥിയെ മാത്രമേ ഉപജില്ലാ തല മത്സരത്തിൽ പങ്കെടുപ്പിക്കുവാൻ പാടുള്ളു.

**a) ലോവർ പ്രൈമറി വിഭാഗം & അപ്പർ പ്രൈമറി വിഭാഗം**



- അനുബന്ധം 1 അനുസരിച്ചുള്ള ഇനങ്ങളിൽ നിർമ്മാണ മത്സരം നടത്തേണ്ടതാണ്. അനുബന്ധത്തിൽ ചേർത്തിട്ടില്ലാത്ത ഒരിനവും മത്സരത്തിൽ ഉൾപ്പെടുത്തുവാൻ പാടില്ല. നിർമ്മാണ മത്സരസമയം 3 മണിക്കൂർ മാത്രമായിരിക്കും.

നിർമ്മാണ മത്സരത്തിൽ ഒരു മത്സരാർത്ഥിക്ക് ഒരിനത്തിൽ മാത്രമേ പങ്കെടുക്കുവാൻ അർഹതയുള്ളു. ഉപജില്ലാതല ത്തിൽ LP, UP വിഭാഗം പ്രദർശന മത്സരം നടത്തേണ്ടതില്ല. അനുബന്ധം 1 പ്രകാരമുള്ള ഇനങ്ങളിൽ ഒന്നാം സ്ഥാനം നേടിയവർക്ക് നിർമ്മാണ മത്സരത്തിൽ പങ്കെടുക്കുവാൻ അർഹതയുണ്ട്. നിർമ്മാണ മത്സരങ്ങളിൽ ഒരു സ്കൂളിന് എൽ.പി. വിഭാഗത്തിൽ പരമാവധി 10 ഇനങ്ങളിലും, യു.പി. വിഭാഗത്തിൽ പരമാവധി 10 ഇനങ്ങളിലും പങ്കെടുക്കാം. LP, UP വിഭാഗങ്ങൾക്ക് ഉപജില്ലാതലം വരെ മാത്രമേ മത്സരം ഉണ്ടായിരിക്കുകയുള്ളു.

### b) ഹൈസ്ക്കൂൾ വിഭാഗം, ഹയർ സെക്കന്ററി വിഭാഗം

- അനുബന്ധം 2 പ്രകാരമുള്ള ഇനങ്ങളിൽ നിർമ്മാണ മത്സരം നടത്തേണ്ടതാണ്. നിർമ്മാണ മത്സര സമയം 3 മണിക്കൂർ മാത്രമായിരിക്കും. നിർമ്മാണ മത്സരത്തിൽ ഒരു മത്സ രാർത്ഥിക്ക് ഒരിനത്തിൽ മാത്രമേ പങ്കെടുക്കുവാൻ അർഹത യുള്ളു. നിർമ്മാണ മത്സരങ്ങളിൽ ഒരു സ്കൂളിന് HS വിഭാ ഗത്തിൽ പരമാവധി 20 ഇനങ്ങളിലും, HSS & VHSS വിഭാഗ ത്തിൽ പരമാവധി 20 ഇനങ്ങളിലും പങ്കെടുക്കാം. അനുബ ന്ധത്തിൽ ചേർത്തിട്ടില്ലാത്ത ഒരിനവും മത്സരത്തിൽ ഉൾപ്പെ ടുത്താൻ പാടുള്ളതല്ല. നിർമ്മാണ മത്സരത്തിൽ മാത്രം കൂടു തൽ പോയിന്റ് നേടുന്ന വിദ്യാലയത്തിന് നിർമ്മാണ മത്സര റോളിംഗ് ട്രോഫി നൽകേണ്ടതാണ്. രണ്ടും മൂന്നും സ്ഥാനം നേടുന്ന വിദ്യാലയങ്ങൾക്ക് സർട്ടിഫിക്കറ്റുകളും നൽകേണ്ട താണ്.

### 3. റവന്യൂ ജില്ലാതലം

- HS, HSS & VHSS വിഭാഗത്തിൽ ഉപജില്ലാ തലത്തിൽ ഓരോ ഇനത്തിലും എ ഗ്രേഡോടുകൂടി ഒന്നും രണ്ടും സ്ഥാനങ്ങൾ നേടിയ മത്സരാർത്ഥികൾക്ക് റവന്യു ജില്ലാതല തത്സമയ നിർമ്മാണ മത്സരത്തിൽ പങ്കെടുക്കാൻ അർഹതയുണ്ടായി രിക്കും. റവന്യൂ ജില്ലാതലത്തിൽ HS, HSS & VHSS വിഭാഗം തത്സമയ മത്സരങ്ങളിലെ ഉൽപ്പന്നങ്ങൾ മുഴുവനായും ഉൾപ്പെ ടുത്തി പ്രദർശന മത്സരം നടത്തേണ്ടതാണ്.

4. സംസ്ഥാനതലം

- HS, HSS & VHSS വിഭാഗത്തിൽ റവന്യൂ ജില്ലാതലത്തിൽ നിർമ്മാണ മത്സരങ്ങളിൽ ഓരോ ഇനത്തിലും എ ഗ്രേഡോടുകൂടി ഒന്നും രണ്ടും സ്ഥാനങ്ങൾ നേടിയ മത്സരാർത്ഥികളാണ് സംസ്ഥാനതല മത്സരത്തിൽ പങ്കെടുക്കേണ്ടത്. പ്രദർശന മത്സരം റവന്യൂ ജില്ലാ അടിസ്ഥാനത്തിലായിരിക്കും. റവന്യൂ ജില്ലാതലത്തിലെ HS, HSS&VHSS വിഭാഗങ്ങൾ സംയുക്തമായാണ് പ്രദർശനമത്സരത്തിൽ പങ്കെടുക്കേണ്ടത്. സംസ്ഥാനതല പ്രദർശന മത്സരത്തിന് അനുബന്ധം 2 പ്രകാരമുള്ള തത്സമയ നിർമ്മാണ മത്സരത്തിലെ ഉൽപ്പന്നങ്ങൾ മുഴുവനായും ഉൾപ്പെടുത്തി മത്സരം നടത്തേണ്ടതാണ്. അനുബന്ധം 2 പ്രകാരം ഇനങ്ങളുടെ തത്സമയ നിർമ്മാണ മത്സരം നടന്ന സ്ഥലത്തുതന്നെ പ്രദർശന മത്സര മൂല്യനിർണ്ണയം നടത്തുന്നതിന് വസ്തുക്കൾ പ്രദർശിപ്പിക്കേണ്ടതാണ്. നിർമ്മാണ മത്സരത്തിന് ആവശ്യമായ അസംസ്കൃത വസ്തുക്കൾ, ഉപകരണങ്ങൾ (Tools) മുതലായവ മത്സരത്തിൽ പങ്കെടുക്കുന്നവർ തന്നെ കൊണ്ടുവരേണ്ടതാണ്.
- സ്പെഷ്യൽ സ്കൂൾ വിദ്യാർത്ഥികളുടെ പ്രവൃത്തി പരിചയമേള കേരള സ്കൂൾ പ്രവൃത്തിപരിചയ മേളയോടൊപ്പം നടത്തുന്നതാണ്. സ്പെഷ്യൽ സ്കൂൾ വിദ്യാർത്ഥികൾക്ക് നേരിട്ട് സംസ്ഥാനതലത്തിൽ പ്രത്യേക മത്സരങ്ങൾ നടത്തുന്നതിനാൽ, സ്പെഷ്യൽ സ്കൂളിലെ കുട്ടികൾ സംസ്ഥാന ജനറൽ സ്കൂൾ മേളയിൽ പങ്കെടുക്കാൻ പാടില്ല.
- സംസ്ഥാന ശാസ്ത്രമേളയുടെ ഒന്നാം ദിവസം സ്പെഷ്യൽ സ്കൂൾ കുട്ടികളുടെ മത്സരവും, രണ്ടാം ദിവസം ഹൈസ്കൂൾ വിഭാഗം കുട്ടികളുടെ മത്സരവും, മൂന്നാം ദിവസം എച്ച്.എസ്.എസ്/വി.എച്ച്..എസ്.എസ് വിഭാഗം കുട്ടികളുടെ മത്സരവും നടത്തുന്ന രീതിയിലാണ് ക്രമീകരിച്ചിരിക്കുന്നത്.

### മൂല്യനിർണ്ണയ മാനദണ്ഡങ്ങൾ

1. ഉൽപ്പന്നം തയ്യാറാക്കുന്നതിലുള്ള അദ്ധ്വാനഭാരവും അതിൽ കുട്ടികളുടെ പങ്കും – 40%
2. ഉൽപ്പന്നം തയ്യാറാക്കുന്നതിലുള്ള വൈദഗ്ധ്യവും പൂർത്തീകരണവും – 25%
3. ഉൽപ്പന്നം തയ്യാറാക്കുന്നതിന് ഉപയോഗിക്കുന്ന അസംസ്കൃത വസ്തുക്കളെക്കുറിച്ചും ഉപകരണങ്ങളെ ക്കുറിച്ചുമുള്ള അറിവ് – 20%
4. തയ്യാറാക്കുന്ന ഉൽപ്പന്നത്തിന്റെ സാമൂഹ്യ പ്രയോജനം, സവിശേഷത, വിൽപ്പനക്കുള്ള നിലവാരം – 15%

## തത്സമയ മത്സരങ്ങൾ

LP, UP വിഭാഗം – ഉപജില്ലാതലം വരെ

HS, HSS, VHSS – സംസ്ഥാനതലം വരെ

## പുതുക്കിയ സമയക്രമം

1. 09.30 മണിക്ക് മത്സരം ആരംഭം
2. 09.30 to 12.30 തൽസമയ മത്സരം (On the Spot)
3. 12.30 to 01.30 അവസാനഘട്ട മൂല്യ നിർണ്ണയം
4. 01.30 to 02.30 ഉച്ചഭക്ഷണം, പ്രദർശനമത്സരത്തിനായുള്ള മുന്നൊരുക്കം
5. 02.30 to 04.30 പ്രദർശന മത്സരം, മൂല്യനിർണ്ണയം
6. 03.30 to 04.30 പൊതുജനങ്ങൾക്ക് മത്സര ഉൽപന്നങ്ങൾ കാണുന്നതിനുള്ള അവസരം

## പ്രദർശന മത്സരം (Exhibition)

- സബ് ജില്ലാതല മത്സരങ്ങളിൽ പ്രദർശന മത്സരം ഉണ്ടായിരിക്കുന്നതല്ല. എന്നാൽ ജില്ലാതല, സംസ്ഥാനതല മത്സരങ്ങളിൽ പ്രദർശന മത്സരം ഉണ്ടായിരിക്കുന്നതാണ്.
- ഓൺ ദ സ്പോട്ട് മത്സരത്തിനായി രജിസ്റ്റർ ചെയ്യുന്ന എല്ലാ കുട്ടികളും നിർബന്ധമായും പ്രദർശന മത്സരത്തിലും പങ്കെടുക്കണം.
- പ്രദർശന മത്സരത്തിന്, തത്സമയ നിർമ്മാണ മത്സരത്തിലെ എല്ലാ ഉൽപ്പന്നങ്ങളും ഉൾപ്പെടുത്തി മത്സരം നടത്തേണ്ടതാണ്.
- വ്യക്തിഗത ഇനങ്ങളുടെ മാർക്കും പ്രദർശനമത്സരത്തിന്റെ മാർക്കും കൂട്ടിയാണ് ഓവറോൾ ചാമ്പ്യൻഷിപ്പ് നിർണ്ണയിക്കുന്നത്.
- ഓൺ ദ സ്പോട്ട് മത്സരം കഴിഞ്ഞ് കുട്ടികൾ, പ്രദർശന മത്സരത്തിൽ പങ്കെടുക്കേണ്ടതാണ്.
- തത്സമയ നിർമ്മാണ മത്സരം നടന്ന സ്ഥലത്തുതന്നെ പ്രദർശന മത്സര മൂല്യനിർണ്ണയം നടത്തുന്നതിന് ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കേണ്ടതാണ്.
- പ്രദർശന മത്സര മൂല്യനിർണ്ണയം കഴിഞ്ഞതിനുശേഷം മാത്രമേ മത്സരാർത്ഥി മത്സരസ്ഥലത്തുനിന്നും പോകുവാൻ പാടുള്ളൂ.

## പ്രദർശന മത്സരങ്ങളുടെ മൂല്യനിർണ്ണയ മാനദണ്ഡങ്ങൾ

1. പ്രദർശന മത്സരങ്ങൾക്കായി ഉൽപ്പന്നങ്ങളുടെ ക്രമീകരണം (Arrangements) – 50% (5 Marks)
2. ഉൽപ്പന്നത്തിന്റെ വിപണന സാധ്യത, വില, എന്നിവയെ കുറിച്ചുള്ള അറിവ്, അവതരണം – 30% (3 Marks) (വൈവ)
3. ഉൽപ്പന്നത്തിന്റെ സാമൂഹിക ഉപയോഗത്തെകുറിച്ചുള്ള അറിവ്, അവതരണം – 20% (2 Marks) (വൈവ)

ആകെ – 10 മാർക്ക്

## പ്രദർശന മത്സരങ്ങളുടെ ഗ്രേഡ്, പോയിന്റ് നിർണ്ണയ മാനദണ്ഡങ്ങൾ

| മാർക്ക് ശതമാനം | ഗ്രേഡ് | ലഭിക്കുന്ന പോയിന്റ് |
|---|---|---|
| 80% മോ അതിലധികമോ | എ | 5 |
| 70% മുതൽ 79% വരെ | ബി | 3 |
| 60% മുതൽ 69% വരെ | സി | 1 |

## പ്രവൃത്തിപരിചയം – അനുബന്ധം – 1

## തത്സമയ മത്സര ഇനങ്ങൾ

## ലോവർ പ്രൈമറി, അപ്പർ പ്രൈമറി വിഭാഗം

## (Items for On the Spot competition - LP & U P Level)

| | | |
|---|---|---|
| 1. | ചന്ദനത്തിരി നിർമ്മാണം | Agarbathi making |
| 2. | ഈറ, മുള കൊണ്ടുള്ള ഉൽപ്പന്നങ്ങൾ | Bamboo products |
| 3. | മുത്തു കൊണ്ടുള്ള ഉൽപ്പന്നങ്ങൾ | Beads work |
| 4. | ബുക്ക് ബയിന്റിംഗ് | Book binding |
| 5. | ചിരട്ട കൊണ്ടുള്ള ഉൽപ്പന്നങ്ങൾ | Coconut shell products |
| 6. | കയർ കൊണ്ടുള്ള ചവിട്ടി മെത്തകൾ | Coir door mats |
| 7. | വൈദ്യുത വയറിംഗ് | Electrical wiring |
| 8. | ചിത്രത്തുന്നൽ | Embroidery |
| 9. | തുണിയിൽ ചിത്രം വരയ്ക്കൽ | Fabric painting |
| 10. | വെജിറ്റബിൾ പ്രിന്റിംഗ് | Fabric printing using vegetables |
| 11. | ലോഹത്തകിടിൽ കൊത്തുപണി | Metal engraving |
| 12. | കളിമണ്ണ് കൊണ്ട് രൂപം നിർമ്മിക്കൽ | Modelling with clay |
| 13. | ഒറിഗാമി | Origami |
| 14. | വർണ്ണ കടലാസ് കൊണ്ടുള്ള വിവിധ പ്രവർത്തനങ്ങൾ | Paper craft |
| 15. | പോട്ടറി പെയിന്റിംഗ് | Pottery Painting |
| 16. | പോസ്റ്റർ ഡിസൈനിംഗ് | Poster Designing |
| 17. | വിവിധ തരം നൂലുപയോഗിച്ച് പാറ്റേൺ തയ്യാറാക്കുക | Prepare pattern using threads |
| 18. | കാർഡ്, സ്ട്രോ ബോർഡ് ഉൽപ്പന്നങ്ങൾ | Product using card and strawboard |

| | | |
|---|---|---|
| 19. | പാഴ്വസ്തുക്കൾ ഉപയോഗിച്ചുള്ള നിർമാണം | Products using waste materials |
| 20. | പാവകളിക്കുള്ള പാവകളുടെ നിർമാണം | Puppet making |
| 21. | ലോഹത്തകിടു കൊണ്ടുള്ളനിർമാണ പ്രവർത്തനങ്ങൾ | Sheet metal work |
| 22. | സ്റ്റഫ് ചെയ്ത കളിപ്പാട്ടങ്ങൾ | Stuffed toys |
| 23. | കുട നിർമാണം | Umbrella making |
| 24. | മരത്തിൽ കൊത്തുപണികൾ | Wood carving |
| 25. | മരപ്പണി | Wood work |

## പ്രവൃത്തിപരിചയം – അനുബന്ധം – 2

## തത്സമയ മത്സര ഇനങ്ങൾ

### ഹൈസ്കൂൾ, ഹയർ സെക്കണ്ടറി & വൊക്കേഷണൽ ഹയർ സെക്കണ്ടറി

### (Items for On the Spot competition - HS, HSS & VHSS Level)

| | | |
|---|---|---|
| 1. | ഈറ, മുള കൊണ്ടുള്ള ഉൽപ്പന്നങ്ങൾ | Bamboo products |
| 2. | മുത്തു കൊണ്ടുള്ള ഉൽപ്പന്നങ്ങൾ | Beads work |
| 3. | ബുക്ക് ബയിന്റിംഗ് | Book binding |
| 4. | മുകുളങ്ങൾ ഒട്ടിക്കൽ, പതിവയ്ക്കൽ, കമ്പുകൾ ഒട്ടിക്കൽ മുതലായവ | Budding, layering, grafting |
| 5. | ചിരട്ട കൊണ്ടുള്ള ഉൽപ്പന്നങ്ങൾ | Coconut shell products |
| 6. | കയർ കൊണ്ടുള്ള ചവിട്ടി മെത്തകൾ | Coir door mats |
| 7. | പാവ നിർമ്മാണം | Doll making |
| 8. | വിവിധ തരം ക്യാരി ബാഗുകളുടെ നിർമ്മാണം | Different Type of Bags |
| 9. | ചെലവ് ചുരുങ്ങിയ പോഷകാഹാര വിഭവങ്ങളും പച്ചക്കറി പഴവർഗ്ഗ സംസ്കരണ വിഭവങ്ങളും | Economic nutritious food items and vegetable fruit preservation items |
| 10. | വൈദ്യുത വയറിംഗ് | Electrical wiring |
| 11. | ഇലക്ട്രോണിക്സ് | Electronics |
| 12. | ചിത്രത്തുന്നൽ | Embroidery |
| 13. | തുണിയിൽ ചിത്രം വരയ്ക്കൽ | Fabric painting |
| 14. | വെജിറ്റബിൾ പ്രിന്റിംഗ് | Fabric printing using vegetables |
| 15. | ഫൈബർ ഫാബ്രിക്കേഷൻ | Fabrication using fibre |

| | | |
|---|---|---|
| 16. | തുന്നിയെടുത്ത വിവിധ ഇനം വസ്ത്രങ്ങൾ നിർമ്മിക്കൽ | Garment making |
| 17. | നൂതനാശയ പ്രവർത്തന മോഡൽ | Innovative Working Model |
| 18. | ലോഹത്തകിടിൽ ദ്വിമാനരൂപ ചിത്രണം | Metal Embossing |
| 19. | ലോഹത്തകിടിൽ കൊത്തുപണി | Metal engraving |
| 20. | കളിമണ്ണ് കൊണ്ട് രൂപം നിർമ്മിക്കൽ | Modelling with clay |
| 21. | വർണ്ണ കടലാസ് കൊണ്ടുള്ള വിവിധ പ്രവർത്തനങ്ങൾ | Paper craft |
| 22. | വിവിധ തരം നൂലുപയോഗിച്ച് പാറ്റേൺ തയ്യാറാക്കുക | Prepare pattern using threads |
| 23. | പോട്ടറി പെയിന്റിംഗ് | Pottery Painting |
| 24. | പോസ്റ്റർ ഡിസൈനിംഗ് | Poster Designing |
| 25. | കവുങ്ങിൻ പാള കൊണ്ടുള്ള ഉൽപ്പന്നങ്ങൾ | Products using Areca Tree Leaf |
| 26. | പ്രകൃതിദത്ത നാരുകൾ കൊണ്ടുള്ള ഉൽപ്പന്നങ്ങൾ (ചകിരിനാര് ഒഴിച്ച്) | Products using natural fibres (Except coconut fibre) |
| 27. | കാർഡ്, സ്ട്രോ ബോർഡ് ഉൽപ്പന്നങ്ങൾ | Products using card and strawboard |

| | | |
|---|---|---|
| 28. | റക്സിൻ, ക്യാൻവാസ്, ലെതർ എന്നിവ ഉപയോഗിച്ചുള്ള ഉൽപ്പന്നങ്ങൾ | Products using rexin, canvas and leather |
| 29. | പാഴ്വസ്തുക്കൾ ഉപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനം | Products using waste materials |
| 30. | പാവകളിക്കുള്ള പാവകളുടെ നിർമ്മാണം | Puppet making |
| 31. | ചൂരൽ ഉൽപ്പന്നങ്ങൾ | Ratton Work |
| 32. | ലോഹത്തകിട് കൊണ്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ | Sheet metal work |
| 33. | സ്റ്റഫ് ചെയ്ത കളിപ്പാട്ടങ്ങൾ | Stuffed toys |
| 34. | മരത്തിൽ കൊത്തുപണികൾ | Wood carving |
| 35. | മരപ്പണി | Wood work |

## അനുബന്ധം – 1 (എ)
## തത്സമയ മത്സര ഇനങ്ങൾ – നിർദ്ദേശങ്ങൾ
## എൽ പി/യു പി വിഭാഗം
## ( Items for On the Spot Competition - LP, UP Level)

### 1. ചന്ദനത്തിരി നിർമ്മാണം (Agarbathi making)

തിരി നിർമ്മാണത്തിന് ആവശ്യമായ എല്ലാ പൊടികളും പ്രത്യേകം പാക്കറ്റുകളിലും എസ്സൻസുകൾ, നേർപ്പിക്കാനുള്ള ഓയിലുകൾ മുതലായവ പ്രത്യേകം കുപ്പികളിലുമാക്കി മത്സരസ്ഥലത്തു കൊണ്ടുവരേണ്ടതാണ്. കമ്പ് കളർ ചെയ്തു കൊണ്ടുവരാം. മത്സര സ്ഥലത്തുവെച്ച് മാവ് (കൂട്ട്) തയ്യാറാക്കേണ്ടതാണ്. മണം കൊടുക്കാനുള്ള ലായനിയെക്കുറിച്ച് കുട്ടിക്ക് അറിവുണ്ടായിരിക്കണം. തിരി പൊതിയുന്നതിനുള്ള ഇന്നർ കവറും, കൂടും (പെട്ടി) മത്സര സ്ഥലത്ത് വെച്ച് നിർമ്മിക്കേണ്ടതാണ്. ഈറ, മുള ഉപയോഗിച്ചുള്ള കമ്പ് നിർമ്മാണം, മസാല കോമ്പൗണ്ട്, ലായനി എന്നിവ തയ്യാറാക്കുന്ന വിധവും ഇതിൽ കുട്ടിക്കുള്ള അറിവും വിധികർത്താക്കൾ പരിശോധിക്കേണ്ടതാണ്

* കമ്പിന്റെ (stick) വണ്ണവും ബത്തിയുടെ വണ്ണവും തമ്മിലുള്ള അനുപാതം കൃത്യമായിരിക്കണം.
* ഇടവിട്ടുള്ള ഘനവ്യത്യാസം പാടില്ല.
* ബത്തിയുടെ മുകൾഭാഗം കമ്പ് കാണരുത്.
* കുട്ടി ഉണ്ടാക്കുന്ന ബത്തിയുടെ ഗുണ നിലവാരവും എണ്ണവും മൂല്യ നിർണ്ണയത്തിന് പരിഗണിക്കേണ്ടതാണ്.
- ഫർണിച്ചർ അനുവദിക്കുന്നതല്ല. നിർമ്മാണത്തിനാവശ്യമായ പലക കുട്ടി കൊണ്ടുവരേണ്ടതാണ്.

## 2. ഈറ, മുള കൊണ്ടുള്ള ഉൽപ്പന്നങ്ങൾ (Bamboo products)

ഈറ, മുള പൊളിയാക്കി മത്സര സ്ഥലത്ത് കൊണ്ടുവരാവുന്നതാണ്. മത്സര സ്ഥലത്തുവെച്ച് നിശ്ചിത സമയത്തിനുള്ളിൽ പൂർത്തിയാക്കുവാൻ കഴിയുന്ന ഉപയോഗയോഗ്യവും മേന്മയുമുള്ള ഉൽപ്പന്നങ്ങളാണ് നിർമ്മിക്കേണ്ടത്. പൊളികൾക്ക് നിറം പിടിപ്പിക്കാവുന്നതാണ്. കുട്ടിയുടെ വൈദഗ്ധ്യവും ഉൽപ്പന്നങ്ങളുടെ വൈവിധ്യവും, ഉപയോഗവും കണക്കിലെടുത്തുവേണം മൂല്യനിർണ്ണയം നടത്തേണ്ടത്.

## 3. മുത്തുകൾ കൊണ്ടുള്ള ഉൽപ്പന്നങ്ങൾ (Beads Work)

മുത്തുകൾ ഉപയോഗിച്ച് തയ്യാറാക്കുന്ന വിവിധയിനം ആഭരണങ്ങളാണ് ഈ ഇനത്തിൽ ഉദ്ദേശിക്കുന്നത്. പ്ലാസ്റ്റിക്കോ അല്ലാതെയോ ആയ വിവിധയിനം മുത്തുകൾ ഉപയോഗിക്കാം. നല്ല മാതൃക, നിറങ്ങളുടെ യോജിപ്പ്, വൈദഗ്ധ്യം തുടങ്ങിയവ പ്രത്യേകം പരിഗണിക്കുന്നതാണ്. വിധികർത്താക്കൾ നല്കുന്ന ഡിസൈൻ/ ഇനങ്ങൾ മാത്രം തയ്യാറാക്കുക.

## 4. ബുക്ക് ബയിന്റിങ് (Book Binding)

ഫുൾസ്ക്യാപ് (43.18 cm x 34.29 cm)/ഡമ്മി (44.45സെ.മീ.x 55.88 സെ.മീ.) പേപ്പർ, കാലിക്കോ, സ്ട്രോ ബോർഡ്, ചാർട്ട് കാർഡ്, ഫാൻസി പേപ്പർ കൂടാതെ ബുക്ക് നിർമ്മാണത്തിന് ആവശ്യമായ വസ്തുക്കളും ഉപകരണങ്ങളും കൊണ്ടുവരേണ്ടതാണ്. വിധികർത്താക്കൾ ഒപ്പിട്ടു നൽകുന്ന പേപ്പർ ഓരോ ബുക്കിലും ഉണ്ടാവണം. വ്യത്യസ്ഥ ബയിന്റിങ്ങ് രീതികൾ (half bound, quarter bound) വ്യത്യസ്ഥ ബുക്കുകൾ (നോട്ട് ബുക്ക്, നോട്ട് ബുക്ക് ഡ്രാൺ ഓൺ കവർ, ലെറ്റർ പാഡ്) സെക്ഷനുകളുടെ എണ്ണം, വലിപ്പം, വ്യത്യസ്ഥ തുന്നൽ രീതികൾ, ബുക്കുകളുടെ എണ്ണം എന്നിവ ഉൾപ്പെടുത്തിയാണ് വിധികർത്താക്കൾ മൂല്യനിർണയം നടത്തേണ്ടത്. വാചാ പരീക്ഷയും നടത്തണം.

**എൽ പി വിഭാഗം:** Half bound, Quarter bound, Drawn on Cover ഓരോ നോട്ടുബുക്ക് നിർമ്മിക്കുക

**യു പി വിഭാഗം:** Half bound, Quarter bound, Drawn on Cover നോട്ടുബുക്ക് & ലെറ്റർ പാഡ് എന്നിവ ഓരോന്ന് നിർമ്മിക്കുക.

### 5. ചിരട്ട കൊണ്ടുള്ള ഉൽപ്പന്നങ്ങൾ (Coconut shell products)

ചിരട്ടയുടെ ചവറ് കളയുക, മിനുസപ്പെടുത്തുക, മുറിക്കുക, പോളീഷ് ചെയ്യുക മുതലായ ജോലികൾ മത്സരസ്ഥലത്തു വെച്ചു തന്നെ ചെയ്യേണ്ടതാണ്. വൈദ്യുത യന്ത്രങ്ങൾ നിർമ്മാണ പ്രവർത്തനത്തിന് ഉപയോഗിക്കുവാൻ പാടില്ല. ഉൽപ്പന്നങ്ങളുടെ പൂർണ്ണത, കുട്ടിയുടെ അദ്ധ്വാനം, സൂക്ഷ്മത, കൃത്യത, വൈദഗ്ധ്യം എന്നിവ പരിഗണിച്ചാണ് മൂല്യ നിർണ്ണയം നടത്തേണ്ടത്. വിധികർത്താക്കൾ നിർദ്ദേശിക്കുന്ന ഉൽപ്പന്നങ്ങളാണ് നിർമ്മിക്കേണ്ടത്.

### 6. കയർ കൊണ്ടുള്ള ചവിട്ടി മെത്തകൾ (Coir door mats)

ചായം പിടിപ്പിച്ചതോ അല്ലാത്തതോ ആയ വിവിധയിനം കയർ ഉപയോഗിച്ചുള്ള നിർമ്മാണം. ചട്ടം (frame) , മറ്റുപകരണങ്ങൾ എന്നിവ മത്സരസ്ഥലത്ത് കൊണ്ടു വരാവുന്നതാണ്. ഫ്രെയിം ഉപയോഗിച്ച് നിർമ്മിക്കുന്നതിന് മുൻഗണന ലഭിക്കുന്നതാണ്. മൂന്ന് മണിക്കൂർ സമയം കൊണ്ട് പൂർത്തികരിക്കുവാൻ കഴിയുന്നത്ര എണ്ണം തയ്യാറാക്കാവുന്നതാണ്. എന്നാൽ എൽ.പി. വിഭാഗം കുട്ടികൾ ഫ്രെയിം ഉപയോഗിച്ച് ചെയ്യുവാൻ പാടുള്ളതല്ല.

### 7. വൈദ്യുത വയറിംഗ് (Electrical wiring)

ആധുനിക വൈദ്യുത സുരക്ഷാ സംവിധാനങ്ങളോടുകൂടി പി.വി.സി ഓപ്പൺ സർക്യൂട്ട് സിസ്റ്റം അല്ലെങ്കിൽ പി.വി.സി കേസിംങ്ങ് ആന്റ് ക്യാപ്പിങ്ങ് സിസ്റ്റം സമ്പ്രദായത്തിലെ സ്റ്റെയർകേസ് വയറിംഗ് കണക്ഷൻ രീതി ഉൾപ്പെടെയുള്ള വീടു വയറിംഗ് നടത്താനുള്ള ബോർഡ് (പരമാവധി 150 cm x 105 cm ഒരു ബോർഡ് മാത്രം ഉപയോഗിക്കുക.) അസംസ്കൃത വസ്തുക്കൾ പണിയായുധങ്ങൾ എന്നിവ കുട്ടികൾ കൊണ്ടുവരണം. ബോർഡിലോ, വസ്തുക്കളിലോ മുൻകൂട്ടി അടയാളപ്പെടുത്തുകയോ, സുഷിരങ്ങൾ ഉണ്ടാക്കുകയോ അരുത്. വയറിംഗ് സംബന്ധിച്ച എല്ലാ

യോജിപ്പുകളും പാകപ്പെടുത്തലുകളും മത്സരസ്ഥലത്തുവെച്ച് ചെയ്യേണ്ടതാണ്. മത്സരത്തിൽ യോജിപ്പ് രീതി (connection diagram) മത്സരാർത്ഥികൾ വരച്ച് കാണിക്കേണ്ടതാണ്. വൈദ്യുത വയറിംഗ്, സുരക്ഷാ ഏർപ്പാടുകൾ, ഉപകരണങ്ങൾ എന്നിവയെ സംബന്ധിച്ച് കുട്ടിക്ക് ശരിയായ ധാരണയുണ്ടായിരിക്കണം. സിംഗിൾ ഫേസ് വൈദ്യുതി ലഭ്യമായിരിക്കും. വൈദ്യുതി യന്ത്രങ്ങൾ ഉപയോഗിക്കുവാൻ പാടില്ല. ഫർണിച്ചർ അനുവദിക്കുന്നതല്ല. തറയിൽ വച്ച് തന്നെ ചെയ്യേണ്ടതാണ്.

### 8. ചിത്രതുന്നൽ (Embroidery)

ഒരു കുഷ്യൻ കവറിനോ, തലയിണ കവറിനോ ആവശ്യമായ വലിപ്പത്തിലുള്ള തുണിയും തയ്യലിന് ആവശ്യമായ നൂലുകളും, ഫ്രെയിം, കത്രിക, കാർബൺ പേപ്പർ, പെൻസിൽ മുതലായവയും കൊണ്ടു വരേണ്ടതാണ്. വിധികർത്താകൾ തരുന്ന ചിത്രം തുണിയിൽ വരച്ച് തുന്നി പൂർത്തിയാക്കണം. നൂൽ ഒറ്റലെയർ ആയോ മൾട്ടി ലെയർ ആയോ ഉപയോഗിക്കാവുന്നതാണ്. ചിത്രത്തിന്റെ സ്വഭാവമനുസരിച്ച് അനുയോജ്യമായ തുന്നലുകൾ ഉപയോഗിക്കേണ്ടതാണ്. തുന്നലുകളുടെ സംവിധാനം, വിവിധയിനം തുന്നലുകൾ, നിറങ്ങളുടെ യോജിപ്പ്, മികവ്, പൂർണത എന്നിവ മൂല്യനിർണ്ണയത്തിന് പരിഗണിക്കുന്നതാണ്. മെഷീൻ, മാറ്റ് ക്ലോത്ത് എന്നിവ അനുവദനീയമല്ല. കോട്ടൺ തുണി മാത്രമേ ഉപയോഗക്കാവൂ .

### 9. തുണിയിൽ ചിത്രം വരയ്ക്കൽ (Fabric painting)

മുക്കാൽ മീറ്റർ വെള്ള പോപ്ലിൻ തുണി, ചായം, ബ്രഷ്, പെൻസിൽ, കാർബൺ പേപ്പർ, എന്നിവ കൊണ്ടുവരേണ്ടതാണ്. വിധികർത്താക്കൾ നൽകുന്ന ചിത്രം വരച്ച് നിറം കൊടുത്ത് പൂർത്തിയാക്കേണ്ടതാണ്.

### 10. വെജിറ്റബിൾ പ്രിന്റിംഗ് (Fabric printing using vegetables)



**എൽ പി വിഭാഗം:** ഒരു പില്ലോകവർ (75 cm x 50 cm), ഒരു ടേബിൾ ക്ലോത്ത് (100 cm x 100 cm)

**യു പി വിഭാഗം:** രണ്ട് പില്ലോകവർ (75 cm x 50 cm), ഒരു സിംഗിൾ ബഡ്ഷീറ്റ് (120 cm x 210 cm)

ആവശ്യമായ പോപ്ലിൻ തുണി, ഫാബ്രിക്ക് പെയിന്റ്, ആവശ്യമായ പച്ചക്കറികൾ, തണ്ട്, സ്പോഞ്ച് തുടങ്ങിയവ കൊണ്ടുവരേണ്ടതാണ്. ഡിസൈയിനുകളുടെയും, നിറങ്ങളുടെയും, കോമ്പിനേഷൻ, വൃത്തി, വൈദഗ്ദ്ധ്യം എന്നിവ മൂല്യനിർണ്ണയത്തിൽ പരിഗണിക്കപ്പെടും. മത്സര സ്ഥലത്ത് തയ്യാറാക്കുന്ന ബ്ലോക്കുകൾ മാത്രമേ ഉപയോഗിക്കാൻ പാടുള്ളു. ബ്ലോക്കുകൾ തയ്യാറാക്കുന്നതിന് റെഡിമെയ്ഡ് ഡിസൈൻ അച്ചുകൾ ഉപയോഗിക്കുവാൻ പാടില്ല.

## 11. ലോഹത്തകിടിൽ കൊത്തുപണി (Metal Engraving)

അലൂമിനിയം/ചെമ്പ് തുടങ്ങിയ തകിടിൽ കൊത്തുപണികൾ ചെയ്യുക എന്നതാണ് ഉദ്ദേശിക്കുന്നത്. തകിടിന്റെ വലിപ്പം 60 cm x 40 cm ആയിരിക്കണം. തകിടിൽ അടയാളപ്പെടുത്തുന്നതും ചിത്രങ്ങൾ വരയ്ക്കുന്നതും മത്സരസ്ഥലത്ത് വച്ച് തന്നെ ചെയ്യേണ്ടതാണ്. തകിട് മുൻകൂട്ടി പെയിന്റ് ചെയ്തും, ഫ്രെയിം ചെയ്തും കൊണ്ടുവരാം. പണിക്ക് എൻഗ്രേവിംഗ് ഉപകരണങ്ങൾ മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളു. കൊത്തുപണികൾ ചെയ്യുവാനുള്ള രേഖാചിത്രം (A3 size)മത്സര സ്ഥലത്ത് നൽകുന്നതാണ്. എൻഗ്രേവിംഗ് ചെയ്യാനുള്ള അലുമിനിയം തകിട്, പെൻസിൽ, പേന, കാർബൺ പേപ്പർ എന്നിവ കൊണ്ടുവരേണ്ടതാണ്.

## 12. കളിമണ്ണ് കൊണ്ട് രൂപം നിർമ്മിക്കൽ (Modelling with clay)

പാകപ്പെടുത്തിയ കളിമണ്ണും മറ്റ് ഉപകരണങ്ങളും രൂപം തയ്യാറാക്കാൻ 50 cm x 50 cm പലക/പ്ലൈവുഡും കൊണ്ടുവരണം. വിധികർത്താക്കളുടെ നിർദ്ദേശാനുസരണം രൂപം തയ്യാറാക്കുക.

## 13. ഒറിഗാമി (Origami)

വിവിധതരം കടലാസുകൾ ഉപയോഗിച്ച് പല ആവർത്തി മടക്കിയും – മുറിച്ചും ചലിപ്പിക്കാവുന്നതും അല്ലാത്തതുമായ രൂപങ്ങളുടെ പൂർത്തീകരണമാണ് ഉണ്ടാകേണ്ടത്. കട്ടി കൂടിയതും കുറഞ്ഞതുമായ കടലാസുകൾ, ഡ്രോയിംഗ് പേപ്പർ, മാപ്പിലിത്തൊ പേപ്പർ, ക്രാഫ്റ്റ് പേപ്പർ, കവർ പേപ്പർ, വാർണിഷ് പേപ്പർ, ഫ്ളൂറസന്റ് പേപ്പർ തുടങ്ങിയവ ഉപയോഗിക്കാം. നിർമ്മാണ പ്രവർത്തനത്തിന് പരമാവധി 40 cm x 40 cm വലിപ്പമുള്ള പേപ്പർ ഉപയോഗിക്കുക. ഒരേ വിഭാഗത്തിൽ പരമാവധി 5 എണ്ണം മാത്രം നിർമ്മി

ക്കുക. ഉദാഹരണം പറവകൾ, മത്സ്യങ്ങൾ, മൃഗങ്ങൾ മുതലായവ. ഒട്ടിച്ചു ചേർത്തുണ്ടാക്കുന്ന രൂപങ്ങൾ അനുവദനീയമല്ല. വിധി നിർണ്ണയത്തിന് മടക്കുകളുടെ ആവർത്തനം രൂപ സാദൃശ്യം ആനുപാതിക വലിപ്പം, എണ്ണം എന്നിവ പരിഗണിക്കുന്നതാണ്.

## 14. വർണ്ണ കടലാസ് കൊണ്ടുള്ള വിവിധ പ്രവർത്തനങ്ങൾ (Paper craft)

ടിഷ്യു പേപ്പർ, ക്രേപ്പ്, വാർണിഷ്, വെൽവെറ്റ്, ഫിനിക്സ് തുടങ്ങിയ വിവിധ ഇനം കടലാസുകൾ ഉപയോഗിച്ച് പ്രകൃതിയിൽ കാണുന്ന പൂക്കളോടും ഇലകളോടും സാദൃശ്യമുള്ള പൂക്കൾ, ഇലകൾ മുതലായവ നിർമ്മിക്കുക. ഏതെങ്കിലും ഒരു ഉൽപ്പന്നത്തെ ലക്ഷ്യമാക്കി കടലാസ് മുറിച്ച് രൂപപ്പെടുത്തി കൊണ്ടുവരാൻ പാടില്ല. പ്രവർത്തനത്തിന് ആവശ്യമായ വസ്തുക്കളും ഉപകരണങ്ങളും കൊണ്ടുവരേണ്ടതാണ്. പ്രദർശനത്തിന് ലളിതമായ പൂപാത്രങ്ങൾ മാത്രം ഉപയോഗിക്കുക.

## 15. പോട്ടറി പെയിന്റിംഗ് (Pottery Painting)

ഗൃഹാലങ്കാരത്തിനായി വിവിധതരം മൺപാത്രങ്ങളിൽ അക്കർലിക് പെയിന്റ് ഉപയോഗിച്ച് ചിത്രണം ചെയ്ത് ഉൽപ്പന്നങ്ങൾ നിർമ്മിക്കേണ്ടതാണ്. നിർമ്മാണത്തിനാവശ്യമായ എല്ലാ വസ്തുക്കളും (മൺപാത്രങ്ങൾ, പെയിന്റ്, ബ്രഷ്, പെൻസിൽ, സ്കെയിൽ) എന്നിവ കുട്ടികൾ കൊണ്ടുവരേണ്ടതാണ്. 5 ഇഞ്ച് മുതൽ 9 ഇഞ്ച് വരെയുള്ള മൺകുടങ്ങൾ ഉപയോഗിക്കേണ്ടതാണ്. മുൻകൂട്ടി തയ്യാറാക്കിയ അച്ചുകളോ മറ്റു സങ്കേതങ്ങളോ ഉപയോഗിക്കാൻ പാടില്ല. വിവിധ നിറങ്ങൾ ഉൾപ്പെടുന്ന ഡിസൈൻ വരയ്ക്കേണ്ടതാണ്. മൺപാത്രങ്ങളിൽ ഒരു തരത്തിലുമുള്ള മാർക്കിങ്ങുകളും പാടില്ല. മൂന്നു മണിക്കൂർ സമയത്തിനുള്ളിൽ കഴിയാവുന്നത്ര നിർമ്മിതികൾ ചെയ്യാവുന്നതാണ്.



## 16 പോസ്റ്റർ ഡിസൈനിംഗ് (Poster Designing)

പോസ്റ്റർ കളർ ഉപയോഗിച്ച് ഡമ്മി സൈസിൽ ജഡ്ജസ് നൽകുന്ന വിഷയം പോസ്റ്റർ രൂപത്തിൽ തയ്യാറാക്കണം. നിർമ്മി

തിക്ക് ആവശ്യമായ പേപ്പർ, കളർ തുടങ്ങി എല്ലാ വസ്തുക്കളും കുട്ടികൾ കൊണ്ടു വരേണ്ടതാണ്.

### 17 വിവിധ തരം നൂലുപയോഗിച്ച് പാറ്റേൺ തയ്യാറാക്കുക (Prepare pattern using different types of threads)

40 cm x 40 cm വലിപ്പമുള്ള പ്ലൈവുഡ്/ഹാർഡ് ബോർഡ് പെയിന്റ് ചെയത് പേപ്പർ/തുണി ഒട്ടിച്ച്, അടയാളപ്പെടുത്താതെ കൊണ്ട് വരേണ്ടതാണ്. പാറ്റേൺ വരയ്ക്കൽ, ആണി അടിക്കൽ മുതലായവ മത്സരസ്ഥലത്ത് വെച്ച് ചെയ്യേണ്ടതാണ്. ഏതുതരം നൂലും ഉപയോഗിക്കാം. ഇൻവിജിലേറ്റർ ഒപ്പിട്ടു നൽകുന്ന പേപ്പറിലായിരിക്കണം പാറ്റേൺ വരയ്ക്കേണ്ടത്. എൽ.പി. പരമാവധി-3, യു.പി. പരമാവധി -4 എണ്ണം മതിയാവും. തെർമോക്കോൾ ഷീറ്റ് ഉപയോഗിക്കാൻ പാടില്ല. ഫർണിച്ചർ അനുവദിക്കുന്നതല്ല.

### 18. കാർഡ്, സ്ട്രോ ബോർഡ് ഉൽപ്പന്നങ്ങൾ (Products using card and strawboard)

1. 64 ഔൺസ് സ്ട്രോ ബോർഡ് ഉപയോഗിച്ച് 65 cm x 39 cm വലുപ്പത്തിലുള്ള വച്ചെഴുതാനുള്ള ബോർഡ് തയ്യാറാക്കുക (32 ഔൺസ് ബോർഡ് രണ്ടാക്കി മുറിച്ച് ഒട്ടിച്ച് കൊണ്ടുവരാവുന്നതാണ്.)

2. 32 ഔൺസ് സ്ട്രോ ബോർഡ് ഉപയോഗിച്ച് ഓഫീസ് ഫയൽ ബോർഡ് 32 cm x 23 cm അളവിൽ തയ്യാറാക്കുക. 65 cm x 46 cm അളവിൽ മുറിച്ച് കൊണ്ടുവരാം. പക്ഷെ 32 cm x 23 cm അളവിൽ മുറിച്ച് കൊണ്ടുവരാൻ പാടില്ല. (ഫ്ളാപ്പിന്റെ നീളം 60 cm, വീതി 10 cm ആയിരിക്കണം)

3. ലേസിട്ട് തയ്യാറാക്കിയ 35 cm x 25 cm വലുപ്പത്തിൽ ഫ്ളെക്സി ഫയൽ തയ്യാറാക്കുക. കട്ടിയുള്ള കാർഡ് ഉപയോഗിക്കാം. (duplex board, grey board etc.) കാർഡ് മുറിച്ച് കൊണ്ടുവരാൻ പാടില്ല.

4. 8 ഔൺസ് ബോർഡ് ഉപയോഗിച്ച് പെട്ടി തയ്യാറാക്കുക. (അളവ് തത്സമയം നൽകുന്നതാണ്)

**എൽ പി:** റൈറ്റിംഗ് ബോർഡ് – 1, ഓഫീസ് ഫയൽ – 1, ഫ്ളെക്സി ഫയൽ – 1

**യു പി:** റൈറ്റിംഗ് ബോർഡ് – 2, ഓഫീസ് ഫയൽ – 2, ഫ്ളെക്സി ഫയൽ – 2, 8 ഔൺസ് സ്ട്രോ ബോർഡ് പെട്ടി – 1 (അളവ് തത്സമയം നൽകുന്നതാണ്.)

N.B. ഓരോ ഇനങ്ങളിലും മുകളിൽ നിർദേശിച്ച എണ്ണത്തിൽ കൂടുതൽ ഉണ്ടാക്കുവാൻ പാടില്ല.

## 19. പാഴ്‌വസ്തുക്കൾ ഉപയോഗിച്ചുള്ള നിർമാണം (Products using waste materials)

പാഴ്‌വസ്തുക്കൾ ഉപയോഗിച്ച് പഠനസഹായികൾ, അലങ്കാര വസ്തുക്കൾ, ചെലവു കുറഞ്ഞ മറ്റ് ഉപയോഗ യോഗ്യമായ വസ്തുക്കൾ എന്നിവയുടെ നിർമാണമാണ് ഉദ്ദേശിക്കുന്നത്. മുൻകൂട്ടി തയ്യാറാക്കിയ യാതൊരു രൂപങ്ങളോ, പാകപ്പെടുത്തിയ മറ്റ് വസ്തുക്കളോ അനുവദനീയമല്ല. കൗതുക വസ്തുക്കൾ, പഠന സഹായികൾ, സാമൂഹ്യ പ്രസക്തിയുള്ള വസ്തുക്കൾ ഇവയിൽ ഓരോ ഇനത്തിലും പരമാവധി മൂന്നെണ്ണം വീതം നിർമ്മിക്കുക.

## 20. പാവകളിക്കുള്ള പാവകളുടെ നിർമ്മാണം (Puppet making)

ചരട് ഉപയോഗിച്ച് പ്രവർത്തിപ്പിക്കുന്ന പാവയും, കൈയുറ പാവയും നിർമ്മിച്ച്, പ്രവർത്തിപ്പിച്ച് കാണിക്കേണ്ടതാണ്. ശരീരഭാഗങ്ങൾ തുണിയിൽ പഞ്ഞി നിറച്ച് ആനുപാതികമായ അളവുകളിൽ നിർമ്മിച്ചെടുക്കേണ്ടതാണ്. ചരട് പാവകൾ നിർമ്മിക്കുമ്പോൾ ശരീര ഭാഗങ്ങൾ ആവശ്യാനുസരണമുള്ള ചലനങ്ങൾ കിട്ടത്തക്കവിധം യോജിപ്പിക്കേണ്ടതാണ്. ആകർഷകമായ ആഭരണങ്ങൾ, തത്സമയയം നിർമ്മിച്ച വസ്ത്രങ്ങൾ എന്നിവ ഉപയോഗിച്ച് മനോഹരമാക്കാം. കൈയ്യുറ പാവയുടെ തല കനകുറവുള്ള വസ്തുക്കൾ ഉപയോഗിച്ച് നിർമ്മിക്കണം. പ്രവർത്തിപ്പിക്കുവാൻ വിരലുകൾ കടക്കുവാൻ കഴിയുന്ന തരത്തിൽ സുഷിരങ്ങൾ കൊടുക്കാവുന്നതാണ്. സാമൂഹികവും കാലികവുമായ സന്ദേശങ്ങൾ നല്കുന്ന തരത്തിലുള്ള അവതരണം സ്റ്റേജില്ലാതെ നടത്തണം. മുൻകൂട്ടി തയ്യാറാക്കി കൊണ്ടുവന്ന ഭാഗങ്ങൾ

അനുവദിക്കുന്നതല്ല. എൽ.പി. 2 കൈയുറ പാവകൾ നിർമ്മിക്കണം. യു. പി. കൈയുറ പാവകളും, ചരട് പാവകളും നിർമ്മിക്കണം.

### 21. ലോഹത്തകിട് കൊണ്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ (Sheet metal work)

22 SWG/24SWG ഘനത്തിലുള്ള ലോഹത്തകിട് ഉപയോഗിച്ച് നിത്യോപയോഗത്തിനുള്ള ഉൽപ്പന്നങ്ങൾ നിർമ്മിക്കേണ്ടതാണ്. അടയാളപ്പെടുത്തുക, മുറിക്കുക, വളയ്ക്കുക തുടങ്ങിയ എല്ലാ ജോലികളും മൽസരസ്ഥലത്ത് വച്ച് നടത്തേണ്ടതാണ്. യോജിപ്പിക്കലിൽ റിവെറ്റിംഗ്, സോൾഡറിംഗ്, ഹെമ്മിംഗ് രീതികൾ ഉപയോഗിച്ചിരിക്കണം. ഉൽപ്പന്നങ്ങളുടെ ഉപയോഗം, ജോലികളിലെ വൈദഗ്ധ്യം, ഗുണമേന്മ, എന്നിവ പരിഗണിക്കുന്നതാണ്. യന്ത്ര സാമഗ്രികൾ ഉപയോഗിക്കാൻ പാടില്ല.

### 22. സ്റ്റഫ് ചെയ്ത കളിപ്പാട്ടങ്ങൾ (Stuffed toys)

മൃഗങ്ങൾ, പക്ഷികൾ മുതലായവയുടെ രൂപങ്ങൾ തുണിയിൽ വരച്ച് വെട്ടിയെടുത്ത് ഉറ മാതിരി തയ്ച്ച് മാർദ്ദവമായ വസ്തുക്കൾ നിറച്ച് കളിപ്പാട്ടങ്ങൾ തയ്യാറാക്കേണ്ടതാണ്. ഇവയിൽ വ്യത്യസ്തങ്ങളായ തുണിക്കഷ്ണങ്ങൾ ചേർത്ത് കണ്ണ്, മൂക്ക്, ചെവി, എന്നിവ തുന്നിപിടിപ്പിച്ചും മനോഹരമാക്കാവുതാണ്. മാതൃക വരയ്ക്കുക, മുറിക്കുക, തുന്നുക തുടങ്ങിയ പ്രവർത്തികൾ മൽസരസ്ഥലത്ത് വച്ച് ചെയ്യേണ്ടതാണ്.

### 23. കുടനിർമാണം (Umbrella making)

സാധാരണ ഉപയോഗത്തിലുള്ള ഒരു ലേഡീസ് കുടയും ഒരു ജെന്റ്സ് കുടയും കൂടാതെ മടക്കാൻ കഴിയുന്ന ആധുനിക രീതിയിലുള്ള മറ്റ് കുടകളും നിർമിക്കാവുന്നതാണ്. കുടയുടെ ട്യൂബ് മുറിച്ച് രൂപപ്പെടുത്തൽ, ആണി ഉറപ്പിക്കൽ, കമ്പി കെട്ടി ഉറപ്പിക്കൽ, തുണിയുടെ മൂട് തുന്നൽ, യോജിപ്പിക്കൽ എന്നീ ജോലികൾ മത്സരസ്ഥലത്തുവച്ച് ചെയ്യേണ്ടതാണ്. മേൽപ്പറഞ്ഞ രീതിയിൽ കൂടുതൽ കുടകൾ എത്ര വേണമെങ്കിലും നിർമിക്കാം. കമ്പി കെട്ടി ഫ്രെയിം കൊണ്ടുവരാൻ പാടില്ല.



### 24. മരത്തിൽ കൊത്തുപണികൾ (Wood carving)

40cm x 40cm പലകയിൽ കൊത്തുപണികൾ എന്ന പ്രവർത്തനമാണ് ഉദ്ദേശിക്കുന്നത്. അടയാളപ്പെടുത്തുക, വരയ്ക്കുക തുടങ്ങിയ എല്ലാ പണികളും മൽസരസ്ഥലത്തു വച്ച് മാത്രമേ ചെയ്യാൻ പാടുള്ളൂ. കൊത്തുപണികൾക്ക് അനുയോജ്യമായ പണിയായുധങ്ങൾ ഉപയോഗിക്കണം. വിധികർത്താക്കൾ നല്കുന്ന രേഖാചിത്രങ്ങളാണ് മൽസരത്തിന് ഉപയോഗിക്കേണ്ടത്. വൈദ്യുതി യന്ത്രങ്ങൾ ഉപയോഗിക്കാൻ പാടില്ല.

## 25. മരപ്പണി **(Wood work)**

ഉപയോഗിക്കുവാൻ കഴിയുന്ന ഏതെങ്കിലും വസ്തു നിർമിക്കണം. കുട്ടികൾ കൊണ്ടുവരുന്ന തടിക്കഷണങ്ങൾ ആവശ്യത്തിനനുസരിച്ച് മുറിക്കുക, ചിന്തേരിടുക, അടയാളപ്പെടുത്തുക, സുഷിരങ്ങൾ ഉണ്ടാക്കുക തുടങ്ങിയ എല്ലാ ജോലികളും മത്സരസ്ഥലത്ത് വച്ച് ചെയ്യേണ്ടതാണ്. ഘടകങ്ങൾ കൂട്ടിച്ചേർക്കുന്നതിന് അനുയോജ്യമായ ജോയിന്റുകൾ തന്നെ ഉപയോഗിച്ചിരിക്കണം. വൈദ്യുത പണിയായുധങ്ങൾ നിർമാണ പ്രവർത്തനത്തിന് ഉപയോഗിക്കുവാൻ പാടുള്ളതല്ല.

## അനുബന്ധം – 2 (എ)
## തത്സമയ മത്സര ഇനങ്ങൾ
## ഹൈസ്കൂൾ, ഹയർ സെക്കണ്ടറി & വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗങ്ങൾ

## ( Items for On the Spot Competition -HS, HSS & VHSS Level)

### 1. ഈറ, മുള കൊണ്ടുള്ള ഉൽപ്പന്നങ്ങൾ (Bamboo products)

ഈറ, മുള പൊളിയാക്കി മത്സരസ്ഥലത്ത് കൊണ്ടു വരാവുന്നതാണ്. മത്സര സ്ഥലത്തുവെച്ച് നിശ്ചിത സമയത്തിനുള്ളിൽ പൂർത്തിയാക്കുവാൻ കഴിയുന്നതും ഉപയോഗയോഗ്യവും മേന്മയുള്ളതുമായ ഉൽപ്പന്നങ്ങളാണ് നിർമ്മിക്കേണ്ടത്. പൊളികൾക്ക് നിറം പിടിപ്പിക്കാവുന്നതാണ്. നിർമ്മാണ വൈദഗ്ധ്യവും ഉൽപ്പന്നങ്ങളുടെ വൈവിധ്യവും ഉപയോഗവും കണക്കിലെടുത്തുവേണം മൂല്യനിർണ്ണയം നടത്തേണ്ടത്.

### 2. മുത്തുകൾ കൊണ്ടുള്ള ഉൽപ്പന്ന നിർമ്മാണം (Beads Work)

മുത്തുകൾ ഉപയോഗിച്ച് തയ്യാറാക്കുന്ന വിവിധയിനം ആഭരണങ്ങളാണ് ഈ ഇനത്തിൽ ഉദ്ദേശിക്കുന്നത്. പ്ലാസ്റ്റിക്കോ അല്ലാതെയോ ആയ വിവിധയിനം മുത്തുകൾ ഉപയോഗിക്കാം. നല്ല മാതൃക, നിറങ്ങളുടെ യോജിപ്പ്, വൈദഗ്ധ്യം തുടങ്ങിയവ പ്രത്യേകം പരിഗണിക്കുന്നതാണ്. വിധികർത്താക്കൾ നൽകുന്ന ഡിസൈൻ/ഇനങ്ങൾ മാത്രം തയ്യാറാക്കുക.

### 3. ബുക്ക് ബയിന്റിങ് (Book Binding)

ഫുൾസ്ക്യാപ് (43.18 cm x 34.29 cm)/ഡമ്മി (44.45 cm x 55.88 cm) പേപ്പർ, കാലിക്കോ, സ്ട്രോ ബോർഡ്, ചാർട്ട് കാർഡ്, ഫാൻസി പേപ്പർ കൂടാതെ ബുക്ക് നിർമ്മാണത്തിന് ആവശ്യമായ വസ്തുക്കളും ഉപകരണങ്ങളും കൊണ്ടുവരേണ്ടതാണ്. വിധികർത്താക്കൾ ഒപ്പിട്ടു നൽകുന്ന പേപ്പർ ഓരോ ബുക്കിലും ഉണ്ടാവണം. വ്യത്യസ്ഥ ബയിന്റിങ്ങ് രീതിയിൽ (half bound, quarter bound) വ്യത്യസ്ഥ ബുക്കുകൾ (ലഡ്ജർ, നോട്ട് ബുക്ക്, ഡ്രാൺ കവർ, ലെറ്റർ പാഡ്) സെക്ഷനുകളുടെ എണ്ണം, പേജുകളുടെ എണ്ണം, വലിപ്പം, വ്യത്യസ്ഥ തുന്നൽ രീതികൾ, ബുക്കുകളുടെ എണ്ണം എന്നിവ ഉൾപ്പെടുത്തിയാണ് വിധികർത്താക്കൾ മൂല്യനിർണയം നടത്തേണ്ടത്. വാചാ പരീക്ഷയും നടത്തണം.

4. **മുകുളങ്ങൾ ഒട്ടിക്കൽ, പതിവെയ്ക്കൽ, കമ്പുകൾ ഒട്ടിക്കൽ മുതലായവ (Budding, Layering, Grafting)**

അനുയോജ്യമായ വ്യത്യസ്ഥയിനം കമ്പുകളും വള്ളികളും (ഉദാഹരണത്തിന് റബ്ബർ, മാവ്, പേര, സപ്പോട്ട, ജാതി, മുല്ല, മുളക് എന്നിവ) പണിയായുധങ്ങളും കൊണ്ടുവരണം. ഓരോ ഇനത്തിലും 3 എണ്ണം വീതം ചെയ്തു കാണിക്കണം. ഓരോ ഇനത്തിലും നേരത്തെ ചെയ്തവ ആകെ മൂന്നണ്ണെം പ്രദർശിപ്പിക്കാം. നേഴ്സറി പ്രദർശനം പാടില്ല.

5. **ചിരട്ട കൊണ്ടുള്ള ഉൽപ്പന്നങ്ങൾ (Coconut shell products)**

ചിരട്ടയുടെ ചവറ് കളയുക, മിനുസപ്പെടുത്തുക, മുറിക്കുക, പോളീഷ് ചെയ്യുക മുതലായ ജോലികൾ മത്സരസ്ഥലത്തു വെച്ചു തന്നെ ചെയ്യേണ്ടതാണ്. വൈദ്യുത യന്ത്രങ്ങൾ നിർമ്മാണ പ്രവർത്തനത്തിന് ഉപയോഗിക്കുവാൻ പാടില്ല. ഉൽപ്പന്നങ്ങളുടെ പൂർണ്ണത കുട്ടിയുടെ അധ്വാനം, വൈദഗ്ധ്യം, കൃത്യത, സൂക്ഷ്മത എന്നിവ പരിഗണിച്ചാണ് മൂല്യ നിർണ്ണയം നടത്തേണ്ടത്. വിധികർത്താക്കൾ നിർദ്ദേശിക്കുന്ന ഉൽപ്പന്ന ങ്ങളാണ് നിർമ്മിക്കേണ്ടത്.

6. **കയർ കൊണ്ടുള്ള ചവിട്ടി മെത്തകൾ (Coir door mats)**

ചായം പിടിപ്പിച്ചതോ അല്ലാത്തതോ ആയ വിവിധയിനം കയർ, ചട്ടം (frame), മറ്റുപകരണങ്ങൾ എന്നിവ മത്സരസ്ഥലത്ത് കൊണ്ടു വരാവുന്നതാണ്. ഫ്രെയിം ഉപയോഗിച്ച് നിർമ്മിക്കുന്നതിന് മുൻഗണന ലഭിക്കുന്നതാണ്. മൂന്ന് മണിക്കൂർ സമയം കൊണ്ട് പൂർത്തികരിക്കുവാൻ കഴിയുന്നത്ര എണ്ണം തയ്യാറാക്കാവുന്നതാണ്.

7. **പാവ നിർമ്മാണം (Doll making)**

മനുഷ്യരൂപങ്ങൾ പാവയുടെ ആകൃതിയിൽ ആകർഷകമായ വിധത്തിൽ ചില പ്രത്യേക ഉദ്ദേശങ്ങൾക്ക് അനുസൃതമായ രീതിയിൽ നിർമ്മിച്ചെടുക്കുക എന്നതാണ് പാവ നിർമ്മാണം കൊണ്ട് ഉദ്ദേശിക്കുന്നത്. (ഉദാഹരണത്തിന് വിവിധങ്ങളായ നൃത്തരൂപങ്ങൾ, വ്യത്യസ്ത രീതിയിലുള്ള വസ്ത്രധാരണം നൽകിയ മനോഹരരൂപങ്ങൾ എന്നിവ). അധികം കനമില്ലാത്ത കമ്പി (ഉദ്ദേശം 1 mm വ്യാസമുള്ളത്) ശരീരത്തിന്റെ അനുപാതത്തിന് വളച്ചെടുത്ത് രൂപങ്ങളുടെ അസ്ഥികൂടം നിർമ്മിച്ച്

അതിൻമേൽ പഞ്ഞി മുതലായവ പതിപ്പിച്ച് കമ്പിളി നൂൽ ചുറ്റി ശരീരഭാഗങ്ങൾ രൂപപ്പെടുത്തി എടുക്കുക. അതിനുശേഷം ആകർഷകമായ വസ്ത്രവിതാനങ്ങൾ മത്സരസ്ഥലത്ത് വച്ച് തയ്യാറാക്കി, ആഭരണങ്ങൾ അണിയിച്ച് മനോഹരമാക്കുക. പാവയുടെ പരമാവധി ഉയരം 35 സെ.മീ. മാത്രമേ പാടുള്ളൂ. എല്ലാ നിർമ്മാണ പ്രവർത്തനങ്ങളും മത്സരസ്ഥലത്ത് വെച്ച് ചെയ്യേണ്ടതാണ്. മുൻകൂട്ടി തയ്യാറാക്കിയ ഒരു ഭാഗങ്ങളും അനുവദിക്കുന്നതല്ല. മത്സരത്തിൽ കടഞ്ഞെടുത്ത മരത്തിലുള്ള തലകൾ, തുണികൾ, ലേസ് തുടങ്ങി നിർമ്മാണത്തിനാവശ്യമായ സാധനങ്ങൾ കൊണ്ടുവരേണ്ടതാണ്. കഥകളി കിരീടം, തെയ്യക്കോലം എന്നിവ ഉപ യോഗിക്കുവാൻ പാടുള്ളതല്ല.

8. **വിവിധ തരം ക്യാരി ബാഗുകളുടെ നിർമ്മാണം (Different Types of Carry Bags)**

നിത്യോപയോഗത്തിന് സാധ്യമായ വിവിധതരം ബാഗുകളുടെ നിർമ്മാണം. തുണി, പേപ്പർ എന്നിവയുപയോഗിച്ച് ബാഗുകൾ നിർമ്മിക്കേണ്ടതാണ്. ആകർഷകമായതും വിവിധ അളവുകളിലുമുള്ള ബാഗ് നിർമ്മാണം നടത്താവുന്നതാണ്.

9. **ചെലവു ചുരങ്ങിയ പോഷകാഹാര വിഭവങ്ങളും (Economic nutritious food items) & പച്ചക്കറി പഴവർഗ്ഗ സംസ്ക്കരണ (Vegetable & Fruit preservation items) വിഭവങ്ങളും**

ചെലവു ചുരുങ്ങിയ പോഷകാഹാര വിഭവങ്ങൾ (Economic nutritious food items) എന്നാൽ വില കുറഞ്ഞതും, ചുറ്റുപാടുകളിൽ നിന്നും സുലഭമായി ലഭ്യമായതും പോഷകം കൂടിയതുമായ ഭക്ഷണ മിശ്രിതങ്ങളാണ് ഉദ്ദേശിക്കുന്നത്. ഒരേ പദാർത്ഥം ആവർത്തിച്ച് പല തരത്തിലുള്ള വിഭവങ്ങൾ ഉണ്ടാക്കാൻ പാടില്ല. അന്നജം, പ്രോട്ടീൻ, കൊഴുപ്പ്, ജീവകങ്ങൾ, ധാതുക്കൾ എന്നീ ഘടകങ്ങൾ അടങ്ങിയിട്ടുള്ള സമീകൃത പോഷക വിഭവങ്ങളായിരിക്കണം പാചകം ചെയ്യേണ്ടത്. പരമാവധി 6 വിഭവങ്ങൾ മാത്രം തയ്യാറാക്കി പ്രദർശിപ്പിക്കുക.



പച്ചക്കറികൾ ഉപയോഗിച്ച് അച്ചാറുകൾ, സോസ്സുകൾ, പഴവർഗ്ഗങ്ങൾ ഉപയോഗിച്ച് സ്ക്വാഷുകൾ, ജാം മുതലായവ തയ്യാറാക്കുക. ചുറ്റുപാടുകളിൽ നിന്നും സുലഭമായി ലഭിക്കുന്ന പച്ചക്കറികളും പഴങ്ങളും

ഉപയോഗിക്കുക. അച്ചാറുകൾ 250 gm, ജാം 250 gm, സോസ്സ് 250 gm, സ്ക്വാഷ് 750 ml. പരമാവധി 6 വിഭവങ്ങൾ മാത്രം തയ്യാറാക്കി പ്രദർശിപ്പിക്കുക.

പാചകത്തിന് വേണ്ടുന്ന അസംസ്കൃത വസ്തുക്കൾ, ചേരുവകൾ, ഉപകരണങ്ങൾ, പാത്രം മുതലായവ കുട്ടികൾ കൊണ്ടുവരണം. നേരത്തെ തയ്യാറാക്കി വച്ചിട്ടുള്ള വിഭവങ്ങൾ കൊണ്ട് വരാൻ പാടുള്ളതല്ല. ഒരു മണ്ണെണ്ണ തിരി സ്റ്റൗ (Kerosene wick stove) മാത്രമെ അനുവദിക്കുകയുള്ളൂ. ഇൻഡക്ഷൻ കുക്കർ, പ്രഷർകുക്കർ പോലെയുള്ള ഉപകരണങ്ങൾ ഉപയോഗിക്കാൻ പാടില്ല. പാചകം കഴിഞ്ഞുള്ള ഉൽപ്പന്നത്തിന്റെ അളവ് 200–300 ഗ്രാം മതിയാവും. ശുചിത്വം, ജോലി ചെയ്യുന്നതിനുള്ള കഴിവ്, പാചകരീതികൾ, പോഷണമൂല്യം നഷ്ടപ്പെടുത്താതെയുള്ള മാർഗ്ഗങ്ങൾ, ഗുണമേന്മ, വിഭവങ്ങളുടെ പ്രദർശനം എന്നിവയെല്ലാം പരിഗണിക്കപ്പെടുന്നതാണ്. (രണ്ടിനങ്ങളിലും കൂടി ആകെ 12 വിഭവങ്ങൾ). രണ്ട് ഡെസ്ക്, ഒരു ബെഞ്ച് എന്നിവ മാത്രമേ അനുവദിക്കുകയുള്ളു.

### 10. വൈദ്യുത വയറിംഗ് (Electrical wiring)

ആധുനിക വൈദ്യുത സുരക്ഷാ സംവിധാനങ്ങളോടുകൂടി പി.വി.സി ഓപ്പൺ സർക്യൂട്ട് സിസ്റ്റം അല്ലെങ്കിൽ പി.വി.സി കേസിംങ്ങ് ആന്റ് ക്യാപ്പിങ്ങ് സിസ്റ്റം സമ്പ്രദായത്തിലെ സ്റ്റെയർകേസ് വയറിംഗ് കണക്ഷൻ രീതി ഉൾപ്പെടെയുള്ള വീടു വയറിംഗ് നടത്താനുള്ള ബോർഡ് (പരമാവധി 150 cm x 105 cm ഒരു ബോർഡ് മാത്രം ഉപയോഗിക്കുക.) അസംസ്കൃത വസ്തുക്കൾ പണിയായുധങ്ങൾ എന്നിവ കുട്ടികൾ കൊണ്ടുവരണം ബോർഡിലോ, വസ്തുക്കളിലോ മുൻകൂട്ടി അടയാളപ്പെടുത്തുകയോ, സുഷിരങ്ങൾ ഉണ്ടാക്കുകയോ അരുത്. വയറിംഗ് സംബന്ധിച്ച എല്ലാ യോജിപ്പുകളും പാകപ്പെടുത്തലുകളും മത്സരസ്ഥലത്തുവെച്ച് ചെയ്യേണ്ടതാണ്. മത്സരത്തിൽ യോജിപ്പ് രീതി (connection diagram) കുട്ടികൾ വരച്ച് കാണിക്കേണ്ടതാണ്. വൈദ്യുത വയറിംഗ്, സുരക്ഷാ ഏർപ്പാടുകൾ, ഉപകരണങ്ങൾ എന്നിവയെ സംബന്ധിച്ച് കുട്ടിക്ക് ശരിയായ ധാരണയുണ്ടായിരിക്കണം. സിംഗിൾ ഫേസ് വൈദ്യുതി ലഭ്യമായിരിക്കും. ഇലക്ട്രിക് യന്ത്രങ്ങൾ, ഫർണിച്ചർ എന്നിവ ഉപയോഗിക്കാൻ പാടില്ല. തറയിൽ വച്ച് തന്നെ ചെയ്യേണ്ടതാണ്.

### 11. ഇലക്ട്രോണിക്സ് (Electronics)

ഉപയോഗയോഗ്യമായതും പ്രവർത്തനക്ഷമമായതുമായ ഉൽപ്പന്നങ്ങളെ ലക്ഷ്യമാക്കിയുള്ള പ്രവർത്തനമാണ് ചെയ്യേണ്ടത്. സർക്യൂട്ടിന്റെ ചിത്രം വരച്ച് മത്സരത്തിന് കൊണ്ടുവരാവുന്നതാണ്. ഉപയോഗിക്കുന്ന വിവിധ ഘടകങ്ങളെ കുറിച്ചും ഉപകരണങ്ങളെ കുറിച്ചും വ്യക്തമായ ധാരണ കുട്ടിക്ക് ഉണ്ടായിരിക്കണം. പരമാവധി 10 ഉൽപ്പന്നം നിർമ്മിച്ച് പ്രദർശിപ്പിക്കാം. മുൻകൂട്ടി യോജിപ്പിച്ച ഘടകങ്ങൾ അനുവദനീയമല്ല. സിംഗിൾ ഫെയ്സ് വൈദ്യുതി മത്സരസ്ഥലത്ത് ലഭ്യമായിരിക്കും. മൾട്ടി പർപ്പസ് പി.സി.ബി. മാത്രമേ ഉപയോഗിക്കാവൂ. Bread Board ഉപയോഗിക്കാൻ പാടില്ല. വിവിധ തരം സെൻസറുകളും ഉൾപ്പെടുത്താവുന്നതാണ്. ഉത്പന്നത്തിന്റെ പ്രവർത്തനം, നിർമ്മാണത്തിലെ വൈദഗ്ധ്യം എന്നിവ വിലയിരുത്തപ്പെടുന്നതാണ്.

### 12. ചിത്രതുന്നൽ (Embroidery)

ഒരു കുഷ്യൻ കവറിനോ, തലയിണ കവറിനോ പറ്റിയ വലിപ്പത്തിലുള്ള തുണിയും തയ്യലിന് ആവശ്യമായ നൂലുകളും, ഫ്രെയിം, കത്രിക, കാർബൺ പേപ്പർ, പെൻസിൽ മുതലായവയും കൊണ്ടുവരേണ്ടതാണ്. വിധികർത്താകൾ തരുന്ന ചിത്രം തുണിയിൽ വരച്ച് പൂർത്തിയാക്കണം. ചിത്രത്തിന്റെ സ്വഭാവമനുസരിച്ച് അനുയോജ്യമായ തുന്നലുകൾ, നൂലിന്റെ ലയറുകൾ എന്നിവ ഉപയോഗിക്കേണ്ടതാണ്. തുന്നലുകളുടെ സംവിധാനം, വിവിധയിനം തുന്നലുകൾ, നിറങ്ങളുടെ യോജിപ്പ്, പൂർണ്ണതാ, മികവ് എന്നിവ പരിഗണിക്കുന്നതാണ്. മെഷീൻ, മാറ്റ് ക്ലോത്ത് എന്നിവ അനുവദനീയമല്ല. കോട്ടൺ തുണി മാത്രം ഉപയോഗിക്കുക.



### 13. തുണിയിൽ ചിത്രം വരയ്ക്കൽ (Fabric painting)

മുക്കാൽ മീറ്റർ വെള്ള പോപ്ലിൻ തുണി, ചായം, ബ്രഷ്, പെൻസിൽ, കാർബൺ പേപ്പർ, എന്നിവ കൊണ്ടുവരേണ്ടതാണ്. വിധികർത്താക്കൾ നൽകുന്ന ചിത്രം വരച്ച് നിറം കൊടുത്ത്

പൂർത്തിയാക്കേണ്ടതാണ്. ചിത്രത്തിന്റെ പൂർണ്ണത, നിറങ്ങളുടെ യോജിപ്പ്, കൃത്യത എന്നിവ പരിഗണിക്കുന്നതാണ്.

### 14. വെജിറ്റബിൾ പ്രിന്റിങ്ങ് (Fabric printing using vegetables)

ആവശ്യമായ പോപ്ലിൻ തുണി, ഫാബ്രിക്ക് പെയിന്റ്, പച്ചക്കറികൾ, തണ്ട്, സ്പോഞ്ച് തുടങ്ങിയവ കൊണ്ടുവരേണ്ടതാണ്. മൂല്യനിർണ്ണയത്തിൽ ഡിസൈനുകളുടെയും, നിറങ്ങളുടെയും കോമ്പിനേഷൻ, വൃത്തി, വൈദഗ്ദ്ധ്യം എന്നിവ പരിഗണിക്കപ്പെടും. മത്സരസ്ഥലത്ത് തയ്യാറാക്കുന്ന ബ്ലോക്കുകൾ മാത്രമേ ഉപയോഗിക്കാൻ പാടുള്ളു. ബ്ലോക്കുകൾ തയ്യാറാക്കുന്നതിന് റെഡിമെയ്ഡ് ഡിസൈൻ അച്ചുകൾ ഉപയോഗിക്കുവാൻ പാടില്ല.

**എച്ച് എസ് വിഭാഗം:** ഒരു സാരി, ഒരു സിംഗിൾ ബെഡ്ഷീറ്റ് (120 cm x 210 cm)

**എച്ച്.എസ്.എസ് വിഭാഗം:** ഒരു സാരി, ഒരു സിംഗിൾ ബെഡ്ഷീറ്റ് (120 cm x 210 cm), ഒരു പില്ലോ കവർ ((75 cm x 50 cm)

### 15. ഫൈബർ ഫാബ്രിക്കേഷൻ (Fabrication using Fibre)

ഫൈബർ/പി.വി.സി മെറ്റീരിയലുകൾ (ഡോർ മെറ്റീരിയലുകൾ, പാനലുകൾ, etc.) ഉപയോഗിച്ച് 80സെ.മീ. ഉയരവും 60 സെ.മീ. വീതിയും ഉള്ള കട്ടിളയോടുകൂടിയ ഒരു ക്യാബിൻ ഡോർ നിർമ്മിച്ച് ആവശ്യമായ ഫിറ്റിംഗ്സുകൾ ഉറപ്പിച്ച് പൂർത്തീകരിക്കേണ്ടതാണ്. ഇതിന് പുറമേ മേൽപറഞ്ഞ മെറ്റീരിയലുകൾ ഉപയോഗിച്ച് ദൈനംദിന ജീവിതത്തിൽ ഉപയോഗപ്രദമായ വിവിധതരം ഉൽപ്പന്നങ്ങൾ നിർമ്മിക്കാവുന്നതാണ്. മെറ്റീരിയൽ കൃത്യമായ അളവിൽ മുറിച്ചുകൊണ്ടുവരാൻ പാടുള്ളതല്ല. മത്സരസ്ഥലത്തുവച്ച് ആവശ്യമായ അളവുകൾ മാർക്ക് ചെയ്ത് മുറിച്ച് ചെയ്യേണ്ടതാണ്. നിർമ്മാണപ്രവർത്തനത്തിന് ആവശ്യമായ എല്ലാ വസ്തുക്കളും മത്സരാർത്ഥികൾ കൊണ്ടുവരേണ്ടതാണ്. വൈദ്യുത പണിയായുധങ്ങൾ ഉപയേഗിക്കാൻ പാടുള്ളതല്ല.

## 16. തുന്നിയെടുത്ത വിവിധ ഇനം വസ്ത്രങ്ങൾ (Garment making)

ആവശ്യത്തിന് തുണി, സൂചി, നൂൽ, ലേസ്, കത്രിക, സ്കെയിൽ, പെൻസിൽ തുടങ്ങിയ എല്ലാ വസ്തുക്കളും മത്സരാർത്ഥികൾ കൊണ്ടുവരേണ്ടതാണ്. വിധികർത്താക്കൾ നൽക്കുന്ന ചോദ്യത്തിന് അനുസരണമായി വസ്ത്രങ്ങൾ കൈകൊണ്ട് തുന്നി പൂർത്തിയാക്കേണ്ടതാണ്.

## 17. നൂതനാശയ പ്രവർത്തന മാതൃക ( Innovative Working Model)

പുതിയ കാലഘട്ടത്തിലെ നൂതനമായ ആശയങ്ങൾ ദൈനം ദിന ജീവിതത്തിലേയ്ക്ക് പ്രാവർത്തികമാക്കുന്നതിനായി പ്രകൃതിക്ക് അനുയോജ്യമായ വിവിധതരം സാധന സാമഗ്രികൾ, ഇലക്ട്രിക്കൽ––ഇലക്ട്രോണിക്സ്–മെക്കാനിക്കൽ ഘടകങ്ങൾ (Components), വിവിധതരം സെൻസറുകൾ, മുതലായവ ഉപയോഗിച്ച് കുട്ടികളിലെ നൂതനദർശനവും, നിർമ്മാണ വൈദഗ്ദ്യവും ഉൾച്ചേർത്ത് ദൈനംദിന ജീവിതത്തിൽ ഉപകാരമാവുന്നതും മനുഷ്യ ജീവിതം അനായാസമാക്കുന്നതുമായ ഉൽപ്പന്നങ്ങളുടെ പ്രവർത്തന മോഡൽ നിർമ്മിച്ചെടുക്കുക. മത്സരത്തിൽ പങ്കെടുക്കുന്ന കുട്ടി നിർമ്മാണത്തിനു വേണ്ട സാമഗ്രികൾ കൊണ്ടു വരേണ്ടതാണ്. മുൻകൂട്ടി കൂട്ടിയോജിപ്പിച്ച ഉപകരണങ്ങൾ കൊണ്ടുവരാൻ പാടില്ല. തത്സമയ നിർമാണം കഴിഞ്ഞതിനു ശേഷം ഉൽപന്നം ജഡ്ജസിനു മുന്നിൽ പ്രവർത്തിപ്പിച്ച് വിവരണം നൽകേണ്ടതാണ്.

## 18. ലോഹത്തകിടിൽ ദ്വിമാനരൂപ ചിത്രണം (Metal embossing)



28 ഗേജ് അലൂമിനിയം തകിടിൽ ചിത്രങ്ങൾ എംബോസിംഗ് ചെയ്ത് എടുക്കുക. തകിടിന്റെ വലുപ്പം 30 cm x 25 cm ആണ്. തകിടിൽ ചിത്രങ്ങൾ വരയ്ക്കുന്നതും ആടയാളപ്പെടുത്തുന്നതും മത്സര സ്ഥലത്തു വച്ച് തന്നെയാവണം. എംബോസിംഗ് ചെയ്യാനുള്ള

രേഖാചിത്രം മത്സരസ്ഥലത്തുവെച്ച് നൽകുന്നതാണ്. എംബോസിംഗ് ചെയ്യാനുള്ള 28 ഗേജ് അലൂമിനിയം തകിട്, പണിയായുധങ്ങൾ (**Tools**), പെൻസിൽ, പേന, കാർബൺ പേപ്പർ എന്നിവ മത്സരാർത്ഥികൾ കൊണ്ടുവരേണ്ടതാണ്. വൈദ്യുത പണിയായുധങ്ങൾ ഉപയോഗിക്കാൻ പാടില്ല. ചിത്രത്തിന്റെ/വർക്കിന്റെ ചുറ്റുപാടും ചിത്രത്തിന് അനുയോജ്യമായ ടെസ്റ്റർ ചെയ്യാവുന്നതാണ്.

### 19. ലോഹത്തകിടിൽ കൊത്തുപണി (Metal engraving)

അലൂമിനിയം/ചെമ്പ് തുടങ്ങിയ തകിടിൽ കൊത്തുപണികൾ ചെയ്യുക എന്നതാണ് ഉദ്ദേശിക്കുന്നത്. തകിടിന്റെ വലിപ്പം 60 cm x 40 cm ആയിരിക്കണം. തകിടിൽ അടയാളപ്പെടുത്തുന്നതും ചിത്രങ്ങൾ വരയ്ക്കുന്നതും മത്സരസ്ഥലത്ത് വച്ച് തന്നെ ചെയ്യേണ്ടതാണ്. പണിക്ക് എൻഗ്രേവിംഗ് ഉപകരണങ്ങൾ മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളു. കൊത്തുപണികൾ ചെയ്യുവാനുള്ള രേഖാചിത്രം (A3 size) മത്സര സ്ഥലത്ത് നൽകുന്നതാണ്. എൻഗ്രേവിംഗ് ചെയ്യാനുള്ള അലൂമിനിയം തകിട്, പെൻസിൽ, പേന, കാർബൺ പേപ്പർ, അനുയോജ്യമായ പണിയായുധങ്ങൾ എന്നിവ കൊണ്ടുവരേണ്ടതാണ്. തകിട് മുൻകൂട്ടി പെയിന്റ് ചെയ്തും, ഫ്രെയിം ചെയ്തും കൊണ്ടുവരാം.

### 20. കളിമണ്ണ് കൊണ്ട് രൂപം നിർമ്മിക്കൽ (Modelling with clay)

പാകപ്പെടുത്തിയ കളിമണ്ണും മറ്റ് ഉപകരണങ്ങളും രൂപം തയ്യാറാക്കാൻ 50 cm x 50 cm പലക/പ്ലൈവുഡും കൊണ്ടുവരണം. വിധികർത്താക്കളുടെ നിർദ്ദേശാനുസരണം രൂപം തയ്യാറാക്കുക.



### 21. വർണ്ണ കടലാസ് കൊണ്ടുള്ള വിവിധ പ്രവർത്തനങ്ങൾ (Paper craft)

ടിഷ്യു, പേപ്പർ, ക്രേപ്പ്, വാർണിഷ്, വെൽവെറ്റ്, ഫിനിക്സ് തുടങ്ങിയ വിവിധ ഇനം കടലാസുകൾ ഉപയോഗിച്ച് പ്രകൃതിയിൽ

കാണുന്ന പൂക്കളോടും ഇലകളോടും സാദൃശ്യമുള്ള പൂക്കൾ, ഇലകൾ മുതലായവ നിർമ്മിക്കുക. ഏതെങ്കിലും ഒരു ഉൽപ്പന്നത്തെ ലക്ഷ്യമാക്കി കടലാസ് മുറിച്ച് രൂപപ്പെടുത്തി കൊണ്ടുവരാൻ പാടില്ല. പ്രവർത്തനത്തിന് ആവശ്യമായ വസ്തുക്കളും ഉപകരണങ്ങളും കൊണ്ടുവരേണ്ടതാണ്. പ്രദർശനത്തിന് പൂപാത്രങ്ങൾ മാത്രം ഉപ യോഗിക്കുക. സ്റ്റാന്റ് ഉപയോഗിക്കരുത്.

**22.** വിവിധ തരം നൂലുപയോഗിച്ച് പാറ്റേൺ തയ്യാറാക്കുക **(Prepare pattern using different types of threads)**

40 cm x 40 cm വലിപ്പമുള്ള പ്ലൈവുഡ്/ഹാർഡ് ബോർഡ് പെയിന്റ് ചെയത് പേപ്പർ/തുണി എന്നിവ ഒട്ടിച്ച്, അടയാളപ്പെടു ത്താതെ കൊണ്ട് വരേണ്ടതാണ്. പാറ്റേൺ വരയ്ക്കൽ, ആണി അടിക്കൽ മുതലായവ മത്സരസ്ഥലത്ത് വെച്ച് ചെയ്യേണ്ടതാണ്. ഇൻവിജിലേറ്റർ ഒപ്പിട്ട് നൽകുന്ന പേപ്പറിലായിരിക്കണം പാറ്റേൺ വരയ്ക്കേണ്ടത്. ഫർണിച്ചർ അനുവദിക്കുന്നതല്ല. ഏതുതരം നൂലും ഉപയോഗിക്കാം. പരമാവധി 6 ബോർഡുകൾ മാത്രം ചെയ്താൽ മതി. തെർമോക്കോൾ ഷീറ്റ്, ഫർണിച്ചർ എന്നിവ അനുവദനീയമല്ല.

**23.** പോട്ടറി പെയിന്റിംഗ് **(Pottery Painting)**

ഗൃഹാലങ്കാരത്തിനായി വിവിധതരം മൺപാത്രങ്ങളിൽ അക്കർലിക് പെയിന്റ് ഉപയോഗിച്ച് ചിത്രണം ചെയ്ത് ഉൽപ്പന്നങ്ങൾ നിർമ്മിക്കേണ്ടതാണ്. നിർമ്മാണത്തിനാവശ്യമായ എല്ലാ വസ്തു ക്കളും (മൺപാത്രങ്ങൾ, പെയിന്റ്, ബ്രഷ്, പെൻസിൽ, സ്കെയിൽ) എന്നിവ കുട്ടികൾ കൊണ്ടുവരേണ്ടതാണ്. 5 ഇഞ്ച് മുതൽ 9 ഇഞ്ച് വരെയുള്ള മൺകുടങ്ങൾ ഉപയോഗിക്കേണ്ടതാണ്. മുൻകൂട്ടി തയ്യാ റാക്കിയ അച്ചുകളോ മറ്റു സങ്കേതങ്ങളോ ഉപയോഗിക്കാൻ പാടില്ല. വിവിധ നിറങ്ങൾ ഉൾപ്പെടുന്ന ഡിസൈൻ വരയ്ക്കേണ്ടതാണ്. മൺപാത്രങ്ങളിൽ ഒരു തരത്തിലുമുള്ള മാർക്കിങ്ങുകളും പാടില്ല. മൂന്നു മണിക്കൂർ സമയത്തിനുള്ളിൽ കഴിയാവുന്നത്ര നിർമ്മിതികൾ ചെയ്യാവുന്നതാണ്.

### 24. പോസ്ററർ ഡിസൈനിംഗ് (Poster Designing)

പോസ്റ്റർ കളർ ഉപയോഗിച്ച് ഡമ്മി സൈസിൽ ജഡ്ജസ് നൽകുന്ന വിഷയം പോസ്റ്റർ രൂപത്തിൽ വരച്ച് തയ്യാറാക്കണം. നിർമ്മിതിക്ക് ആവശ്യമായ പേപ്പർ, കളർ തുടങ്ങി എല്ലാ വസ്തുക്കളും കുട്ടികൾ കൊണ്ടുവരേണ്ടതാണ്.

### 25. കവുങ്ങിൻ പാള കൊണ്ടുള്ള ഉൽപ്പന്നങ്ങൾ (Products using Areca Tree leaf)

കവുങ്ങിൻ പാള ഉപയോഗിച്ച് ഉപയോഗ യോഗ്യമായ ഉൽപ്പന്നങ്ങളും കൗതുകകരമായ വസ്തുക്കളും നിർമ്മിക്കുക എന്നതാണ് ഉദ്ദേശിക്കുന്നത്. പാളകൾ നിവർത്തി ലെവലാക്കി കൊണ്ടുവരാവുന്നതാണ്. പച്ചപാളയും ഉണക്കിയെടുത്ത പാളയും കൊണ്ടുവരാവുന്നതാണ്. നിറങ്ങൾ നൽകിയും കൊണ്ടുവരാം. നിർമ്മിതിക്ക് ആവശ്യമായ അനുബന്ധ വസ്തുക്കൾ (പശ, റിവറ്റ്, നൂൽ, മരത്തിന്റെ റീപ്പർ) ഉപയോഗിക്കാവുന്നതാണ്. വിധിനിർണയത്തിൽ ഉൽപ്പന്നത്തിന്റെ രൂപം, ഭംഗി, ഈട്, പൂർണ്ണത,അനുബന്ധവസ്തുക്കളുടെ ഗുണനിലവാരം എന്നിവ വിലയിരുത്തപ്പെടും.

### 26. പ്രകൃതിദത്ത നാരുകൾ കൊണ്ടുള്ള ഉൽപ്പന്നങ്ങൾ (ചകിരിനാര് ഒഴിച്ച്) (Products using natural fibers except coconut fibre)

പ്രകൃത്യാ കിട്ടുന്ന നാരുകൾ മാത്രമേ ഉപയോഗിക്കാവൂ. നിറം പിടിപ്പിച്ചതോ അല്ലാത്തതോ ആയ പ്രകൃതിദത്ത നാരുകൾ കൊണ്ടുവരാവുന്നതാണ്. നാരുകൾ പിന്നി കൊണ്ടുവരാൻ പാടില്ല. വിധികർത്താക്കൾ നിർദ്ദേശിക്കുന്ന അളവിൽ, നിർദ്ദേശിക്കുന്ന ഉൽപ്പന്നങ്ങൾ നിർമിക്കേണ്ടതാണ്. ഉദാ : ബാഗ്, പേഴ്സ്, തൊപ്പി, ടേബിൾ മാറ്റ് മുതലായവ. ഉപയോഗയോഗ്യമായ ഉൽപ്പന്നങ്ങളാണ് നിർമ്മിക്കേണ്ടത്. ഏതെങ്കിലും ഒരു തരം നാര് വേർതിരിച്ചെടുക്കുന്ന വിധം

കാണിക്കേണ്ടതാണ്. നിറം കൊടുക്കുന്ന പ്രവർത്തനം അറിഞ്ഞിരിക്കേണ്ടതാണ്.

## 27. കാർഡ്, സ്ട്രോ ബോർഡ് ഉപയോഗിച്ച് ഉൽപ്പന്നങ്ങൾ നിർമ്മിക്കൽ (Products using card and strawboard)

1. 64 ഔൺസ് സ്ട്രോ ബോർഡ് ഉപയോഗിച്ച് 65 cm x 39 cm വലുപ്പത്തിലുള്ള വച്ചെഴുതാനുള്ള ബോർഡ് തയ്യാറാക്കുക (32 ഔൺസ് ബോർഡ് രണ്ടാക്കി മുറിച്ച് ഒട്ടിച്ച് കൊണ്ടുവരാവുന്നതാണ്.)
2. 32 ഔൺസ് സ്ട്രോ ബോർഡ് ഉപയോഗിച്ച് ഓഫീസ് ഫയൽ ബോർഡ് 32 cm x 23 cm അളവിൽ തയ്യാറാക്കുക. 65 cm x 45 cm അളവിൽ മുറിച്ച് കൊണ്ടുവരാം. പക്ഷെ 32 cm x 23 cm അളവിൽ മുറിച്ച് കൊണ്ടുവരാൻ പാടില്ല. (ഫ്ളാപ്പിന്റെ നീളം 60 cm, വീതി 10 cm)
3. ലേസിട്ട് തയ്യാറാക്കിയ 35 cm x 25 cm വലുപ്പത്തിൽ ഫ്ളെക്സി ഫയൽ തയ്യാറാക്കുക. കട്ടിയുള്ള കാർഡ് ഉപയോഗിക്കാം. (duplex board, grey board etc.) കാർഡ് മുറിച്ച് കൊണ്ടുവരാൻ പാടില്ല.
4. 8 ഔൺസ് ബോർഡ് ഉപയോഗിച്ച് പെട്ടി തയ്യാറാക്കുക. (അളവ് തത്സമയം നൽകുന്നതാണ്)
5. ജ്യാമിതീയ രൂപങ്ങൾ

എച്ച്.എസ് വിഭാഗം : റൈറ്റിംഗ് ബോർഡ് - 3, ഓഫീസ് ഫയൽ - 3, ഫ്ളെക്സി ഫയൽ - 3, 8 ഔൺസ് സ്ട്രോ ബോർഡ് പെട്ടി - 1, ജ്യാമിതീയ രൂപങ്ങൾ - 3

എച്ച്.എസ്.എസ് വിഭാഗം : റൈറ്റിംഗ് ബോർഡ് - 3, ഓഫീസ് ഫയൽ - 4, ഫ്ളെക്സി ഫയൽ - 3, 8 ഔൺസ് സ്ട്രോ ബോർഡ് പെട്ടി - 1, ജ്യാമിതീയ രൂപങ്ങൾ - 3.

N.B. ഓരോ ഇനങ്ങളിലും മുകളിൽ നിർദേശിച്ച എണ്ണത്തിൽ കൂടുതൽ ഉണ്ടാക്കുവാൻ പാടില്ല.

**28. റെകസിൻ, കാൻവാസ്, ലെതർ എന്നിവ ഉപയോഗിച്ചുള്ള ഉൽപ്പങ്ങൾ (Products using rexin, canvas and leather)**

നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന ഉൽപ്പന്നങ്ങളുടെ എല്ലാ ഘടകങ്ങളും മത്സര സ്ഥലത്തു വെച്ച് മുറിച്ച് രൂപപ്പെടുത്തി തയ്യാറാക്കേണ്ടതാണ്. മുൻകൂട്ടി തയ്യാറാക്കിയതോ രൂപപ്പെടുത്തിയതോ ആയ ഘടകങ്ങളോ വസ്തുക്കളോ അനുവദനീയമല്ല. വിവിധ തരം ബാഗുകൾ, ചെരുപ്പ്, തൊപ്പി, പേഴ്സ് മുതലായ ഉപയോഗയോഗ്യമായ ഉൽപ്പന്നങ്ങൾ നിർമ്മിക്കണം. ആവശ്യമായ അസംസ്കൃത വസ്തുക്കളും ഉപകരണങ്ങളും കൊണ്ടുവരേണ്ടതാണ്. വിധികർത്താക്കൾ നൽകുന്ന അളവിലും ആകൃതിയിലും ഉൽപ്പന്നങ്ങൾ ബാക്ക് സ്റ്റിച്ച് ഉപയോഗിച്ച് കൈകൊണ്ട് തുന്നി പൂർത്തിയാക്കണം. ഉൽപ്പന്നങ്ങളുടെ കൃത്യത, പൂർണ്ണത, ഭംഗി, ഉപയോഗം, എണ്ണം, എന്നിവ പരിഗണിക്കുന്നതാണ്.

**29. പാഴ്വസ്തുക്കൾ ഉപയോഗിച്ചുള്ള നിർമ്മാണം (Products using waste materials)**

പാഴ്വസ്തുക്കൾ കൊണ്ട് പഠന സഹായികൾ, അലങ്കാര വസ്തുക്കൾ, ചെലവു കുറഞ്ഞ മറ്റ് ഉപയോഗയോഗ്യമായ വസ്തുക്കൾ എന്നിവയുടെ നിർമ്മാണമാണ് ഉദ്ദേശിക്കുന്നത്. മുൻകൂട്ടി തയ്യാറാക്കിയ യാതൊരു രൂപങ്ങളോ പാകപ്പെടുത്തിയ മറ്റു വസ്തുക്കളോ അനുവദനീയമല്ല. ഉൽപ്പന്നങ്ങൾ താഴെ പറയുന്ന പ്രകാരമാണ് നിർമ്മിക്കേണ്ടത്.



ടീച്ചിംഗ് എയ്ഡ്സ് – 3 എണ്ണം *(ഹൈസ്കൂൾ ഹയർ സെക്കണ്ടറി തലത്തിൽ പഠനപ്രവർത്തനങ്ങൾക്ക് പ്രയോജനപ്പെടാവുന്ന തരത്തിലുള്ളതാവണം)*

കരകൗശല വസ്തുക്കൾ – 3 എണ്ണം

സാമൂഹിക പ്രസക്തിയുള്ള ഉൽപ്പന്നങ്ങൾ – 3 എണ്ണം (മാലിന്യ സംസ്ക്കരണം ആനുകാലിക പ്രസക്തി നിത്യോപയോഗ സാധ്യത എന്നിങ്ങനെയുള്ള ഉൽപ്പന്നങ്ങളുടെ നിർമ്മാണം).

ആകെ 9 ഉൽപ്പന്നങ്ങൾ മാത്രമേ നിർമ്മിക്കേണ്ടതുള്ളു. കവുങ്ങിൻ പാളക്കൊണ്ടുള്ള ഉൽപ്പന്നങ്ങൾ നിർമ്മിക്കാൻ പാടില്ല.

### 30. പാവകളിക്കുള്ള പാവകളുടെ നിർമ്മാണം (Puppet making)

ചരട് ഉപയോഗിച്ച് പ്രവർത്തിപ്പിക്കുന്ന പാവയും കൈയുറ പാവയും നിർമ്മിച്ച്, പ്രവർത്തിപ്പിച്ച് കാണിക്കേണ്ടതാണ്. ശരീരഭാഗങ്ങൾ തുണിയിൽ പഞ്ഞി നിറച്ച് ആനുപാതികമായ അളവുകളിൽ നിർമ്മിച്ചെടുക്കേണ്ടതാണ്. ചരട് പാവകൾ നിർമ്മിക്കുമ്പോൾ ശരീരഭാഗങ്ങൾ ആവശ്യാനുസരണമുള്ള ചലനങ്ങൾ കിട്ടത്തക്കവിധം യോജിപ്പിക്കേണ്ടതാണ്. ആകർഷകമായ ആഭരണങ്ങൾ, മത്സരസ്ഥലത്തു വച്ച് നിർമ്മിച്ച വസ്ത്രങ്ങൾ എന്നിവ ഉപയോഗിച്ച് മനോഹരമാക്കാം. കൈയ്യുറ പാവയുടെ തല കനകുറവുള്ള വസ്തുക്കൾ ഉപയോഗിച്ച് നിർമ്മിക്കണം. പ്രവർത്തിപ്പിക്കുവാൻ വിരലുകൾ കടക്കുവാൻ കഴിയുന്ന തരത്തിൽ സുഷിരങ്ങൾ കൊടുക്കാവുന്നതാണ്. സാമൂഹികവും കാലികവുമായ സന്ദേശങ്ങൾ നൽകുന്ന തരത്തിലുള്ള അവതരണം സ്റ്റേജില്ലാതെ നടത്തണം. മുൻകൂട്ടി തയ്യാറാക്കി കൊണ്ടുവന്ന ഭാഗങ്ങൾ, വസ്ത്രങ്ങൾ തുടങ്ങിയവ അനുവദിക്കുന്നതല്ല.

### 31. ചൂരൽ ഉൽപ്പന്നങ്ങൾ (Ratton Work)

ചൂരൽ ഉപയോഗിച്ച് ഉപയോഗയോഗ്യമായ ഉൽപ്പന്നങ്ങൾ നിർമ്മിക്കുക എന്നതാണ് ഉദ്ദേശിക്കുന്നത്. ചൂരൽ പൊളി കളഞ്ഞ് നിർമ്മാണത്തിന് ആവശ്യമായ രീതിയിൽ വളച്ചോ അല്ലാതെയോ കൊണ്ടുവരാവുന്നതാണ്. 3 മണിക്കൂറിനുള്ളിൽ പൂർത്തീകരിക്കാ

വുന്ന ഉൽപ്പന്നങ്ങളാണ് നിർമ്മിക്കേണ്ടത്. ഉൽപ്പന്നങ്ങൾ നിർമ്മിച്ച ശേഷം വാർണിഷ് അടിച്ച് ഭംഗിയാക്കാവുന്നതാണ്.

## 32. ലോഹത്തകിട് കൊണ്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ (Sheet metal work)

22 SWG / 24SWG ഘനത്തിലുള്ള ലോഹത്തകിട് ഉപയോഗിച്ച് നിത്യോപയോഗത്തിനുള്ള ഉൽപ്പന്നങ്ങൾ നിർമ്മിക്കേണ്ടതാണ്. അടയാളപ്പെടുത്തുക, മുറിക്കുക, വളയ്ക്കുക തുടങ്ങിയ എല്ലാ ജോലികളും മത്സരസ്ഥലത്ത് വച്ച് നടത്തേണ്ടതാണ്. യോജിപ്പിക്കലിൽ റിവെറ്റിംഗ്, സോൾഡറിംഗ്, ഹെമ്മിംഗ് രീതികൾ ഉപയോഗിച്ചിരിക്കണം. ഉൽപ്പന്നങ്ങളുടെ ഉപയോഗം, ജോലികളിലെ വൈദഗ്ധ്യം, ഗുണമേന്മ എന്നിവ പരിഗണിക്കുന്നതാണ്.

## 33. സ്റ്റഫ് ചെയ്ത കളിപ്പാട്ടങ്ങൾ (Stuffed toys)

മൃഗങ്ങൾ, പക്ഷികൾ മുതലായവയുടെ രൂപങ്ങൾ തുണിയിൽ വരച്ച് വെട്ടിയെടുത്ത് ഉറമാതിരി തയ്ച്ച് മാർദ്ദവമായ വസ്തുക്കൾ നിറച്ച് കളിപ്പാട്ടങ്ങൾ തയ്യാറാക്കേണ്ടതാണ്. ഇവയിൽ വ്യത്യസ്തങ്ങളായ തുണിക്കഷ്ണങ്ങൾ ചേർത്തും കണ്ണ്, മൂക്ക്, ചെവി, എന്നിവ തുന്നിപിടിപ്പിച്ചും മനോഹരമാക്കാവുന്നതാണ്.മാതൃക വരയ്ക്കുക, മുറിക്കുക, തുന്നുക തുടങ്ങിയ പ്രവർത്തികൾ മൽസരസ്ഥലത്ത് വച്ച് ചെയ്യേണ്ടതാണ്.

## 34. മരത്തിൽ കൊത്തുപണികൾ (Wood carving)

40 cm x 40 cm പലകയിൽ കൊത്തുപണികൾ എന്ന പ്രവർത്തനമാണ് ഉദ്ദേശിക്കുന്നത്.അടയാളപ്പെടുത്തുക, വരയ്ക്കുക തുടങ്ങിയ എല്ലാ പണികളും മൽസരസ്ഥലത്തു വച്ച് മാത്രമേ ചെയ്യാൻ പാടുള്ളൂ. കൊത്തുപണികൾക്ക് അനുയോജ്യമായ പണിയായുധങ്ങൾ ഉപയോഗിക്കണം.വിധികർത്താക്കൾ നൽകുന്ന രേഖാ

ചിത്രങ്ങളാണ് മൽസരത്തിന് ഉപയോഗിക്കേണ്ടത്. വൈദ്യുത പണി യായുധങ്ങൾ ഉപയോഗിക്കാൻ പാടില്ല.

### 35. മരപ്പണി (Wood work)

ഉപയോഗിക്കുവാൻ കഴിയുന്ന ഏതെങ്കിലും വസ്തു നിർമ്മി ക്കണം. കൊണ്ടുവരുന്ന തടിക്കഷ്ണങ്ങൾ ആവശ്യത്തിനനുസരിച്ച് മുറിക്കുക, ചിന്തേരിടുക, അടയാളപ്പെടുത്തുക, സുഷിരങ്ങൾ ഉണ്ടാ ക്കുക തുടങ്ങിയ എല്ലാ ജോലികളും കുട്ടികൾ മത്സരസ്ഥലത്തു വച്ച് ചെയ്യേണ്ടതാണ്. ഘടകങ്ങൾ കൂട്ടിചേർക്കുന്നതിന് അനുയോ ജ്യമായ ജോയിന്റുകൾ തന്നെ ഉപയോഗിക്കണം. വൈദ്യുത പണി യായുധങ്ങൾ നിർമ്മാണ പ്രവർത്തനത്തിന് ഉപയോഗിക്കുവാൻ പാടു ള്ളതല്ല.

## ഉപജില്ലാ പ്രവൃത്തിപരിചയ അസോസിയേഷൻ/കൗൺസിൽ

### പ്രവർത്തക സമിതി

1. പ്രസിഡന്റ് : ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ
2. വൈസ് പ്രസിഡന്റ് : പ്രിൻസിപ്പൽമാരുടെ ഒരു പ്രതിനിധി, ഹൈസ്ക്കൂൾ പ്രഥമ അധ്യാപകരുടെ ഒരു പ്രതിനിധി, UP സ്കൂൾ ഹെഡ്മാസ്റ്റർമാരുടെ ഒരു പ്രതിനിധി, LP സ്കൂൾ ഹെഡ്മാസ്റ്റർമാരുടെ ഒരു പ്രതിനിധി.
3. സെക്രട്ടറി : (ജനറൽ ബോഡിയിലെ കോ–ഓർഡിനേറ്റർമാരിൽ നിന്നും തിരഞ്ഞെടുക്കണം, പ്രവൃത്തിപരിചയ അധ്യാപകൻ/WI – ഇവരുടെ അഭാവത്തിൽ മറ്റ് അധ്യാപകർ)
4. ജോയിന്റ് സെക്രട്ടറി: ജനറൽ ബോഡിയിലെ കോ–ഓർഡിനേറ്റർമാരിൽ നിന്നും തിരഞ്ഞെടുക്കണം
5. അംഗങ്ങൾ : ജനറൽ ബോഡിയിലെ കോ–ഓർഡിനേറ്റർമാരിൽ നിന്നും 4 പേരെ തിരഞ്ഞെടുക്കണം.

### പ്രവർത്തനങ്ങൾ

1. ഉപജില്ലയിലെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക.
2. ഉപജില്ലയിലെ ക്വിസ്സ് മത്സരങ്ങൾ, മേളകൾ, സെമിനാറുകൾ, ചർച്ചാക്ലാസ്സുകൾ, വർക്ക്ഷോപ്പ് , ടാലന്റ് സെർച്ച് പരീക്ഷ മുതലായവ സംഘടിപ്പിക്കുക.
3. പ്രവർത്തന കാലാവധി 2 വർഷം.



4. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ നിർദ്ദേശങ്ങൾക്ക് വിധേയമായി പ്രവർത്തിക്കുക.
5. ആവശ്യമായ സന്ദർഭങ്ങളിൽ ജനറൽ ബോഡി കൂടി പ്രവർത്തനങ്ങൾ വിലയിരുത്തുക

6. സെക്രട്ടറിയാണ് ഫണ്ട് കൈകാര്യം ചെയ്യുകയും കണക്കുകൾ സൂക്ഷിക്കുകയും ചെയ്യേണ്ടത്. ജനറൽ ബോഡിയിൽ ബഡ്ജറ്റ് പാസ്സാക്കുകയും വാർഷിക വരവ് ചിലവ് കണക്ക്, റിപ്പോർട്ട്, വാർഷിക പ്രവർത്തന രൂപരേഖ എന്നിവ തയ്യാറാക്കി ജനറൽ ബോഡിയുടെ അംഗീകാരം നേടേണ്ടതാണ്.
7. കോ–ഓർഡിനേറ്റർ ക്ലബിന്റെ കാലാവധിക്ക് ശേഷം പുതിയ ഭരണസമിതിക്ക് ബന്ധപ്പെട്ട റിക്കാർഡുകൾ കൈമാറേണ്ടതാണ് .
8. ഉപ ജില്ലാ അസോസിയേഷന്റെ/കൗൺസിലിന്റെ അഫിലിയേഷൻ ഫീസ് താഴെ പറയും പ്രകാരമാണ് (ഓരോ ക്ലബ്ബുകൾക്കും പ്രത്യേകം തുക പിരിച്ചെടുക്കേണ്ടതാണ്.)

UP സ്ക്കൂൾ = 75 രൂപ

ഹൈസ്ക്കൂൾ = 200 രൂപ

HSS/VHSS = 300 രൂപ

പ്രവർത്തകസമിതിയിൽ യാദൃശ്ചികമായി ഉണ്ടാകുന്ന ഒഴിവുകൾ ജനറൽ ബോഡിയിലെ അതത് വിഭാഗത്തിൽ നിന്നുള്ളവരെ പ്രസിഡന്റ് കോ–ഓപ്റ്റ് ചെയ്ത് നികത്തേണ്ടതാണ്.

## റവന്യൂ ജില്ലാ പ്രവൃത്തിപരിചയ അസോസിയേഷൻ/ കൗൺസിൽ (RDWECA)

അസോസിയേഷന്റെ/കൗൺസിലിന്റെ ആസ്ഥാനം ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ് ആയിരിക്കും.

**ജനറൽ ബോഡി**



1. ഡെപ്യൂട്ടി ഡയറക്ടർ
2. ജില്ലാവിദ്യാഭ്യാസ ഓഫീസർമാർ, ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ
3. HSS,VHSS പ്രിൻസിപ്പൽമാരുടെ പ്രതിനിധികൾ

5. ഉപ ജില്ലാ സെക്രട്ടറിമാർ

6. ഫോർമാൻ പ്രവൃത്തിപരിചയവിഭാഗം

**പ്രവർത്തക സമിതി**

| | |
|---|---|
| 1. പ്രസിഡന്റ് | : ഡെപ്യൂട്ടി ഡയറക്ടർ |
| 2. വൈസ് പ്രസിഡന്റ് | : ജില്ലാ വിദ്യഭ്യാസ ഓഫീസർമാർ |
| 3. സെക്രട്ടറി | : (പ്രവൃത്തിപരിചയ അദ്ധ്യാപകർ/WI) ഇവരുടെ അഭാവത്തിൽ വിഷയം കൈകാര്യം ചെയ്യുന്ന മറ്റ് അദ്ധ്യാപകർ) (ജനറൽ ബോഡിയിൽ വച്ച് ഉപ ജില്ല സെക്രട്ടറിമാരിൽ ഒരാളെ തെരഞ്ഞെടുക്കേണ്ടതാണ്.) |
| 4.ജോയിന്റ് സെക്രട്ടറി | : 3 പേർ (ജനറൽ ബോഡിയിൽ വച്ച് ഉപ ജില്ല സെക്രട്ടറിമാരിൽ മൂന്നു പേരെ തെരഞ്ഞെടുക്കേണ്ടതാണ്) |
| 5.അംഗങ്ങൾ | : ഉപ ജില്ലാ സെക്രട്ടറിമാർ (ഡെപ്യൂട്ടി ഡയറക്ടർ നാമനിർദ്ദേശം ചെയ്യുന്ന രണ്ട് അംഗങ്ങൾ) |

**പ്രവർത്തനങ്ങൾ**

1. സമിതിയുടെ കാലാവധി 2 വർഷം ആണ്.

2. സെക്രട്ടറി ഫണ്ട് കൈകാര്യം ചെയ്യുകയും കണക്കുകൾ സുക്ഷിക്കുകയും വേണം. വാർഷിക വരവ് ചെലവ് കണക്ക്, റിപ്പോർട്ട്, ബഡ്ജറ്റ് വാർഷിക പ്രവർത്തനരൂപരേഖ എന്നിവ തയ്യാറാക്കി ജനറൽ ബോഡിയുടെ അംഗീകാരം നേടേണ്ടതുമാണ്.

3.റവന്യു ജില്ലാതല ക്വിസ്സ് മത്സരങ്ങൾ, മേളകൾ, ചർച്ചാക്ലാസ്സുകൾ, വർക്ക്ഷോപ്പ്, ടാലന്റ് സെർച്ച് പരീക്ഷ മുതലായവ സംഘടിപ്പിക്കുക.

4. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ നിർദ്ദേശങ്ങൾക്ക് വിധേയമായി പ്രവർത്തിക്കുക.

5. ആവശ്യമായ സന്ദർഭങ്ങളിൽ ജനറൽ ബോഡി കൂടി പ്രവർത്തനങ്ങൾ വിലയിരുത്തുക.

6. പ്രവർത്തക സമിതിയിൽ യാദൃച്ഛികമായി വന്ന ഒഴിവുകൾ ജനറൽ ബോഡിയിലെ അതത് വിഭാഗത്തിൽ നിന്നുള്ളവരെ പ്രസിഡന്റ് കോ–ഓപ്റ്റ് ചെയ്ത് നികത്തേണ്ടതാണ്.

7. ജോയിന്റ് സെക്രട്ടറി, സെക്രട്ടറിയുടെ പ്രവർത്തനങ്ങളെ സഹായിക്കുക

8.റവന്യു ജില്ലയിലേക്കുള്ള സബ് ജില്ലകളുടെ അഫിലിയേഷൻ ഫീസ് ഉപജില്ലയിൽ അഫിലിയേഷൻ ഫീ ആയി ലഭിക്കുന്ന തുകയുടെ 25%

9. കോ–ഓർഡിനേറ്റർ ക്ലബിന്റെ കാലാവധിയ്ക്കുശേഷം പുതിയ ഭരണ സമിതിക്ക് ബന്ധപ്പെട്ട റിക്കാർഡുകൾ കൈമാറേണ്ടതാണ്.

## പ്രവൃത്തിപരിചയ അസോസിയേഷൻ/കൗൺസിൽ

## (KSSCA, KSMCA, KSSSCA, KSWECA)

അസോസിയേഷന്റെ ആസ്ഥാനം പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലാണ്.

**ജനറൽ ബോഡി**

1. ഡി. ജി. ഇ.
2. എ. ഡി. ജി. ഇ. (അക്കാദമിക്ക്)
3. ഡെപ്യൂട്ടി ഡയറക്ടർ (ശാസ്ത്ര, ഗണിത, സാമൂഹ്യശാസ്ത്രം) അഥവാ തൽസ്ഥാനം വഹിക്കുന്ന ഓഫീസർ
4. സ്പെഷ്യൽ ഓഫീസർ (പ്രവൃത്തിപരിചയ വിഭാഗം)
5. ഡി. ജി. ഇ. നിർദ്ദേശിക്കുന്ന 2 പേർ (എക്സ്പേർട്ടുകൾ)
6. എല്ലാ റവന്യു ജില്ലാ സെക്രട്ടറിമാരും



**പ്രവർത്തക സമിതി**

| | | |
|---|---|---|
| 1. പ്രസിഡന്റ് | : | ഡി. ജി. ഇ. |
| 2. വൈസ് പ്രസിഡന്റ് | : | ഡി. ജി. ഇ. (അക്കാദമിക്ക്) |
| 3. ജനറൽ സെക്രട്ടറി | : | ഡെപ്യൂട്ടി ഡയറക്ടർ |
| 4.സെക്രട്ടറി | : | റവന്യു ജില്ലാ സെക്രട്ടറിമാരിൽ നിന്നും തിരഞ്ഞെടുക്കുന്ന ആൾ |

5.ജോയിന്റ് സെക്രട്ടറി : റവന്യു ജില്ലാ സെക്രട്ടറിമാരിൽ നിന്നും തിരഞ്ഞെടുക്കുന്ന ആൾ

6. മെബർമാർ : റവന്യു ജില്ലാ സെക്രട്ടറിമാരിൽ നിന്നും തിരഞ്ഞെടുക്കുന്ന 3 പേർ, ഡി. ജി. ഇ. നോമിനേറ്റ് ചെയ്യുന്ന 2 ജനറൽ ബോഡി എക്സ്പേർട്ടുകൾ

സംസ്ഥാന അസോസിയേഷൻ/കൗൺസിലിലേക്ക് റവന്യു ജില്ലകൾ അഫിലിയേഷനായി 400/-രൂപ അടച്ച് അഫിലിയേറ്റ് ചെയ്തിരിക്കേണ്ടതാണ്.

സമിതിയുടെ കാലാവധി 2 വർഷമാണ്.

മേൽ പറഞ്ഞ നിയമാവലിയിൽ ആവശ്യമായി വന്നാൽ ഭേദഗതി വരുത്തുന്നതിനുള്ള അധികാരം സംസ്ഥാന ജനറൽ ബോഡിയിൽ നിക്ഷിപ്തമാണ്.

വിവിധ ക്ലബ്ബ് പ്രവർത്തനങ്ങളിലും മേളകളിലും ബന്ധപെട്ട സെക്രട്ടറിമാർ മാന്വലിൽ പരാമർശിച്ചിരിക്കുന്ന ചുമതലകൾക്കു പുറമേ, ഡി. ജി. ഇ. യുടെ നിർദ്ദേശങ്ങൾക്ക് വിധേയമായി പ്രവർത്തന പങ്കാളിത്തം ഉറപ്പുവരുത്തേണ്ടതാണ്.

.

# അധ്യായം 10
# ഐ ടി മേള

## എ. മത്സര ഇനങ്ങൾ

1. **യു.പി. വിഭാഗം**
   - ഐ. ടി. ക്വിസ്
   - ഡിജിറ്റൽ പെയിന്റിംഗ്
   - മലയാളം ടൈപ്പിംഗ്
2. **എച്ച്. എസ്. വിഭാഗം**
   - ഐ. ടി. ക്വിസ്
   - ഡിജിറ്റൽ പെയിന്റിംഗ്
   - മലയാളം ടൈപ്പിംഗും രൂപകൽപനയും
   - സ്ക്രാച്ച് പ്രോഗ്രാമിംഗ്
   - രചനയും അവതരണവും (പ്രസന്റേഷൻ)
   - വെബ് പേജ് നിർമ്മാണം
   - ആനിമേഷൻ
3. **എച്ച്. എസ്. എസ്./വി എച്ച് എസ് എസ് വിഭാഗം**
   - ഐ. ടി. ക്വിസ്
   - ഡിജിറ്റൽ പെയിന്റിംഗ്
   - മലയാളം ടൈപ്പിംഗും രൂപകൽപനയും
   - സ്ക്രാച്ച് പ്രോഗ്രാമിംഗ്
   - രചനയും അവതരണവും (പ്രസന്റേഷൻ)
   - വെബ് പേജ് നിർമ്മാണം
   - ആനിമേഷൻ

**പൊതു നിർദ്ദേശങ്ങൾ**

1. എല്ലാ മത്സരങ്ങളും തത്സമയമായിട്ടാണ് നടത്തുന്നത്.
2. മത്സരങ്ങൾക്കാവശ്യമായ കമ്പ്യൂട്ടറുകൾ സംഘാടക സമിതി ക്രമീകരിക്കേണ്ടതാണ്.
3. മത്സരത്തിന് മുന്നോടിയായി നറുക്കെടുപ്പിലൂടെ ഓരോ മത്സരാർത്ഥിക്കും കമ്പ്യൂട്ടർ അനുവദിക്കേണ്ടതാണ്.
4. മത്സരശേഷം എല്ലാ ഉൽപ്പന്നങ്ങളും പ്രോഗ്രാം കമ്മിറ്റി സി.ഡിയിൽ പകർത്തി ഒരു വർഷക്കാലം സൂക്ഷിക്കേണ്ടതാണ്.
5. മത്സരവേദികളിൽ പുറമേ നിന്നു തയ്യാറാക്കി കൊണ്ടുവരുന്ന യാതൊരു വസ്തുക്കളും –വ്യക്തിപരമായ ഡിജിറ്റൽ ഗാഡ്ജെറ്റുകളും അനുവദിക്കുന്നതല്ല. (സ്റ്റോറേജ് സംവിധാനങ്ങൾ, മൊബൈൽ ഫോൺ മുതലായവ)
6. മത്സരങ്ങളിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ ലഭിക്കുന്നവർക്ക് സർട്ടിഫിക്കറ്റുകളും പ്രോത്സാഹന സമ്മാനങ്ങളും നൽകേണ്ടതാണ്.

## ബി. മത്സര ഇനങ്ങൾ – നിർദ്ദേശങ്ങളും മൂല്യനിർണ്ണയ സൂചകങ്ങളും

### a) ഐ.ടി ക്വിസ് മത്സരങ്ങൾ

- വിവര വിനിമയ സാങ്കേതികവിദ്യാ രംഗത്ത് അനുദിനം മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്. ഈ മേഖലയിലെ മാറ്റങ്ങൾ സംബന്ധിച്ച വിദ്യാർത്ഥികളുടെ കഴിവുകൾ വിലയിരുത്തുന്നതിനുള്ള ഒരു ഉപാധിയാണ് ഐ.ടി ക്വിസ് മത്സരങ്ങൾ. ഉപജില്ല, റവന്യു ജില്ല, സംസ്ഥാന തലങ്ങളിൽ ക്വിസ് മത്സരങ്ങൾ കൈറ്റ് സംസ്ഥാനതലത്തിൽ തയ്യാറാക്കുന്ന പൊതു ചോദ്യത്തിന്റെ അടിസ്ഥാനത്തിലായിരിക്കും നടത്തുക. ഇതിന്റെ സമയവും തീയതിയും

ഓരോ വർഷങ്ങളിലും കൈറ്റ് തീരുമാനിച്ച് പ്രസിദ്ധപ്പെടുത്തുന്നതാണ്.

ക്വിസ് മത്സരത്തിന് ഗ്രേഡ് കണക്കാക്കുന്നതിന് Percentile എന്ന സൂചകം ഉപയോഗിക്കേണ്ടതാണ്. (Score of a participant/highest score in the competition)x100%

1. **സ്കൂൾതലം**

- സ്കൂൾതലത്തിൽ ക്വിസ് മത്സരങ്ങൾ നടത്തുന്നതിനുള്ള ഉത്തരവാദിത്വം പ്രിൻസിപ്പാൾ/ ഹെഡ്മാസ്റ്ററുടെ നേതൃത്വത്തിൽ എസ്.ഐ.ടി.സി.–യിൽ നിക്ഷിപ്തമാണ്. UP, HS, HSS/VHSS വിഭാഗങ്ങൾക്ക് പ്രത്യേക മത്സരങ്ങൾ നടത്തേണ്ടതാണ്. ഇതിനാവശ്യമായ ചോദ്യങ്ങൾ സ്കൂൾ എസ്.ആർ.ജി..–യുടെ നേതൃത്വത്തിൽ തയ്യാറാക്കേണ്ടതാണ്.

2. **ഉപ ജില്ലാതലം**

- ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ നേതൃത്വത്തിൽ ഉപ ജില്ലാതല ക്വിസ് മത്സരം നടത്തേണ്ടതാണ്. UP, HS, HSS/VHSS വിഭാഗങ്ങൾക്ക് പ്രത്യേകം മത്സരങ്ങൾ നടത്തേണ്ടതാണ്.

3. **റവന്യൂ ജില്ലാതലം**

ചെയർമാൻ
അപ്പീൽ കമ്മിറ്റി

മാതൃകാഫാറം

# സംസ്ഥാന സ്കൂൾ ശാസ്ത്ര ഗണിതശാസ്ത്ര സാമൂഹ്യശാസ്ത്ര പ്രവൃത്തിപരിചയ മേള അപ്പീൽ തീർപ്പാക്കിക്കൊണ്ടുള്ള നടപടി ഉത്തരവ്

**വിഷയം :**

**സൂചന :**

**ഉത്തരവ് നമ്പർ..............................തീയതി........................**

(മത്സരാർത്ഥിയുടെ പരാതിയുടെ വിശദാംശം)

(കാര്യകാരണ വിശകലന റിപ്പോർട്ട്)

(അപ്പീലിന്മേലുള്ള തീരുമാനം)

ഒപ്പ്
ചെയർമാൻ
അപ്പീൽ കമ്മിറ്റി

മത്സരാർത്ഥിയുടെ പേരും വിലാസവും

# <u>കേരള സ്കൂൾ സ്കിൽ ഫെസ്റ്റിവൽ മാന്വൽ</u>

## <u>ഉള്ളടക്കം</u>


| ക്രമ നം. | ഇനം | പേജ് നം. |
|---|---|---|
| 1 | ആമുഖം | 2 |
| 2 | പൊതുനിർദ്ദേശങ്ങൾ | 2 |
| 3 | ലക്ഷ്യങ്ങൾ | 3 |
| 4 | **(A) <u>പ്രദർശന മത്സരങ്ങൾ (Exhibition Competitions)</u>**<br>1. InnoVision (ഇന്നോവിഷൻ) | 4<br>4 |
| | 2. SkillCraft (സ്കിൽക്രാഫ്റ്റ്) | 5 |
| | 3. SkillServe (**സ്കിൽസെർവ്**) | 7 |
| | **(B) തൽസമയ മൽസര ഇനങ്ങൾ (On the Spot Competitions)**<br>1. വാല്യു ആഡഡ് മിൽക്ക് പ്രോഡക്റ്റ്സ്– പ്ലാൻ –പ്രിപ്പയർ –പ്രെസെന്റ് | 8<br>9 |
| | 2. തെറാപ്യൂട്ടിക് ഡയറ്റ് – പ്ലാൻ –പ്രിപ്പയർ –പ്രെസെന്റ് | 10 |
| | 3. അക്വേറിയം സജ്ജീകരിക്കൽ | 11 |
| | 4. ഫ്ലവർ അറേൻജ്മെന്റ് | 12 |
| | 5. വെജിറ്റബിൾ കാർവിംഗ് | 12 |
| | 6. മിനിയേച്ചർ ഗാർഡൻ | 13 |
| | 7. ടെറേറിയം | 14 |
| | 8. റോബോജീനിയസ് ചലഞ്ച് | 14 |
| | 9. കേക്ക് ഡെക്കറേറ്റിംഗ് | 15 |
| | 10. സ്പോട്ട് ഫോട്ടോഗ്രാഫി | 16 |
| | 11. ഹോം പ്ലാൻ – പ്ലാൻ –പ്രിപ്പയർ –പ്രെസെന്റ് | 17 |
| | 12. ഗ്രാഫിക് ഡിസൈനിംഗ് | 17 |
| | 13. പ്ലമ്പിംഗ് ഡിസൈൻ – പ്ലാൻ –പ്രിപ്പയർ –പ്രെസെന്റ് | 19 |
| | 14. എൽ.ഇ.ഡി ബൾബ് നിർമ്മാണം | 19 |
| | 15. നെറ്റ് വർക്കിംഗ് ആന്റ് ഇന്റർ നെറ്റ് ഷെയറിംഗ് | 20 |
| | 16. വെബ്ബ് ആപ്ലിക്കേഷൻ ഡവലപ്പ്മെന്റ് | 21 |
| | 17. ഡ്രസ്സ് ഡിസൈനിംഗ് | 22 |
| | 18. ഹെയർ സ്റ്റൈലിംഗ് | 23 |
| | 19. മെഹന്തി ഡിസൈനിംഗ് | 24 |
| 6 | മത്സര തലങ്ങൾ | 24 |
| 7 | ചാമ്പ്യൻഷിപ്പ് | 25 |
| 8 | അപ്പീൽ കമ്മിറ്റി | 27 |
| 9 | കുറിപ്പ് | 27 |
| 10 | Annexure 1 | 28 |

# Kerala School Skill Festival
# കേരള സ്കൂൾ സ്കിൽ ഫെസ്റ്റിവൽ

*Cognition to Competency and Concepts to Creativity*

ഹയർ സെക്കണ്ടറി (വൊക്കേഷണൽ) വിഭാഗം എൻ.എസ്.ക്യൂ.എഫ് കോഴ്സുകളിലെ വിദ്യാർത്ഥികൾ അവരുടെ പഠനപ്രക്രിയയുടെ ഭാഗമായും അല്ലാതെയും ആർജ്ജിച്ചെടുത്ത തൊഴിൽ നൈപുണികളുടെ പ്രദർശനവും മാറ്റുരക്കലുമാണ് നൈപുണ്യമേളയിലൂടെ ലക്ഷ്യമിടുന്നത്. വിദ്യാർത്ഥികളിൽ അന്തർലീനമായ തൊഴിൽ നൈപുണികളെ സ്കൂൾ തലത്തിൽ തന്നെ കണ്ടെത്തി പരിപോഷിപ്പിക്കുന്നതിനും സംരംഭങ്ങൾ തുടങ്ങുന്നതിന് ആവശ്യമായ ആശയ രൂപീകരണത്തിനും പൊതുജനങ്ങളുടെ ഇടയിൽ നൈപുണി വിദ്യാഭ്യാസത്തെ കുറിച്ച് മികച്ച അവബോധം സൃഷ്ടിക്കുന്നതിനും നൈപുണ്യമേള സഹായകമാണ്. ഉൽപ്പന്നങ്ങളുടെയും സേവനങ്ങളുടെയും പ്രദർശനംമാത്രമല്ല നൈപുണികളുടെ തത്സമയ മത്സരാധിഷ്ഠിത പ്രകടനങ്ങൾക്കുള്ള അവസരം കൂടി മേളയിൽ ലഭ്യമാക്കിയിട്ടുണ്ട്.

**<u>പൊതു നിർദ്ദേശങ്ങൾ</u>**

1. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ വരുന്ന സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലെ വിദ്യാർത്ഥികൾക്കായി കേരള സ്കൂൾ സ്കിൽ ഫെസ്റ്റിവൽ കേരള സ്കൂൾ ശാസ്ത്രോത്സവത്തിനൊപ്പം നടത്തുന്നതാണ്.

2. എല്ലാ വർഷവും പൊതുവിദ്യാഭ്യാസ വകുപ്പ് പ്രസിദ്ധീകരിക്കുന്ന വിദ്യാഭ്യാസ കലണ്ടർ പ്രകാരമോ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നിർദ്ദേശ പ്രകാരമോ ഉള്ള തീയതികളിൽ സ്കൂൾ തലം മുതൽ സംസ്ഥാനതലം വരെയുള്ള മത്സരങ്ങൾ നടത്തുന്നതാണ്.

3. വൊക്കേഷണൽ എക്സ്പോ സംബന്ധിച്ച നിലവിലുള്ള എല്ലാ നിർദ്ദേശങ്ങളും ഇതിനാൽ അസാധുവാകുന്നതാണ്.

4. കേരള സ്കൂൾ സ്കിൽ ഫെസ്റ്റിവലിൽ പ്രദർശനമത്സരം , തത്സമയമത്സരം എന്നിങ്ങനെ രണ്ടു വിഭാഗം മത്സരങ്ങൾ ഉണ്ടായിരിക്കും .

5. സ്കൂൾ തലത്തിൽ ഒരു ദിവസവും മേഖലാതലത്തിൽ 2 ദിവസവും സംസ്ഥാനതലത്തിൽ 3 ദിവസവും ആയിട്ടാണ് കേരള സ്കൂൾ സ്കിൽ ഫെസ്റ്റിവൽ നടത്തേണ്ടത്.

6. മേഖലാതല സ്കിൽ ഫെസ്റ്റിവൽ ഒരോ വർഷവും ഒന്നിടവിട്ട് മേഖലാപരിധിയിലെ ഓരോ ജില്ലകളിലായി ജില്ലാശാസ്ത്രോത്സവത്തോടൊപ്പം നടത്തേണ്ടതാണ്.

7. സംസ്ഥാന തലത്തിൽ സംസ്ഥാന സ്കൂൾ ശാസ്ത്രോത്സവത്തോടൊപ്പമാണ് കേരള സ്കൂൾ സ്കിൽ ഫെസ്റ്റിവൽ_നടത്തേണ്ടത്.

## ലക്ഷ്യങ്ങൾ

1. കാലാനുസൃതമായ തൊഴിൽ നൈപുണികൾ വിവിധ എൻ.എസ്.ക്യു.എഫ് കോഴ്സുകളിലൂടെയും അല്ലാതെയും ആർജ്ജിച്ചെടുത്ത വിദ്യാർത്ഥികൾക്ക് അവയിലെ പ്രകടനം മാറ്റുരയ്ക്കാനും പ്രൊഫഷണൽ മികവ് വിലയിരുത്തപ്പെടാനും സഹായിക്കുക.

2. സംരംഭകത്വ മനോഭാവം പ്രോത്സാഹിപ്പിക്കുക

3. ആർജ്ജിച്ചെടുത്ത തൊഴിൽ നൈപുണികൾ താൻ ഉൾപ്പെടുന്ന സമൂഹത്തിന് ഉപയുക്തമാകുംവിധം വളർത്തിയെടുക്കാൻ വിദ്യാർത്ഥികൾക്ക് പ്രചോദനം നൽകുക.

4. നൂതന സാങ്കേതിക മേഖലകൾ പരിചയപ്പെടുത്തുന്നതിനും നവീന ആശയരൂപീകരണത്തിനും അവസരം നൽകുക.

5. വേൾഡ് സ്കിൽസ്, ഇൻഡ്യസ്കിൽസ് തുടങ്ങിയ നൈപുണ്യ മത്സരങ്ങളിലെ മത്സര രീതികളെ പരിചയപ്പെടാനും അത് വഴി അത്തരം മത്സരങ്ങളിൽ പങ്കെടുക്കുവാനുമുള്ള ആത്മ വിശ്വാസവും പ്രചോദനവും മത്സരാർത്ഥികൾക്ക് നൽകുക.

6. നൈപുണി വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും വിവിധ സ്കിൽ കോഴ്സുകളെക്കുറിച്ചും പൊതുജനാവബോധം വർദ്ധിപ്പിക്കുക

## മത്സര വിഭാഗങ്ങൾ

പ്രദർശന മത്സരം, തത്സമയ മത്സരം എന്നിങ്ങനെ രണ്ട് വിഭാഗങ്ങളിലായിട്ടാണ് കേരള സ്കൂൾ സ്കിൽ ഫെസ്റ്റിവൽ നടക്കുന്നത്.

(A) പ്രദർശന മത്സരങ്ങൾ (Exhibition Competition)
(B) തൽസമയ മത്സരങ്ങൾ (On the Spot Competition)

### (A) പ്രദർശന മത്സരങ്ങൾ (Exhibition Competitions)

വിദ്യാർത്ഥികളുടെ പ്രായോഗിക നൈപുണികൾ, സൃഷ്ടിപരമായ കഴിവുകൾ, നൂതന ആശയങ്ങൾ എന്നിവ പ്രദർശിപ്പിക്കുന്നതിന് ഉള്ള ഒരു മികച്ച അവസരമാണ് പ്രദർശന മത്സരങ്ങൾ പ്രദാനം ചെയ്യുന്നത്. വ്യത്യസ്തമായ തൊഴിൽ മേഖലകളിൽ പഠനം നടത്തുന്ന വിദ്യാർഥികൾ തങ്ങളുടെ കഴിവുകളും കണ്ടെത്തലുകളും പ്രദർശിപ്പിക്കുകയും, അവയുടെ പ്രായോഗിക ഉപയോഗങ്ങളെ പരിചയപ്പെടുത്തുകയും ചെയ്യുന്നു. ഈ മത്സരങ്ങൾ വിദ്യാർത്ഥികളുടെ ആശയങ്ങൾ വ്യവസായികപരമായി ഉൾക്കൊള്ളപ്പെടുന്നതിനുള്ള അവസരങ്ങളായി മാറുകയും, അവരുടെ ഭാവി സംരംഭങ്ങൾക്ക് പ്രചോദനമാകുകയും ചെയ്യുന്നു. പ്രദർശനങ്ങളുടെ സ്വാഭാവത്തിൻ്റെ അടിസ്ഥാനത്തിൽ 3 വൈവിധ്യമാർന്ന വിഭാഗങ്ങളിലായിട്ടാണ് മത്സരങ്ങൾ സംഘടിപ്പിക്കുന്നത്. പ്രദർശന മത്സര വിഭാഗങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

#### (1) InnoVision (ഇന്നോവിഷൻ)

വിദ്യാർഥികളുടെ മനസ്സുകളിൽ രൂപം കൊള്ളുന്ന പുതുമയാർന്ന ആശയങ്ങളുടെ സാക്ഷാത്ക്കാരത്തിനായി വിദ്യാഭ്യാസ വകുപ്പ് ഒരുക്കി നൽകുന്ന കേരള സ്കൂൾ ഫെസ്റ്റിവലിൻ്റെ ഒരു പ്രധാന പ്രദർശന മത്സര വിഭാഗമാണ് ഇന്നോവിഷൻ. വിദ്യാർത്ഥികൾ അവരുടെ നൂതനമായ ആശയങ്ങൾ, പ്രശ്ന പരിഹാര കഴിവുകൾ, വിവിധ മേഖലകളിൽ ചലനം സൃഷ്ടിക്കാൻ കഴിയുന്ന നൈപുണികൾ എന്നിവ പ്രദർശിപ്പിക്കുന്നു. സമൂഹം നേരിടുന്ന വെല്ലുവിളികളെ അതിജീവിക്കുന്നതിനും ആയതിന് ലളിതവും ക്രിയാത്മകവുമായ പരിഹാരങ്ങൾ കണ്ടെത്തുന്നതിനുമുള്ള ഒരു അവസരം കൂടിയാണ് ഇന്നോവിഷൻ മത്സരങ്ങൾ. വി എച്ച് എസ് ഇ കോഴ്സുകളുമായി ബന്ധപ്പെടുത്തി ഒരു നിർദ്ദിഷ്ട ആവശ്യത്തെ മുൻനിർത്തിയോ അല്ലെങ്കിൽ നിലവിലുള്ള ഒരു പ്രശ്നത്തിന് പരിഹാരത്തിനായോ ഒരു പുതിയ ഉപകരണം, ഉൽപ്പന്നം, പുതിയതോ വ്യത്യസ്തമോ ആയ സേവന രീതി എന്നിവ സൃഷ്ടിക്കുകയും അവതരിപ്പിക്കുകയും ചെയ്യുക

മൂല്യ നിർണയ മാനദണ്ഡങ്ങൾ – ഇന്നോവിഷൻ
(Evaluation Criteria-InnoVision)

| Criteria | Factors | Marks | Total Marks |
|---|---|---|---|
| Innovation and Creativity | **Originality:** How unique and novel is the idea? | 15 | 30 |
| | **Creative Execution:** How innovatively has the idea been brought to life? | 15 | |
| Practicality and Feasibility | **Real-World Application:** Can the idea be realistically applied in practical scenarios? | 15 | 25 |
| | **Feasibility:** Is the project achievable with cost-effective technology or resources/materials? | 10 | |
| Impact and Relevance | **Societal Impact:** How significantly does the project address a societal need or problem? | 10 | 20 |
| | **Relevance:** Is the project relevant to current global or local issues? | 10 | |
| Technical Proficiency and Execution | **Technical Accuracy:** Is the project technically sound and error-free? | 10 | 15 |
| | **Execution Quality:** How well has the project been implemented? | 5 | |
| Presentation and Communication | **Clarity and Organization:** Is the presentation clear, well-structured, and easy to understand? | 5 | 10 |
| | **Communication Skills:** How effectively do the participants convey their ideas and respond to questions? | 5 | |
| Total Marks | | | **100** |

**(2) Skill Craft (സ്കിൽ ക്രാഫ്റ്റ്)**

വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂളുകളിലെ വിവിധ സ്കിൽ കോഴ്സുകളിൽ പഠനം തുടരുന്ന  വിദ്യാർത്ഥികളുടെ നൈപുണ്യ വൈദഗ്ധ്യവും സംരംഭകത്വ പ്രാപ്തിയും പ്രദർശിപ്പിക്കുന്നതിനായി രൂപകൽപ്പന ചെയ്ത കേരള സ്കൂൾ സ്കിൽ ഫെസ്റ്റിവലിലെ പ്രദര്ശനമത്സര വിഭാഗത്തിലെ രണ്ടാമത്തെ ഇനമാണ് സ്കിൽക്രാഫ്റ്റ്. വിദ്യാർഥികൾ നിർമ്മിക്കുന്ന ഉൽപ്പന്നങ്ങൾ, സംരംഭകത്വ മനോഭാവം, വിൽപ്പനയിലും വിപണനത്തിലുമുള്ള പ്രാവീണ്യം തുടങ്ങിയവ പ്രദർശിപ്പിക്കുന്നതിനും മത്സരിക്കുന്നതിനുമുള്ള ഒരു വേദിയാണിത്. വി

എച്ച് എസ് ഇ കോഴ്സുകളുമായി ബന്ധപ്പെടുത്തി സൃഷ്ടിക്കാൻ കഴിയുന്ന നിർമ്മിതികൾ/ മാതൃകകൾ/ ഉല്പന്നങ്ങൾ എന്നിവ പ്രദർശിപ്പിക്കാവുന്നതാണ്.

മൂല്യ നിർണയ മാനദണ്ഡങ്ങൾ– സ്കിൽക്രാഫ്റ്റ്
Evaluation Criteria–SkillCraft

| Criteria | Factors | Marks | Total Marks |
|---|---|---|---|
| Craftsmanship and Technical Skill | **Precision and proficiency** Evaluate the precision and proficiency of the work, including the alignment, finishing, and attention to detail. | 15 | 30 |
| | **Mastery of Techniques:** Assess the participant's ability to effectively use tools, materials, and techniques specific to the craft. | 15 | |
| Creativity and Replicability | **Originality of Design:** Evaluate the uniqueness and creativity of the design, considering the innovation and artistic expression demonstrated. | 15 | 25 |
| | **Replicability:** Assess how easily the crafted item or process can be replicated by others while maintaining quality and consistency. | 10 | |
| Aesthetic Appeal | **Visual Impact:** Evaluate the overall visual impact of the piece, including color harmony, texture, and form. | 10 | 20 |
| | **Artistic Expression:** Assess the extent to which the piece conveys a message, theme, or artistic vision. | 10 | |
| Durability and Cost Effectiveness | **Durability and Stability:** Assess the sturdiness and longevity of the crafted item, considering how well it would withstand use over time. | 10 | 15 |
| | **Budget Management**: Assess whether the project was completed within a reasonable budget, considering the cost of materials, tools, and other resources. | 5 | |
| Presentation and | **Quality of Presentation:** Evaluate the participant's ability to clearly and effectively present their work, including | 5 | |

| | | | |
|---|---|---|---|
| Documentation | explaining their process and choices. | | 10 |
| | **Documentation and Process Explanation:** Assess the thoroughness and clarity of any accompanying documentation, including sketches, plans, and descriptions of the process. | 5 | |
| Total Marks | | | **100** |

**(3) Skill Serve (സ്കിൽ സെർവ്)**

മത്സരാധിഷ്ഠിതമായ ബിസിനസ് രംഗത്ത് വിജയം നേടാൻ തക്കവണ്ണമുള്ള സേവനങ്ങൾ, സേവനാധിഷ്ഠിതമായ ഉൽപന്നങ്ങൾ (Service Products) എന്നിവ നൽകുന്നതിനുള്ള പ്രാപ്തിയാണ് സ്കിൽ സെർവിൽ വിലയിരുത്തപ്പെടുന്നത്. വിവിധ സേവന മേഖലകളിൽ മികച്ച സേവനങ്ങൾ കൃത്യമായും എളുപ്പത്തിലും നൽകുന്നതിനുള്ള മത്സരാർത്ഥികളുടെ കഴിവും സേവന വൈദഗ്ധ്യവുമാണ് സ്കിൽ സെർവ്- ൽ പരിശോധിക്കപ്പെടുന്നത്. വി എച്ച് എസ് ഇ കോഴ്സുകളുമായി ബന്ധപ്പെടുത്തി നൽകാൻ കഴിയുന്ന എല്ലാ സേവനങ്ങളും , സേവനാധിഷ്ഠിത ഉൽപന്നങ്ങളും (Service based Products) പ്രദർശിപ്പിക്കാവുന്നതാണ്.

മൂല്യ നിർണയ മാനദണ്ഡങ്ങൾ- സ്കിൽസെർവ്
(Evaluation Criteria-Skill Serve)

| Criteria | Factors | Marks | Total Marks |
|---|---|---|---|
| Service Quality and Effectiveness | **Service Delivery:** Assess the service's efficiency, accuracy, and professionalism. | 15 | 30 |
| | **Impact and Outcome:** Evaluate the effectiveness of the service in achieving its intended goals or outcomes, including customer satisfaction. | 15 | |
| Technical Proficiency and Knowledge | **Mastery of Skills:** Evaluate the participant's expertise and technical knowledge related to the service provided | 15 | 25 |
| | **Problem-Solving Ability:** Assess the participant's capability to identify issues and implement effective solutions during service delivery. | 10 | |
| Customer | **Interpersonal Skills:** Evaluate the participant's ability to interact courteously, | 10 | |

| | | | |
|---|---|---|---|
| Interaction and Communication | professionally, and empathetically with clients or customers. | | 20 |
| | **Clarity and Effectiveness of Communication:** Assess how well the participant communicates service details, instructions, or solutions to customers. | 10 | |
| Innovation and Replicability | **Creativity in Service Delivery:** Evaluate the participant's ability to innovate and personalize the service to better meet customer needs. | 10 | 15 |
| | **Replicability:** Evaluate how easily the service can be standardized or replicated by others while maintaining consistent quality and outcomes. | 5 | |
| Presentation and Documentation | **Service Presentation:** Evaluate the overall presentation of the service, including how well it is organized and delivered. | 5 | 10 |
| | **Documentation and Process Explanation):** Assess the thoroughness and clarity of any accompanying documentation, including service plans, records, or client feedback reports. | 5 | |
| Total Marks | | | **100** |

**(B) തത്സമയ മത്സരങ്ങൾ (On the Spot Competitions)**

വേൾഡ് സ്കിൽസ് ഇൻറർനാഷണൽ മത്സരങ്ങളിൽ ഭാരതത്തിന്റെ പങ്കാളിത്തത്തിന് നേതൃത്വം നൽകുന്ന നാഷണൽ സ്കിൽ ഡെവലപ്മെൻറ് കോർപ്പറേഷന്റെ (NSDC) ഇന്ത്യ സ്കിൽസ് മത്സരങ്ങളിലേക്ക് ഒരു ചവിട്ടുപടി എന്ന രീതിയിലാണ് മേളയിലെ തത്സമയ മത്സരങ്ങൾ വിഭാവനം ചെയ്തിട്ടുള്ളത്. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലെ വിദ്യാർഥിവിദ്യാര്ഥിനികൾക്ക് കോഴ്സ് ഭേദമില്ലാതെ എല്ലാ തത്സമയ മത്സര ഇനങ്ങളിലും പങ്കെടുക്കാവുന്നതാണ്. തത്സമയ മത്സര ഇനങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

1. വാല്യൂ ആഡഡ് മിൽക്ക് പ്രോഡക്ട്സ്- പ്ലാൻ-പ്രിപ്പയർ-പ്രെസെന്റ്
2. തെറാപ്യൂട്ടിക് ഡയറ്റ് -പ്ലാൻ-പ്രിപ്പയർ-പ്രെസെന്റ്
3. അക്വേറിയം സജ്ജീകരിക്കൽ

4. ഫ്ലവർ അറേൻജ്മെന്റ്
5. വെജിറ്റബിൾ കാർവിംഗ്
6. മിനിയേച്ചർ ഗാർഡൻ
7. ടെറേറിയം
8. റോബോജീനിയസ് ചലഞ്ച്
9. കേക്ക് ഡെക്കറേറ്റിംഗ്
10. സ്പോട്ട് ഫോട്ടോഗ്രാഫി
11. ഹോം പ്ലാൻ – പ്ലാൻ–പ്രിപ്പയർ–പ്രെസെന്റ്
12. ഗ്രാഫിക് ഡിസൈനിംഗ്
13. പ്ലബിംഗ് ഡിസൈൻ – പ്ലാൻ–പ്രിപ്പയർ–പ്രെസെന്റ്
14. എൽ.ഇ.ഡി ബൾബ് നിർമ്മാണം
15. നെറ്റ് വർക്കിംഗ് ആന്റ് ഇന്റർനെറ്റ് ഷെയറിംഗ്
16. വെബ്ബ് ആപ്ലിക്കേഷൻ ഡവലപ്പ്മെന്റ്
17. ഡ്രസ്സ് ഡിസൈനിംഗ്
18. ഹെയർ സ്റ്റൈലിംഗ്
19. മെഹന്തി ഡിസൈനിംഗ്

**1. വാല്യൂ ആഡഡ് മിൽക്ക് പ്രോഡക്റ്റ്സ് : പ്ലാൻ–പ്രിപ്പയർ–പ്രെസെന്റ്**

പാൽ, ഉപയോഗിച്ച് നിശ്ചിത സമയത്തിനുള്ളിൽ മത്സര സ്ഥലത്ത് വച്ച് പൂർത്തിയാക്കാൻ കഴിയുന്ന ഭക്ഷ്യ യോഗ്യവും ഗുണമേന്മയുമുള്ള ഉത്പന്നങ്ങളുടെ നിർമാണമാണ് ഈ മത്സരത്തിലൂടെ ഉദ്ദേശിക്കുന്നത്. മത്സര സമയത്ത് ലഭിക്കുന്നനിർദേശമനുസരിച്ച് താഴെ പറയുന്ന പാലുല്പന്നങ്ങളിൽ ഏതെങ്കിലും ഒന്ന് നിർമിക്കുകയും അവ ഉപയോഗിച്ച് വിവിധ വിഭവങ്ങൾ തയ്യാറാക്കുകയും ചെയ്യേണ്ടതാണ്.

a) പനീർ

b) ഖോവ

നിർദ്ദേശങ്ങൾ

- മത്സര സമയം പരമാവധി 3 മണിക്കൂറായിരിക്കും.
- പരമാവധി 2 ലിറ്റർ പാൽ ഉപയോഗിച്ചുള്ള ഉൽപ്പന്നങ്ങളാണ് തയ്യാറാക്കേണ്ടത്.
- വ്യക്തി ശുചിത്വവും ഭക്ഷ്യ സുരക്ഷാ മാനദണ്ഡങ്ങളുടെ പ്രയോഗവും നിർമാണത്തിന്റെ ഓരോ ഘട്ടത്തിലും പാലിക്കേണ്ടതാണ്
- ഉത്പന്ന നിർമ്മാണത്തിന് ആവശ്യമായ എല്ലാ സാമഗ്രികളും മത്സരാർത്ഥികൾ കൊണ്ടുവരേണ്ടതാണ്.

- ഹരിത ചട്ടങ്ങൾ പ്രക്രിയയിലുടനീളം പാലിക്കേണ്ടതാണ്.
- വൈദ്യുതി, ഗ്യാസ്, മൂർച്ചയുള്ള ഉപകരണങ്ങൾ എന്നിവ കൈകാര്യം ചെയ്യുമ്പോൾ അത്യന്തം സൂക്ഷ്മത പുലർത്തേണ്ടതാണ്.

മൂല്യ നിർണ്ണയ മാനദണ്ഡങ്ങൾ

1. ഉത്പന്നം തയ്യാറാക്കുന്നതിനുള്ള അധ്വാനഭാരവും വൈദഗ്ധ്യവും പൂർത്തികരണവും (30)
2. തയ്യാറാക്കുന്ന ഉൽപ്പന്നങ്ങളുടെ വൈവിധ്യം, പുതുമ, പോഷക-വില്പന നിലവാരം. (30)
3. ഉത്പന്നം തയ്യാറാക്കുന്നതിന് ഉപയോഗിക്കുന്ന അസംസ്കൃത വസ്തുക്കളെക്കുറിച്ചും ഉപകരണങ്ങളെക്കുറിച്ചുമുള്ള അറിവ് (20)
4. തയ്യാറാക്കിയ ഉൽപ്പന്നങ്ങളുടെ മനോഹരമായ ക്രമീകരണവും അവതരണവും. (20)

## 2. തെറാപ്യൂട്ടിക് ഡയറ്റ് : പ്ലാൻ-പ്രിപ്പയർ-പ്രെസെന്റ്

പ്രത്യേകം ഭക്ഷണക്രമം ആവശ്യമായ രക്താതിസമ്മർദ്ദം, പ്രമേഹം, പൊണ്ണത്തടി, ഹൃദ്രോഗം എന്നീ രോഗാവസ്ഥകളിൽ രോഗികൾക്കുള്ള ഒരുദിവസത്തെ ഭക്ഷണക്രമം പ്ലാൻ ചെയ്യുകയും അവയിൽ നിന്ന് മത്സര സമയത്ത് ലഭിക്കുന്ന നിർദ്ദേശമനുസരിച്ചുള്ള വിഭവം തയ്യാറാക്കുകയും വേണം. സമയ പരിധിക്കുള്ളിൽ ഭക്ഷണ ക്രമം പ്ലാൻ ചെയ്ത് ഭക്ഷ്യസുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ട് നിർദ്ദേശിത വിഭവങ്ങൾ തയ്യാറാക്കി, ആകർഷകമായ രീതിയിൽ പ്രദർശിപ്പിക്കുവാനുള്ള കഴിവ് വിലയിരുത്തുന്നു. മേല്പറഞ്ഞ രോഗാവസ്ഥകളിൽ നിന്ന് ഭക്ഷണക്രമം പ്ലാൻ ചെയ്യേണ്ട രോഗാവസ്ഥ ഏതെന്നും ഏത് വിഭവമാണ് തയ്യാറാക്കേണ്ടതെന്നുമുള്ള വിവരങ്ങൾ മത്സര സമയത്ത് ലഭ്യമാക്കുന്നതാണ്.

നിർദ്ദേശങ്ങൾ

- മത്സര സമയം പരമാവധി 2 മണിക്കൂറായിരിക്കും.
- മത്സരത്തിനാവശ്യമായ എല്ലാ അസംസ്കൃത വസ്തുക്കളും ഉപകരണങ്ങളും മത്സരാർത്ഥികൾ തന്നെ കൊണ്ട് വരേണ്ടതാണ്.
- മത്സരത്തിന്റെ എല്ലാ ഘട്ടങ്ങളിലും ഭക്ഷ്യ സുരക്ഷാമാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്.
- വൈദ്യുതി, ഗ്യാസ്, മൂർച്ചയുള്ള ഉപകരണങ്ങൾ എന്നിവ കൈകാര്യം ചെയ്യുമ്പോൾ അത്യന്തം സൂക്ഷ്മത പുലർത്തേണ്ടതാണ്.

മൂല്യ നിർണ്ണയ മാനദണ്ഡങ്ങൾ

1. നൽകിയിരിക്കുന്ന രോഗാവസ്ഥയുടെ പ്രത്യേകതകൾ പരിഗണിച്ച് അനുയോജ്യമായ ഭക്ഷണക്രമം പ്ലാൻ ചെയ്യാനുള്ള കഴിവ് (30)
2. തയാറാക്കിയ വിഭവങ്ങളുടെ തെറാപ്യൂട്ടിക് മൂല്യം, രുചി, പോഷകഗുണം. (30)
3. ഉപയോഗിക്കുന്ന വസ്തുക്കളുടെ ലഭ്യത, വിലക്കുറവ് , ആരോഗ്യകരമായ പാചക രീതി (20)
4. ഭക്ഷ്യസുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുവാനുള്ള കഴിവ് (10)
5. തയ്യാറാക്കിയ വിഭവങ്ങളുടെ ക്രമീകരണവും അവതരണവും (10)

**3. <u>അക്വേറിയം സജ്ജീകരിക്കൽ</u>**

നിശ്ചിത സമയത്തിനുള്ളിൽ ശുദ്ധജല/കടൽജല അക്വേറിയം സജ്ജീകരിക്കുക എന്നതാണ് മത്സര ഇനം. ഗ്ലാസ് അഥവാ ബേക്കലൈറ്റ് ടാങ്കുകളിൽ ജലം നിറച്ച് മത്സ്യങ്ങൾ, ജലസസ്യങ്ങൾ ഇവയെ അലങ്കാരം മുൻനിർത്തി നിക്ഷേപിക്കേണ്ടതാണ്. ജലം ശുദ്ധീകരിക്കുവാനും, പ്രാണവായുവിന്റെ അളവ് നിലനിർത്തുവാനുമുള്ള ക്രമീകരണങ്ങൾ, പ്രകാശസംവിധാനം എന്നിവയും ടാങ്കിനോടൊപ്പം സജ്ജീകരിക്കാവുന്നതാണ് .

നിർദ്ദേശങ്ങൾ

- മത്സര സമയം പരമാവധി 3 മണിക്കൂറായിരിക്കും.
- 50 ലിറ്റർ മുതൽ 80 ലിറ്റർ വരെ വ്യാപ്തിയുള്ള ടാങ്കുകൾ ഉപയോഗിക്കാവുന്നതാണ്.
- ടാങ്കിന്റെ വലിപ്പത്തിനും ഉൾക്കൊള്ളാവുന്ന ജലത്തിനും ആനുപാതികമായി ജലസസ്യങ്ങളും, മത്സ്യങ്ങളും ടാങ്കിൽ നിക്ഷേപിക്കാവുന്നതാണ്. പരാമവധി നാലു ജോഡി മത്സ്യങ്ങളും, നാലിനം ജലസസ്യങ്ങളുമായി ഇവയെ പരിമിതപ്പെടുത്തേണ്ടതാണ്.
- ടാങ്ക് സജ്ജീകരണത്തിനായി മണൽ, കല്ല്, തടികഷ്ണങ്ങൾ ഇവ ഉപയോഗിക്കാവുന്നതാണ്
- ടാങ്കിന് അനുയോജ്യമായ എയ്റേറ്റർ/ബയോഫിൽറ്റർ, പ്രകാശസംവിധാനം എന്നിവയും ഉപയോഗിക്കാവുന്നതാണ്.
- ജലം ഉൾപ്പെടെ എല്ലാ ഘടകങ്ങളും മത്സരാർത്ഥികൾ കൊണ്ടു വരേണ്ടതാണ്.
- കൃത്രിമ മത്സ്യങ്ങൾ/സസ്യങ്ങൾ, സീനറി ഷീറ്റുകൾ ഇവ ഉപയോഗിക്കുവാൻ പാടുള്ളതല്ല.

മൂല്യ നിർണ്ണയ മാനദണ്ഡങ്ങൾ

1. ജൈവ വൈവിധ്യം (20)
2. സാങ്കേതികത്വം (30)
3. അവതരണം (10)
4. ആകർഷണീയത (40)

## 4. <u>ഫ്ലവർ അറേഞ്ച്മെന്റ്</u>

ഫ്ലവർ അറേഞ്ച്മെന്റ് എന്നത് പുഷ്പങ്ങളുടെ കലാപരമായ ക്രമീകരണമാണ്. വിവിധതരം പുഷ്പങ്ങൾ അവയുടെ നിറവും വലിപ്പവും അനുസരിച്ച് ആകർഷകമായി വിന്യസിക്കുന്നു. ഇവയുടെ വർണ്ണവിന്യാസം , തുലനം, , പൊരുത്തം, ക്രമീകരണം, എല്ലാ കോണുകളിൽ നിന്നും നോക്കുമ്പോളുള്ള സൗന്ദര്യാത്മകത എന്നിവയെല്ലാം പരിഗണിച്ചാണ് പുഷ്പാലങ്കാരം ഒരുക്കേണ്ടത്.

നിർദ്ദേശങ്ങൾ

- മത്സര സമയം പരമാവധി 2 മണിക്കൂറായിരിക്കും.
- പുഷ്പങ്ങൾ അടക്കം ആവശ്യമുള്ള എല്ലാ വസ്തുക്കളും മത്സരാർത്ഥികൾ തന്നെ കൊണ്ടുവരേണ്ടതാണ്.
- പ്ലാസ്റ്റിക്ക്, ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കുന്ന സസ്യങ്ങൾ, കൃത്രിമ പുഷ്പങ്ങൾ തുടങ്ങിയവ നിർബന്ധമായും ഒഴിവാക്കേണ്ടതാണ്.
- സുലഭമായും പ്രാദേശികമായും ലഭ്യമാകുന്ന പുഷ്പങ്ങൾ ഉപയോഗിക്കേണ്ടതാണ്.

മൂല്യ നിർണ്ണയ മാനദണ്ഡങ്ങൾ

1. സർഗ്ഗാത്മകത (30)
2. വർണ്ണവിന്യാസം (20)
3. പുഷ്പ സമന്വയം –തുലനം (20)
4. ആലങ്കാരിക ഭംഗി (30)

## 5. <u>വെജിറ്റബിൾ കാർവിംഗ്</u>

പച്ചക്കറികൾ, ഫലവർഗങ്ങൾ എന്നിവ ഉപയോഗിച്ച് അലങ്കാര രൂപങ്ങൾ നിർമിക്കുന്ന കലയാണിത്. മേൽപ്പറഞ്ഞ വസ്തുക്കൾ ഉപയോഗിച്ച് മത്സരാർത്ഥികളുടെ ഭാവനയ്ക്കനുസരിച്ച് പൂക്കൾ, മൃഗങ്ങൾ, മറ്റ് വിവിധ കലാരൂപങ്ങൾ എന്നിവ നിർമ്മിക്കാവുന്നതാണ്.

നിർദ്ദേശങ്ങൾ

- മത്സര സമയം പരമാവധി 2 മണിക്കൂറായിരിക്കും.
- പച്ചക്കറികൾ, ഫലവർഗങ്ങൾ, എന്നിവ മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളൂ.
- പുഷ്പങ്ങൾ , പ്ലാസ്റ്റിക് എന്നിവ ഉപയോഗിക്കാൻ പാടില്ല
- ആവശ്യമുള്ള ആയുധങ്ങളും പച്ചക്കറികളും പഴങ്ങളും മത്സരാർത്ഥികൾ കൊണ്ടുവരേണ്ടതാണ്.
- പവർ ടൂൾസ്, സ്റ്റെൻസിലുകൾ മുതലായവ ഒഴിവാക്കേണ്ടതാണ്.

മൂല്യ നിർണ്ണയ മാനദണ്ഡങ്ങൾ

| | | |
|---|---|---|
| 1. | സർഗാത്മകത | (25) |
| 2. | നൈപുണി , പൂർണത | (25) |
| 3. | ആലങ്കാരിക ഭംഗി | (25) |
| 4. | മനോഹരമായ ക്രമീകരണം/അവതരണം | (25) |

## 6. <u>മിനിയേച്ചർ ഗാർഡൻ</u>

ചെറിയ പാത്രങ്ങളിലോ, ചെറിയ സ്ഥലങ്ങളിലോ തയ്യാറാക്കുന്ന, പൂന്തോട്ടങ്ങളുടെ ചെറുപതിപ്പുകളാണ് മിനിയേച്ചർ ഗാർഡൻ. ചെറിയ ചെടികൾ, ബഞ്ചുകൾ, പാതകൾ, പ്രതിമകൾ, ജലവിധാനങ്ങൾ, ജന്തുജാലങ്ങളുടെ രൂപങ്ങൾ ,മറ്റ് പൂന്തോട്ട ഘടകങ്ങൾ എന്നിവ ഉപയോഗിച്ച് ചെറു പൂന്തോട്ടങ്ങൾ നിർമ്മിക്കാവുന്നതാണ്

നിർദ്ദേശങ്ങൾ

- മത്സര സമയം പരമാവധി 2 മണിക്കൂറായിരിക്കും.
- അവശ്യവസ്തുക്കൾ മത്സരാർത്ഥികൾ കൊണ്ടുവരേണ്ടതാണ്
- 30 cm ×30 cm വലുപ്പത്തിൽ വേണം നിർമ്മാണം നടത്തേണ്ടത്
- കൃത്രിമ ചെടികൾ ഉപയോഗിക്കാൻ പാടുള്ളതല്ല.

മൂല്യ നിർണ്ണയ മാനദണ്ഡങ്ങൾ

1. സർഗാത്മകത (25)
2. ജൈവ വൈവിധ്യം (25)
3. നൈപുണി (25)
4. പൂർണത, തുലനം, അനുപാതം (25 )

## 7. ടെറേറിയം

ടെറേറിയം എന്നത് അടച്ചതോ, തുറന്നതോ ആയ ഗ്ലാസ് നിർമ്മിത സുതാര്യ പാത്രത്തിൽ, നിയന്ത്രിത പരിസ്ഥിതിയിൽ സസ്യങ്ങളെ ആലങ്കാരികമായി വളർത്തുന്ന പ്രക്രിയയാണ്.

നിർദ്ദേശങ്ങൾ

1. ആവശ്യ വസ്തുക്കൾ മത്സരാർത്ഥികൾ കൊണ്ടുവരണം
2. മത്സര സമയം പരമാവധി 2 മണിക്കൂറായിരിക്കും.
3. പരമാവധി 2 ലിറ്റർ വ്യാപ്തമുള്ള ഗ്ലാസ് പാത്രം ഉപയോഗിക്കേണ്ടതാണ്.
4. കൃത്രിമ ചെടികൾ ഉപയോഗിക്കാൻ പാടുള്ളതല്ല.

മൂല്യനിർണ്ണയ മാനദണ്ഡങ്ങൾ

1. സർഗാത്മകത (25)
2. നടീൽ വസ്തുക്കളുടെ ഘടന, നിലവാരം, രൂപം (25)
3. സുസ്ഥിരത (25)
4. ആകർഷണീയത (25)

## 8. റോബോ ജീനിയസ് ചലഞ്ച് (Competition based on Artificial Intelligence ,Robotics and Programming )

നിർമ്മിതബുദ്ധി സാങ്കേതിക വിദ്യ അതിവേഗം വികസിക്കുകയും വൻ സാദ്ധ്യതകൾ തുറക്കുകയും ചെയ്യുന്ന കാലഘട്ടമാണിത് .റോബോട്ടിക്സ്, നിർമ്മിതബുദ്ധി, വെർച്വൽ റിയാലിറ്റി എന്നിങ്ങനെയുള്ള നൂതന സാങ്കേതിക വിദ്യകൾ നമ്മുടെ ദൈനംദിന ജീവിതത്തിന്റെ ഭാഗമായി മാറിക്കഴിഞ്ഞു. പുതുതലമുറകളുടെ തൊഴിലിടങ്ങളിൽ ഇത്തരം നവീന സാങ്കേതിക വിദ്യകളുടെ കടന്നുകയറ്റം പ്രകടമാണ്. നിർമ്മിത ബുദ്ധിയിൽ അധിഷ്ഠിതമായ വ്യവസായ നയത്തിലേക്ക് നമ്മുടെ രാജ്യം ശ്രദ്ധ കേന്ദ്രീകരിക്കുന്ന ഈ കാലഘട്ടത്തിൽ ഈ മേഖലയിലുള്ള കുട്ടികളുടെ കഴിവും താൽപര്യവും പരിപോഷിപ്പിക്കുക എന്നതാണ് റോബോ ജീനിയസ് ചലഞ്ച് എന്ന മൽസരം കൊണ്ട് ഉദ്ദേശിക്കുന്നത്.

നിർദ്ദേശങ്ങൾ

- മത്സര സമയം രണ്ട് മണിക്കൂർ ആയിരിക്കും
- പ്രോഗ്രാമിംഗ് നടത്തുന്നതിനുള്ള ലാപ്ടോപ്പ് മത്സരാർത്ഥികൾക്ക് നൽകുന്നതാണ്. മത്സരാർത്ഥികൾ കൊണ്ടുവരുന്ന ലാപ്ടോപ്പുകൾ ഉപയോഗിക്കാൻ പാടുള്ളതല്ല.
- മത്സരത്തിനാവശ്യമായ Ardunio Uno Kit (Board, Jumber wires, bread board etc), വിവിധ സെൻസറുകൾ (LDR Sensor (2), IR Sensor (2) Soil moisture Sensor, Sound sensor, Altrasonic Sound Sensor, Smoke Sensor temperature sensor), Servo motor, push button, Active buzzer, Mobile power bank, SMPS എന്നിവ മത്സരാർത്ഥികൾ തന്നെ കൊണ്ടുവരേണ്ടതാണ്.
- മത്സരം തുടങ്ങുന്നതിന് 10 മിനിറ്റ് മുൻപ് മത്സര വിഷയം നൽകുന്നതാണ്.
- മത്സരാർത്ഥികൾ നിർമ്മിതബുദ്ധി, റോബോട്ടിക്സ് സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് Spot – ൽ നിർദ്ദേശിക്കപ്പെടുന്ന product തയ്യാറാക്കി പ്രവർത്തിപ്പിച്ച് കാണിക്കണം.
  - മത്സരത്തിന് ഉപയോഗിക്കാവുന്ന സോഫ്റ്റ് വെയറുകൾ Ardunio IDE Python PictoBlox എന്നിവയാണ്.

മൂല്യ നിർണ്ണയ മാനദണ്ഡങ്ങൾ

| | | |
|---|---|---|
| 1. | ആശയം | (20) |
| 2. | കൃത്യതയോടെ പ്രവർത്തനം നടപ്പിലാക്കൽ | (40) |
| 3. | നവീനത, സർഗാത്മകത | (20) |
| 4. | പ്രസന്റേഷൻ | (20) |

## 9. <u>കേക്ക് ഡെക്കറേറ്റിംഗ്</u>

മത്സരാർത്ഥികളുടെ വൈദഗ്ധ്യവും സർഗാത്മകതയും ഉപയോഗിച്ച് ആകർഷകമായ തരത്തിൽ കേക്ക് അലങ്കരിച്ച് പ്രദർശിപ്പിക്കുക എന്നതാണ് ഈ മത്സരത്തിലൂടെ ഉദ്ദേശിക്കുന്നത്.കേക്ക് ബേസ് തയ്യാറാക്കികൊണ്ടുവരാവുന്നതാണ്.

നിർദ്ദേശങ്ങൾ

- മത്സര സമയത്തു നൽകുന്ന തീം അനുസരിച്ചാണ് കേക്ക് അലങ്കരിക്കേണ്ടത്.
- കേക്കിന്റെ തൂക്കം 1 കിലോയിൽ കൂടാൻ പാടില്ല.
- പരമാവധി ഉപയോഗിക്കാവുന്ന ലയറുകൾ 3 എണ്ണമാണ്.
- ഏത് തരം കേക്കുകളും ബേസ് ആയി ഉപയോഗിക്കാവുന്നതാണ്

- കേക്കും, അലങ്കാരത്തിന് ഉപയോഗിക്കുന്ന ചേരുവകളും, ഇതിന് ഉപയോഗിക്കുന്ന പാത്രങ്ങൾ, ഉപകരണങ്ങൾ , ഇലക്ട്രിക്ക് ബീറ്റർ എന്നിവയും അടക്കം എല്ലാ വസ്തുക്കളും മത്സരാർത്ഥി കൊണ്ടുവരേണ്ടതാണ്.
- റഫ്രിജറേഷൻ സൗകര്യവും, ഇലക്ട്രിക് പ്ലഗ് പോയിന്റുകളും മത്സര വേദിയിൽ ഉണ്ടായിരിക്കുന്നതാണ്.
- ഭക്ഷ്യയോഗ്യമായ അലങ്കാരങ്ങൾ മാത്രമേ അനുവദിക്കുകയുള്ളൂ.
- അമിതമായി ആർട്ടിഫിഷ്യൽ ഫുഡ് കളേർസ് ഉപയോഗിക്കുവാൻ പാടില്ല.
- മുൻകൂട്ടി നിർമ്മിച്ചതോ, വാങ്ങിയതോ ആയ അലങ്കാര വസ്തുക്കൾ അനുവദിക്കുന്നതല്ല
- പരമാവധി മത്സര സമയം 2 മണിക്കൂറായിരിക്കും.

മൂല്യ നിർണ്ണയ മാനദണ്ഡങ്ങൾ

| | | |
|---|---|---|
| 1. | തീം പാലിക്കൽ | (30) |
| 2. | വൈദഗ്ദ്യവും സർഗ്ഗാത്മകതയും | (30) |
| 3. | രുചി | (20) |
| 4. | അവതരണം | (20) |

## 10. സ്പോട്ട് ഫൊട്ടോഗ്രഫി

മത്സര ദിവസം പ്രഖ്യാപിക്കുന്ന വിഷയത്തെ അടിസ്ഥാനമാക്കി വേണം മത്സരാർത്ഥികൾ ഫോട്ടോ എടുക്കേണ്ടത്. വിഷയം പ്രകൃതി, ജനജീവിതം, സ്കൂൾ പരിസരം എന്നിവ പോലുള്ള വിവിധങ്ങളായ മേഖലകളിൽ നിന്നും ആയിരിക്കാം. ഏതെങ്കിലും ക്യാമറ (KITE മുഖാന്തിരം സ്കൂളുകളിൽ ലഭ്യമാക്കിയിരിയ്ക്കുന്നവ) ഉപയോഗിച്ച് ഫോട്ടോ എടുക്കാവുന്നതാണ്

നിർദ്ദേശങ്ങൾ

- മത്സര ദിവസം നിർദ്ദേശിച്ചിരിക്കുന്ന സമയത്ത് മാത്രമേ ഫോട്ടോ എടുക്കാവൂ.
- മത്സര സമയം പൊതുവിദ്യാഭ്യാസ വകുപ്പ് ചുമതലപ്പെടുത്തുന്ന സംഘാടകർ (മത്സരത്തിന്റെ കൺവീനർ) അറിയിക്കുന്നതായിരിക്കും.
- മത്സരാർത്ഥികൾ ഫോട്ടോയിൽ യാതൊരു വിധത്തിലുള്ള എഡിറ്റിംഗും (cropping, filters) ചെയ്യാൻ പാടില്ല.
- മത്സരം കഴിഞ്ഞ് നിശ്ചിത സമയത്തിനുള്ളിൽ ഫോട്ടോകൾ ഡിജിറ്റൽ ഫോർമാറ്റിൽ (JPEG) സമർപ്പിക്കണം.
- മത്സര സമയത്ത് ഫോട്ടോ എടുക്കുമ്പോൾ സുരക്ഷയ്ക്ക് പ്രാധാന്യം നൽകണം. തിരക്കേറിയ റോഡുകൾ. കെട്ടിടങ്ങളുടെ മുകളിൽ കയറുക തുടങ്ങിയ അപകടകരമായ സാഹചര്യങ്ങൾ ഒഴിവാക്കുക.ഫോട്ടോ പകർത്തുന്നതിനിടെ സുരക്ഷാമുൻകരുതലുകൾ പാലുക്കാത്തതുമൂലമുള്ള അപകടങ്ങൾക്ക് വകുപ്പ് ഉത്തരവാദിയായിരിക്കുന്നതല്ല.

മൂല്യ നിർണ്ണയ മാനദണ്ഡങ്ങൾ

1. നൽകിയ വിഷയത്തിൽ ചിത്രത്തിന്റെ പ്രസക്തി – (നൽകുന്ന തീമിനോടുള്ള യോജിപ്പ്, വ്യാഖ്യാനം) (40)
2. ക്രിയേറ്റിവിറ്റി ആൻഡ് ഇംപാക്റ്റ് – (സ്റ്റോറിടെല്ലിംഗ്, ഇംപാക്റ്റ്, പെർസ്പെക്റ്റീവ്, ടൈമിംഗ്) (30)
3. ടെക്നിക്കൽ മികവ് – (കോമ്പോസിഷൻ,ഫോക്കസ്, എക്സ്പോഷർ, നിറ വിന്യാസം) (30)

## 11. ഹോം പ്ലാൻ

വീടിന്റെ സ്കെച്ച് നൽകുന്നതാണ്. തയ്യാറാക്കേണ്ട വീടിന്റെ പ്ലാനിൽ ഉൾപ്പെടുത്തേണ്ട സൗകര്യങ്ങളുടെ വിശദാംശങ്ങൾ മത്സര സമയത്ത് നൽകുന്നതാണ്. മത്സരാർത്ഥികളുടെ അറിവും ഭാവനയും മനോധർമവും അനുസരിച്ച് വീടിന്റെ മുഴുവൻ പ്ലാൻ CAD ൽ നിശ്ചിത സമയത്തിനുള്ളിൽ വരച്ച് സമർപ്പിക്കേണ്ടതാണ്.

നിർദ്ദേശങ്ങൾ

- ഓട്ടോകാഡ് ഇൻസ്റ്റാൾ ചെയ്ത ശേഷം കമ്പ്യൂട്ടർ /ലാപ് ടോപ്പ് കൊണ്ട് വരണം. (Libre CAD – ഉം ഉപയോഗിക്കാം)
- മത്സരത്തിന് മുൻപ് ലാപ്ടോപ്പ് പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.
- മത്സര സമയം പരമാവധി 3 മണിക്കൂറായിരിക്കും.

മൂല്യ നിർണ്ണയ മാനദണ്ഡങ്ങൾ

- സർഗാത്മകത, നവീനത (20)
- പ്രകൃതി സൗഹൃദ നിർമാണം, സ്പേസിന്റെ മികച്ച ഉപയോഗം (20)
- നൽകിയ വിഷയമായുള്ള ബന്ധം, കൃത്യത (20)
- സാങ്കേതികമികവ് (20)
- മികച്ച അവതരണം , ആധികാരികത (20)

## 12. ഗ്രാഫിക് ഡിസൈനിംഗ്

ചിത്രങ്ങളും ചിഹ്നങ്ങളും വാചകങ്ങളും ഉപയോഗിച്ച് മികച്ച ആശയങ്ങളുടെ ദൃശ്യ പ്രാതിനിധ്യം സൃഷ്ടിക്കുന്ന പ്രക്രിയയാണ് ഗ്രാഫിക് ഡിസൈനിംഗ്. പ്രിന്റ് മീഡിയയിലും ഡിജിറ്റൽ മീഡിയയിലും ഗ്രാഫിക് ഡിസൈൻ പ്രാധാന്യം നാൾക്കുനാൾ വർദ്ധിച്ചു വരികയാണ്. പരസ്യ മേഖല, ഡിജിറ്റൽ മാർക്കറ്റിംഗ്, ബിസിനസ്സ് ബ്രാൻഡിംഗ്, പ്രിന്റ്

മീഡിയ തുടങ്ങിയവയിൽ ആവശ്യമായ പരസ്യങ്ങൾ രൂപകൽപ്പന ചെയ്യുന്നതിൽ കുട്ടികളുടെ പങ്ക് പരിപോഷിപ്പിക്കുകയാണ് ഈ മത്സരം കൊണ്ട് ഉദ്ദേശിക്കുന്നത്. വിഷയം മത്സരത്തിന് മുമ്പ് നൽകുന്നതാണ്.

<u>നിർദ്ദേശങ്ങൾ</u>

- മത്സര സമയം 2 മണിക്കൂർ ആയിരിക്കും.
- മത്സരം തുടങ്ങുന്നതിന് 5 മിനിട്ട് മുൻപ് വിഷയം തരുന്നതായിരിക്കും.
- ഡിസൈൻ ചെയ്യുന്നതിന് സ്വതന്ത്ര സോഫ്റ്റ് വെയറോ, പ്രൊപ്രൈറ്ററി സോഫ്റ്റ് വെയറോ ഉപയോഗിക്കാം.
- നിർദ്ദേശിക്കപ്പെടുന്ന വലിപ്പത്തിലും റെസല്യൂഷനിലുമാണ് ഡിസൈൻ തയ്യാറാക്കേണ്ടത്.
- ഡിസൈൻ പൂർത്തീകരിക്കുന്നതിലേക്ക് പെൻഡ്രൈവ് വഴി നൽകുന്ന ചിത്രങ്ങളും ഫയലുകളും കൂടി ഉപയോഗിക്കാം.
- ഡിസൈൻ ചെയ്യുന്നതിനാവശ്യമായ ലാപ് ടോപ്പ് ഡെസ്ക് ടോപ്പ് എന്നിവ കൊണ്ടു വരേണ്ടതാണ്.
- സിസ്റ്റത്തിൽ ആവശ്യമായ ഇമേജ് എഡിറ്റിംഗ് സോഫ്റ്റ് വെയറുകൾ ഇൻസ്റ്റാൾ ചെയ്തിരിക്കണം. കൊണ്ടുവരുന്ന കമ്പ്യൂട്ടർ മുൻകൂട്ടി പരിശോധനയ്ക്ക് വിധേയമാക്കണം.
- കമ്പ്യൂട്ടറിൽ ഇന്റർനെറ്റ് കണക്ടിവിറ്റി പാടില്ല.
- തയ്യാറാക്കുന്ന ഡിസൈൻ ഫയലുകൾ എഡിറ്റബിൾ ഫോർമാറ്റിലും ജെ.പി.ഇ.ജി ഫോർമാറ്റിലും പ്രത്യേകം ഫോൾഡറിൽ കുട്ടിയുടെ രജിസ്റ്റർ നമ്പർ നൽകി സേവ് ചെയ്യണം.
- തയ്യാറാക്കിയ ഡിസൈൻ വിധികർത്താക്കളെ കാണിച്ചതിനു ശേഷം മാത്രമേ ഹാളിനു പുറത്തു പോകാൻ പാടുള്ളൂ.

മൂല്യ നിർണ്ണയ മാനദണ്ഡങ്ങൾ

1. ഡിസൈനിംഗിനായി നൽകിയ വിഷയമായുള്ള ബന്ധം, കൃത്യത (20)
2. പേജ് ലേ ഔട്ട്, കളർ കോഡിനേഷൻ (20
3. സാങ്കേതിക മികവ്, റെസല്യൂഷൻ, ക്രോപ്പിംഗ് (20)
4. ആകർഷണീയത (20)
5. ഫോണ്ട്, ബാലൻസ്, ഹാർമണി, കോൺട്രാസ്റ്റ് (20)

**13. <u>പ്ലംബിങ്ങ് ഡിസൈൻ- പ്ലാൻ-പ്രിപ്പയർ-പ്രെസെന്റ്</u>**

കെട്ടിടത്തിന്റെ പ്ലാൻ ലഭ്യമാകുന്നതാണ്. തന്നിരിക്കുന്ന വിഷയത്തിനോടൊപ്പമുള്ള വിശദാംശങ്ങൾ അനുസരിച്ച് പ്ലംബിംഗ് പ്ലാൻ തയ്യാറാക്കുകയും പ്ലംബിംഗ് പൂർത്തിയാക്കുകയും വേണം.

നിർദ്ദേശങ്ങൾ

- മത്സര സമയം പരമാവധി 2 മണിക്കൂറായിരിക്കും.
- പണി ആയുധങ്ങൾ മത്സരാർത്ഥികൾ തന്നെ കൊണ്ട് വരേണ്ടതാണ്.
- മത്സരത്തിന് 5 മിനിറ്റ് മുൻപായി വിഷയം നൽകുന്നതാണ്.

മൂല്യ നിർണ്ണയ മാനദണ്ഡങ്ങൾ

| | | |
|---|---|---|
| 1. | സമയ ക്ലിപ്തത | (10) |
| 2. | പ്ലംബിംഗ് ഡ്രായിംഗിന്റെ സാങ്കേതിക മികവ് | (20) |
| 3. | ശരിയായ ഉപകരണങ്ങൾ ഉപയോഗിക്കുക | (10) |
| 4. | ചെലവ് കുറഞ്ഞതും പരിതസ്ഥിതിക്ക് അനുയോജ്യമായതുമായ ഡ്രായിംഗ് | (10) |
| 5. | കൃത്യമായ വിശദീകരണം നൽകൽ | (10) |
| 6. | പ്ലംബിംഗ് പ്രവർത്തനത്തിന്റെ സാങ്കേതിക മികവ് | (40) |

**14. <u>എൽ.ഇ.ഡി ബൾബ് നിർമ്മാണം</u>**

ഇലക്ട്രോണിക് ഘടകങ്ങൾ സംയോജിപ്പിച്ചുകൊണ്ട് എൽ.ഇ.ഡി ബൾബ് നിർമിക്കുകയും , നിർമിച്ച ബൾബ് പരിശോധിച്ച് ഗുണമേന്മ ഉറപ്പ് വരുത്തുകയും വേണം. ഇലക്ട്രോണിക് ഘടകങ്ങളെക്കുറിച്ചുള്ള അറിവും ഉൽപ്പന്ന നിർമ്മാണത്തിനുള്ള നൈപുണ്യ വികസനവും അതുവഴി സംരംഭകൻ ആകാനുള്ള ആത്മ വിശ്വാസവും കുട്ടികൾക്ക് ലഭ്യമാക്കുക എന്നുള്ളതും ഊർജ്ജസംരക്ഷണത്തെക്കുറിച്ചും പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ചും ഉള്ള അവബോധം കുട്ടികൾക്കും സമൂഹത്തിനും ഒരുപോലെ ലഭ്യമാക്കുക എന്നുള്ളതും ഈ മത്സരത്തിന്റെ ലക്ഷ്യങ്ങളാണ്.

നിർദ്ദേശങ്ങൾ

- ബൾബ് നിർമ്മാണത്തിനാവശ്യമായ ഘടകങ്ങൾ നൽകുന്നതാണ്.
- നിർമ്മാണത്തിന് ആവശ്യമായ ഉപകരണങ്ങൾ സോൾഡറിംഗ് അയൺ, ഫ്ളക്സ്, ട്യൂസർ, സോൾഡറിംഗ് ലെഡ്, സ്ക്രൂഡ്രൈവർ, എക്സ്റ്റൻഷൻ ബോർഡ്, പഞ്ച് മെഷീൻ എന്നിവ മത്സരാർത്ഥി കൊണ്ടു വരേണ്ടതാണ്.
- മത്സര സമയം പരമാവധി 1 മണിക്കൂർ ആയിരിക്കും.
- സുരക്ഷാ നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിച്ച് കൊണ്ട് ആയിരിക്കണം മത്സരത്തിൽ പങ്കെടുക്കേണ്ടത്.

- മത്സരാർത്ഥികൾക്ക് ഒരേപോലെയുള്ള ബൾബ് നിർമാണ കിറ്റുകൾ ലഭ്യമാക്കുന്നതാണ്.
- B22, Cup, back cover, driver circuit, wire, LED inbuilt PCB, aluminium plate, തെർമ്മൽ പേസ്റ്റ് എന്നിവ വെവ്വേറെ നൽകുന്നതായിരിക്കും.
- സ്ക്റ്റ്യ റെസിസ്റ്ററുകൾ ആവശ്യമുണ്ടെങ്കിൽ നൽകുന്നതായിരിക്കും.

മൂല്യ നിർണ്ണയ മാനദണ്ഡങ്ങൾ

1. ഉത്പാദനക്ഷമത (ബൾബുകളുടെ എണ്ണം.) (30)
2. ബൾബുകളുടെ പ്രവർത്തനക്ഷമത (30)
3. കൃത്യത, പൂർണത (20)
4. അവതരണം (20)

## 15. <u>നെറ്റ് വർക്കിംഗ് ആന്റ് ഇന്റർനെററ് ഷെയറിംഗ്</u>

ഫയൽ ഷെയർ ചെയ്യാൻ പറ്റുന്ന രീതിയിൽ കംപ്യൂട്ടറുകൾ തമ്മിൽ നെറ്റ്വർക്ക് ചെയ്തു ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാക്കുക. കമ്പ്യൂട്ടർ നെറ്റ് വർക്കിംഗിൽ വൈദഗ്ധ്യം നേടുന്നതിലൂടെ ഈ മേഖലയിൽ മികച്ച തൊഴിൽ അവസരം നേടിയെടുക്കുന്നതിനും സംരംഭകൻ ആകുന്നതിനും പ്രാപ്തരാകുന്നു.

നിർദ്ദേശങ്ങൾ

- മൽസര സമയം –പരമാവധി ഒന്നര മണിക്കൂർ ആയിരിക്കും
- മത്സരത്തിന് ആവശ്യമായ ഉപകരണങ്ങൾ ഘടകങ്ങൾ ലാപ്പ്ടോപ്പ് –3 ,യു.റ്റി.പി കേബിൽ ആർ.ജെ 45 കണക്ടർ ക്രിംപിംഗ് ടൂൽ, സ്വിച്ച്,വയർ കട്ടർ ,റൂട്ടർ ലാൻ ടെസ്റ്റർ എന്നിവ മത്സരാർത്ഥികൾ കൊണ്ടുവരേണ്ടതാണ്.
- ഇന്റർനെറ്റ് സൗകര്യം ലഭ്യമായിരിക്കും.
- സുരക്ഷാ മാനദണ്ഡങ്ങൾ പൂർണ്ണമായും പാലിക്കേണ്ടതാണ്.

മൂല്യ നിർണ്ണയ മാനദണ്ഡങ്ങൾ

- കൃത്യത, പൂർണത (20)
- നെറ്റ് വർക്ക് ചെയ്യുന്നതിനും ഉപകരണങ്ങൾ ഉപയോഗിക്കുന്നതിനും ഉള്ള വൈദഗ്ധ്യം (30)

- നെറ്റ് വർക്കിംഗിനായി കമ്പ്യൂട്ടറുകൾ വിന്യസിക്കുന്ന രീതി (30)
- വിഷയത്തെക്കുറിച്ചും ഉപയോഗിക്കുന്ന ഉപകരണങ്ങളെക്കുറിച്ചുമുള്ള അറിവ് (20)

## 16. വെബ്ബ് ആപ്ലിക്കേഷൻ ഡെവലപ്മെന്റ്

വിവര സാങ്കേതിക വിദ്യയിലെ ഒരു ജനകീയ സങ്കേതമാണ് വെബ്ബ്സൈറ്റുകൾ. ആധുനിക മനുഷ്യജീവിതവുമായി അഭേദ്യമായ ബന്ധമാണ് ഈ മേഖലയ്ക്ക് ഉള്ളത്. മനോഹരങ്ങളായ വെബ് പേജുകളാൽ കോർത്തിണക്കപ്പെട്ട വെബ്ബ്സൈറ്റുകൾക്ക് ശക്തി പകരുന്നത് വിവിധ ഡേറ്റാ ബേസുകളാണ്. ഇത്തരം സംവേദനാത്മക വെബ്ബ്സൈറ്റുകൾ നിർമ്മിക്കുന്നതിന് വിവിധ  വെബ്ബ് ഡെവലപ്മെൻറ് ടൂളുകളുടെ ഉപയോഗവുമായി ബന്ധപ്പെട്ട നൈപുണികൾ ആവശ്യമാണ്. ഇതിൽ വെബ്ബ്പേജ് ഡിസൈൻ, പേജുകളുടെ കോർത്തിണക്കൽ ,ഡേറ്റാബേസ് നിർമ്മാണം, കണക്റ്റിവിറ്റി എന്നിവയെല്ലാം അടങ്ങിയിട്ടുണ്ട്. ഇൻ്ററാക്ടീവ് ആയ ഇത്തരം വെബ്ബ്സൈററുകൾ തയ്യാറാക്കാനുള്ള കുട്ടികളുടെ കഴിവ് പരിശോധിക്കുക എന്നുള്ളതാണ് ഈ മത്സരം കൊണ്ടുദ്ദേശിക്കുന്നത്.

നിർദ്ദേശങ്ങൾ

- മത്സര സമയം പരമാവധി  2 മണിക്കൂറായിരിക്കും
- Front end development – HTML, CSS, Javascript, Jquery JS Library എന്നിവ മാത്രമേ ഉപയോഗിക്കാവൂ
- Back end Development – MySQL, PHP/Python എന്നിവ മാത്രമേ ഉയോഗിക്കാവൂ
- വെബ്ബ്പേജുകൾ തയ്യാറാക്കുന്നതിന് Vscode, notepad ++ പോലുള്ള ടെക്സ്റ്റ് എഡിറ്റർ സോഫ്റ്റ് വെയറുകൾ ഉപയോഗിക്കാം.
- ബേസിക് കോഡുകൾ ഓട്ടോ ജനറേറ്റ് ചെയ്യുന്നത് അനുവദനീയമാണ്.
- ഓപ്പറേറ്റിംഗ് സിസ്റ്റം ഓപ്പൺ സോഴ്സ് ആയിരിക്കും
- കുട്ടികൾ കൊണ്ടു വരുന്ന ലാപ്പ്ടോപ്പുകൾ മത്സരത്തിന് ഉപയോഗിക്കുവാൻ പാടുള്ളതല്ല.
- മത്സരത്തിന് ഇൻ്റർനെറ്റ് കണക്ഷൻ ഉപയോഗിക്കുവാൻ പാടുള്ളതല്ല.
- വെബ്ബ്സൈറ്റ് തയ്യാറാക്കുന്നതിന് ആവശ്യമായ ചിത്രങ്ങൾ, ഓഡിയോ ഫയൽസ്, വീഡിയോ ഫയൽസ്, മത്സര വിഷയവുമായി ബന്ധപ്പെട്ട ചെറിയ കുറിപ്പ് എന്നിവ കുട്ടികൾക്ക് നൽകുന്ന ലാപ്പ്ടോപ്പിൽ ലഭ്യമായിരിക്കും.
- മത്സരം തുടങ്ങുന്നതിന് 10 മിനിറ്റ് മുൻപ് വിഷയം നൽകുന്നതാണ്.
- മത്സരാർത്ഥിയുടെ നാമത്തിൽ തന്നെ സൃഷ്ടിക്കപ്പെട്ട ഫോൾഡറിൽ വെബ്ബ് പേജുകളും അനുബന്ധ ഫയലുകളും സേവ് ചെയ്യേണ്ടതാണ്.

- വെബ്ബ് സൈറ്റുകൾ ഹോസ്റ്റ് ചെയ്യുന്നതിലെ പ്രായോഗികജ്ഞാനം കൂടി പരിശോധിക്കപ്പെടുന്നതാണ്.
- മൂല്യനിർണ്ണയം പൂർത്തിയാക്കിയശേഷം മാത്രമേ കുട്ടികൾ മത്സരഹാളിൽ നിന്ന് പുറത്ത് പോകാൻ പാടുള്ളൂ.

മൂല്യ നിർണ്ണയ മാനദണ്ഡങ്ങൾ

1. ആകർഷണീയത, വെബ്ബ് പേജുകളുടെ ഭംഗി (10)
2. ടാഗുകളുടെ കൃത്യത, നാവിഗേഷൻ ലിങ്കുകളുടെ കൃത്യത, പേജുകളുടെ എണ്ണം (10)
3. മൾട്ടി മീഡിയകളുടെ ഉപയോഗം (10)
4. Front end-back end communication development (10)
5. Database design (10)
6. Php/Python coding style& neatness (10)
7. Verification and Validation (10)
8. Knowledge about SRS (software requirement specification) (10)
9. Presentation Skill (10)
10. Overall Skill (10)

## 17. <u>ഡ്രസ്സ് ഡിസൈനിംഗ്</u>

ഒരു എ 3 സൈസ് പേപ്പറിൽ 10 Head Human croquis വരച്ച് അതിൽ വിധി കർത്താക്കൾ പറയുന്ന വിഷയത്തിനും ഡിസൈൻ വിശദാംശങ്ങൾക്കും അനുസരിച്ച് ഡ്രസ്സ് ഡിസൈൻ ചെയ്യേണ്ടതാണ്.

നിർദ്ദേശങ്ങൾ

- മത്സര സമയം പരമാവധി 1.5 മണിക്കൂറായിരിക്കും.
- എ 3 സൈസ് പേപ്പർ ഉപയോഗിക്കണം
- എച്ച്.ബി പെൻസിൽ, മൈക്രോ ടിപ് പേന എന്നിവ ഉപയോഗിക്കാവുന്നതാണ്
- ഏതുതരം കളറും ഉപയോഗിക്കാം
- തുണിയുടെ ടെക്സ്ചർ ഡിസൈനിംഗിൽ കൊണ്ടു വരേണ്ടതാണ്.

മൂല്യ നിർണ്ണയ മാനദണ്ഡങ്ങൾ

1. തന്നിരിക്കുന്ന വിഷയവുമായുള്ള കൃത്യത (40)
2. ചിത്രത്തിന്റെ പൂർണ്ണത (20)
3. നിറങ്ങളുടെ യോജിപ്പ് (20)
4. സർഗ്ഗാത്മകത, നവീനത (10)
5. മൊത്തത്തിലുള്ള ഭംഗി (10)

## 18. <u>ഹെയർ സ്റ്റൈലിങ്ങ്.</u>

ഡമ്മിയിലോ, ക്ലയന്റ് എന്ന രൂപത്തിൽ കൂടെ കൊണ്ടുവന്നിരിക്കുന്ന വിദ്യാർത്ഥിനിയുടെ തലമുടിയിലോ തന്നിരിക്കുന്ന തീമിനെ അടിസ്ഥാനമാക്കി ഹെയർ സ്റ്റൈലിങ്ങ് ചെയ്യേണ്ടതാണ്.

നിർദ്ദേശങ്ങൾ

- മത്സര സമയം പരമാവധി ഒന്നര മണിക്കൂറായിരിക്കും.
- ഹെയർ സ്റ്റൈലിങ്ങിന് ആവശ്യമായ ഉപകരണങ്ങൾ , അലങ്കാരത്തിനുള്ള ആക്സസറീസ് എന്നിവ ഉപയോഗിക്കാവുന്നതാണ്.
- മത്സരത്തിനുള്ള ഡമ്മി അല്ലെങ്കിൽ ക്ലയന്റ് എന്ന രൂപത്തിൽ മറ്റൊരു വിദ്യാർത്ഥിനി ഇവയിൽ ഏതെങ്കിലും ഒന്ന് മത്സരാർത്ഥികൾ തന്നെ കൊണ്ട് വരേണ്ടതാണ്.
- ഹെയർ സ്റ്റൈലിങ്ങിന് ആവശ്യമായ ഉപകരണങ്ങളും അനുബന്ധ വസ്തുക്കളും മത്സരാർത്ഥികൾ തന്നെ കൊണ്ട് വരേണ്ടതാണ്.

മൂല്യ നിർണ്ണയ മാനദണ്ഡങ്ങൾ

1. വിഷയത്തിന് അനുയോജ്യമായ അലങ്കാരം (30)
2. അനുയോജ്യമായ അലങ്കാര വസ്തുക്കളുടെ ഉപയോഗം (10)
3. മൊത്തത്തിലുള്ള ഭംഗിയും പൂർണ്ണതയും (30)
4. സർഗാത്മകതയും നവീനതയും (30)

**19. മെഹന്തി ഡിസൈനിംഗ്**

കൈപ്പത്തിയിൽ മയിലാഞ്ചി കോൺ ഉപയോഗിച്ച് വ്യത്യസ്തവും ആകർഷകവുമായ ഡിസൈനുകൾ വരയ്ക്കേണ്ടതാണ്. മത്സര സമയത്ത് ലഭ്യമാക്കുന്ന തീം അനുസരിച്ചാണ് ഡിസൈനിംഗ് ചെയ്യേണ്ടത്.

നിർദ്ദേശങ്ങൾ

- മത്സര സമയത്ത് നൽകുന്ന മെഹന്തി കോൺ ഉപയോഗിച്ചാവണം ഡിസൈനിംഗ് ചെയ്യേണ്ടത്.
- മത്സര സമയം പരമാവധി ഒരു മണിക്കൂറായിരിക്കും.
- കൃത്രിമ കളറുകൾ ഉപയോഗിക്കാൻ പാടില്ല.
- മത്സര സമയത്തു ലഭ്യമാക്കുന്ന തീം അനുസരിച്ചാണ് ഡിസൈനിംഗ് ചെയ്യേണ്ടത്.
- കൈപ്പത്തിയിൽ ഡിസൈൻ ചെയ്യാനായി ക്ലയന്റ് എന്ന രീതിയിൽ മറ്റൊരു വിദ്യാർത്ഥിനിയെ കൂടെ കൊണ്ട് വരേണ്ടതാണ്.

മൂല്യ നിർണ്ണയ മാനദണ്ഡങ്ങൾ

1. തന്നിരിക്കുന്ന വിഷയവുമായുള്ള യോജിപ്പ് (30)
2. മൊത്തത്തിലുള്ള ഭംഗി (30)
3. പൂർണ്ണത (20)
4. സർഗ്ഗാത്മകത (20)

**മത്സര തലങ്ങൾ**

പ്രദർശന മത്സരങ്ങളും തത്സമയ മത്സരങ്ങളും താഴെ പറയുന്ന 3 തലങ്ങളിൽ ആയിട്ടായിരിക്കും നടത്തപ്പെടുക. ഗ്രേഡുകൾ നേടുന്ന മത്സരാർത്ഥികൾക്ക് സ്കൂൾ തലം മുതൽ സർട്ടിഫിക്കറ്റുകൾ നൽകേണ്ടതാണ്

1. സ്കൂൾതലം
2. മേഖലാതലം
3. സംസ്ഥാനതലം

## സ്കൂൾതലം

കേരള സ്കൂൾ സ്കിൽ ഫെസ്റ്റിവൽ മാനുവലിൽ നൽകിയിരിക്കുന്ന പ്രദർശന മത്സരങ്ങളും തത്സമയ മത്സരങ്ങളും നടത്തേണ്ടതാണ്. ഒരു വിദ്യാർത്ഥിക്ക് ഒരിനത്തിൽ മാത്രമേ

പങ്കെടുക്കുവാൻ അർഹതയുള്ളൂ. മാനുവലിൽ ഉൾപ്പെടുത്താത്ത ഒരിനവും മത്സരത്തിൽ ഉൾപ്പെടുത്തുവാൻ പാടില്ല. പ്രദർശന മത്സരം ക്ലാസുകൾ തമ്മിലും തത്സമയ മത്സരം വിദ്യാർത്ഥികൾ തമ്മിലും ആയിരിക്കും. പ്രദർശന മത്സരങ്ങളിൽ പങ്കെടുക്കുന്ന ക്ലാസ്സിനെ/കോഴ്സിനെ പ്രതിനിധീകരിച്ച് ഒരു മത്സരത്തിൽ പരമാവധി 2 പേർക്ക് പങ്കെടുക്കാവുന്നതാണ്. അതേസമയം തത്സമയ മത്സര ഇനങ്ങൾ വ്യക്തിഗതമായിട്ടായിരിക്കും നടത്തപ്പെടുക.

## മേഖലാതലം

പ്രദർൽന മത്സരങ്ങളിൽ സ്കൂൾ തലത്തിൽ പ്രദർശന മത്സരത്തിലെ 3 വിഭാഗങ്ങളിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ ടീമുകളിൽ നിന്ന് ഏറ്റവും മികച്ച പ്രകടനം കാഴ്ച വച്ച ടീമിനെയാണ് മേഖല തലത്തിൽ പങ്കെടുപ്പിക്കേണ്ടത്. എങ്കിലും ഒന്നിലധികം ടീമുകളെ പങ്കെടുപ്പിക്കേണ്ട സവിശേഷ സാഹചര്യം വരികയാണെങ്കിൽ ബന്ധപ്പെട്ട അസിസ്റ്റന്റ് ഡയറക്ടറുടെ അനുമതി തേടേണ്ടതാണ്.

തത്സമയ മത്സരങ്ങളിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ മത്സരാർത്ഥികൾക്ക് മേഖല തല മത്സരങ്ങളിൽ പങ്കെടുക്കാവുന്നതാണ്.തത്സമയ മത്സരങ്ങളിൽ ഒരു സ്കൂളിൽ നിന്ന് മേഖല തല മത്സരങ്ങളിൽ പങ്കെടുക്കാൻ കഴിയുന്ന മത്സരങ്ങളുടെ എണ്ണം പരമാവധി 5 ആയി നിജപ്പെടുത്തിയിരിക്കുന്നു.

## സംസ്ഥാനതലം

പ്രദര്ശന മത്സരങ്ങളിൽ മേഖലാ തലത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനം നേടുന്നവർക്കും തത്സമയ മത്സരങ്ങളിൽ ഒന്നാം സ്ഥാനം നേടുന്നവർക്കും സംസ്ഥാന തല മത്സരങ്ങളിൽ പങ്കടുക്കാവുന്നതാണ്.

## ചാമ്പ്യൻഷിപ്പ്

ചാമ്പ്യൻഷിപ്പ് കണക്കാക്കുമ്പോൾ ഗ്രേഡ് പോയിന്റിന്റെയും പ്ലേസ് പോയിന്റിന്റെയും ആകെ തുകയാണ് പരിഗണിക്കേണ്ടത്. തുല്യത വന്നാൽ ഒന്നാം സ്ഥാനങ്ങളുടെ എണ്ണം പരിഗണിക്കണം. മേഖലാ തലത്തിൽ മികച്ച വിദ്യാലയങ്ങളെ കണ്ടെത്താനും സംസ്ഥാന തലത്തിൽ മികച്ച മേഖലകളെയും മികച്ച വിദ്യാലയങ്ങളെയും റണ്ണേഴ്സ് അപ്പ്, സെക്കന്റ് റണ്ണേഴ്സ് അപ്പ് എന്നിവയെയും കണ്ടെത്താനും ഇതേ മാനദണ്ഡങ്ങൾ ഉപയോഗിക്കേണ്ടതാണ്. (ശാസ്ത്രമേളയുടെ അതേ മാനദണ്ഡങ്ങൾ അവലംബിക്കേണ്ടതാണ്)

<u>ഗ്രേഡ് പോയിന്റ്</u>

- 80% മോ അതിലധികമോ — A ഗ്രേഡ് (5 പോയിന്റ്)
- 70% മുതൽ 79% വരെ — B ഗ്രേഡ് (3 പോയിന്റ്)
- 60% മുതൽ 69% വരെ — C ഗ്രേഡ് (1 പോയിന്റ്)
- 60% ൽ താഴെ മാർക്ക് ലഭിക്കുന്ന ഇനങ്ങളെ ഗ്രേഡ് ചെയ്യുന്നതല്ല

പ്ലേസ് പോയിന്റ്

- ഒന്നാം സ്ഥാനം — 5 പോയിന്റ്
- രണ്ടാം സ്ഥാനം — 3 പോയിന്റ്
- മൂന്നാം സ്ഥാനം — 1 പോയന്റ്

വിവിധ തലങ്ങൾ

1. സ്കൂൾ തലം

1. പ്രദര്ശന മത്സരത്തിലെ വിവിധ വിഭാഗങ്ങളിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ ലഭിക്കുന്ന ക്ലാസുകൾക്കും തത്സമയ മത്സരത്തിൽ ഒന്നും രണ്ടും സ്ഥാനം ലഭിക്കുന്ന വിദ്യാർത്ഥികൾക്കും ഇനം തിരിച്ച് സർട്ടിഫിക്കറ്റുകൾ നൽകേണ്ടതാണ് .
2. ഇതിനു പുറമേ പ്രദർശന മത്സരങ്ങളിലും തത്സമയ മത്സരങ്ങളിലും കൂടി ഏറ്റവും കൂടുതൽ പോയിന്റുകൾ നേടുന്ന ക്ലാസിന്/ സ്കൂൾ കോഴ്സിന് സർട്ടിഫിക്കറ്റ് നൽകുന്നതാണ്

2. മേഖലാതലം

1. മേഖലാ തലത്തിൽ മികച്ച പ്രകടനം കാഴ്ച വച്ച വിദ്യാലയങ്ങളെ കണ്ടെത്തണം
2. പ്രദര്ശന മത്സരത്തിലെ വിവിധ വിഭാഗങ്ങളുടെയും തത്സമയ മത്സരങ്ങളുടെയും ആകെ പോയിന്റുകൾ പരിഗണിച്ചാണ് ഓവറോൾ ചാമ്പ്യൻഷിപ്പ് നിർണ്ണയ്ക്കേണ്ടത്.
3. പ്രദര്ശന മത്സരത്തിലെ വിവിധ വിഭാഗങ്ങളിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ ലഭിക്കുന്ന സ്കൂളുകൾക്കും തത്സമയ മത്സരത്തിൽ ഒന്നും രണ്ടും, മൂന്നും സ്ഥാനം ലഭിക്കുന്ന വിദ്യാർത്ഥികൾക്കും സർട്ടിഫിക്കറ്റുകൾ നൽകേണ്ടതുണ്ട്.
4. ഓരോ ഇനത്തിനും പ്രത്യേകം സർട്ടിഫിക്കറ്റുകൾ നൽകേണ്ടതാണ്.

3. സംസ്ഥാനതലം

1. സംസ്ഥാന തലത്തിൽ മികച്ച റീജിയണുകളെയും സ്കൂളുകളെയും കണ്ടെത്തേണ്ടതാണ്.
2. പോയിന്റുകളുടെ അടിസ്ഥാനത്തിൽ മേഖലകൾക്ക് ഓവറോൾ ചാമ്പ്യൻഷിപ്പ്, റണേഴ്സ് അപ്പ്, സെക്കന്റ് റണേഴ്സ് അപ്പ് എന്നിങ്ങനെ മൂന്ന്തരം അവാർഡുകൾ സംസ്ഥാനതല നൈപുണിമേളയിൽ നൽകപ്പെടും.
3. പ്രദര്ശന മത്സരത്തിലെ വിവിധ വിഭാഗങ്ങളുടെയും തത്സമയ മത്സരങ്ങളുടെയും ആകെ പോയിന്റുകൾ പരിഗണിച്ചാണ് ഓവറോൾ ചാമ്പ്യൻഷിപ്പ് നിർണ്ണയ്ക്കേണ്ടത്.
4. പ്രദർശനമത്സരത്തിലും തത്സമയ മത്സരത്തിലും ഒന്നും രണ്ടും മൂന്നും സ്ഥാനം നേടുന്ന വിദ്യാലയങ്ങൾക്കും മത്സരാർത്ഥികൾക്കും യഥാക്രമം സർട്ടിഫിക്കറ്റുകൾ നൽകുന്നതാണ് .

## അപ്പീൽ കമ്മിറ്റി

1. ശാസ്ത്ര, ഗണിതശാസ്ത്ര, സാമൂഹ്യശാസ്ത്ര, പ്രവൃത്തിപരിചയ, ഐ ടി മേളകളിലെ ഫലപ്രഖ്യാപനങ്ങളുമായി ബന്ധപ്പെട്ട പരാതികളിൽ തീർപ്പ കൽപ്പിക്കുന്നതിന് രൂപീകരിച്ചിരിക്കുന്ന അപ്പീൽ കമ്മിറ്റിയും അപ്പീൽ നിബന്ധനകളും കേരളസ്കൂൾ സ്കിൽ ഫെസ്റ്റിവലിനും ബാധകമായിരിക്കും.
2. കേരള സ്കൂൾ സ്കിൽ ഫെസ്റ്റിവലിൽ ഉപജില്ലാതല മത്സരങ്ങളില്ലാത്തതിനാൽ ഉപജില്ലാതല അപ്പീൽ കമ്മിറ്റി ആയതിന് ബാധകമായിരിക്കില്ല.
3. അതേസമയം കേരള സ്കൂൾ സ്കിൽ ഫെസ്റ്റിവലിന്റെ മേഖലാതല തല മത്സരങ്ങൾ മേഖലയ്ക്ക് കീഴിലുള്ള ഓരോ ജില്ലകളിലായി ഒന്നിടവിട്ട ഓരോ വർഷവും നടക്കുന്നതിനാൽ മത്സരം നടക്കുന്ന ജില്ലയിലെ ശാസ്ത്ര, ഗണിതശാസ്ത്ര, സാമൂഹ്യശാസ്ത്ര പ്രവൃത്തിപരിചയ, ഐ ടി മേളയുമായി ബന്ധപ്പെട്ട് രൂപീകരിച്ചിരിക്കുന്ന അപ്പീൽ കമ്മറ്റിയായിരിക്കും കേരള സ്കൂൾ സ്കിൽ ഫെസ്റ്റിവൽ ജില്ലാതല മത്സരങ്ങൾക്ക് ബാധകമാവുക.
4. ശാസ്ത്ര, ഗണിതശാസ്ത്ര, സാമൂഹ്യശാസ്ത്ര പ്രവൃത്തിപരിചയ, ഐ ടി മേളകളിലെ നിബന്ധനകളുടെയും ആയത് സംബന്ധമായി പൊതുവായി ഉണ്ടായിട്ടുള്ള ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ വിധികളുടെയും കേരള സ്കൂൾ സ്കിൽ ഫെസ്റ്റിവൽ മാന്വലിൽ നിഷ്കർഷിക്കുന്ന നിയമാവലികളുടെയും അടിസ്ഥാനത്തിൽ ആയിരിക്കും അപ്പീലുകൾ തീർപ്പാക്കുന്നത്. അപ്പീൽ കമ്മിറ്റിയുടെ തീരുമാനം അന്തിമമായിരിക്കും.
5. ശാസ്ത്ര, ഗണിതശാസ്ത്ര, സാമൂഹ്യശാസ്ത്ര പ്രവൃത്തിപരിചയ, ഐ ടി മേളകളുടെ അപ്പീൽ ഫീസ് ഘടന തന്നെയായിരിക്കും കേരള സ്കൂൾ സ്കിൽ ഫെസ്റ്റിവലിനും ഉണ്ടായിരിക്കുക. ഉപജില്ലാ തല മത്സരങ്ങൾ ഇല്ലാത്തതിനാൽ ഉപജില്ലാ തല അപ്പീൽ ഫീസ് ബാധകമായിരിക്കില്ല. കേരള സ്കൂൾ സ്കിൽ ഫെസ്റ്റിവൽ മേഖലാതല മത്സരങ്ങൾക്ക് ശാസ്ത്ര, ഗണിതശാസ്ത്ര, സാമൂഹ്യശാസ്ത്ര പ്രവൃത്തിപരിചയ, ഐ ടി മേളയിലെ ജില്ലാതല അപ്പീൽ ഫീസായ 1500 രൂപയും സംസ്ഥാന തല മത്സരങ്ങൾക്ക് പ്രസ്തുത മേളകളുടെ അപ്പീൽ ഫീസായ 2000 രൂപയും ആയിരിക്കും ബാധകമായിരിക്കുക
6. ശാസ്ത്ര, ഗണിതശാസ്ത്ര, സാമൂഹ്യശാസ്ത്ര പ്രവൃത്തിപരിചയ, ഐ ടി മേളയിലെ അപ്പീൽ കമ്മറ്റി കേരള സ്കൂൾ സ്കിൽ ഫെസ്റ്റിവലിനും കൂടെ ബാധകമായ സാഹചര്യത്തിൽ സ്കൂൾ തല കമ്മറ്റിയിൽ VHSE പ്രിൻസിപ്പലിന്റെയും മേഖലാതല കമ്മറ്റിയിൽ VHSE അസിസ്റ്റന്റ് ഡയറക്ടറുടെയും സംസ്ഥാന തല കമ്മറ്റിയിൽ ഹയർ സെക്കണ്ടറി വൊക്കേഷണൽ വിഭാഗം ഡെപ്യൂട്ടി ഡയറക്ടർമാരുടെയും പ്രാതിനിധ്യം ഉറപ്പാക്കേണ്ടതാണ്.
7. മേല്പറഞ്ഞവ കൂടാതെ ശാസ്ത്ര, ഗണിതശാസ്ത്ര, സാമൂഹ്യശാസ്ത്ര പ്രവൃത്തിപരിചയ, ഐ ടി മേളകളുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന എല്ലാ പൊതു നിയമങ്ങളും നിബന്ധനകളും കീഴ്വഴക്കങ്ങളും കേരള സ്കൂൾ സ്കിൽ ഫെസ്റ്റിവലുമായി ബന്ധപ്പെട്ട അപ്പീലുകൾക്കും കൂടി ബാധകമായിരിക്കും

**കുറിപ്പ്**

1. സംസ്ഥാന മേളയോടനുബന്ധിച്ച് നടത്തുന്ന Career Fest, Entertainment Programmes എന്നിവ അതേ രീതിയിൽ തന്നെ തുടരുന്നതാണ്.

Annexure 1

**..................................... REGION WISE VHS SCHOOLS**

**KERALA SCHOOL SKILL FESTIVAL ………………………….**

**ENTRY FORM**

Name of School …………………………….

School Code

No. of Participants: Boys [ ] Girls [ ] Total [ ] No. of Escorting Teachers [ ]

**VHSE SECTION**

**(A) Exhibition Competitions**

| Sl. No. | Items | Item Code | Name of Participants (In Block Letters) | I Year/ II Year | Boy/ Girl | Remarks |
|---|---|---|---|---|---|---|
| 1 | Inno Vision | | | | | |
| 2 | Skill Craft | | | | | |
| 3 | Skill Serve | | | | | |

**(B) On the Spot Competitions**

| Sl. No. | Items | Item Code | Name of Participants (In Block Letters) | I Year/ II Year | Boy/ Girl | Remarks |
|---|---|---|---|---|---|---|
| 1 | Value Added Milk Products – Plan - Prepare - Present | | | | | |
| 2 | Therapeutic Diet – Plan - Prepare - Present | | | | | |
| 3 | Aquarium - Preparation | | | | | |
| 4 | Flower Arrangement | | | | | |
| 5 | Vegetable Carving | | | | | |
| 6 | Miniature Garden | | | | | |
| 7 | Terrarium | | | | | |
| 8 | Robogeneous Challenge | | | | | |
| 9 | Cake Decorating | | | | | |
| 10 | Spot Photography | | | | | |
| 11 | Home - Plan - Prepare - Present | | | | | |
| 12 | Graphic Designing | | | | | |
| 13 | Plumbing Design – Plan - Prepare - Present | | | | | |
| 14 | L.E.D Bulb Manufacturing | | | | | |
| 15 | Networking and Internet Sharing | | | | | |
| 16 | Web Application Development | | | | | |
| 17 | Dress Designing | | | | | |
| 18 | Hair Styling | | | | | |
| 19 | Mehanthi Designing | | | | | |

Name & Designation of the Escorting Teacher:…………………………………………………………………...
…………………………………. Mobile No………………………….Signature:……………………………

Name & :
Signature of the Head of the Institutions: